# സമന്വയ വ്യക്തി

***F UnäÀ***
***dh. tUm. hn³ kâ sI. ]oäÀ***

**സമന്വയ വിഷൻ മിഷൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**
**നെയ്യാറ്റിൻകര**

# ബഹുമുഖ സമൂഹനൂതന ദൗത്യം

വിൻസന്റ് കെ. പീറ്റർ

## ആമുഖം

പ്രപഞ്ചത്തിന്റെ താളലയങ്ങളിലൂടെ ഓരോ വസ്തുവിനേയും വ്യക്തിയെയും ബന്ധിപ്പിക്കുന്നത് ദൈവീക സമന്വയമാണ്. ദൈവപുത്രനായ യേശുവിന്റെ ജീവിതത്തിൽ ഇതു നിഴലിച്ചു നിൽക്കുന്നു. പ്രപഞ്ച സ്രഷ്ടാവും പരിപാലകനുമായ ദൈവപിതാവിന്റെ മക്കളാണെന്ന ബോദ്ധ്യം എല്ലാവരിലും പരസ്പരബന്ധത്തിന്റെ പ്രേരണ ചെലുത്തുന്നു. മനുഷ്യരെപ്പോലെ സർവ്വ ചരാചരങ്ങളും സഹോദരീ സഹോദരന്മാരാണെന്ന ബോധം ആഴപ്പെടുന്നു. അതുകൊണ്ടാണ് വി. ഫ്രാൻസിസ് അസ്സീസി പക്ഷികളേയും മൃഗങ്ങളേയുമെല്ലാം സഹോദരീ സഹോദരന്മാരെന്ന് വിളിക്കുന്നത്. ഇവിടെ കാണുന്ന ഒരു പരിസ്ഥിതി ആത്മീയത **(Ecospirituality)** യിലേക്ക് എല്ലാവരുടെയും ശ്രദ്ധ തിരിക്കുക വഴി സമന്വയ സംസ്കൃതി നവീകരിക്കുന്നു. ബന്ധങ്ങളുടെ അടിത്തറയിൽ ആത്മീയശക്തി പരിപോഷണത്തിലാണ് സമന്വയ സംസ്കൃതി ഉടലെടുക്കുന്നത്.

## എന്താണു സമന്വയ സംസ്കൃതി ?

"വിവിധ ഘടകങ്ങൾ സമമായി അന്വയം ചെയ്ത് ഒന്നാകുന്നതിലൂടെ ഉളവാകുന്ന സ്വരതാളലയമാണ് വാച്യാർത്ഥത്തിൽ സമന്വയം." ഇംഗ്ലീഷിൽ ഹാർമണി (Harmony) എന്ന പദത്തോട് സമാനപ്പെടുത്താം. അതായത് - ഐക്യം, സംവാദം, കൂട്ടായ്മ, അനുരഞ്ജനം, ഐക്യദാർഢ്യം, സാഹോദര്യം, സമഭാവന, മൈത്രി മുതലായ വാക്കുകളിലെ ഉൽകൃഷ്ടാശയങ്ങൾ യഥോചിതം സമ്മേളിക്കുന്ന മഹത്തായ ദർശനമാണ് സമന്വയം. വ്യത്യസ്ത സമൂഹങ്ങളും ഘടകങ്ങളും തമ്മിലുള്ള അനുരഞ്ജനവും, ഐക്യവും, കൂട്ടായ്മയുമാണ് സമന്വയത്തിൽ പ്രകടമാകുന്നത്. സമന്വയം വ്യക്തിയുടെയും സമൂഹത്തിന്റെയും സമസ്തതലങ്ങളെയും സ്പർശിക്കുന്നതിനാൽ അതിനെ "സമന്വയ സംസ്കാരം" അഥവാ സമന്വയ സംസ്കൃതി എന്ന് വിളിക്കാം.

## സമന്വയ സംസ്കൃതി സൃഷ്ടികർമ്മത്തിലൂടെ

പ്രപഞ്ചത്തിന്റെ ആരംഭത്തെക്കുറിച്ച് വിവിധ ആശയങ്ങൾ നിലനിൽക്കുന്നുണ്ട്. ഇന്നും പ്രപഞ്ചോത്പത്തിയെപ്പറ്റിയുള്ള അന്വേഷണത്തിലാണ് ബഹുഭൂരിപക്ഷവും. മനുഷ്യാസ്തിത്വം തന്നെ പ്രപഞ്ചോത്പത്തിയുമായി ബന്ധമുള്ളതുകൊണ്ട് മനുഷ്യജീവിതത്തിലെ ഓരോ സംഭവവും ആത്യന്തികമായി ചെന്നെത്തുന്നത് പ്രപഞ്ച ഉൽപ്പത്തിയിൽ തന്നെയാണ്. വിവിധങ്ങളായ ആശയങ്ങളുടെ സമാഹാരത്തിലെത്തുമ്പോൾ പ്രപഞ്ച ഉൽപത്തിയെക്കുറിച്ചുള്ള മനുഷ്യ സങ്കല്പവും വെളിപ്പെടുത്തലും പ്രപഞ്ചത്തിന്റെ പുരോഗതിയെ സഹായിക്കുന്നതും നവ സംസ്കാര രൂപീകരണത്തിന് ഉതകുന്നതുമാകേണ്ടതാണ്.



എല്ലാ ചിന്തകളുടെയും അവസാനമായി കാണുന്നത് പ്രപഞ്ചത്തിന്റെ ഉൽപ്പത്തിക്കും ക്രമീകരണത്തിനും ഒരു ശക്തി പിന്നിലുണ്ടെന്നാണ്. അതിനായി ഈ ദൗത്യം (Mission) പൂർത്തീകരിക്കണമെങ്കിൽ അതിനൊരു ഉൾക്കാഴ്ച (Vision) ഉണ്ടായിരിക്കണം. പ്രപഞ്ചമാകുന്ന ദൗത്യം പൂർത്തിയാകുന്നതിന് ഒരു ഉൾക്കാഴ്ച കൂടിയേ തീരൂ. അത് അനേകരുടെ ഉൾക്കാഴ്ചയല്ല മറിച്ച് ഈ അദൃശ്യശക്തിയുടെ ഉൾക്കാഴ്ചയാണ്. പ്രപഞ്ച പ്രസരണമാണു പ്രപഞ്ച നിലനില്പിന് അടിത്തറയും ജ്ഞാനത്തിന്റെ ഉറവിടവും ആത്യന്തികശക്തിയുടെ ഉൾക്കാഴ്ച ഒന്നിനൊന്നോട് ബന്ധപ്പെട്ടു കിടക്കുന്നു. പരസ്പരം ബന്ധപ്പെടാത്ത ഉൾക്കാഴ്ച ദൗത്യത്തെ ദുർബലപ്പെടുത്തുന്നു. ഫലമോ ദുർബലമായ ശക്തി കേന്ദ്രത്തിലായിരിക്കും ചെന്നെത്തുക. കേന്ദ്രീകൃത ശക്തിയുടെ ഉൾക്കാഴ്ച ധ്രുവീകരിക്കലല്ല മറിച്ച്, സമന്വയിപ്പിക്കലാണ്.

ദൈവികഛായ സൃഷ്ടവസ്തുക്കളിൽ യാഥാർത്ഥ്യമാണെങ്കിലും രഹസ്യാത്മകസമന്വയഭാവമായി - വെല്ലുവിളിയായി - നിൽക്കുന്നതു ദൈവികരഹസ്യമാണ്. എന്നാൽ ഈ പ്രപഞ്ചത്തിന് അതീതമല്ല ദൈവിക രഹസ്യം. പ്രപഞ്ചത്തിന്റെ ദൈവികരഹസ്യം അവസാനം അത് സമന്വയിപ്പിക്കുന്ന പ്രക്രിയയിൽ മാത്രം നിലനിൽക്കുന്ന യാഥാർത്ഥ്യമാണ്. ദൈവികഛായയിൽ നിമഗ്നമായിരിക്കുന്ന പ്രപഞ്ചത്തിൽ ദൈവികഛായ പരമോന്നതമായി വെളിപ്പെടുന്നതു മനുഷ്യനെ സൃഷ്ടിക്കുന്നതിലൂടെയാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചെന്നു പറയുമ്പോൾ നാം മനസ്സിലാക്കേണ്ടതു ദൈവിക രഹസ്യത്തിന്റെ കൂട്ടായ്മയിൽ (Koinonia) സമന്വയഭാവത്തിൽ മനുഷ്യനെ സൃഷ്ടിച്ചുവെന്നാണ്. അതുകൊണ്ട് ദൈവത്തിന്റെ ഛായ മനുഷ്യനിൽ പ്രകടമാകുന്നതു സമന്വയത്തിലാണ്. ദൈവം മനുഷ്യനു ദാന

മായി നൽകിയിരിക്കുന്ന ജീവൻ എന്നതു സമന്വയ ജീവിതമാണ്. സമന്വയ ജീവൻ വളർത്തുവാനും അനുഭവവേദ്യമാക്കുവാനും വേണ്ടിമാത്രമാണു സൃഷ്ടികളുടെ മകുടമായ മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. ജീവൻ സമഗ്രമാകുന്നതു മറ്റുള്ളവർക്കായി ജീവൻ നല്കുമ്പോഴാണ്. ദൈവിക ജീവൻ സമൃദ്ധമാക്കിയതും സൃഷ്ടികളിലേക്കു ജീവൻ നൽകിക്കൊണ്ടാണ്. ഇവിടെ ദൈവിക ജീവന്റെ ഒന്നുചേരൽ ദർശിക്കാനാകും.

സൃഷ്ടികർത്താവിന്റെ ഹിതം നിറവേററുമ്പോഴാണു സൃഷ്ടികർമ്മം പൂർത്തിയാകുന്നത്. സൃഷ്ടവസ്തുക്കളുടെ ഏകോപനവും സമത്വസുന്ദരമായ ജീവിതവും, ഒന്നിനോടൊന്നു കടപ്പെട്ടിരിക്കുന്ന ജീവിതാരംഭവും, പരസ്പരസഹായസഹകരണവും വഴി സൃഷ്ടികർത്താവുമായി ഒന്നാകുന്നു. ദൈവിക സൃഷ്ടിയിൽ ഒന്നും ഒന്നിനോടു എതിരല്ല. മറിച്ച്, പരോപകാരപ്രദമാണ്. പ്രപഞ്ച ഏകോപനപ്രക്രിയയിലെ ഘടകവിരുദ്ധപ്രവർത്തനമാണ് ഒന്നു മറ്റൊന്നിനെ തള്ളിക്കളയുന്ന പ്രകോപനപര പ്രവർത്തനത്തിന്റെ ഉറവിടം സ്വാർത്ഥതയുടെ നിർവികാരത എന്നു പ്രകോപനവിരോധാഭാസത്തിനു നിദാനം. പ്രപഞ്ചത്തിനു ജീവൻ നല്കുന്ന പ്രവർത്തനത്തിനു തടസ്സമാകുന്നത് ഈ സ്വാർത്ഥതയാണ്. പ്രാപഞ്ചിക ജീവൻ എല്ലാ സിരകളിലും, ഒഴുകിയെത്തുന്നതിനു തടസമാകുന്ന പ്രവർത്തനം സൃഷ്ടികർമത്തിന്റെ പൂർത്തീകരണത്തിനു വിഘാതമാകുന്നു. അങ്ങനെ ദൈവികശക്തി ക്ഷയിക്കുന്നു, ജീവൻ നഷ്ടമാകുന്നു. എന്നും, എല്ലാകാലത്തും പ്രപഞ്ചവസ്തുക്കൾ സൃഷ്ടികർമ്മത്തിന്റെ പൂർത്തീകരണത്തിനായി നിലനിൽക്കുമ്പോഴാണു നമ്മുടെ കർമ്മം അല്ലെങ്കിൽ ദൗത്യം പൂർത്തിയാകുന്നത്. അപ്പോഴാണു സൃഷ്ടികർത്താവിനോടൊപ്പം സഹകരിച്ചു ജീവിച്ചു എന്നു പറയാൻ കഴിയുന്നത്.

സൃഷ്ടികർത്താവു മനുഷ്യനെ ഏൽപ്പിച്ച ഏറ്റവും വലിയ ഉത്തരവാദിത്വം പ്രപഞ്ചത്തെ സംരക്ഷിക്കുക, കരുതലോടെ കാത്തുസൂക്ഷിക്കുക എന്നതാണ്. എന്നാൽ മനുഷ്യന് ഇന്നുവരെ മനസ്സിലാക്കാൻ സാധിക്കാത്ത കാര്യം എങ്ങനെ ഈ സംരക്ഷണവും കരുതലും നടപ്പിലാക്കണം എന്നുള്ളതാണ്. അതുകൊണ്ടു തന്നെ ദൈവികജീവൻ നഷ്ടപ്പെടുത്തുന്നതിനു കാരണക്കാരൻ മനുഷ്യനാണ്. പ്രപഞ്ചത്തിലെ ഒരു സൃഷ്ടി എന്ന ബോധ്യത്തിലേക്കു മനുഷ്യൻ കടന്നു വരുമ്പോൾ പരിരക്ഷിക്കുക എന്ന ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടിവരും. അതു മാനുഷികപ്രവൃത്തിയുടെ പ്രകൃതിഭാവമാണ്; അത് തന്നെയാണ് മനുഷ്യത്വവും. മനുഷ്യത്വഭാവത്തിന്റെ ഉൾവിളിയുടെ ഉപാസകനാകാൻ സ്വന്തം അസ്തിത്വത്തെക്കുറിച്ചു ചിന്തിക്കാൻ കഴിവുണ്ടാകണം. സ്വന്തം അസ്തിത്വം പ്രപഞ്ചോത്പത്തിയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന തിരിച്ചറവാണ് സമന്വയ സംസ്കൃതി വളർത്താൻ ഒരുവനെ പ്രേരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നത്.

## മനുഷ്യൻ - സമന്വയ സംസ്കൃതിയുടെ പ്രകടിതരൂപം

സമന്വയ സംസ്കൃതിയുടെ കാവൽക്കാരാണു മനുഷ്യർ. സൃഷ്ടിയുടെ മകുടമായ മനുഷ്യൻ തന്റെ അസ്തിത്വത്തെ യഥാർത്ഥരീതിയിൽ മനസ്സിലാക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ഒരു നവസംസ്കാര രൂപീകരണത്തിന് അടിത്തറയാകുകയാണ്. മനുഷ്യാസ്തിത്വം ബന്ധത്തിലേക്കുള്ള തിരിഞ്ഞുനോട്ടവും തിരിച്ചുവരവും സംസ്കാരരൂപീകരണത്തിന് അനുപേഷണീയമാണ്. വന്നവഴിയെക്കുറിച്ചുള്ള തിരിച്ചറിവു നഷ്ടമാകുമ്പോൾ തച്ചുടയ്ക്കുന്നത് സ്വജീവിതം തന്നെയാണ്. വഴിയറിയുക, തിരിച്ചുവരിക അത് എപ്പോഴും പുതുമയിലേക്കുള്ള എത്തിനോട്ടമാണ്. വഴിയറിയാതെ, തിരിച്ചുവരാതെ മുന്നോട്ടുള്ള പ്രയാണ അന്ധകാരത്തിലേക്കുള്ള എടുത്തുചാട്ടമാണ്. തിരിച്ചുവരവ് എപ്പോഴും ജീവന്റെ ഉറവയിലേയ്ക്കുള്ളതാണ്. അതു ജീവിതം സമൃദ്ധമാക്കുന്നതാണ്. ജീവൻ നൽകിയവന്റെ നിരന്തര സാന്നിദ്ധ്യം തിരിച്ചറിയുമ്പോൾ അന്ധകാരത്തെ പിൻതള്ളി പ്രകാശത്തിലേക്കു പ്രയാണം ചെയ്യാൻ പ്രേരിതനാകുന്നു.

ദൈവം മനുഷ്യനു നൽകിയ ജീവൻ കാത്തു സൂക്ഷിക്കേണ്ടതാണെന്നും എല്ലാം 'കീഴടക്കി' ഭരിക്കുക എന്നതു തെറ്റായി വ്യാഖ്യാനിച്ചുകൊണ്ടു പ്രപഞ്ചത്തെ ജീവനിലേക്കു നയിക്കുന്നതിനു പകരം അന്ധകാരത്തിലേക്കു നയിക്കുന്നു. തെറ്റായ ചിന്തകൾക്കു ശരിയായ രൂപം നൽകി എല്ലാറ്റിനേയും സംരക്ഷിക്കുക എന്ന ബോദ്ധ്യത്തിലേക്കു വരുമ്പോൾ മനുഷ്യൻ പ്രപഞ്ചചക്രവാളത്തിലെ പ്രധാനപ്പെട്ട ഒരു കണ്ണിയായിത്തീരുന്നു. ഒറ്റപ്പെട്ട വ്യക്തിത്വ ചിന്തകളല്ല മനുഷ്യനെ മനുഷ്യനാക്കുന്നത് ; മറിച്ച് ദൈവ-മനുഷ്യ-പ്രപഞ്ച സമഗ്രദർശനവും അതിനനുസരിച്ചുള്ള ദൗത്യവുമാണ്.

### 1. അനുരഞ്ജനത്തിലൂടെ സമന്വയ സംസ്കൃതി

ദൈവ-മനുഷ്യ-പ്രപഞ്ച അസ്തിത്വത്തിന്റെ ഔന്നത്യത്തെയും ദൗത്യത്തെയും ഹനിക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും വിഘടിത പ്രവർത്തനമാണു ദർശിക്കുക. വിഘടിത പ്രവർത്തനങ്ങളിൽ നിന്ന് അടു

പ്പിക്കലിന്റെ നേർവഴി തേടിയുള്ള പ്രയാണമാണ് അനുരഞ്ജനം. ഏറ്ററക്കങ്ങളില്ലാതെയും വിട്ടുവീഴ്ചകളി ല്ലാതെയും ദൈവ-മനുഷ്യ-പ്രപഞ്ച യാഥാർത്ഥ്യങ്ങളിലുള്ള സ്വരലയമാണ് അനുരഞ്ജനം. വൈവിധ്യ മാർന്ന ജീവിതവീക്ഷണങ്ങളിൽ സ്നേഹത്തിന്റെ ലയമൊരുക്കുന്ന യഥാർത്ഥ ജീവനാണ് എല്ലാറ്റിനെയും എല്ലാറ്റിന്റെയും ഉടയവനായ ദൈവത്തോടു സന്ധിയൊരുക്കുന്ന സമന്വയ സംസ്കൃതി.

### 2. സംവാദത്തിലൂടെ സമന്വയ സംസ്കൃതി

സംവാദം അർത്ഥമില്ലാത്ത വാക്കല്ല ; അർത്ഥം നൽകുന്ന വാക്കുകൾ സത്യത്തോടു ബന്ധപ്പെട്ടി രിക്കുന്നു. യഥാർത്ഥ സത്യത്തെ കണ്ടെത്തുകയാണു സംവാദപ്രക്രിയയിൽ നടക്കുന്നത്. സത്യം തേടി യുള്ള സംവാദത്തിൽ കുറഞ്ഞത് അഞ്ചു ഘടകങ്ങളുണ്ട് :

2.1 സാന്നിദ്ധ്യം - സംവാദത്തിൽ അംഗങ്ങളുടെ പരസ്പര സാന്നിദ്ധ്യം അനുഭവിക്കുക.
2.2 തുറവി - അപരന്റെ വ്യത്യസ്തതകളെ ആദരിക്കുക.
2.3 ലാളിത്യം - Hidden Agenda ഉണ്ടായിരിക്കില്ല.സുതാര്യമായ ഇടപെടലും ജീവിതവും.
2.4 വിശ്വസ്തത - സത്യസന്ധമായ ജീവിതം സമസ്തമേഖലകളിലും വ്യക്തികളോടും വച്ചുപുലർത്തുക. സംഭാഷണത്തിലും പ്രതികരണത്തിലും വിശ്വസ്തരായിരിക്കുക.
2.5 ഉത്തരവാദിത്വം - ദൈവിക മനുഷ്യൻ എന്ന തലത്തിൽ എന്റെ കടമകൾ നിറവേറ്റുന്നതിലൂടെ ഉത്തരവാദിത്വ പൂർണ്ണമായ ജീവിതം നയിക്കുക

### 3. സാമൂഹ്യ നീതിയിലൂടെ സമന്വയ സംസ്കൃതി

സമൂഹം എന്നതു മനുഷ്യബന്ധങ്ങളുടെ സമന്വയമാണ്. നീതി നടപ്പിലാക്കുന്നതിലൂടെ ബന്ധ ങ്ങൾ ആഴപ്പെടുന്നു.

### 4. പരിസ്ഥിതി സംരക്ഷണത്തിലൂടെ സമന്വയ സംസ്കൃതി

പ്രകൃതി മനോഹരമാണ്. അതിന് അനുയോജ്യമായ ഒരു ആവാസക്രമത്തിനുവേണ്ടി യത്നിക്ക ണം. മനോഹരമായ പ്രകൃതിയെ നാം നിലനിർത്തുമ്പോൾ പ്രകൃതി നമ്മെയും നിലനിർത്തും.

### 5. ലോകസമാധാനത്തിലൂടെ സമന്വയ സംസ്കൃതി

സമാധാനത്തിന്റെ ഉറവിടം ദൈവമാണ്. സത്യദൈവത്തിലുള്ള ജീവിതവും സ്വജീവിതത്തിലൂടെ നടപ്പിലാക്കിയെടുക്കുന്നതിനുമുള്ള അഭിവാഞ്ജയുമാണു സമാധാനത്തിന്റെ അടിത്തറ.

### 6. ഐക്യ ദാർഢ്യത്തിലൂടെ സമന്വയ സംസ്കൃതി

മനുഷ്യന്റെ നിലനിൽപ്പുതന്നെ ഐക്യമാണ്. പ്രപഞ്ചവും മനുഷ്യനുമായുള്ള ഐക്യത്തിലാണു മനുഷ്യൻ യഥാർത്ഥ മനുഷ്യനാകുന്നത്.

### 7. കൂട്ടായ്മയിലൂടെ സമന്വയ സംസ്കൃതി

ദൈവ-മനുഷ്യ-പ്രപഞ്ച സമന്വയത്തിലാണു കൂട്ടായ്മ അർത്ഥപൂർണ്ണമാകുന്നത്. സർവ്വ സമ്പൂർണ്ണ സമഞ്ജസമാണു കൂട്ടായ്മ. ഒന്ന് ഒന്നിനോട് അലിഞ്ഞു ചേർന്നിരിക്കുന്ന അവസ്ഥ.

## ഉപസംഹാരം

മൂന്നാം സഹസ്രാബ്ദത്തിൽ ദൈവ-മനുഷ്യ-പ്രപഞ്ച ദർശനത്തിലൂടെ ദൗത്യം നിറവേറ്റുവാൻ എല്ലാ മനുഷ്യരും പ്രതിജ്ഞാബദ്ധരാണ്. വിശാല വീക്ഷണത്തിൽ സമസ്തവും സമന്വയിപ്പിക്കുന്ന പ്രക്രി യയ്ക്കു മാത്രമേ സമൃദ്ധമായ ജീവനേകാനും ജീവനാകാനും കഴിയൂ. അതിനുപയുക്തമാകുന്ന പ്രവർത്ത നപന്ഥാവുകൾ ആവിഷ്ക്കരിക്കാനും, കോർത്തിണക്കാനും നടപ്പിലാക്കാനും സാധിക്കണം. അങ്ങനെ സമന്വയ സംസ്കൃതിയിൽ ദൈവ-മനുഷ്യ-പ്രപഞ്ച ബന്ധങ്ങൾ ഊഷ്മളമാക്കുവാൻ കർമ്മനിരതരാകാം.

# സമന്വയ ദർശനവും ദൗത്യവും

**രാജ് കുമാർ**

### ആമുഖം

വിഭജിത ലോകത്തിലാണു നാമിന്നു ജീവിക്കുന്നത്. ജാതിയുടെയും മതത്തിന്റെയും ഭാഷയുടെയും സംസ്കാരത്തിന്റെയുമൊക്കെ പേരിൽ വിഭജിക്കപ്പെട്ട ലോകം. "നാനാത്വത്തിൽ ഏകത്വം" എന്നു ഭാരതീയരായ നാം ഊറ്റം കൊള്ളാറുണ്ടെങ്കിലും ഏകത്വം ഇന്നും ഒരു സ്വപ്നമായി അവശേഷിക്കുന്നു. സമൂഹ ജീവിതത്തിലും സ്ഥിതി വ്യത്യസ്തമല്ല. വ്യക്തിവത്കരണം (individualization) വളർന്നുകൊണ്ടിരിക്കുന്നു. എന്റെ-എന്റെ-എന്നുള്ള ചിന്തകളാണെവിടെയും. ഈ വ്യക്തിവത്കരണത്തിനു കോപ്പു കൂട്ടുന്നതാകട്ടെ ആഗോളവത്കരണവും. സമൂഹത്തെ പിളർത്തി, കൂട്ടായ്മയെ തളർത്തി കച്ചവടം നടത്തുക എന്നതാണല്ലോ ആഗോളവത്ക്കരണതന്ത്രം. വ്യക്തി ജീവിതത്തിലും കമ്പാർട്ട്മെന്റലൈസേഷൻ സാധാരണയായിക്കൊണ്ടിരിക്കുകയാണ്. തത്ഫലമായി ശരീരത്തെയും - ആത്മാവിനെയും ഭൗതികതയെയും-ആത്മീയതയെയും, വ്യക്തിയെയും-സമൂഹത്തെയും സമഗ്രതയിൽ കാണുന്ന ഒരു ദർശനം ഇന്നു നമുക്കില്ല. യുദ്ധങ്ങൾക്കും കലാപങ്ങൾക്കും, തീവ്രവാദങ്ങൾക്കും പിന്നിൽ ഈ ദർശന വൈകല്യമാണു വെളിപ്പെടുന്നത്. പ്രപഞ്ചത്തിന്റെ യാഥാർത്ഥ ഭാവമായ സ്വാരസ്യത്തിലേക്കും മതങ്ങളുടെ അടിസ്ഥാന പ്രമാണമായ ഏകതാനതയിലേക്കും ദൈവ- മനുഷ്യ-പ്രപഞ്ച-സമൂഹ യാഥാർത്ഥ്യങ്ങളെ അതിന്റെ സമഗ്രതയിൽ കാണുന്ന സമന്വയ ദർശനത്തിലേക്കും ഇനിയെങ്കിലും നാം വളർന്നേ മതിയാവൂ. സമന്വയ ദർശനത്തിന്റെ അന്തർധാരയിലേക്കു കടന്നുചെല്ലാൻ സഹായിക്കുന്ന ഏതാനും ചിന്തകളാണ് തുടർന്നു കുറിക്കുന്നത്.



### സമന്വയ

"സമന്വയ" ഈ പദത്തോടു ചേർന്നുപോകുന്ന ആംഗലേയ പദമാണ് 'ഹാർമണി.' സ്വാരസ്യം, ഏകതാനത എന്നൊക്കെയർത്ഥം.പ്രപഞ്ചത്തിൽ ഉൾച്ചേർന്നിരിക്കുന്ന യാഥാർത്ഥ്യം ഒരുമയാണ്, ഏകതാനതയാണ്.

### സമന്വയ സങ്കല്പം

നമ്മുടെ ജീവിത സാഹചര്യങ്ങളുടെ മതാത്മകവും സാംസ്കാരികവും സാമൂഹികവും ദേശീയവുമായ വൈവിധ്യങ്ങൾക്കുപരിയായി സന്തോഷങ്ങളും ദു:ഖങ്ങളും അനുഭവിച്ചുകൊണ്ടു മനുഷ്യ കുടുംബം പൊതുവായ യാത്ര തുടരുമ്പോൾ യാഥാർത്ഥ്യത്തിന്റെ (മനുഷ്യൻ- സമൂഹം-പ്രകൃതി-ദൈവം) മുഴുവൻ ഒരുമയിൽ വിശ്വസിക്കുന്ന ഒരു ദർശനത്തിനായി പ്രതിജ്ഞാബന്ധരായി പ്രവർത്തിക്കുവാൻ നമ്മെ നിർബന്ധിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്ന ഒരുമയുടെ ദർശനത്തെ രൂപപ്പെടുത്തുകയും സ്വന്തമാക്കുകയും ചെയ്യുക ഇതാണു സമന്വയയുടെ ലക്ഷ്യം.

നിഷേധാത്മകമായി മനുഷ്യന്റെ ദൈവോന്മുഖ ബന്ധത്തിലും സാമൂഹിക ബന്ധത്തിലും അവനു തന്നോടുതന്നെയുള്ള ബന്ധത്തിലും സ്വസ്ഥത നഷ്ടപ്പെടുമ്പോൾ സമന്വയസംസ്കൃതി തകിടം മറിയുന്നു. മറ്റു വാക്കുകളിൽ ഭാവാത്മകമായി പറഞ്ഞാൽ ദൈവവും മനുഷ്യനും പ്രപഞ്ചവും യഥാർത്ഥ രമ്യതയിലും ഒരുമയിലും ആയിരിക്കുമ്പോൾ സമന്വയ സംസ്കൃതി ഉടലെടുക്കുന്നു.

### സമന്വയയുടെ നാനാമുഖങ്ങൾ-ബൈബിളിൽ

സമന്വയ-ഹാർമണി-സ്വാരസ്യം എന്ന വാക്കിനുള്ള കൃത്യമായ പദം ബൈബിളിൽ കണ്ടെത്തുവാനാകില്ലെങ്കിലും ഷാലോം = സമാധാനം എന്ന പദം അർത്ഥതലത്തിൽ സമന്വയയോട് അടുത്തുവരുന്നതാണ്. കൂടാതെ ഉടമ്പടി = berith നീതി = Sedaka, berada = അനുഗ്രഹം, Katalagge = അനുരഞ്ജനം, Koinonia = കൂട്ടായ്മ എന്നിവ സമന്വയയുടെ വിവിധ വശങ്ങളെ പ്രകാശിപ്പിക്കുന്നവയാണ്. അതുകൊണ്ടു തന്നെ സമന്വയയെ സംബന്ധിച്ചിടത്തോളം പ്രിയപ്പെട്ടവയാണ് ഈ പദങ്ങൾ.

### സമന്വയ വ്യക്തി ജീവിതം

ഒരു വ്യക്തിയുടെ ജീവിതത്തിൽ നിന്നു തന്നോട്, സമൂഹത്തോട്, പ്രപഞ്ചത്തോട്, ദൈവത്തോട് എന്നിങ്ങനെ നാലുതലങ്ങളിൽ ഇതൾ വിരിയുന്ന ഒരു പ്രക്രിയ ഉൾക്കൊള്ളുന്നതാണു സമന്വയ ദർശനം.

ഇത്, നാലുതലങ്ങളിലെയും ബന്ധത്തിലുള്ള വളർച്ചയും വികാസവും സാദ്ധ്യമാക്കുന്നു.

1) വ്യക്തിക്കു തന്നോടുതന്നെയുള്ള അർത്ഥവത്തായ ബന്ധത്തിലുള്ള വളർച്ചയും വികാസവും.
2) ഒരു വ്യക്തിക്കു സമൂഹത്തോടുള്ള അർത്ഥവത്തായ ബന്ധത്തിലുള്ള വളർച്ചയും വികാസവും.
3) ഒരു വ്യക്തിക്കു പ്രപഞ്ചത്തോടുള്ള അർത്ഥവത്തായ ബന്ധത്തിലുള്ള വളർച്ചയും വികാസവും.
4) ഒരു വ്യക്തിക്കു ദൈവത്തോടുള്ള അർത്ഥവത്തായ ബന്ധത്തിലുള്ള വളർച്ചയും വികാസവും.

**1. ഒരു വ്യക്തിക്ക് തന്നോടുതന്നെയുള്ള അർത്ഥവത്തായ ബന്ധത്തിലുള്ള വളർച്ചയും വികാസവും.**

മനുഷ്യന്റെ ഉള്ളിൽ തന്നെയുള്ള ദൈവദത്തമായ സ്വാരസ്യാവബോധത്തിലുള്ള വളർച്ചയാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. ഇതിന് അവൻ തന്നെത്തന്നെ അറിയണം. തന്റെ ഉറവിടങ്ങളെകുറിച്ചറിയണം. തന്റെ സാധ്യതകളെന്തെന്നറിയണം. തന്റെ കഴിവുകളറിയണം. സംഘർഷഭരിതമായ ഈ ലോകാന്തരീക്ഷത്തിൽ എങ്ങനെ പൊരുത്തപ്പെട്ടുപോകാൻ സാധിക്കുമെന്നവൻ മനസ്സിലാക്കണം. അതിന് പൊരുത്തപ്പെടാൻ സിദ്ധികൾ (Life Coping Skills) അവൻ പരിശീലിക്കണം. ഇങ്ങനെ തന്നെക്കുറിച്ചു തന്നെയുള്ള അവബോധം സഹജീവികളോടുള്ള അവഗാഢമായ ഒരു ബന്ധത്തിലേക്ക് അവനെ നയിക്കുന്നതിനിടയാകും.

**2. ഒരു വ്യക്തിക്കു സമൂഹത്തോടുള്ള അർത്ഥവത്തായ ബന്ധത്തിലുള്ള വളർച്ചയും വികാസവും.**

മനുഷ്യൻ ഒരു ദ്വീപല്ല. മനുഷ്യൻ ഒരു സമൂഹ ജീവിയാണ്. എന്നാൽ സമൂഹങ്ങളിൽ ഇന്ന് ഒത്തിരിയേറെ വിള്ളലുകൾ പ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ആധുനിക കമ്പോള സംസ്കാരം മനുഷ്യരെ തമ്മിലകറ്റുന്ന വസ്തുക്കളായി മാറ്റികൊണ്ടിരിക്കുന്നു. I - thou (ഞാൻ-അവൻ) ബന്ധങ്ങൾക്കു പകരം I - it (ഞാൻ-അത്) ബന്ധങ്ങൾ വളർന്നു കൊണ്ടിരിക്കുകയാണിന്ന്. സ്വയം വളരാൻ കൊതിയും അപരനെ വളർത്താൻ മടിയും. സമൂഹത്തോട് ബന്ധപ്പെടേണ്ടതെങ്ങനെയെന്നുതന്നെ അവൻ മറന്നുപോയ അവസ്ഥ. ആശയവിനിമയ സിദ്ധികൾ സ്വന്തമാക്കേണ്ടത് ഒരു വ്യക്തിക്കു സമൂഹത്തോടുള്ള ബന്ധം വളർത്തുന്നതിന് ആവശ്യമാണ്.

**3. ഒരു വ്യക്തിക്കു പ്രപഞ്ചത്തോടുള്ള ബന്ധത്തിന്റെ അർത്ഥവത്തായ വളർച്ചയും വികാസവും.**

മനുഷ്യ ജീവിതത്തിന് സാമൂഹികവും സാംസ്കാരികവും സാങ്കേതികവുമായ മാനങ്ങൾ മാത്രമല്ല ഉള്ളത്. മനുഷ്യൻ അടിസ്ഥാനപരമായി ഒരു മിസ്റ്റിക്കും ആത്മീയ ജീവിയും പ്രകൃത്യാതന്നെ ദൈവാഭിമുഖ്യം ഉള്ളവനുമാണ്. നാം ജീവിക്കുന്ന ഈ ജീവപ്രതലം നാം തന്നെ തകർക്കുകയാണെന്നും ശാസ്ത്രജ്ഞന്മാർ മുന്നറിയിപ്പു നൽകികഴിഞ്ഞു. വ്യവസായവത്ക്കരണവും പരിസ്ഥിതി മലിനീകരണവും ധാതുക്കളുടെ അനിയന്ത്രിതമായ വിനിയോഗവും ഈ രീതിയിൽ തുടർന്നുകൊണ്ടു പോയാൽ നമ്മുടെ വളർച്ച വേഗം നിൽക്കും. നിലനിൽപ്പിനുവേണ്ടിയെങ്കിലും നമ്മുടെ ജീവിത ശൈലിയിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. കഴിഞ്ഞ 30 വർഷം ജീവിച്ചതുപോലെ അടുത്ത 30 വർഷം ജീവിക്കുകയാണെങ്കിൽ അതുവഴി നാം നമ്മുടെ ശവക്കുഴിതോണ്ടുകയാവും ചെയ്യുക. നമ്മുടെ വനങ്ങൾ നശിക്കുന്നു. മരുപ്രദേശങ്ങൾ ഏറിവരുന്നു. നമ്മുടെ ഫാക്ടറികളും വാഹനങ്ങളും വിമാനങ്ങളും, താപകേന്ദ്രങ്ങളും നിത്യം വിസർജ്ജിക്കുന്ന പുക, ആസിഡ് മഴക്കു കാരണമാകും. അവ നമ്മുടെ ജലാശയങ്ങളെ നശിപ്പിക്കുകയും അവയിലുള്ള മത്സ്യം മുഴുവൻ ചത്തൊടുങ്ങുകയും ചെയ്യുന്നു. വനനശീകരണത്തിന്റെ ഫലമായുള്ള മണ്ണൊലിപ്പുകാരണം ഭൂമിയിൽ വെള്ളം ഒരിക്കലും സംഭരിക്കപ്പെടുന്നില്ല. ആസന്ന ഭാവിയിൽ നാം മണ്ണിന്റെ മരണത്തെകുറിച്ചു കേൾക്കും. അതുകൊണ്ടുതന്നെ പരിസ്ഥിതിയെ നാം ഗൗരവമായി കാണണം. വരാൻ പോകുന്ന ദുരന്തം ഒഴിവാക്കാൻവേണ്ട അറിവില്ലാത്തവരാണു നമ്മൾ എന്നു കരുതരുത്. നമ്മുടെ ജീവിത ശൈലിമാറ്റേണ്ട നല്ല മനസേ നമുക്കുവേണ്ടു. പരിസ്ഥിതി പ്രവർത്തകരുടെയും സംഘടനകളുടെയും ശബ്ദം മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദമാകുമ്പോൾ ആ ശബ്ദത്തോടു ചേരാൻ ആ ശബ്ദം കേട്ടുണരാൻ, ആ ശബ്ദം കേട്ടുണർന്നു വൻ വിപത്തൊഴിവാക്കാൻ നമുക്കാകണം. ദൈവത്തിന്റെ സൃഷ്ടിയെ നാം നശിപ്പിക്കരുത്. പരിസ്ഥിതി സമ്പത്ത് അമൂല്യമാണ്, പരിരക്ഷിക്കണം ഈ പ്രകൃതിയെ രാസവസ്തുക്കളിൽ മുക്കി കൊല്ലരുത്. പ്രകൃതിയുടെ സന്തുലിതാവസ്ഥ സമന്വയ സംസ്കൃതിക്ക് ആവശ്യമാണെന്നു നാം അറിയുക.

**4. ഒരു വ്യക്തിക്കു ദൈവത്തോടുള്ള അർത്ഥവത്തായ ബന്ധത്തിന്റെ വളർച്ചയും വികാസവും.**

ദൈവ സ്നേഹത്തിനും സത്യത്തിനുമെതിരെ മുഖം തിരിക്കുന്ന പ്രവണത ലോകത്ത് ഇന്നു വളർന്നു കൊണ്ടിരിക്കുന്നു. ദൈവഹിതത്തിനു സ്വയം വിട്ടുകൊടുക്കാൻ വിസമ്മതിക്കുന്ന മനുഷ്യൻ സ്വന്തം നാശവും ലോകത്തിന്റെ നാശവും വിളിച്ചുവരുത്തുമെന്ന് ഇതുവരെയുള്ള ലോകചരിത്രം നമ്മെ പഠിപ്പിക്കുന്നു. ദൈവത്തിന്റെ കൈകളിൽ സ്വയം വിട്ടുകൊടുക്കുന്ന വ്യക്തി സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുകയല്ല ചെയ്യുന്നത്. മറിച്ച് ദൈവത്തിന്റെ കരങ്ങളിലേക്കു വിട്ടുകൊടുക്കുന്നതാണു യഥാർത്ഥ സ്വാതന്ത്ര്യം. മനുഷ്യന് ദൈവത്തിൽ വിശ്വാസം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ദൈവം നമ്മുടെ ജീവിതത്തിൽ

നിന്ന് സ്വാതന്ത്ര്യം തിരിച്ചെടുത്തുവെന്ന തെറ്റിദ്ധാരണയാണ് ഇതിന് കാരണം. ദൈവത്തിന്റെ കരങ്ങളി ലർപ്പിക്കപ്പെടുന്ന വ്യക്തി ദൈവപരിപാലനയുടെ ഉപകരണമായി മാറും. മനുഷ്യ ജീവന്റെ മഹത്വം തിരി ച്ചറിഞ്ഞു തന്റെ ജീവിതത്തെ ക്രിയാത്മകമാക്കും. ദൈവപരിപാലനയുടെ ഉപകരണമാക്കുന്നവൻ താൻ സ്വന്തം സഹോദരന്റെ കാവൽക്കാരനാണെന്ന ബോധ്യത്തിലെത്തിച്ചേരും. പരിസ്ഥിതിയെ അല്ലെങ്കിൽ സ്രഷ്ടപ്രപഞ്ചത്തെ അവർ ഗൗരവമായി പരിഗണിക്കും. ഇത്രയുമായാൽ സമന്വയ സംസ്കൃതിയായി. മനുഷ്യൻ ദൈവത്തിലാകുകയും ലോകം സമാധാനത്തിലാകുകയും ലോകം തറവാടാകുകയും ചെയ്യും.

# ദൈവിക-മനുഷ്യ വ്യക്തി

ഗ്രിഗറി ആർ. ബി

## ആമുഖം

ക്രൈസ്തവ ദർശനമനുസരിച്ചു ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട സവിശേഷ സൃഷ്ടിയാണു മനുഷ്യൻ. സൃഷ്ടിയെന്ന നിലയിൽ മറ്റുള്ള സൃഷ്ടികളുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലും അവൻ അവനെ തന്നെ മനസ്സിലാക്കി അവന്റെ സനാതന ലക്ഷ്യത്തിലേയ്ക്കു പ്രയാണം ചെയ്യേണ്ടയാളെന്ന നിലയിൽ സമഗ്രമായ ഒരു മനുഷ്യ ദർശനമാണ് ക്രൈസ്തവ ചിന്ത മുന്നോട്ടു വയ്ക്കുന്നത്. മനുഷ്യൻ അവനിൽ തന്നെയുള്ള വിവിധങ്ങളായ ഭാവങ്ങളെ വ്യത്യസ്തമായും പരസ്പര വിരുദ്ധമായും കാണാതെ അവ പരസ്പര പൂരകമാണ് എന്ന തിരിച്ചറിവോടെ സമഗ്രതയിൽ രൂപപ്പെടുത്തുകയെന്നതാണ് അനുപേക്ഷണീയമായിട്ടുള്ളത്.

## മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടി

സൃഷ്ടിയെന്ന നിലയിൽ മറ്റു സൃഷ്ടികളോടും സഹജീവികളോടും സജീവ ബന്ധത്തിലായിരിക്കുവാനുള്ള വിളിയാണ് മനുഷ്യനു ദൈവം നൽകിയിരിക്കുന്നത്. ഇപ്രകാരമുള്ള സുദൃഢമായ ബന്ധമാണു മാനുഷികാസ്തിത്വത്തെ അർത്ഥപൂർണ്ണമാക്കുന്നത്. സൃഷ്ടി ഒരിക്കലും സ്രഷ്ടാവായി തീരുന്നില്ല. മറിച്ച് സൃഷ്ടിയെന്ന നിലയിൽ പരാശ്രിതനായി നിലകൊള്ളുന്നു. പരിമിതികളും ബലഹീനതകളും മനുഷ്യ ജീവിതത്തിന്റെ ഭാഗമാകയാൽ സ്രഷ്ടാവിന്റെ അനുഗ്രഹത്താലും സഹസൃഷ്ടികളുടെ സഹകരണത്തോടും തന്റെ ജീവിത ധർമ്മം പൂർത്തിയാക്കാൻ അവനു കഴിയും.



മനുഷ്യൻ തന്റെ അസ്ഥിത്വം അദ്ധ്വാനംകൊണ്ടോ, സ്വന്തം കഴിവുകൊണ്ടോ നേടിയെടുത്തതല്ല, മറിച്ച്, അവനതു സൗജന്യമായി ലഭിച്ചതാണ്. ദാനമായി നൽകിയ ജീവിതം ദാതാവിന് ഇഷ്ടാനുസരണം തിരിച്ചെടുക്കുവാനുള്ള അവകാശമുണ്ട്. ദാനമായി ലഭിച്ചതുകൊണ്ടു പാവനമായി പരിരക്ഷിക്കുവാനും കാര്യക്ഷമമായി പരിപോഷിപ്പിക്കുവാനും മനുഷ്യൻ കടപ്പെട്ടിരിക്കുന്നു. ആത്യന്തികമായി മനുഷ്യ ജീവന്റെ ഉടമസ്ഥത സ്രഷ്ടാവിന് അവകാശപ്പെട്ടതാണ്. മനുഷ്യനു തന്റെ തന്നെ ജീവനുമേലുള്ള അവകാശം കേവലം ആപേക്ഷികമാണ്. നിയതമായ സമയത്തിലും സ്ഥലത്തിലും അതു ബന്ധിക്കപ്പെട്ടിരിക്കുന്നു. സൃഷ്ടിയെന്ന നിലയിൽ മനുഷ്യ ജീവിതം ദൈവത്തിൽ നിന്ന് ആരംഭിക്കുകയും ദൈവത്തിങ്കലേയ്ക്കു മടങ്ങുകയും ചെയ്യുന്നു. സൃഷ്ടാവിന്റെ അപരിമേയത്വമോ, അനന്തതയോ മനുഷ്യന് ഒരിക്കലും അവകാശപ്പെടാനാവില്ല. സ്രഷ്ടാവിനോടൊപ്പം സൃഷ്ടിയായ മനുഷ്യനും സൃഷ്ടി കർമ്മത്തിൽ പങ്കു ചേരുന്നു. എന്നിരുന്നാലും അവന് അമർതൃതയോ അപരിമേയത്വമോ അവകാശപ്പെടുവാൻ ആവുകയില്ല.

## ssZhOmbbmb a\pjy³

സൃഷ്ടിയായ മനുഷ്യനു മൂർത്തമായത് എന്നു വിളിക്കാവുന്ന ശാരീരികമായ ഒരു തലവും അമൂർത്തമെന്നു പറയാവുന്ന ആത്മീയമായ മറ്റൊരു തലവുമുണ്ട്. ഈ രണ്ടു തലങ്ങളും മനുഷ്യനിൽ പരസ്പര പൂരകമാംവിധം സംയോജിക്കപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടുയെന്നതു മനുഷ്യനിലെ അമൂർത്തമായ ആത്മീയ ഭാവമായ ദൈവീകതയെ സൂചിപ്പിക്കുന്നു. ഭൗതീകവും മൂർത്തവുമായ ഒരു ശരീരം മാത്രമുള്ളവനല്ല മനുഷ്യൻ മറിച്ച് ദൈവിക ചേതനയുടെ ഉൾച്ചേർച്ച അവന്റെ ജീവിതത്തെ അർത്ഥപൂർണ്ണാക്കുന്നു. ഒരുവനിൽ കുടികൊള്ളുന്ന ഈശ്വര ചൈതന്യം തിരിച്ചറിഞ്ഞുകൊണ്ടു ദൈവ സ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും ബന്ധത്തിൽ വളരുവാൻ ഒരുവനെ ശക്തിപ്പെടുത്തുന്നത് ഈ ആത്മീയത തന്നെയാണ്. തീവ്രമായ സ്നേഹത്തിൽ മനുഷ്യനെ മനുഷ്യനായി നിലനിർത്തുന്നത് അവന്റെ ആത്മീയതയാണെന്നും പറയാം.

മറ്റു ജീവജാലങ്ങളിൽ നിന്നു വ്യത്യസ്തമായും മനുഷ്യനെ മനുഷ്യനായും നിലനിർത്തുന്ന ഒന്നാണ് അവനിലെ ദൈവികഛായ. ഇത് നാലു തരത്തിലുള്ള ബന്ധങ്ങളിലേയ്ക്കു വിരൽ ചൂണ്ടുന്നു. ഒന്നാമതായി, അവനിലെ ദൈവികഛായ മനുഷ്യനെ ദൈവോന്മുഖനാക്കുകയും ദൈവവുമായുള്ള നിരന്തര ബന്ധത്തിൽ നിലനിർത്തുകയും ചെയ്യുന്നു. മനുഷ്യനിലെ മഹത്വവും ശ്രേഷ്ഠതയും മനുഷ്യനിൽ ദൈവിക ബന്ധത്തിലേയ്ക്കുള്ള തുറവി സൃഷ്ടിക്കുന്നതിനും കാരണമാകുന്നു. ഇപ്രകാരമൊരു ബന്ധമാണു മനുഷ്യനെ ആനന്ദപൂർണ്ണമാക്കുന്നത്. ദൈവിക യാഥാർത്ഥ്യം നൽകുന്ന സന്തോഷം അവന്റെ വ്യക്തിത്വത്തിന്റെ എല്ലാ ഭാവങ്ങളെയും സ്വാധീനിക്കുവാൻ പോന്നതും സനാതനമായ മൂല്യത്തിലേയ്ക്ക് ആനയിക്കുന്നതുമാണ്. ഇന്ദ്രിയപ്രധാനമായ സുഖാസക്തികൾക്കതീതമായി മനുഷ്യനിലെ ദൈവികഛായ അവനെ നിത്യ

നന്ദത്തിന്റെ പാതയിലേയ്ക്കു നയിക്കുന്നു എന്നു പറയാം.

ദൈവീകഛായ നൽകുന്ന രണ്ടാമത്തെ ബന്ധത്തിന്റെ തലം പരസ്പര ബന്ധത്തിന്റേതാണ്. ഓരോ മനുഷ്യനും സമൂഹത്തിൽ വിലപ്പെട്ടതാണ്. ചരിത്രത്തിന്റെ ഭാഗമാകയാൽ അതുല്യമായ വ്യക്തി പ്രാഭവത്തിന്റെ ഉടമസ്ഥത അവൻ സ്വന്തമാക്കുന്നു. സൃഷ്ടിയായ മനുഷ്യന്റെ ഘടന പരസ്പര ബന്ധത്തിലൂടെ പൂർണ്ണമാകുവാനുള്ള രീതിയിലാണു രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഓരോ മനുഷ്യനും ഒറ്റപ്പെട്ട തുരുത്തുകളാകാത്ത വിധം സമൂഹമായി ജീവിക്കുവാനും പരസ്പരം സഹകരിച്ചു സഹവസിക്കുവാനും കഴിയും വിധം ക്രമപ്പെടുത്തിയിരിക്കുന്നു. ഈ ബന്ധത്തിൽ സ്ത്രീയ്ക്കും പുരുഷനും തുല്യസ്ഥാനമാണ് ഉള്ളത്. പുരുഷനു സ്ത്രീയെക്കാൾ ഒരുവിധത്തിലും മേന്മ അവകാശപ്പെടുവാൻ ആകുകയില്ല. സ്ത്രീയും പുരുഷനും പരസ്പര പൂരകങ്ങളായി വർദ്ധിച്ചുകൊണ്ടു സമൂഹ രൂപീകരണത്തിൽ തുല്യപങ്കാളികളാകേണ്ടവരാണ്.

ദൈവികഛായ മനുഷ്യന്റെ മൂന്നാമത്തെ ബന്ധത്തിന്റെ മേഖല പ്രപഞ്ചവുമായിട്ടുള്ളതാണ്. ഈ ബന്ധം മനുഷ്യനു പ്രകൃതിയെ ഇഷ്ടാനുസാരം ഉപയോഗിക്കുവാൻ ലൈസൻസു തരുന്ന ഒന്നല്ല, മറിച്ച്, സംരക്ഷിക്കുവാനും നിലനിർത്തുവാനുമുള്ള അവകാശം പ്രദാനം ചെയ്യുന്നതാണ്. ജന്തുവർഗ്ഗങ്ങളെ പേരു ചൊല്ലി വിളിച്ച മനുഷ്യൻ പ്രകൃതി ജീവികളോടും സസ്യജാലങ്ങളോടും ഇണങ്ങി ചേർന്നു കൊണ്ടു മറ്റു സൃഷ്ടികളുമായി സജീവ ബന്ധം പുലർത്താൻ വിളിക്കപ്പെട്ടിരിക്കുന്നു. പറുദീസയിലുണ്ടായിരുന്നതും ഇത്തരത്തിലുള്ള സ്നേഹ ബന്ധം തന്നെയായിരുന്നു. യുഗാന്ത്യത്തിൽ ഉണ്ടാകുവാൻ പോകുന്നതും ഇപ്രകാരമുള്ള ബന്ധമാണ്. ഹിംസ്ര ജീവികളും വിവിധ ഇനങ്ങളിലുള്ള സസ്യലതാദികളുമായി ഒന്നിച്ചു കഴിയുന്ന സുന്ദരമായ കാലഘട്ടത്തിനു മുന്നോടിയായി സൃഷ്ട വസ്തുക്കൾ തമ്മിലുള്ള ഐക്യം സംസ്ഥാപിക്കുവാനും അവയെ പരിപാലിക്കുവാനും ദൈവികഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ബാധ്യസ്ഥനാണ്.

നാലാമതായി ദൈവികഛായ സൂചിപ്പിക്കുന്ന ബന്ധം ഒരുവന് അവനോടുതന്നെ ഉണ്ടായിരിക്കേണ്ട ഒന്നാണ്. ദൈവിക ഗേഹമായ മനുഷ്യ ശരീരം ദൈവം വസിക്കുന്ന ശ്രീകോവിലാണ്. ഒരുവന്റെ പ്രവർത്തനങ്ങൾ ഈശ്വരനു ചേർന്ന രീതിയിലാക്കുകയെന്നതും വിചാര വികാരങ്ങൾ ഉള്ളിൽ കുടികൊള്ളുന്ന ദൈവിക ചൈതന്യത്തിന്റെ ഉറവയിൽ നിന്നും ഉടലെടുക്കുകയെന്നതുമാണ് ഒരുവന് അവനോടു തന്നെ ഉണ്ടാകേണ്ട ബന്ധത്തിലൂടെ അർത്ഥമാക്കുന്നത്. താൻ ആരാണെന്നും താൻ എന്തിനുവേണ്ടിയാണു സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നും തന്റെ ജീവിതത്തിന്റെ ലക്ഷ്യമെന്തെന്നും തിരിച്ചറിയുവാനും അവയ്ക്കനുസരിച്ചു ജീവിതത്തെ ക്രമപ്പെടുത്തുവാനും ഒരു വ്യക്തിയെ സഹായിക്കുന്നത് അവനിലെ തന്നെ ദൈവികഛായയാണ്. ഒരു വ്യക്തിയുടെ ജീവിത മൂല്യവും ഗുണനിലവാരവും അളക്കുവാൻ സാധിക്കുന്നത് ഈ ദൈവികഛായയുടെ അടിസ്ഥാനത്തിലാണ്. ഒരുവനു തന്നെ കുറിച്ചുതന്നെ അറിഞ്ഞുകൊണ്ടു ജീവിത സാഫല്യത്തിലേയ്ക്കു നയിക്കുവാൻ പോന്ന ജീവിത ക്രമം രൂപപ്പെടുത്തുവാനാകുന്നു.

## മനുഷ്യൻ ഒരു ആള്

ഒരു വ്യക്തിയെന്നതിനെക്കാൾ ഒരാളാണു മനുഷ്യൻ എന്ന് അറിയുന്നതാണു സമഗ്രത മനസ്സിലാക്കുവാൻ സഹായിക്കുന്നത്. വ്യക്തിത്വം എന്നതിനെക്കാൾ ഉപരി ആളത്വത്തിനാണ് പ്രാമുഖ്യം. മനുഷ്യൻ ഒരാളെന്ന രീതിയിൽ ശാരീരികവും ആത്മീകവുമായ ഭാവങ്ങൾ പരസ്പര പൂരകമായവനിൽ വർദ്ധിക്കുന്നു. ഇവിടെ ശാരീരികമായ ഭൗതിക വ്യാപരത്തിനോ അമൂർത്തമായ ആത്മീയ ഭാവത്തിനോ മേൽകോയ്മ വരാത്ത വണ്ണം സന്തുലിതമായി ഒരാളിൽ മനുഷ്യൻ എന്ന നിലയിൽ ഈ രണ്ടു വശങ്ങളും ഉൾച്ചേർത്തിരിക്കുന്നു. വ്യക്തിയുടെ അസ്ഥിത്വം പ്രധാനമായും ഏതെങ്കിലും പ്രസ്ഥാനത്തിലേയും സംഘടനയിലേയും അംഗത്വവുമായി ബന്ധപ്പെട്ടുപോകുന്നതുമാത്രമാണ്. എന്നാൽ ആളെന്ന നിലയിൽ സമഗ്രമായ ഒരു മനുഷ്യ ദർശനത്തെ സമൂഹമദ്ധ്യത്തിൽ അവതരിപ്പിക്കുവാൻ അവനു കഴിയുന്നു. ആത്മീയവും ഭൗതികവുമായ തലങ്ങൾ ഒരുവനിൽ സമഞ്ജസമായി സമന്വയിപ്പിച്ച് ദൈവീകചൈതന്യം തുടിച്ചു നിൽക്കുന്ന ഒരാളിനെ രൂപപ്പെടുത്താനാകുമ്പോഴാണ് മനുഷ്യൻ യഥാർത്ഥത്തിൽ ദൈവത്തിനു അനുരൂപനാകുന്നത്.

ആളെന്ന നിലയിൽ ഒരുവൻ തന്റെ ആത്മാവും ശരീരവും മറ്റ് ആളുകളുമായി ബന്ധപ്പെടുത്തി നിലനിർത്തുവാൻ നിർബന്ധിക്കപ്പെടുന്നു. അത് ആദ്യം നിഴലിക്കേണ്ടതു കുടുംബ ബന്ധങ്ങളിലാണ്. പുരുഷൻ തന്റെ ശരീരവും ആത്മാവും സ്ത്രീയ്ക്കായും സ്ത്രീ തന്റെ ആത്മാവും ശരീരവും പുരുഷനായും സമർപ്പണം ചെയ്തുകൊണ്ടു കുടുംബ ബന്ധങ്ങളെ സ്വർഗ്ഗ തുല്യമാക്കുന്നു. ആളെന്ന നിലയിൽ ശരീരത്തെയും ആത്മാവിനെയും അതിന്റെ സമഗ്രതയിൽ അപരനു സമർപ്പിക്കുമ്പോൾ ശരീരത്തെ സ്വാർത്ഥപരമായ താൽപര്യങ്ങൾക്കായി ഉപയോഗിക്കുന്നതിൽ നിന്നും വ്യക്തികളെ പിന്തിരിപ്പിക്കാനാകുന്നു. ശാരീരികമായ ആഗ്രഹങ്ങളെ പൊലിപ്പിച്ചു കാട്ടി, ആഗ്രഹങ്ങളെ ആത്മീയ ഭാവങ്ങളിൽ നിന്നകറ്റി വ്യക്തിയെ ആഗ്രഹങ്ങൾക്കും ആഗ്രഹ സഫലീകരണത്തിനും ആനയിച്ചുകൊണ്ടു മൃഗീയ വാസനകളിൽ

രമിക്കുന്ന ഒരു കാലഘട്ടത്തിലാണ് മനുഷ്യൻ എത്തിനിൽക്കുന്നത്.

പുറമേ കാണുന്ന ശരീരത്തിനു മാത്രം പ്രാധാന്യം കൈവരുകയും ശാരീരിക വ്യാപാരങ്ങളിൽ ശ്രദ്ധ ക്രമാനുഗതമായി വർദ്ധിക്കുകയും ചെയ്യുമ്പോൾ ആള് അവനിൽ മരിക്കുന്നു. സമഗ്രത നഷ്ട പ്പെട്ട ശരീരമായി മനുഷ്യൻ അധഃപതിക്കുന്നത് ഇപ്രകാരമാണ്. സമഗ്രമായി ഒരാളിൽ കാണേണ്ട ആള ത്വത്തിന്റെ പ്രത്യേകതകൾ മറന്നിട്ടു വ്യക്തി പരമായ താൽപര്യങ്ങൾ ഉണർത്തി മനുഷ്യനെ അവനിൽ തന്നെ ഭിന്നിപ്പിക്കുന്ന കാഴ്ച പരിതാപകരം തന്നെയാണ്. വിചാരം നഷ്ടപ്പെട്ട്, വികാരങ്ങളെ പർവ്വതീക രിച്ചും സാർവത്രികമാണതെന്നു ചിത്രീകരിച്ചും വിവേക രഹിതമായി വികാരങ്ങളിൽ കെട്ടിയിടുന്ന തന്ത്ര മാണ് ഇന്നു കച്ചവട പ്രമുഖരായ മനുഷ്യർ അനുവർദ്ധിച്ചു പോകുന്നത്.

## മനുഷ്യാസ്തിത്വത്തിന്റെ സത്തയും - അർത്ഥ പൂർണ്ണമായ ജീവനും

ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം അവൻ യാദൃശ്ചികമായി ഉണ്ടായതോ, ഉണ്ടാക്കപ്പെട്ടതോ അല്ല. നിയതമായ ലക്ഷ്യത്തോടും വ്യക്തമായ ബോധ്യത്തോടും കൂടെ രൂപ കൽപ്പന ചെയ്യപ്പെട്ടവനാണ്. യാദൃശ്ചികമായി വീണു കിട്ടിയ ഒരു ജീവൻ എന്നതിലുപരി പ്രത്യേകമായ ലക്ഷ്യത്തോടെ സൃഷ്ടിക്കപ്പെട്ട ഒന്നാണു ജീവൻ എന്ന ബോധ്യവും തിരിച്ചറിവുമാണ് ആദ്യം ആവശ്യമായി വേണ്ടത്. ഒരുവനിലെ ദൈവിക സാന്നിദ്ധ്യമാണു ജീവൻ. ജീവൻ ആയിരിക്കുന്നതും ആകുന്നതും ദൈവത്തിലാണ്. ജീവൻ ഇല്ലാതിരി ക്കുന്നതു മരണമാണ്. മരണവും ഇരുളും ജീവന്റെ അധഃപതനത്തിലുണ്ടാകുന്ന വസ്തുതകളാണ്. ഒരു വനിലെ ജീവന്റെ തുടിപ്പു ദൈവത്തിന്റെ തന്നെ സജീവ സാന്നിദ്ധ്യമാണ്. ജീവനെ ഒരു മനുഷ്യനിൽ പൂർണ്ണമായി നിലനിർത്തുമ്പോൾ ദൈവിക മഹത്വമാണ് അവിടെ നിറഞ്ഞ് നിൽക്കുന്നത്.

ജീവൻ ദൈവത്തിന്റെ മഹത്വമായി നിലനിൽക്കുന്ന രീതിയിൽ പരിപാലിക്കപ്പെടുകയെന്നതാണു മനുഷ്യ ധർമ്മം. ജീവൻ അതിന്റെ തനിമയിൽ നിലനിൽക്കണമെങ്കിൽ വിവിധ ബന്ധനങ്ങളിൽ നിന്നും വിമോചിതമാകേണ്ടതാണ്. ജീവനെ വഴിതെറ്റിക്കുന്നതും അപകടപ്പെടുത്തുന്നതുമായ വിവിധ തരത്തി ലുള്ള ബന്ധനങ്ങളിൽ അകപ്പെടുമ്പോൾ മനുഷ്യൻ ദൈവിക ചൈതന്യത്തെ അവനിൽ തന്നെ അപകട ത്തിലാക്കുന്നു. സ്വാതന്ത്ര്യ പൂർണ്ണവും സന്തോഷ പൂർണ്ണവുമായ ജീവിതം ഒരുവനിൽ സമ്മേളിക്കുവാൻ തക്കവണ്ണം ജീവന്റെ സമഗ്രതയിൽ ഓരോ ജീവനെയും വളർത്തിയെടുക്കേണ്ടതാണ്. സ്വജീവൻ സഹജീ വികളുടെ ജീവനെ സംരക്ഷിക്കുന്നതിനായി സമർപ്പിക്കുന്ന ജീവന്റെ സംസ്കാരമാണ് ഇന്ന് ആവശ്യമായി ട്ടുള്ളത്. പ്രത്യക്ഷമായും പരോക്ഷമായും ജീവചൈതന്യം കെടാതെ കണ്ണിലെ കൃഷ്ണമണിപോലെ സംരക്ഷിക്കപ്പെടുമ്പോഴാണു ദൈവിക ജീവൻ സമൃദ്ധമാകുന്നത്. ഹരിതാഭ നിറഞ്ഞ സസ്യങ്ങളിൽ തുടിച്ചു നിൽക്കുന്ന ജീവനെ ആവാഹിച്ചെടുത്തും ഉല്ലാസത്തിലൂടെ സസ്യങ്ങൾക്കു ജീവൻ തിരിച്ചു കൊടുത്തു കൊണ്ടും പ്രകൃതിയിൽ നിലകൊള്ളുന്നതു ദൈവിക ജീവന്റെ ചലനമാണ്. ജീവനെ, അതെവിടെയായി രുന്നാലും ചൂഷണത്തിനായും സ്വാർത്ഥ ലാഭത്തിനായും ഉപയോഗിക്കുന്നതും നശിപ്പിക്കുന്നതും ദൈവത്തെ ധിക്കരിക്കുന്ന മരണ സംസ്ക്കാരത്തിന്റെ പ്രവർത്തനമാണ്.

ജീവൻ പരിപൂർണ്ണത പ്രാപിക്കുന്നതു പരിവർത്തനത്തിനു വിധേയമാകുമ്പോഴാണ്. ഓരോ ജീവ നിലും കുടികൊള്ളുന്ന ഈശ്വര ചൈതന്യം നിത്യ ജീവന്റെ പ്രകാശനം കൂടിയാണ്. മരണത്തിനതീത മായി, സനാതന മൂല്യമായി നിലകൊള്ളുന്ന ജീവനാണ് ഓരോ ക്രൈസ്തവനും തന്റെ ശരീരത്തിൽ സംവഹിക്കുന്നത് എന്നതാണു ക്രൈസ്തവ പാഠം. മരണത്തിലൂടെ എല്ലാം അവസാനിക്കുന്നു എന്നു കരുതി ശരീരത്തെ എന്തിനും ഏതിനും വിട്ടുകൊടുക്കുന്നതു ക്രൈസ്തവരീതിയല്ല. മരണത്തെ കരങ്ങളി ലെടുത്ത് അതിനെ ഉത്ഥാനത്തിലൂടെ പുതിയ ജീവന്റെ ഉണർത്തു പാട്ടാക്കിയവനാണ് ക്രിസ്തു നാഥൻ. ക്രിസ്തുവിന്റെ ശിഷ്യരാകുന്ന ക്രൈസ്തവർ ഉൾകൊള്ളുന്നതും പഠിപ്പിക്കുന്നതുമായ ദർശനം സനാതന മായ ജീവന്റേതാണ്. ഈ സനാതനത്വം ശരീരത്തിന്റെയും ആത്മാവിന്റെയും സമഗ്രമായ ഉൾച്ചേരലി ലൂടെ ഒരാളിൽ നിറഞ്ഞു നിൽക്കുന്നു. ശരീരത്തെ ഉപയോഗിക്കാതെയും ഉപേക്ഷിക്കാതെയും ആത്മീയ ചേതനയുടെ ഗേഹമായി നിലനിർത്തുവാൻ കഴിയുന്ന സമഗ്രമായ മനുഷ്യ ദർശനം രൂപപ്പെടട്ടെ!

# കൂട്ടായ്മ വ്യക്തി

**സിൽവെസ്റ്റർ പൊന്നുമുത്തൻ**

## ആമുഖം

കേരളക്കരയിൽ വളരെയധികം പ്രചാരം ലഭിച്ചു കൊണ്ടിരിക്കുന്ന ഒരു പദമാണ് കൂട്ടായ്മ . കത്തോലിക്കരുടെ ഇടയിൽ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ രൂപവൽകരണത്തിലൂടെയാണ് ഈ പദം കൂടുതൽ പ്രചരിച്ചതെങ്കിലും ഇന്ന് അകത്തോലിക്കരും അക്രൈസ്തവരും സാധാരണ കുടുംബ യോഗങ്ങളിലും സാമൂഹിക സമ്മേളനങ്ങളിലും ഉപയോഗിക്കുന്ന പദമായി മാറിയിട്ടുണ്ട്. ആഗോളവത്ക്ക രണത്തിന്റേയും ഉദാരവത്കരണത്തിന്റേയും കമ്പോളവത്കരണത്തിന്റേയും കുത്തൊഴിക്കിൽ മനുഷ്യൻ ഒറ്റപ്പെട്ടു പോകുമ്പോൾ കൂട്ടായ്മയ്ക്കു പ്രാധാന്യം ഏറിവരുന്നു. കൂട്ടായ്മ എല്ലാ രംഗങ്ങളിലും ബോധപൂർവ്വം വളർത്തിയെടുക്കേണ്ട ഒരു ജീവിത ശൈലിയായി മാറേണ്ടതു കാലഘട്ടത്തിന്റെ ആവശ്യ മാണ്.

## 1. കൂട്ടായ്മ - വിശുദ്ധ ഗ്രന്ഥത്തിൽ

ദൈവം കൂട്ടായ്മയാണ്. ദൈവം മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചിരിക്കുന്നുവെന്നു പറയുമ്പോൾ (ഉൽപത്തി 1:27) അവനെ കൂട്ടായ്മയിൽ വളരാൻ സൃഷ്ടിച്ചുവെന്നു വ്യക്തം. കൂട്ടായ്മ ശൈലിക്ക് ആഴവും പരപ്പും കൂട്ടുന്ന വാക്യങ്ങളാണു മനുഷ്യനെ പ്രപഞ്ചത്തിന്റെ മഹത്തവും മകുടവുമായി സൃഷ്ടിച്ചു എന്നത് (സങ്കീർത്തനം 8:5,6). ചിന്തിക്കാനും കാര്യങ്ങൾ വിവേചിച്ചറിയാനും (ഉൽപത്തി 2:9-10) തീരുമാനങ്ങൾ എടുക്കാനുമുള്ള സ്വാതന്ത്ര്യം (പ്രഭാക്ഷകൻ 15:4) നല്കിയാണു മനുഷ്യനെ സൃഷ്ടിച്ചത്.



ദൈവം മനുഷ്യനു നൽകിയ ദാനങ്ങൾ ഒരു വ്യക്തിക്കു മാത്രമല്ല, പൊതുവായാണു നൽകിയിരിക്കുന്നത്. മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല (ഉൽപത്തി 2:18) എന്നറിയുന്ന ദൈവം സ്ത്രീയും പുരുഷനുമായാണു സൃഷ്ടിക്കുന്നത്. നിന്റെ സഹോദരൻ എവിടെ? എന്ന കായേനോടുള്ള ചോദ്യം (ഉൽപത്തി 4:9) വെറുതെ വായിക്കാനുള്ളതു മാത്രമല്ല, സമൂഹത്തിന്റെ കൂട്ടുത്തരവാദിത്ത്വത്തെ സൂചിപ്പിക്കുന്നതുമാണ്. ജലപ്രളയത്താൽ നാശം വരുത്തുന്നതിനു മുമ്പു മനുഷ്യ വംശത്തിന്റെ നിലനിൽപ്പ് ഉറപ്പു വരുത്തുന്നവനാണു ദൈവം. ഇതേ ദൈവം ഇസ്രായേൽ ജനതയുടെ നിലവിളി കേൾക്കാൻ ചെവിയുള്ളവനായി മാറുന്നു പുറപ്പാട് സംഭവത്തിൽ (പുറപ്പാട് 3:7-8). സഹജനോടു നീതി കാണിക്കാത്തവന്റെ ബലികൾ തിരസ്ക്കരിക്കുന്ന (ഇസയാസ് 1:4) ദൈവം ദുഷ്ടന്റെ നാശത്തിൽ ആഹ്ളാദിക്കാതെ അവൻ ദുർമാർഗത്തിൽ നിന്നു പിന്തിരിഞ്ഞു കാണാനാണ് (എസെക്കിയേൽ 18:23) ആഗ്രഹിക്കുന്നത്. മനുഷ്യനോടുള്ള ദൈവത്തിന്റെ കൂട്ടായ്മയാണ് ഇവിടെയെല്ലാം നാം കാണുന്നത്.

പുതിയ നിയമത്തിൽ കൂട്ടായ്മ ക്രൈസ്തവ ജീവിതത്തിന്റെ ചലനാത്മകമായ പ്രകാശനമാണ്. ദൈവത്തിൽ നിന്ന് ഉത്ഭവിക്കുന്ന കൂട്ടായ്മ ക്രിസ്തുവിൽ യാഥാർത്ഥ്യമായിത്തീരുന്നു. വ്യത്യസ്ത സ്വഭാവക്കാരെ ശിഷ്യന്മാരാക്കിയാണു യേശു തന്റെ കൂട്ടായ്മയുടെ ഭാവം തെളിയിക്കുന്നത് (ലൂക്ക 3: 13-19), മാത്രമല്ല അവരെ അവസാനം വരെ സ്നേഹിക്കാനും യേശുവിനു സാധിക്കുന്നു (യോഹന്നാൻ 13:1). സഹജനുമായുള്ള ബന്ധം ബലിയെക്കാൾ ശ്രേഷ്ടമാണന്നും (മത്തായി 5:23) ദൈവരാജ്യാനുഭവം സാദ്ധ്യമാകണമെങ്കിൽ മാനുഷിക ബന്ധങ്ങളിൽ അധിഷ്ഠിതമായ ഒരു ജീവിതം (മത്തായി 25:31-46) നയിക്കണമെന്നും യേശു വ്യക്തമാക്കുന്നു.

യേശുവിന്റെ പ്രബോധനങ്ങളുടെ ചുവടു പിടിച്ചു കൊണ്ടാണു സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരെ അവഗണിക്കാൻ പാടില്ലെന്നു ശിഷ്യന്മാർ (നടപടി 6:1-7) തിരിച്ചറിയുന്നത്. ഒരു മനുഷ്യനെയും ഹീനജാതിക്കാരനെന്നോ അശുദ്ധനെന്നോ വിളിക്കാൻ പാടുള്ളതല്ലെന്ന (നടപടി 10:28) തിരിച്ചറിവു ലഭിക്കുന്നതോടെ മനുഷ്യ സമൂഹത്തോടു കാണിക്കേണ്ട ആദരവിന്റെ ആവശ്യകത അവർ മനസ്സിലാക്കുന്നു. മനുഷ്യൻ പരസ്പരപൂരകങ്ങളായി വർത്തിക്കേണ്ടതിന്റെ പ്രാധാന്യം ചൂണ്ടികാണിക്കുകയാണു പൗലോസ് അപ്പോസ്തലൻ കൊറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനം പന്ത്രണ്ടും പതിമൂന്നും അദ്ധ്യായങ്ങളിലൂടെ; സമൂഹങ്ങളിലെ വൈവിദ്ധ്യങ്ങളെ വൈരുദ്ധ്യങ്ങളാക്കാതിരിക്കാനുള്ള ആഹ്വാനമാണ് ഇവിടെ നാം കാണുന്നത്. ഓരോരുത്തർക്കും ലഭിച്ചിരിക്കുന്ന ദാനങ്ങൾ (1 പത്രോസ് 4:10) മറ്റുള്ളവർക്കു വേണ്ടി കൂടിയുള്ളതാണെന്ന കാര്യം വിശുദ്ധ ഗ്രന്ഥത്തിലുടനീളം ഓർമ്മപ്പെടുത്തുന്നതു കൂട്ടായ്മാനുഭവ

ത്തിൽ മനുഷ്യർ വളരുവാൻ വേണ്ടിയാണ്.

## 2. കൂട്ടായ്മ: സഭാപ്രബോധന ചിന്തകൾ

വിശുദ്ധ ഗ്രന്ഥത്തിന്റെ ചുവടു പിടിച്ചു കൊണ്ടാണു വിശുദ്ധ ഇരണേവൂസ് പറഞ്ഞത്, മനുഷ്യൻ പൂർണ്ണതയിൽ ജീവിക്കുന്നതാണു ദൈവ മഹത്ത്വമെന്നത്. സഭയുടെ പ്രേഷിത ദൗത്യത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്ന കാര്യമത്രേ മനുഷ്യനെ അവന്റെ പൂർണ്ണതയിൽ ജീവിക്കുവാൻ പ്രാപ്തനാക്കുകയെന്നത്. അതുകൊണ്ടാണു രണ്ടാം വത്തിക്കാൻ സൂനഹദോസ് പിതാക്കന്മാർ പറഞ്ഞു വച്ചത് ഓരോരുത്തരും എല്ലാ അയല്ക്കാരെയും തങ്ങളെപ്പോലെ തന്നെ പരിഗണിക്കേണ്ടതാണ്. മാന്യമായ രീതിയിൽ ജീവിതാ വശ്യങ്ങൾ നിർവഹിക്കാൻ വേണ്ട സൗകര്യങ്ങൾ വേണമെന്ന കാര്യവും നാം ശ്രദ്ധിക്കേണ്ടതാണ്. പാവ പ്പെട്ട ലാസറിനെ തിരിഞ്ഞു നോക്കാതിരുന്ന ധനികനാകരുതു നമ്മുടെ മാതൃക (സഭ ആധുനിക ലോക ത്തിൽ, 27). എല്ലാവരേയും അയല്ക്കാരായി പിരിഗണിക്കാനും തങ്ങളെ സമീപിക്കുന്നവരെ ക്രിയാത്മക മായി സഹായിക്കാനും പിതാക്കന്മാർ ഓർമ്മപ്പെടുത്തുന്നു. ആരാണ് അയല്ക്കാരൻ എന്നതിനു സൂനഹ ദോസ് നല്കുന്ന വിശദീകരണവും ശ്രദ്ധേയമാണ്. അയല്ക്കാരൻ എല്ലാവരാലും പരിത്യക്തനായ ഒരു വൃദ്ധനോ, യാതൊരു നീതിക്കും ചേരാത്ത വിധം അവജ്ഞാപൂർവ്വം വീക്ഷിക്കപ്പെടുന്ന ഒരു വിദേശ ജോലിക്കാരനോ അഭയാർത്ഥിയോ ആകാം, ന്യായമായ വിവാഹത്തിൽ ജനിച്ചില്ല എന്നതിന്റെ പേരിൽ, വേദനയുടെ പാഴ്ക്കുണ്ടിലേക്കു വലിച്ചെറിയപ്പെട്ട ഒരു നിഷ്ക്കളങ്ക ശിശുവാകാം (സഭ ആധുനിക ലോക ത്തിൽ, 27) ചുരുക്കത്തിൽ സമൂഹത്തിലെ ഏതു വ്യക്തിയുമായും കൂട്ടായ്മയിൽ വർത്തിക്കുകയെന്നതു മാനുഷികാവസ്ഥയുടെ ഭാഗമായാണു സഭ കരുതുന്നത്.

ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ ഭാഷയിൽ പരസ്നേഹമെന്നത് മനുഷ്യന്റെ ഭൗതികമായതുൾപ്പെടെയുള്ള എല്ലാം ആവശ്യങ്ങളിലും സഹനങ്ങളിലും നിരന്തരമായി വേണ്ടതു ചെയ്തു കൊടുക്കുന്നതിനു സഭ നിർവ്വഹിക്കുന്ന സേവനമാണ് (ദൈവം സ്നേഹമാകുന്നു, 19) മാത്രമല്ല, സഭയെ സംബന്ധിച്ചിടത്തോളം പരസ്നേഹ പ്രവർത്തനം മറ്റുള്ളവർക്കായി വിട്ടുകൊടുക്കാവുന്ന ഒരു തരം ക്ഷേമ പ്രവർത്തനമല്ല. പിന്നെയോ, അത് അവളുടെ സ്വഭാവത്തിന്റെ ഒരു ഭാഗമാണ് (ദൈവം സ്നേഹമാകുന്നു, 25). റേരും നൊവാരും (1891) മുതൽ ചെന്തേസിമൂസ് അന്നൂസ് (1991) വരെയുള്ള സഭയുടെ സാമൂ ഹിക പ്രബോധനങ്ങളിൽ ഈ സത്യം തെളിഞ്ഞു കാണുന്നുമുണ്ട്.

കൂട്ടായ്മയുടെ പ്രായോഗിക മാനങ്ങളാണു നവസഹസ്രാബ്ദത്തിലേക്ക് (2001) എന്ന അപ്പോ സ്തലിക ലേഖനത്തിൽ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ കൂട്ടായ്മയുടെ അദ്ധ്യാത്മികത യിലൂടെ (ന വസഹസ്രാബ്ദത്തിലേക്ക്, 43-45) അവതരിപ്പിക്കുന്നത്. സമൂഹത്തിലെ ഓരോ വ്യക്തിയേയും തന്റെ ജീവന്റെ ഭാഗമായി കാണാനും ഓരോ വ്യക്തിയുടേയും സന്തോഷത്തിലും സഹനത്തിലും പങ്കുചേരാനും വ്യക്തികളുടെ ആഗ്രഹങ്ങൾ മനസ്സിലാക്കി അവരുടെ ആവശ്യങ്ങളിൽ സഹായിക്കാനും ഓരോരുത്തർക്കും അഗാധവും യഥാർത്ഥവുമായ സൗഹൃദം നല്കാനും സാധിക്കണം. മാത്രമല്ല, മറ്റുള്ളവരിൽ ഭാവാത്മക മായിട്ടുള്ളതു കാണാനും അതിനെ സ്വാഗതം ചെയ്യാനും ദൈവത്തിൽ നിന്നുള്ള ഒരു ദാനമായി അതിനെ വിലമതിക്കാനും അതു നേരിട്ടു സ്വീകരിച്ച സഹോദരനോ സഹോദരിക്കോ ഉള്ള ദാനം മാത്രമായി കരു താതെ തനിക്കു തന്നെ ലഭിച്ചിരിക്കുന്ന ദാന മായി കാണുവാനും മാർപ്പാപ്പ ആഹ്വാനം ചെയ്യുന്നു.

ചുരുക്കത്തിൽ, മനുഷ്യാസ്തിത്വത്തെക്കുറിച്ചും മനുഷ്യ ജീവിതം എങ്ങനെ അർത്ഥ പൂർണ്ണ മാക്കാമെന്നതിനെക്കുറിച്ചും വ്യക്തമാക്കുന്നതാണു വിശുദ്ധ ഗ്രന്ഥവും സഭാ പ്രബോധനങ്ങളും. വികസ നത്തിന്റെയും വളർച്ചയുടെയും പേരിൽ മനുഷ്യർ അന്യവത്ക്കരിക്കപ്പെടുമ്പോൾ തന്നിലേക്കുതന്നെ ഉൾവ ലിയാതെ വിശാലമായ മാനവികത വളർത്തിയെടുക്കുവാൻ ഓരോ മനുഷ്യനും തന്റെ മാനസികാവസ്ഥ യെക്കുറിച്ചു ചിന്തിക്കേണ്ടതുണ്ട്. അങ്ങനെ ചിന്തിക്കുമ്പോൾ മനുഷ്യന്റെ മാനുഷികാവസ്ഥ തന്നെ കൂട്ടാ യ്മയിലേക്കാണു നയിക്കുന്നതെന്ന സത്യം മനസ്സിലാകും. ദൈവത്തെ ഭയപ്പെടുകയും നീതി പ്രവർത്തി ക്കുകയും ചെയ്യുന്നവർ ഏതു ജാതിയിലോ മതത്തിലോപെട്ടവരായാലും ദൈവത്തിനു സ്വീകാര്യമാണ്. ദൈവസന്നിധിയിൽ സ്വീകാര്യത ലഭിക്കണമെങ്കിൽ നീതി നിർവ്വഹണം അനിവാര്യമാണ്. കൂട്ടായ്മയിലൂ ടെയാണു മനുഷ്യർക്ക് അർത്ഥവത്തായ നീതി നിർവ്വഹിക്കാൻ സാധിക്കുന്നതും.

# പ്രചോദനാത്മക വ്യക്തി

**സുരേഷ്കുമാർ**

ജീവിതത്തിന് അസാധാരണമായ വിജയവും പ്രവർത്തനക്ഷമതയും കൈവരിക്കുന്നതിന് ശക്തമായ പ്രചോദനം (Motivation) ആവശ്യമാണ്. ഇതിനു പ്രധാനകാരണം മനുഷ്യന്റെ പ്രവർത്തനങ്ങൾ അവന്റെ മാനസിക നിലയുമായി വളരെയേറെ ബന്ധപ്പെട്ടിരിക്കുന്നുവെന്നതാണ്. ശക്തമായി പ്രചോദിപ്പിക്കപ്പെടാത്ത (Motivated) മനസ്സിനു വിജയത്തിനുള്ള കുതിപ്പ് നൽകുന്നതിനാവശ്യമായ ഇന്ധനം നൽകുന്നതിന് ഒരിക്കലും കഴിയുകയില്ല.

നമ്മിൽ പലർക്കും ജീവിതത്തിൽ വിജയം നേടണമെന്നും, അതിലേക്ക് എന്താണു ചെയ്യേണ്ടതെന്നും വ്യക്തമായി അറിയാം. എന്നാൽ നമ്മിൽ അധികം പേരും വിജയത്തിനാവശ്യമായ വ്യക്തമായ കർമ്മ പദ്ധതികൾ നടപ്പാക്കുന്നതിലേക്ക് കടക്കാറില്ല. പ്രവർത്തനത്തിലേക്കു നമ്മെ നയിക്കുന്നതിനു സജ്ജമാക്കുന്ന ഒരു 'spark' ഇല്ലാത്തതാണ് അതിനു കാരണം. ഇത്തരത്തിൽ പ്രവർത്തിക്കുന്നതിനാവശ്യമായ spark നെ (Motivation) പ്രചോദനം എന്നു വിളിക്കാം.

എല്ലാ മനുഷ്യർക്കും അടിസ്ഥാനപരമായി പ്രവൃത്തി ചെയ്യുന്നതിനുള്ള ശാരീരിക കഴിവുകൾ ജന്മനാതന്നെ ഉണ്ട്. ബുദ്ധിപരമായും ഏതാണ്ടെല്ലാവരും ശരാശരി നിലവാരം പുലർത്തുന്നുണ്ട്. എന്നാൽ ഒരാളുടെ മാനസിക നിലയാണ് അയാളുടെ പ്രവർത്തനത്തെ നിയന്ത്രിക്കുന്നത്.



പ്രചോദിപ്പിക്കപ്പെട്ട (Motivated) മനസ്സുള്ള ഒരാൾക്ക് അയാളുടെ ശാരീരികവും ബുദ്ധിപരവുമായ കഴിവുകളെ പരമാവധി ഉപയോഗപ്പെടുത്താനും അതിലൂടെ നമുക്ക് അസാധ്യമെന്നുതോന്നുന്ന കാര്യങ്ങൾ പോലും ചെയ്യാനും കഴിയും. ഒരു സംഭവ കഥയിലൂടെ ഇതു കൂടുതൽ വിശദീകരിക്കാം.

ഒരിക്കൽ ലണ്ടനിലെ തെരുവീഥിയിലൂടെ ഒരമ്മയും 3 വയസ്സായ കുഞ്ഞും നടക്കുകയായിരുന്നു. പെട്ടെന്ന് ആ കുഞ്ഞ് റോഡിലേക്ക് എടുത്തു ചാടുകയും ഒരു കാർ വന്നിടിക്കുകയും കുട്ടി കാറിനടിയിൽ പെടുകയും ചെയ്തു. എന്നാൽ ഈ സംഭവം നോക്കിനിന്ന സകലരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് ആ അമ്മ ഒരു നിലവിളിയോടെ കാർ വലിച്ചുയർത്തി. സാധാരണ ഗതിയിൽ ഒരു സ്ത്രീക്ക് ചെയ്യാൻ കഴിയാത്ത ഈ അസാധാരണ കാര്യം ആ അമ്മ എങ്ങനെ ചെയ്തു. തീർച്ചയായും സ്വന്തം കുഞ്ഞിന്റെ ജീവൻ രക്ഷിക്കണമെന്നുള്ള മനസ്സിന്റെ തീവ്രമായ ആഗ്രഹമാണ് ആ അമ്മയുടെ ശരീരത്തിന്റെ ശക്തികളെ കൂടുതൽ ഉദ്ദീപിപ്പിക്കുകയും ആ കാറിനെ ഉയർത്താൻ ആ അമ്മയെ പ്രാപ്തയാക്കുകയും ചെയ്തത്.

ബുദ്ധിപരമായും മനുഷ്യൻ അവന്റെ കഴിവുകളുടെ അപ്പുറത്തേക്കു കടക്കുന്ന അവസരങ്ങൾ നിരവധിയാണ്. മരണ ശിക്ഷയിൽ നിന്നൊഴിവാക്കുന്നതിനു വേണ്ടി ഗൾഫ് നാടുകളിലെ ജയിലുകളിൽ തടവിൽ കഴിയുന്ന കുറ്റവാളികളിൽ പലരും ഖുറാൻ മുഴുവൻ കാണാതെ പഠിക്കുന്നത് ഇതിനുദാഹരണമാണ്.

ഇത്തരത്തിലുള്ള അസാധാരണമായ കാര്യങ്ങൾ ചെയ്യാൻ ഒരാളെ പ്രാപ്തനാക്കുന്നതു പെട്ടെന്നുണ്ടാകുന്ന Motivation-ാണെന്ന് കാണാൻ കഴിയും.

എന്നാൽ നമ്മിൽ കൂടുതൽ പേരും നമുക്ക് ലഭിച്ചിരിക്കുന്ന ബുദ്ധിപരമായ കഴിവിന്റെ രണ്ടു ശതമാനം മാത്രമാണ് ഉപയോഗിക്കുന്നതെന്നു ശാസ്ത്രലോകം പൊതുവേ വിലയിരുത്തുന്നു.

വിജയം ഓരോരുത്തരുടെയും ജന്മാവകാശമാണെന്നുള്ള തിരിച്ചറിവു സ്വയം ഉണ്ടാകുന്ന അവസ്ഥയാണു ശരിയായ ആന്തരിക മോട്ടിവേഷൻ.

ഒരാൾക്ക് അയാളെത്തന്നെയും മറ്റുള്ളവരേയും പ്രചോദിപ്പിക്കാൻ കഴിയും. മനസ്സിനു നൽകുന്ന Auto suggestion (സ്വയം നിർദ്ദേശം) നിലൂടെ സ്വയം Motivated ആകുവാൻ കഴിയും. ഉദാഹരണത്തിന് 'ഞാൻ കൂടുതൽ കർമ്മനിരതനാകും' എന്ന് സ്വയം പറയുന്നത് ഒരാളെ കൂടുതൽ ഊർജ്ജസ്വലനാക്കും.

ബൈബിളിലെ ശക്തി നൽകുന്ന വചനങ്ങൾ ദിവസത്തിൽ പല പ്രാവശ്യം കൂടെ മനസ്സിൽ ഏറ്റു പറയുന്നതു സ്വയം പ്രചോദനത്തിനുള്ള ഏറ്റവും നല്ല ഉപാധിയായി ലോകത്തിലുള്ള പ്രധാനപ്പെട്ട വ്യക്തിത്വ വികസന ചിന്തകരെല്ലാം എടുത്തു പറയുന്ന കാര്യമാണ്. താഴെ പറയുന്ന ബൈബിൾ വചനങ്ങൾ ഇക്കാര്യത്തിൽ ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്. "ദൈവം നമ്മുടെ പക്ഷത്തെങ്കിൽ ആരു നമുക്ക് എതിരു നിൽക്കും" (റോമാ-8:31), "എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു കഴിയും" (ഫിലിപ്പി. 4: 13). ഒരു നിമിഷം കണ്ണുകളടച്ചു മുകളിലെ ഏതെങ്കിലും ഒരു വാക്യം 10 പ്രാവശ്യം മനസ്സിൽ ഏറ്റു പറയുക. തീർച്ചയായും സ്വയം Motivation – ന്റെ അർത്ഥം നിങ്ങൾക്ക് അനുഭവപ്പെട്ടിട്ടുണ്ടാകും.

മറ്റുള്ളവരുടെ പ്രവൃത്തികളിൽ അവരെ അഭിനന്ദിക്കുന്നതിലൂടെ നമുക്കെല്ലാവർക്കും മറ്റുള്ളവരുടെ കഴിവുകളെ ആദരിക്കാനും, അതിലൂടെ മറ്റുള്ളവരെ Motivated ആക്കാനും കഴിയും. നാം അറിയുന്ന എല്ലാ മഹാന്മാരുടെയും ജീവിത വിജയം ശരിയായ അർത്ഥത്തിൽ മറ്റുള്ളവരെ പ്രചോദിപ്പിക്കുന്നതിലൂടെ നേടിയെടുത്തതാണ്.

കാര്യക്ഷമമായ പരിശീലനത്തിലൂടെ ഒരാളെ Motivate ചെയ്യുന്നതിനും അയാളെ കൂടുതൽ പ്രവർത്തിക്കുന്നവനുമാക്കി മാറ്റാൻ കഴിയും. നമ്മളുടെ ചിന്തകൾ എന്തായിരിക്കുന്നുവോ അതാണു നമ്മൾ. ശരിയായ ചിന്തയിലൂടെ ഓരോരുത്തർക്കും സ്വയം Motivated ആകാൻ കഴിയും.

നിങ്ങൾ ഏറ്റവും ഇഷ്ടപ്പെടുന്ന 5 പേരുടെ പേരെഴുതുവാൻ നിങ്ങളോട് ആവശ്യപ്പെടുന്നുവെന്നു കരുതുക. ആ അഞ്ചു പേരിൽ നിങ്ങൾ നിങ്ങളുടെ പേരും എഴുതുമോ? അത്തരം അവസ്ഥയിൽ എത്തിയാൽ നിങ്ങൾ സ്വയം Motivated ആയി എന്നു പറയുവാൻ കഴിയും.

ഒരാൾ തെരഞ്ഞെടുത്ത പ്രവർത്തന മേഖല ഏതായാലും അതിൽ ഏറ്റവും ഉയരത്തിലെത്തുമ്പോഴാണ് അയാൾ സ്വയം Motivated ആകുന്നത്. സ്വന്തം ലോക റിക്കാർഡ് തിരുത്തുന്നത് ഒരു വെല്ലുവിളിയായിക്കരുതിയ പോൾവാൾട്ട് താരം സർജി ബുബ്ക്കയുടെ ജീവിതം ഇക്കാര്യത്തിൽ നമുക്കു മാതൃകയാക്കാവുന്നതാണ്.

നിങ്ങൾക്കു ലോകത്തിൽ ഒരാളുടെ മാത്രമേ സമീപനത്തെ മാത്രമേ മാറ്റുന്നതിനും പ്രചോദിപ്പിക്കുന്നതിനും കഴിയുകയുള്ളൂ-അതു നിങ്ങളെത്തന്നെയാണ്. സ്വയം മാറൂ, കഠിന പ്രയത്നത്തിലൂടെ ഉന്നതങ്ങൾ കീഴടക്കൂ.

# മനഃശാസ്ത്ര വ്യക്തി

**ജയപ്രകാശ്**

## ആമുഖം

മനഃശാസ്ത്ര പഠനത്തിൽ ഒരു വ്യക്തിയെക്കുറിച്ചുള്ള സമഗ്ര പഠനമാണ് ഇവിടെ വിശദീകരിക്കുക. സമന്വയ ദർശനത്തിൽ മനഃശാസ്ത്ര വ്യക്തി സാമൂഹ്യവൽക്കരണത്തിനും സാംസ്ക്കാരികവൽക്കരണത്തിനും കഴിവുള്ളവനാകുന്നു.

## മനഃശാസ്ത്ര വ്യക്തി

വ്യക്തിത്വം (Personality) എന്നത് ഏറ്റവും വിപുലമായ അർത്ഥമുൾക്കൊള്ളുന്ന പദമാണ്. വ്യക്തിത്വമെന്നാൽ ഒരു വ്യക്തി സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനത്തിന്റെ ആകെത്തുകയാണ്. മാത്രമല്ല മറ്റുള്ളവരെ സ്വാധീനിക്കാനും ആ വ്യക്തിയെക്കുറിച്ച് അന്യർക്കു മതിപ്പുളവാക്കാനും കാരണമാക്കുന്നു. ഒരു വ്യക്തിയുടെ പ്രതികരണങ്ങളിൽ നിന്നാണ് അയാളുടെ യഥാർത്ഥ വ്യക്തിത്വം മനസിലാക്കുന്നത്.

ഒരു വ്യക്തിയുടെ ബാഹ്യരൂപത്തിലും ആന്തര ഭാവത്തിലുമാണു വ്യക്തിയുടെ വ്യക്തിത്വം അടങ്ങിയിരിക്കുന്നത്. അതിനാൽ വ്യക്തിത്വമെന്നതു അന്യരുടെ പ്രത്യക്ഷത്തിൽ മാത്രം നിലകൊള്ളുന്ന ഒന്നല്ല മറിച്ച് സ്വന്തമായ അസ്തിത്വത്തിലുമുണ്ടെന്നു സമർത്ഥിക്കുന്നു. വ്യക്തിത്വമെന്നത് ഒരു മനുഷ്യന്റെ ഏതൊരു വികസനഘട്ടത്തിലുമുളള മാനസികാവസ്ഥയാണ്. വ്യക്തിത്വമെന്നത് ഒരു നിർദ്ദിഷ്ട സമയത്ത് ഒരുവന്റെ വ്യവഹാരത്തെപ്പറ്റിയുള്ള; കൂലങ്കഷമായി ഒരു വ്യക്തിയ്ക്ക് രൂപികരിക്കാനാവുന്ന ഏറ്റവും സമഗ്രമായ സംപ്രത്യയീകരണമാണ്. ഒരു വ്യക്തിയുടെ സമഗ്ര വ്യക്തിത്വത്തിൽ മാനസികമോ, കായികമോ ആയ ഘടകത്തെ മാത്രമല്ല ഉദ്ദേശിക്കുന്നത്. ശീലം (Habit), ചിത്ത പ്രകൃതി (Temperament), അസവിശേഷത (irail), സംപ്രത്യയം (Concept), വ്യവഹായ ശൈലി (Style), എന്നിവയെല്ലാം ഒരു വ്യക്തിയുടെ തന്ത്രങ്ങളത്രേ. ഇവയാണു നമ്മുടെ പ്രവർത്തനങ്ങളുടെ ഉറവിടം. വ്യക്തിത്വവുമായി ബന്ധപ്പെട്ട രണ്ടു സംപ്രത്യയങ്ങളാണു സ്വഭാവവും (Character), ചിത്ത പ്രകൃതിയും (Temperament).

## സ്വഭാവം (Character)

ഒരു വ്യക്തിയുടെ മൂല്യാധിഷ്ഠിതമായ മാറ്റങ്ങളുടെ വ്യക്തിത്വ ബോധമാണ് ഇന്നും നില നിൽക്കുന്ന പ്രധാന സവിശേഷത. സ്വഭാവമെന്നാൽ ഒരു വ്യക്തി മൂല്യബോധത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്ന മാറ്റത്തിന്റെ ശക്തികളാണ്. സാമൂഹ്യ-സാന്മാർഗിക നിലവാരങ്ങൾക്കനുസരിച്ചു വീക്ഷിച്ചാൽ അഭിലഷണീയങ്ങളായ ചില ഗുണങ്ങൾ ഓരോ വ്യക്തിയിലും അന്തർലീനമായിരിക്കുന്നതായി മനസ്സിലാക്കാം. വ്യക്തിയുടെ പൊതുവേയുള്ള സ്വഭാവവും പെരുമാറ്റവും ഓരോ സമൂഹത്തിലും പ്രത്യേകമായ ചില സാഹചര്യങ്ങളുമായി ബന്ധപ്പെട്ടു നിലനിൽക്കുന്ന ശക്തിയേറിയ ആയുധങ്ങളാണെന്ന് മനസ്സിലാക്കാം.

## ചിത്ത പ്രകൃതി (Temperament)

ഒരു വ്യക്തിയിലെ ചിത്ത പ്രകൃതിയാണു വ്യക്തിയുടെ വൈകാരിക പ്രകൃതത്തിന്റെ സവിശേഷത. വ്യക്തിയുടെ വികാരാധീനത, പ്രതികരണത്തിന്റെ വേഗതയും ശക്തിയും സ്ഥായിയായ ഭാവത്തിന്റെ സ്വഭാവം, വ്യക്തിയുടെ സ്വാധീന ശക്തി എന്നിവയെല്ലാം വ്യക്തിത്വത്തിന്റെ ചിത്ത പ്രകൃതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. വ്യക്തിയുടെ ചിത്ത പ്രകൃതിയെ നിർണ്ണയിക്കുന്നതിനു പാരമ്പര്യ ഘടനകൾക്കു ഗണ്യമായ പങ്കാണുള്ളത്. അടിസ്ഥാനപരമായി വ്യക്തിത്വങ്ങളിലെ ചിത്ത പ്രകൃതിയ്ക്കു താഴെപ്പറയുന്ന സവിശേഷതകളാണുള്ളത്.

(1) ബുദ്ധി (Intelligence)
(2) വൈകാരിക പക്വത (Emotional maturity)
(3) അസീനത (Submissiveness)
(4) അധീശത്വം (Dominance)
(5) ഭാവനാശീലം (Imagination)
(6) മൃദു പ്രകൃതി (Sensitiveness)
(7) സാമൂഹ്യ വൽക്കരണം (Socialization)

(8) ഔദാര്യം (Charity)
(9) സാഹസികത (Adventure)
(10) സന്തോഷ പ്രകൃതി (Contentment)
(11) വിഷാദാത്മകത (Melancholic)
(12) ക്രിയാത്മക ഭാവം (Creativity)

മനുഷ്യ വ്യക്തിത്വത്തിന്റെ നിർണ്ണായകമായ ഘടകമാണ് വ്യക്തിയുടെ മനോഭാവം (Attitude). മനുഷ്യന്റെ അടിസ്ഥാനപരമായ അഭിഭാവാത്മകമായ രൂപങ്ങളെ നാലായി തിരിച്ചിരിക്കുന്നു.

(1) ചിന്തനം (Thinking)
(2) അനുഭൂതി (Feeling)
(3) സംവേദനം (Sensation)
(4) അന്ത:പ്രജ്ഞ (Intution)

നിർഭാഗ്യവശാൽ മനുഷ്യവ്യക്തിത്വത്തിന്റെ ഈ നാലു ഭാവങ്ങളെയും കൃത്യമായി വേർതിരിക്കാനാവില്ല. അതിനാൽ എല്ലാ വ്യക്തികളെയും ഓരോ രൂപങ്ങളിൽ അടക്കി നിർത്താനാകില്ലന്നും ഓരോ രൂപത്തിലുള്ള വ്യക്തികളിൽത്തന്നെയും വ്യക്തിത്വത്തിൽ വ്യതിയാനങ്ങളുണ്ടെന്നും മനസ്സിലാക്കിയിരിക്കണം

## പക്വമായ വ്യക്തിത്വത്തിന്റെ ലക്ഷണങ്ങൾ

ഒരു വ്യക്തിയിൽ അന്തർലീനമായിരിക്കുന്ന വ്യക്തിത്വത്തിന്റെ, പക്വതയുടെ ലക്ഷണങ്ങളെക്കുറിച്ച് ആൽപോർട്ട് എന്ന മനഃശാസ്ത്രജ്ഞൻ പഠനം നടത്തി ചില നിഗമനങ്ങളിൽ എത്തിയിരിക്കുന്നു.

(1) അതിവിപുലീകൃതമായ ആത്മബോധം
(2) മറ്റുള്ളവരുമായി ഉത്സാഹത്തോടെ സമ്പർക്കം പുലർത്താനുള്ള കഴിവ്
(3) അടിസ്ഥാനപരമായ വൈകാരിക സുരക്ഷിതത്വം
(4) ബാഹ്യ യാഥാർത്ഥ്യങ്ങൾക്കനുസൃതമായി ക്രിയാത്മകമായി പ്രതികരിക്കാനുള്ള കഴിവ്.
(5) സന്ദർഭോചിതമായ നർമ്മബോധം, ആത്മാവബോധം
(6) സമകാലിക ജീവിത ദർശനവുമായി പൊരുത്തപ്പെട്ടുള്ള ജീവിത ശൈലി.

മനുഷ്യ വ്യക്തിത്വത്തെക്കുറിച്ച് ആഴമായ പഠനങ്ങൾ നടത്തിയ സുപ്രസിദ്ധ മന:ശാത്രജ്ഞനായ സിഗ്മണ്ട് ഫ്രോയിഡിന്റെ സിദ്ധാന്ത പ്രകാരം വ്യക്തിത്വത്തിന്റെ അടിസ്ഥാന ഘടകങ്ങളെ പ്രധാനമായി മൂന്നായി തിരിക്കാം.

(1) ഇദ് (Id)
(2) അഹം ( Ego)
(3) അത്യഹം (Super Ego)

എന്നിവയും മാനസികതലങ്ങൾ അചേതന (Unconscious) അഗ്രചേതന (Pre-conscious) ചേതന (Conscious) എന്നിവയുമാണ്.

മനുഷ്യ മനസ്സിന്റെ പ്രധാനഘടകങ്ങളിലൊന്നാണ് 'ഇദ്'. 'ഇദി'ന്റെ ഗുണധർമ്മങ്ങൾ പരമ്പരാഗതമാണ്. മാനസിക ഊർജ്ജത്തിന്റെ ഉറവിടവും 'ഇദ്' ആണ്. സഹജവാസന (Instinct) കളുടെ ഉത്ഭവ സ്ഥാനവും 'ഇദ്' ആണ്.

ഒരു വ്യക്തിയുടെ വ്യവഹാരം പ്രവർത്തനങ്ങളിലൂടെ വ്യക്തിയ്ക്കു അവന്റെ ആന്തരികഭാവങ്ങളെപ്പറ്റി ധാരണയുണ്ടാക്കുന്നു. ഇദിന്റെ ആവേഗങ്ങൾ സദാ പ്രകരോന്മുഖമായിരിക്കും. ആന്തരികമോ, ബാഹ്യമോ ആയ ഉത്തേജനം ഉണ്ടാകുമ്പോൾ, മാനസിക സമ്മർദ്ദം അനുഭവപ്പെടുമ്പോൾ 'ഇദി'ന്റെ ഊർജ്ജം ഏതെങ്കിലും തരത്തിലുള്ള വ്യവഹാരത്തിൽക്കൂടി ബഹിർഗമിക്കുന്നു. അതോടുകൂടി സമ്മർദ്ദം കുറയുകയും സന്തുലിതാവസ്ഥ പുന:സ്ഥാപിക്കുകയും ചെയ്യും. ഈ വിധത്തിലുള്ള 'ഇദി'ന്റെ പ്രവർത്തനം മനുഷ്യനിലനിൽപ്പിന് അത്യാവശ്യമാണ്.

മനുഷ്യത്വത്തിലെ ദ്വിതീയ ഘടകമായാണ് അഹം (Ego) യാഥാർത്ഥ്യവുമായി ഇണങ്ങിച്ചേരുന്നതിനു വ്യക്തിയെ സഹായിക്കുന്ന സത്യാംശമാണ് അഹം. 'ഇദി'ന്റെ ആവശ്യങ്ങൾ നിറവേറ്റുക ബാഹ്യ യാഥാർത്ഥ്യങ്ങളെ യുക്തിപൂർവ്വം കൈകാര്യം ചെയ്യുക എന്നിവയാണ് അഹത്തിന്റെ പ്രവർത്തനങ്ങൾ. അഹത്തിന് ആവശ്യമുള്ള ഊർജ്ജം ലഭിക്കുന്നത് 'ഇദി'ൽ നിന്നാണ്. 'ഇദി'ന്റെ പ്രവർത്തനം പ്രാഥമിക പ്രക്രിയയിൽ കൂടിയാണെങ്കിൽ അഹത്തിന്റെ സംക്രിയകൾ ദ്വിതീയ പ്രക്രിയകളിൽ കൂടിയാണ്. ജീവിതയാഥാർത്ഥ്യങ്ങളെ നേരിടുന്നതിന് നവ്യവും കൂടുതൽ സങ്കീർണ്ണവുമായ മാർഗ്ഗങ്ങൾ സ്വീകരിക്കു

ന്നതിനു അഹം സഹായിക്കുന്നു.

മനുഷ്യ മനസ്സിന്റെ മൂന്നാമത്തെ ഘടകമാണ് അത്യഹം (Super Ego). അഹം ശക്തികൾ വികസിപ്പിച്ചതിനുശേഷമാണ് അത്യഹം വികസിച്ചു തുടങ്ങുന്നത്. മനസാക്ഷി എന്ന് സാധാരണ പറയുന്നത് ഈ ഘടകത്തെയാണ്. അത്യഹത്തിന്റെ നിയന്ത്രണങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുമ്പോൾ അപരാധിത്യവും അന്യരുടെ അപ്രീതിയും ഒഴിവാക്കാൻ ഈഗോ അഥവാ അത്യഹത്തിന്റെ പ്രവർത്തനങ്ങൾ രണ്ടു വിധമാണ്.

(1) ഇദിന്റെ ആവേശങ്ങളെ നിരോധിക്കുക

(2) മനസ്സാക്ഷിയുടെ നിരോധനങ്ങൾക്കനുസരണമായി പാപബോധം യുക്തിയിൽ ജനിപ്പിക്കുക.

മനുഷ്യ വ്യക്തിത്വത്തിന്റെ അടിസ്ഥാന ഘടകങ്ങളായ ഇദ്, അഹം, അത്യഹം എന്നിവ പരസ്പര ബന്ധത്തോടു കൂടി പ്രവർത്തിക്കുന്നു. എന്നാൽ ഇവ തമ്മിൽ പൊരുത്തപ്പെടാത്തതുകൊണ്ട് ജീവിതത്തിൽ പല പ്രശ്നങ്ങളും ഉണ്ടാകാറുണ്ട്.

ഉദാ:- 'ഇദിSനാണ് പ്രാമുഖ്യമെങ്കിൽ പ്രാകൃതവും സഹജവും അശിക്ഷിതവുമായ പ്രവർത്തനങ്ങൾക്ക് അഭിമതപ്പെട്ടായിരിക്കും വ്യക്തി ജീവിക്കുക. അഹം വികസിച്ചിട്ടുണ്ടെങ്കിൽ അയാൾ അഹങ്കാരിയോ, സ്വാർത്ഥമതിയോ ആയേയ്ക്കാം. അത്യഹം അധികമായി വികസിപ്പിച്ചിട്ടുണ്ടെങ്കിൽ അവൻ പാപബോധം ഏറിയവനും ആചാരാനുഷ്ഠാനങ്ങളിലും അണു വിശ്രമമങ്ങളിലും അഭിമതപ്പെട്ടു ജീവിക്കുന്നവനുമായിരിക്കും. അതിനാൽ ഈ മൂന്നു ഘടകങ്ങളുടെയും സന്തുലിതമായ സമന്വയ വികസനമാണ് ആരോഗ്യകരമായ വ്യക്തിത്വത്തിന് ആധാരമായി നിലകൊള്ളുന്നത്.

# ആദർശ രാഷ്ട്രീയ വ്യക്തി

**വിജയകുമാർ കിളിയൂർ**

ആധുനിക ജീവിതത്തിൽ ഒഴിവാക്കാനാകാത്ത യാഥാർത്ഥ്യവും അനിവാര്യതയുമാണു രാഷ്ട്രീയം. മനുഷ്യ-പ്രപഞ്ചോൽപത്തിയോളം തന്നെ പഴക്കമുള്ള രാഷ്ട്രീയം കാലഘട്ടത്തിന്റെ പരിണാമത്തിലൂടെ കടന്നു സമഗ്രത കൈവരിച്ചുകൊണ്ടിരിക്കുന്നു. ഈ പരിണാമത്തിൽ ചില്ലറ കുറവുകളുണ്ടെന്നതും വിസ്മരിക്കാനാവില്ല. രാഷ്ട്രീയം കടന്നു ചെല്ലാത്ത മേഖല മനുഷ്യ സമൂഹത്തിൽ കാണാൻ അസാധ്യമാണ്. രാഷ്ട്രീയം എപ്പോഴും അധികാരവുമായി ബന്ധപ്പെട്ടാണു നിലകൊള്ളുന്നത്. അധികാരം സ്വരൂപിക്കലും പങ്കിടലുമാണ് രാഷ്ട്രീയ ലക്ഷ്യമായി പലപ്പോഴും കാണുന്നത്. രാഷ്ട്രീയത്തെ കക്ഷി രാഷ്ട്രീയമെന്നും ആദർശ രാഷ്ട്രീയമെന്നും പ്രധാനമായും രണ്ടായി തിരിക്കാം. അധികാരം സ്വരൂപിക്കുന്നതിനും അത് പങ്കിടുന്നതിനുമുള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തനമാണ് ആദ്യത്തേത്. എന്നാൽ രാഷ്ട്രീയത്തിന്റെ ഭാവി എന്തായിരിക്കുമെന്ന ഉൾക്കാഴ്ചയോടെ ജനതയുടെ സമഗ്ര പുരോഗതിക്കായി ലാഭേച്ഛ കൂടാതെയുള്ള പ്രവർത്തനത്തെ (ശുശ്രൂഷയെ) ആദർശ രാഷ്ട്രീയമെന്നു പറയാം. ഇതിൽ അധികാരമല്ല കേന്ദ്രം മറിച്ച് മനുഷ്യനാണ്, അവന്റെ വളർച്ചയാണ്. അതു ഒരിക്കലും സ്വാർത്ഥതയുടേയോ, കൊള്ളരുതായ്മയുടേയോ, ആക്രമണത്തിന്റേയോ, അനീതിയുടെയോ, അസമത്വത്തിന്റെയോ, അധികാരമോഹത്തിന്റെയോ, അടിച്ചമർത്തലിന്റെയോ, പിടിച്ചെടുക്കലിന്റെയോ പ്രതികാരം ചെയ്യലിന്റെയോ അല്ല മറിച്ച് സാമൂഹികമായും സാംസ്കാരികമായും, ശാസ്ത്രീയമായും ധാർമ്മികമായും വിജ്ഞാനപരമായും സാമ്പത്തികമായും ആദ്ധ്യാത്മികമായുമുള്ള ഒരു പുതിയ ജീവിത ക്രമത്തിനു രൂപം നൽകലാണ്.

രാഷ്ട്രീയമെന്നു കേൾക്കുമ്പോൾ സാധാരണ നമ്മുടെ ചിന്തയിൽ വരുന്നത് രാഷ്ട്രീയ പാർട്ടികളെയോ, നേതാക്കന്മാരെയോ, പ്രവർത്തകരെയോ, അല്ലെങ്കിൽ അവരുടെ ചെയ്തികളെയോ ആണ്. രാഷ്ട്രീയം എന്ന യാഥാർത്ഥ്യം അനുഭവിക്കാനാകുന്നത് ഇത്തരം പാർട്ടികളും നേതാക്കളും പ്രവർത്തകരും സമൂഹത്തിലെ എല്ലാ ജനസഞ്ചയവുമായി ചേർന്നൊന്നാകുമ്പോഴാണ്. ഈ ആദർശ രാഷ്ട്രീയത്തിൽ അധികാര മോഹികളായ നേതാക്കളോ താല്ക്കാലിക പ്രശ്നങ്ങളെ സാധൂകരിച്ച് അധികാരം പിടിച്ചെടുക്കാനൊരുങ്ങുന്ന പാർട്ടികളോ ഉണ്ടാകാനിടയില്ല. മറിച്ച് ബഹു ഭൂരിപക്ഷം ജനതയോടു ചേർന്ന് അവരുടെ നന്മയെ ലക്ഷ്യം വയ്ക്കുന്ന രാഷ്ട്രീയോൽപ്പത്തിയുടെ ആദ്യ പടിയെന്നു പറയുന്ന ട്രൈബൽ സ്റ്റേജിൽ എതാണ്ടിങ്ങനെയുള്ളതായിരുന്നു. ഇവിടെ പരസ്പര ബന്ധവും പൊതുവായ ആചാരനുഷ്ഠാനങ്ങളും പൊതുവായ സാമ്പത്തിക വിനിമയവും സഹവർത്തിത്തവും പൊതുവായ ഒരു നേതാവും ഉണ്ടായിരുന്നു. അനീതിയും അസമത്വവും സ്വാർത്ഥതയും അധികാരം പിടിച്ചെടുക്കലും ഒന്നുമില്ലാത്ത സ്നേഹവും സമാധാനവും നീതിയും കൈമുതലാക്കിയ ഒരു സമൂഹമായിരുന്നു അത്. 500 BC യിൽ നിലനിന്നിരുന്ന ലോകത്തിലെ ഏറ്റവും ബൃഹത്തായ സാമ്രാജ്യമെന്നറിയപ്പെട്ടിരുന്ന റോമാസാമ്രാജ്യം ഇതിനൊരുദാഹരണമാണ്. റോമൻ സാമ്രാജ്യം ക്രിസ്തുവിനു മുമ്പു തന്നെ ലോകത്തെ കീഴടക്കിയ ഒരു ആപ്ത വാക്യമായിരുന്നു. റോമാ സാമ്രാജ്യത്തിന്റെ അധ:പതനത്തിനു ശേഷം നിലവിൽ വന്ന സാമൂഹിക ക്രമമാണു പ്രഭുത്വ വാഴ്ച. സമൂഹത്തിന്റെ സമ്പത്തു മുഴുവൻ കൈക്കലാക്കി രാഷ്ട്രത്തിന്റെ നിയന്ത്രണം ഏറ്റെടുത്തു തങ്ങളുടെ സ്വാർത്ഥ ലാഭത്തിനുവേണ്ടി അധികാരം വിനിയോഗിക്കുക വഴി ആദർശ രാഷ്ട്രീയ സങ്കൽപ്പത്തിനു കോട്ടം സംഭവിച്ചു.



വി. ബൈബിളിലെ പഴയ നിയമ ഗ്രന്ഥത്തിൽ സാമുവൽ എന്ന പുസ്തകത്തിന്റെ 8-ാം അദ്ധ്യായത്തിൽ ഒരു ജനതയുടെ രാജാവിന് വേണ്ടിയുള്ള മുറവിളിയെ സവിസ്തരം വിവരിക്കുന്നു. മറ്റു രാജ്യങ്ങൾക്കുള്ളതുപോലെ ഒരു രാജാവ് ഇസ്രാ യേൽ ജനത്തിന് ഇല്ലായിരുന്നു. ദൈവ പരിപാലനയിൽ സഞ്ചരിച്ചു കൊണ്ടിരുന്ന ഈ ജനത്തിനു മാർഗ്ഗ ദിപവും ദർശിയുമായിരുന്നതു സാമുവൽ പ്രവാചകനായിരുന്നു. ഇസ്രായേൽ ജനതയുടെ രാജാവിനു വേണ്ടിയുള്ള മുറവിളി അസഹനീയമായപ്പോൾ ആ വിവരം സാമുവൽ ദൈവത്തോട് ഉണർത്തിക്കുന്നു. ദൈവം ആദ്യം നൽകുന്ന മറുപടി നിങ്ങൾക്ക് ഒരു സാധാരണ രാജാവിനെ ലഭിച്ചാൽ അയാൾ മൂലമുണ്ടാകുന്ന വിപത്തുകളെ കുറിച്ചായിരുന്നു. രാജാവ് എങ്ങനെയുള്ള ആളായാലും തങ്ങൾക്കു സ്വന്തമായ ഒരു രാജാവ് വേണം എന്നു നിഷ്കർഷിച്ചപ്പോൾ ദൈവം സാമുവലിലൂടെ വെളിപ്പെടുത്തി നിങ്ങൾ തിരഞ്ഞെടുക്കുന്ന രാജാവു നിമിത്തം നിങ്ങൾ വിലപിക്കും എന്ന്. പിന്നെ അവർക്കു സ്വന്തമായി രാജാവിനെ നൽകുകയും ചയ്തു. സ്വന്തമായി രാജാവിനെ ലഭിക്കുന്നതുവരെ അവർ അനുഭവിച്ചിരുന്നതു ദൈവത്തിന്റെ നിസ്തുല ഭരണമായിരുന്നു. തെരഞ്ഞെടുത്തവരിലൂടെ അതു നടപ്പാക്കുകയും ചെയ്തിരുന്നു. അതു സംരക്ഷണത്തിന്റെയും കരുതലിന്റെയും നയിക്കലിന്റെയും (അഭിവൃദ്ധിയിലേയ്ക്ക്) ആവശ്യമറിഞ്ഞു നൽകുന്നതിന്റെയും സമാധാനത്തിന്റെയും

നീതിയൂടേതുമായ സമത്വത്തിന്റെ അധികാരമാണ്. അധികാരം ദൈവ ദാനമാണെന്നറിയാത്ത രാജാവിന് അഹങ്കാരവും സ്വാർത്ഥതയും സ്വജനപക്ഷപാതവും തെരെഞ്ഞെടുത്തവരെ തിരസ്കരിക്കുന്ന പ്രവണതയും വന്നുഭവിക്കുന്നു. അവിടെ രാഷ്ട്രീയത്തിന് ഒരു പുതിയ മാനം കൈവരികയാണ്. അങ്ങനെ ആദർശരഹിത പ്രസ്ഥാനങ്ങൾ രാഷ്ട്രീയ മണ്ഡലം കൈയ്യടക്കുകയും ദൈവം ആഗ്രഹിക്കാത്ത, മനുഷ്യനെ അംഗീകരിക്കാത്ത ഒരു രാഷ്ട്രീയ സംവിധാനം നിലവിൽ വരുകയും ചെയ്യുന്നു. ഇവിടെ രാഷ്ട്രപിതാവിന്റെ ആദർശങ്ങൾ വളരെ ശ്രദ്ധേയമാണ്. അദ്ദേഹം ഒരിക്കൽ 'യങ് ഇന്ത്യ'യിലെഴുതി "രാഷ്ട്രീയം ആത്മീയ വൽക്കരിക്കപ്പെടണം" എന്ന്. ആത്മീയത അഭിനയിക്കുന്നവരല്ല ആത്മാവിൽ ഉൾക്കൊള്ളുന്നവർ രാഷ്ട്രീയ മണ്ഡലങ്ങളിൽ വ്യാപരിക്കുമ്പോൾ അവിടെ ദൈവം ആഗ്രഹിക്കുന്ന സമഗ്രത വ്യക്തികളിൽ, സമൂഹങ്ങളിൽ രൂപം കൊള്ളുന്നു. രാഷ്ട്രീയ വിശുദ്ധിക്ക് ഇന്ന് അനിവാര്യമായിരിക്കുന്നത് ആത്മീയതയിലൂന്നിയ മൂല്യ ബോധവും ശുശ്രൂഷയുമാണ്.

ആത്മീയതയിൽ കെട്ടിപ്പടുക്കുന്ന, മൂല്യങ്ങളിൽ നിന്ന് അണുവിട വ്യതിചലിക്കാത്ത രാഷ്ട്രത്തിൽ ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും ഉൾക്കാഴ്ചയുള്ളവരായിരിക്കണം. ഏതെങ്കിലുമൊരു രാഷ്ട്രീയ പാർട്ടി ഉയർത്തിപ്പിടിക്കുന്ന ആളെ തെരെഞ്ഞെടുക്കുന്നതല്ല രാഷ്ട്രീയ ബോധം മറിച്ചു ജനങ്ങളുടെ നന്മയും അഭിവൃദ്ധിയും സംരക്ഷണവും നൽകാൻ പ്രാപ്തനായ ആളെ തെരെഞ്ഞെടുക്കാനുള്ള കഴിവും പാടവവും നേടിയെടുക്കുകയെന്നതാണു ജനങ്ങളുടെ ആത്മീയ ഉത്തരവാദിത്വം. ജനങ്ങൾ മൂല്യാധിഷ്ഠിത രാഷ്ട്രീയത്തിനു പ്രാധാന്യം കൽപ്പിക്കുമ്പോൾ അവർ തന്നെ നേടുന്ന ചില സവിശേഷതകളാണ്.

## ഒരുത്തമ രാഷ്ട്രീയത്തിലെ ജനങ്ങളുടെ സവിശേഷതകൾ

- തങ്ങളുടെ അവകാശങ്ങളെപ്പറ്റിയെന്നതിനെക്കാൾ കർത്തവ്യങ്ങളെപ്പറ്റി ബോധവാന്മാരായിരിക്കണം.
- അവകാശങ്ങളോടു നീതി പുലർത്തുന്ന രീതിയിൽ രാഷ്ട്രസേവനത്തിൽ ഏർപ്പെടണം.
- എല്ലാവരും എല്ലാവരുടെയും നന്മയെ, രക്ഷയെ മാത്രം ലക്ഷ്യം വയ്ക്കുന്നവരായിരിക്കണം.
- വിവിധങ്ങളായ അറിവു നേടുന്നതിൽ തല്പരരായിരിക്കണം.
- രാജ്യത്തെപ്പറ്റി ഉൾക്കാഴ്ചയും സ്വസ്നേഹവുമുള്ളവരായിരിക്കണം.
- അസന്മാർഗ്ഗീകത, വർഗ്ഗീയ വൈരം എന്നിവയിൽ നിന്നും മോചിതരായിരിക്കണം.
- സമ്പത്തു കുന്നുകൂട്ടുന്നതിൽ നിന്നും ആഡംബരങ്ങൾക്കുവേണ്ടി സമ്പത്ത് ദുർവ്യയം ചെയ്യുന്നതിൽ നിന്നും മോചിതരായി പ്രയോജനപ്രദവും അർഹിക്കുന്ന രീതിയിലും അതു വിനിയോഗിക്കുന്നവരാകണം.
- അസമത്വം ഉണ്ടായിരിക്കില്ല.
- ആരുടെയും ന്യായമായ അവകാശങ്ങളെ കടന്നാക്രമിക്കാൻ ശ്രമിക്കില്ല.
- നീതിയും സമത്വവും സ്വാതന്ത്ര്യവും സമാധാനവും ഇത്തരം രാജ്യത്തിന്റെ മുഖമുദ്രയായിരിക്കും.

## ഉത്തരവാദിത്ത്വങ്ങൾ

- വ്യക്തിപരമായ സ്വയം ഭരണത്തിന് (വളർച്ചക്ക്) എന്തെല്ലാം യത്നങ്ങളും കഴിവുകളും ആവശ്യമാണോ, അതൊക്കെ രാഷ്ട്രം സ്വയം ഭരണത്തിനു നൽകണം.
- അധികാരം നിർണ്ണയിക്കാനും വ്യവസ്ഥ ചെയ്യാനും നിയന്ത്രിക്കാനുമുള്ള അവകാശത്തെപ്പറ്റി ബോധം നേടുകയും ബോധ്യപ്പെടുത്തുകയും വേണം (അധികാര ദുർവിനിയോഗം തടയാൻ)
- നിശബ്ദരായിക്കഴിയുന്ന ജനലക്ഷങ്ങളുടെ താൽപര്യങ്ങൾ നിഷ്ക്കർഷയോടെ പാലിക്കപ്പെടാൻ ശ്രദ്ധ പതിപ്പിക്കണം.
- ഭൂരിപക്ഷമോ, നൂനപക്ഷമോ നോക്കാതെ എല്ലാവർക്കും നന്മ എന്ന പൊതുതത്വം ശീലിക്കണം.
- വ്യക്തി സ്വാതന്ത്ര്യത്തിനു പ്രാധാന്യം കൊടുക്കുമ്പോൾ തന്നെ മനുഷ്യൻ ഒരു സാമൂഹിക ജീവിയാണെന്ന യാഥാർത്ഥ്യത്തേയും അംഗീകരിക്കണം. സമൂഹത്തിന്റെ പുരോഗതിയ്ക്ക് ആവശ്യമായ ഘടകം എല്ലാവരുമായി വ്യക്തി സ്വാതന്ത്ര്യത്തെ പൊരുത്തപ്പെടുത്തി സാമൂഹിക നന്മ കൈവരിക്കാൻ പരിശ്രമിക്കണം.
- കർത്തവ്യ നിർവ്വഹണവും ധാർമ്മിക ബോധവും പൊതു നന്മയ്ക്ക് അടിസ്ഥാന ഘടകമാണെന്ന ബോധം പൊതു ജനങ്ങൾക്കു നൽകണം.
- ഇന്നത്തെസന്തോഷവും സമൃദ്ധിയും നാളത്തെ ഉൽകണ്ഠയെ ലഘൂകരിക്കുമെന്നതിനാൽ വർത്തമാനകാലത്തെ നന്മയിൽ ആശ്ലേഷിക്കാൻ പ്രാപ്തി നേടണം.

- കുടുംബത്തിലെന്ന പോലെയുള്ള കാര്യക്ഷമതയും പ്രാപ്തിയും പാടവവും പൊതു ഭരണ രംഗത്തും പ്രകടിപ്പിക്കണം.
- ജാതി, മത, സമുദായ സ്നേഹത്തെക്കാളുപരി എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു വീക്ഷണ രീതി അവലംബിക്കണം.
- കർത്തവ്യങ്ങളെപ്പറ്റി ബോധവാന്മാരായിരിക്കണം, മറ്റുള്ളവരെ ബോധ്യപ്പെടുത്തണം. ജനങ്ങൾക്കുള്ള ഉത്തരവാദിത്വങ്ങൾ പോലെ തന്നെ ജനസേവകർക്കും ഉത്തരവാദിത്വമുണ്ട്. അവർക്കുണ്ടാകുന്ന ചില ഉത്തരവാദിത്വങ്ങൾ ഇവയാണ് ;

♦ അധികാരം സ്വയാർജിതമല്ലെന്നും അത് നൽകപ്പെട്ടതാണെന്നും അറിയണം. അതിനനുസരിച്ചു ജനസേവനം നടത്തണം.
♦ ലളിതമായ ജീവിതരീതിയും ഉയർന്ന ചിന്തയുമുണ്ടായിരിക്കണം.
♦ പ്രതിഫലേച്ഛ കൂടാതെയുള്ള സേവനത്തിനു താൽപര്യം കാണിക്കണം. തന്റെ ജനങ്ങളുടെ പുരോഗതിക്കു വേണ്ടി ത്യാഗമർപ്പിച്ചതിന്റെ ആത്മസംതൃപ്തി മാത്രമായിരിക്കണം പ്രതിഫലം.
♦ സേവനത്തെക്കാളുപരി ശുശ്രൂഷക്കു പ്രാധാന്യം കൊടുക്കണം.
♦ സ്വജന പക്ഷപാതവും, അധികാര ഗർവ്വും, സാമ്പത്തിക ആർത്തിയും വെടിയുന്നവരാകണം.
♦ മനുഷ്യൻ പ്രകൃത്യാ അധികാരമോഹിയായതിനാൽ വികേന്ദ്രീകൃത അധികാരത്തിനു പ്രാധാന്യം നൽകണം.

## ഇന്ന് കാണുന്ന ജനസേവകർ

- ആദർശയോഗ്യന്മാരും കർമ്മ ശേഷി നിറഞ്ഞവരുമായ ജനസേവകരുടെ സ്ഥാനത്ത് അവസരവാദികളും സ്വാർത്ഥരുമായ രാഷ്ട്രീയ ഭാഗ്യാന്വേഷികൾ പെരുകുന്നു.
- ഉപജീവനത്തിനുള്ള മാർഗ്ഗമായി രാഷ്ട്രീയ ജീവിതത്തെ കാണുന്നവരും ധാരാളമായി കാണുന്നു.
- ആർഭാട ജീവിതം ഹരമായി മാറിയ രാഷ്ട്രീയക്കാർ അതിനായി പൗരസഞ്ചയത്തെ ചൂഷണം ചെയ്യുന്ന അവസ്ഥ.
- ഉയർന്ന ജീവിതം താണ ചിന്ത എന്നത് ആപ്തവാക്യമാക്കി മാറ്റിയിരിക്കുന്നു.
- സേവനത്തെക്കാൾ അധികാരവും സ്വത്തും ലക്ഷ്യമാക്കുന്നവരെയാണ് ഇന്നു ഭരണ രംഗങ്ങളിൽ കാണാനാവുന്നത്.
- അമിതമായി ഫണ്ട് പിരിവ് നടത്തുന്നവരും ഇന്ന് കുറവല്ല. അതിലേയ്ക്കായി അവർ ധനവാൻമാരെ കണ്ടു പിടിക്കുകയും അധികാരത്തിലെത്തുമ്പോൾ അവരെ തൃപ്തിപ്പെടുത്തുന്ന ഭരണനയം രൂപീകരിക്കുന്നതിലൂടെ സാധാരണക്കാരന്റെ ജീവിതം ദു:സ്സഹമാകുകയും ചെയ്യുന്നു.
- അഴിമതി ഇന്നത്തെ രാഷ്ട്രീയത്തിന്റെ മുഖമുദ്രയാണ്. കാരണം അറിയാതെ തന്നെ നാം മന്ത്രിമാരുടേയും മറ്റു ജന പ്രതിനിധികളുടേയും ആർഭാട ജീവിതത്തിന് അംഗീകാരം നൽകിപ്പോകുന്നു.
- സ്വജനപക്ഷപാതവും കുടുംബ വാഴ്ചയുമൊക്കെ രാഷ്ട്രീയ പ്രബുദ്ധതയെ തുരങ്കം വയ്ക്കുന്നവയാണ്.
- രാഷ്ട്രീയക്കാരെപ്പോലെതന്നെ ഉദ്യോഗസ്ഥരും പൊതുജന ശുശ്രൂഷകരാണെന്നും തങ്ങൾ പറ്റുന്ന വേതനം പൊതുജനം നൽകുന്നതാണെന്നും വിസ്മരിച്ചു സ്വാർത്ഥ മോഹികളാകുന്നതു ഭരണയന്ത്രത്തെ മന്ദീഭവിപ്പിക്കാനെ ഉപകരിക്കൂ. ഇതും ഇന്നിന്റെ ഒരു ശാപമായി മാറിക്കൊണ്ടിരിക്കുന്നു.
- സ്വരൂപിക്കുന്ന പണം മുഴുവൻ ഭരണയന്ത്രത്തെ ചലിപ്പിക്കാൻ വിനിയോഗിക്കുന്നതും പൊതുനന്മയെ തകർക്കുന്നു.

### ചില പ്രായോഗിക നിർദ്ദേശങ്ങൾ

§ തൊഴിൽ മാഹാത്മ്യം എന്ന പോലെ ജനസേവന രംഗത്തു പ്രവർത്തിക്കുന്നവരെയും ആദരിക്കുന്ന സംസ്കാരത്തിനു രൂപം നൽകണം.
§ കക്ഷിരാഷ്ട്രീയത്തേക്കാളുപരി ആദർശ രാഷ്ട്രീയകക്ഷികൾക്കു പ്രാധാന്യം നൽകണം, അംഗീകരിക്കണം, തെരഞ്ഞെടുക്കണം.
§ താൽക്കാലിക പ്രശ്നങ്ങൾക്ക് അമിത പ്രാധാന്യം നൽകാതെ ദീർഘകാല ജനനന്മക്കായുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കണം.
§ വിവിധ സംഘടനകളിലും കൂട്ടായ്മകളിലും സംശുദ്ധ രാഷ്ട്രീയം ചർച്ചാ വിഷയമാകണം.

നവീനാശയങ്ങൾ രൂപപ്പെടുത്തണം.

- § ദേശീയ രാഷ്ട്രീയത്തേയും പ്രാദേശിക രാഷ്ട്രീയത്തേയും സ്വദേശ രാഷ്ട്രീയത്തേയും വേർതിരിച്ചു വിലയിരുത്തി ബോധ്യപ്പെടുകയും മറ്റുള്ളവരെ ബോധ്യപ്പെടുത്തുകയും വേണം.
- § എല്ലാവരും രാഷ്ട്രീയ പങ്കാളികളാണെന്ന ബോധം വളർത്തണം. രാഷ്ട്രീയ പ്രക്രിയയിൽ സജീവ പങ്കാളികളാകണം.

# പരിസ്ഥിതി സ്നേഹവ്യക്തി

**തോമസ് കെ. സ്റ്റീഫൻ**

## ആമുഖം

1870- ൽ ജർമ്മൻ ജന്തുശാസ്ത്രജ്ഞനായ ഏണസ്റ്റ്ഹെക്സലാൺ ആണ് ആദ്യമായി ഇക്കോളജി എന്ന പദം ഉപയോഗിച്ചത്. ഗ്രീക്കു ഭാഷയിലെ ഓയിക്കോസ്, ലോഗോസ് എന്നീ പദങ്ങൾ യോജിച്ചുണ്ടായ ഓയിക്കോളജിയിൽ നിന്നാണ് ഇക്കോളജിയുടെ ഉത്ഭവം.'ഓയിക്കോസ്' (OIKOS) എന്നാൽ 'വീട്' എന്നർത്ഥം. ലോഗോസ് (LOGOS) എന്നാൽ ശാസ്ത്രമെന്നും ഈ പദങ്ങളിൽ നിന്നും ജീവികൾക്കു അതിന്റെ ജൈവ-അജൈവ ചുറ്റുപാടുകളോടുള്ള ബന്ധത്തെപ്പറ്റി പ്രതിപാദിക്കുന്ന ഇക്കോളജി എന്ന പദം രൂപം കൊണ്ടു. പ്രയോഗിക തലത്തിൽ പ്രകൃതി (Nature) ചുറ്റുപാട് (Environment) പരിസ്ഥിതി (Atmosphere) തുടങ്ങിയുള്ള അർത്ഥങ്ങളും ഇക്കോളജിക്കു കല്പിച്ചു നല്കുന്നുണ്ട്. സസ്യ ജന്തു ജാലങ്ങളുടെ അധിപനായ മനുഷ്യൻ തന്നെയാണ് ഇക്കോസിസ്റ്റത്തിലെ നായകൻ. പ്രപഞ്ചത്തോടും പ്രപഞ്ചവസ്തുക്കളോടുമുള്ള അവന്റെ നിലപാടുകളാണു. മനുഷ്യ കേന്ദ്രീകൃതമായ ആവാസവ്യസത്ഥയുടെ (Eco-System) മുഖ്യപ്രതിപാദ്യം. മറ്റൊരു വാക്കിൽ പറഞ്ഞാൽ മനുഷ്യനിലനില്പിന് അനിവാര്യമായ ആവാസവ്യസ്ഥയുടെ നിലനില്പു മനുഷ്യ നിലപാടിനെ ആശ്രയിച്ചിരിക്കുന്നു. അവന്റെ മുൻപിൽ രണ്ടു സാധ്യതകളാണുള്ളത്.

1. ആവാസവ്യവസ്ഥയെ അതിന്റെ പൂർണതയിൽ നിലനിർത്തിക്കൊണ്ടു ജീവിക്കുക.
2. ആവാസവ്യവസ്ഥയെ തകർത്തുകൊണ്ടു സ്വയം മരിക്കുക.



## പ്രകൃത- ദൈവം നൽകിയ പറുദീസ

"കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും ആഹാരത്തിനായി ഹരിത സസ്യങ്ങളെയും ഞാൻ നൽകിയിരിക്കുന്നു." (ഉൽപ്പത്തി 1:28 -31). മനുഷ്യന് ആഹരിക്കാൻ സസ്യങ്ങളും സംരക്ഷിക്കാൻ ജന്തുജാലങ്ങളെയും നല്കിയ ദൈവം അവന്റെ നിലനില്പ്പിനും അതിജീവനത്തിനുമായി പ്രകൃതിയെത്തന്നെ നൽകുകയായിരുന്നു. സമസ്ത ജീവജാലങ്ങളെയും സൃഷ്ടിച്ച ശേഷം അതു മനുഷ്യന് ഏൽപ്പിച്ചുകൊടുക്കുന്നതിലൂടെ ദൈവം ചില കാര്യങ്ങൾ ബോധിപ്പിക്കുന്നുണ്ട്.

1. മനുഷ്യന്റെ ഉൽപ്പത്തിക്കും (മണ്ണിൽ നിന്നടുത്ത വൻ) വളർച്ചയ്ക്കും (ഫലവർഗ്ഗങ്ങൾ) അതിജീവനത്തിനും പ്രകൃതി ആവശ്യമാണ്.
2. ജീവനേകിയ ദൈവം പിതാവും ജീവൻ സംരക്ഷിക്കുന്ന പ്രകൃതി മാതാവുമാണ്.
3. പ്രകൃതി സംരക്ഷണം മനുഷ്യന്റെ പ്രകൃത്യാ തന്നെയുള്ള ധർമ്മവും കടമയുമാണ്.
4. ഭൂമിയിൽ അദ്ധ്വാനിക്കുന്നതിലൂടെ (നെറ്റിയിലെ വിയർപ്പുകൊണ്ട്) മനുഷ്യൻ നിരന്തരം ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലും പ്രകൃതിയുടെ പ്രത്യുല്പാദന പ്രക്രിയയിലും പങ്കുചേരണം.

പ്രകൃതി ജീവാങ്കുരണം നടക്കുന്ന ഇടമാണ്. ജീവൻ വളരാനും നിലനില്ക്കാനും സഹായിക്കുന്ന അനുരൂപഘടകങ്ങളുടെ ആകെ തുകയാണിത്. പ്രകൃതിയിൽ അങ്കുരണം ചെയ്യപ്പെടുന്ന ജന്തു-സസ്യജാലങ്ങൾക്ക് ആവശ്യമായ വായുവും ഭക്ഷണവും ജലവും പാർപ്പിടവും ഇവിടെ ക്രമീകരിക്കപ്പെട്ടിരിക്കുന്നു. മറ്റൊരു വാക്കിൽ പറഞ്ഞാൽ പ്രകൃതി ജീവന്റെ വ്യവസ്ഥിതിയാണ്, അഥവാ ഒരു ആവാസവ്യവസ്ഥയാണിത്. ജീവനെ നിലനിർത്തുക എന്നതാണു പ്രകൃതിയുടെ പരമപ്രധാനമായ ദൗത്യം. ദശലക്ഷക്കണക്കിനു ജന്തു-സസ്യ ജൈവരൂപങ്ങളുടെ ഗർഭപാത്രമാണിത്.

പ്രകൃതിയിലെ ജന്തു-സസ്യജൈവരസങ്ങൾ തമ്മിൽ ഒരു സഹകരണവും പരസ്പരാശ്രയവും ഉള്ളതായി നമുക്കു കാണാം. ഒന്നു മറ്റൊന്നിനെ ആശ്രയിക്കുന്നു. ഒന്നിന്റെ നാശം മറ്റൊന്നിന്റെയും നാശത്തിനു കാരണമാകുന്നു. സങ്കീർണ്ണമായ ഈ പ്രകൃതി ബന്ധ ആവാസവ്യവസ്ഥയുടെ ചുക്കാൻ ഏൽപ്പിക്കപ്പെട്ടിരിക്കുന്നതു മനുഷ്യരിലാണ്.

പ്രകൃതിക്ക് ഒരു താളമുണ്ട്. താളം പിഴച്ചാൽ പ്രകൃതി ഒരു വികൃതിയായി മാറും. പ്രകൃതിയുടെ താളം തെറ്റിക്കാൻ കരുത്തുള്ളവർ മനുഷ്യർ മാത്രമാണ്. പ്രകൃതി മനുഷ്യനു ജീവനേകിയ ഗർഭപാത്രവും പാലൂട്ടുന്ന അമ്മയുമാണ്. പ്രകൃതി സംരക്ഷണം മാനവന്റെ പ്രകൃത്യാതന്നെയുള്ള കടമയാണ്. ശുദ്ധവായുവും, ശുദ്ധജലവും, ശുദ്ധഭക്ഷണവും ഓരോ ജീവന്റെയും നിലനില്പിന് ആവശ്യമാണ്. സസ്യജാലങ്ങളാൽ ഹരിതാഭമായ, ജന്തുജാലങ്ങളാൽ സമ്പന്നമായ പ്രകൃതിയിൽ ഇതിനൊന്നിനും പ്രയാസമുണ്ടാവുകയില്ല. സസ്യങ്ങൾ പുറത്തുവിടുന്ന ഓക്സിജൻ ജന്തുജാലങ്ങളുടെ ശ്വാസോച്ഛ്വാസത്തിനും ജന്തുജാല

ങ്ങൾ നിശ്വസിക്കുന്ന കാർബൺ ഡൈ ഓക്സൈഡ് സസ്യങ്ങളുടെ ഭക്ഷ്യസംശ്ലേഷണത്തിനും ആവശ്യമാണ്. എന്നു തുടങ്ങി ജൈവ - അജൈവ ജാലങ്ങളുടെ ബന്ധങ്ങൾ നമുക്കു കാണാൻ കഴിയും.

## നരകം പണിയുന്ന മനുഷ്യൻ

മനുഷ്യസമൂഹത്തിന്റെ നിലനില്പുതന്നെ മനുഷ്യനും പ്രകൃതിയും ചേരുന്ന ആവാസവ്യവസ്ഥയിൽ അധിഷ്ഠിതമാണ്. ദൈവ- മനുഷ്യ-പ്രപഞ്ച സമന്വയം ദൈവത്തിന്റെ പദ്ധതിയും അതു പറുദീസയുടെ മനോമിത്രവുമാണ്. പ്രകൃതിയിൽ നിന്ന് ആവശ്യമായതു (ദൈവ-മനുഷ്യബന്ധത്തെ തകർക്കാൻ) മാത്രം എടുക്കാനുള്ള ദൈവത്തിന്റെ കൽപ്പന നിരസിച്ചുകൊണ്ടാണു മനുഷ്യൻ പറുദീസ നഷ്ടപ്പെടുത്തിയത്. ദൈവ-മനുഷ്യ ബന്ധം തകരുമ്പോഴും കുറയുമ്പോഴും മനുഷ്യപ്രപഞ്ച ബന്ധത്തിൽ തകർച്ച ഉണ്ടാകുന്നതായി നമുക്കു കാണാം. (നോഹയുടെ കാലത്തെ വെള്ളപ്പൊക്കം മുതൽ സുനാമി വരെ) പ്രകൃതി-മനുഷ്യ ആവാസവ്യവസ്ഥയ്ക്ക് എന്തു തടസമുണ്ടായാലും അതു സസ്യജന്തുജാലങ്ങളുടെയും ആത്യന്തികമായി മനുഷ്യരാശിയുടെയും നാശത്തിനു കാരണീഭവിക്കും. അത് ഈ പറുദീസായെ ഒരു നരകമാക്കി മാറ്റും.

(ആധുനിക) സുഖജീവിതതൃഷ്ണ ഒന്നു മാത്രമാണു പലപ്പോഴും ഈ ആവാസവ്യവസ്ഥയ്ക്കു തുരങ്കം വയ്ക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നത്. ജീവന്റെ സമഗ്രതയ്ക്കും നിലനിൽപ്പിനും ഭീഷണി ഉയർത്തുന്ന വികസനപ്രക്രിയയാണു നമുക്കിന്നുള്ളത്. ഒരു മരം മുറിക്കാൻ പൂജ നടത്തി മരത്തിന്റെ അനുവാദം വാങ്ങിച്ചിരുന്ന മനുഷ്യൻ ഒരു മരം മുറിക്കുമ്പോൾ കണ്ണീർ പൊഴിച്ചിരുന്ന മനുഷ്യൻ... ഒക്കെ ഇന്ന് അസ്തമിച്ചിരിക്കുന്നു. ഒരു മരണസംസ്കാരമാണ് ഇന്നിവിടെ ഭരിക്കുന്നത്. കോടിക്കണക്കിനു ജീവസമൂഹങ്ങൾക്ക് അവകാശപ്പെട്ടിരിക്കുന്ന ഭൂമി, ഈ ജീവസമൂഹങ്ങളിൽ ഒന്നുമാത്രമായ തനിക്കു മാത്രമാണ് എന്ന് മനുഷ്യൻ തെറ്റിദ്ധരിച്ചിരിക്കുന്നു.

വികസനമെന്നാൽ നഗരവത്ക്കരണവും വ്യവസായവത്ക്കരണവുമാണ് എന്നൊരു അബദ്ധവിശ്വാസം നമ്മിൽ ഉളവായിരിക്കുന്നു. ഇതു പ്രപഞ്ചത്തിലെ വിവിധ ജൈവ-അജൈവ ഘടകങ്ങളോട് ഒരു നിഷേധാത്മക നിലപാടു സ്വീകരിക്കാൻ മനുഷ്യനെ പ്രാപ്തനാക്കുന്നു. നമ്മുടെ മണ്ണും വായുവും ജലവും കടലും കാടും ഒക്കെ ഒരു വലിയ ഭീഷണിയുടെ വക്കിലാണ്. പല ജന്തുജാലങ്ങളും സസ്യജാലങ്ങളും വംശനാശ ഭീഷണി നേരിട്ടു കൊണ്ടിരിക്കുകയാണ്. ചുരുക്കത്തിൽ പ്രകൃതിയുടെ താളം അവതാളമായെന്നു പറയാം.

## വായു മലിനീകരണം

ജീവജാലങ്ങളുടെയെല്ലാം ജീവസന്ധാരണത്തിനു വായു ആവശ്യമാണ്. ജന്തുജാലങ്ങൾക്കാവശ്യമായ ഓക്സിജനും സസ്യജാലങ്ങൾക്കാവശ്യമായ കാർബൺ ഡൈ ഓക്സൈഡ്, നൈട്രജൻ എന്നിവയായിരുന്നു അന്തരീക്ഷത്തിലെ പ്രധാന വാതകങ്ങൾ. ഒരു പ്രത്യേക അനുപാതത്തിൽ ഉണ്ടായിരുന്ന ഈ വാതകങ്ങളുടെ അനുപാതം മാറിയിരിക്കുന്നു. കാർബൺ മോണോക്സൈഡ് പോലുള്ള വിഷവാതകങ്ങളുടെ അനുപാതം കൂടി വരുന്നുണ്ട്. വർദ്ധിച്ചുവരുന്ന വാഹനങ്ങളും വമ്പൻ ഫാക്ടറികളുമാണ് ഈ ദുർവിധിക്കു കാരണം. ഓസോൺ പാളികളിൽ വിള്ളൽ സൃഷ്ടിച്ചിരിക്കുന്ന അതിതാപനം പോലുള്ള പ്രശ്നങ്ങളും പ്രസ്താവ്യമാണ്.

## അന്യമാകുന്ന ജലസ്രോതസുകൾ

അടുത്ത ലോകമഹായുദ്ധം വെള്ളത്തിനുവേണ്ടിയായിരിക്കുമെന്നു പൊതുവെ പറയാറുണ്ട്. വെള്ളത്തിന്റെ മൂല്യം ബോധ്യപ്പെടുത്തുവാനാണ് ഈ പ്രയോഗം. പല ജലസ്രോതസ്സുകളും മരിക്കുന്നത് ഇന്നിന്റെ പ്രതിഭാസമാണ്. രൂക്ഷമായ കുടിവെള്ളക്ഷാമം, വെള്ളത്തിന്റെ അമിതമായ ചൂഷണം, മലിനമാകുന്ന ജലസമ്പത്തുകൾ, വെള്ളപ്പൊക്കം, വൻകിട ഡാമുകൾ തുടങ്ങി മനുഷ്യന്റെ ആവാസവ്യവസ്ഥ തകർക്കുന്ന നിരവധി പ്രവണതകൾ നമുക്ക് അക്കമിട്ടു നിരത്താനാകും. നമ്മുടെ നദികളിൽ കുമിഞ്ഞുകൂടുന്ന മാലിന്യങ്ങൾ എത്ര ജലാശയങ്ങളെ നശിപ്പിച്ചിരിക്കുന്നു! നദി തന്നെ മനുഷ്യന്റെ ഒരാവാസവ്യവസ്ഥയായിരുന്ന (നദീതടസംസ്കാരം) കാലഘട്ടം നമുക്കു പരിചിതമാണല്ലോ.

## മണ്ണും മരിക്കുന്നു

മണ്ണ് ഇന്നൊരു അസംസ്കൃത വസ്തുവായിരിക്കുന്നു. കാരണം മനുഷ്യന്റെ ജീവസന്ധാരണമാർഗമായിരുന്ന കൃഷി ഇന്നു വ്യവസായമായിരിക്കുന്നു. പൊന്മുട്ടയിടുന്ന താറാവിനെ കൊല്ലുന്ന കാടത്തം പുലരുകയാണിവിടെ. ഹരിതവിപ്ലവത്തിന്റെ പടപ്പുറപ്പാടിൽ കൃഷിയുടെ ആത്മീയത തന്നെ നഷ്ടമായിരിക്കുന്നു. അജൈവങ്ങളായ പാറപ്പൊടിയുടെയും ജൈവമാലിന്യങ്ങളുടെയും സൂക്ഷ്മാണുക്കളുടെയും പ്രതിപ്രവർത്തനത്തിലൂടെയാണു മണ്ണു രൂപപ്പെടുന്നത്. നാം വാരിവിതറിയ രാസകീടനാശിനികളും വളങ്ങളും സൂക്ഷ്മാണുക്കളെ മുഴുവൻ കൊന്നിരിക്കുന്നു. പ്ലാസ്റ്റിക്കുപോലുള്ള അജൈവപദാർത്ഥങ്ങൾ മണ്ണുമായി ചേരുന്നില്ല. ഇതെല്ലാം ചേർന്ന് ഫലപുഷ്ടിയുള്ള മണ്ണുണ്ടാകാത്ത അവസ്ഥ ഉണ്ടായിരിക്കുകയാണ്. ഇന്നു നമ്മുടെ ഭക്ഷണത്തെ പാഷാണമാക്കിയിരിക്കുന്നു. പുത്തൻ രോഗങ്ങളും രോഗാതുരതകളും വർദ്ധി

ച്ചിരിക്കുന്നു.

## കടൽ കരയുന്നു

കടൽ വലിയൊരു ആവാസവ്യവസ്ഥയായിരുന്നു. കോടിക്കണക്കിനു ജലജീവികളുടെയും എന്തിനേറെ മനുഷ്യന്റെയും ആവാസവ്യവസ്ഥ. കടലിനെ അന്നദാതാവായി കണ്ടു പൂജിച്ചുപോന്ന കടൽവാസികളും കടൽ സൗന്ദര്യത്തിൽ മനഃസമാധാനം ആർജ്ജിച്ചിരുന്ന ദേശവാസികളും ഇന്നു കടലിനെ ഭീതിയോടെ കാണുന്നു. മത്സ്യസമ്പത്തു നന്നേ കുറഞ്ഞ കടൽ ഇന്ന് കരയുകയാണ്. മാലിന്യനിബിഡമായ കടലിന്റെ ആവാസവ്യവസ്ഥ തകർന്നുകഴിഞ്ഞു. ഇതു നമ്മുടെ കാലാവസ്ഥയെയും ദോഷകരമായി ബാധിച്ചിട്ടുണ്ട്.

## കാടു നാടാകുമ്പോൾ

ഒരു ഭൂപ്രദേശത്തിന്റെ മൂന്നിലൊന്നു ഭാഗമെങ്കിലും വനമുണ്ടാകേണ്ടതാണ്. എന്നാൽ വനത്തിന്റെ അനുപാതം നന്നേ കുറഞ്ഞിരിക്കുന്നതായി നമുക്കു കാണാം. നഗരവത്ക്കരണം ഭ്രാന്തമാകുമ്പോൾ നമ്മുടെ സസ്യസമ്പത്തു മുഴുവൻ ചോർന്നു പോവുകയാണ്. മരം മുറിക്കൽ മനുഷ്യന്റെ ഹോബിയായപ്പോൾ അത് വനത്തിന്റെ ആവാസവ്യവസ്ഥയെത്തന്നെ നശിപ്പിച്ചുകഴിഞ്ഞു. പണിതുയർത്തിയ വമ്പൻ അണക്കെട്ടുകളും അമിതമായ ചൂഷണവും കാടു മനുഷ്യന് അന്യമാക്കി. കാടിന്റെ സമ്പത്തുകൊണ്ടു മാത്രം കഴിഞ്ഞിരുന്ന കാടന്മാർക്കു ഭക്ഷണം അന്യമായി. വെള്ളപ്പൊക്കം, മണ്ണൊലിപ്പ്, പരിസ്ഥിതി മലിനീകരണം, ജൈവ വൈവിധ്യതകർച്ച, അന്യമായ ഔഷധസസ്യങ്ങളും ഒറ്റമൂലികളും ഒക്കെ വന നശീകരണത്തിന്റെ ബാക്കിപത്രങ്ങളാണ്. നിബിഡവനങ്ങൾ മൊട്ടകുന്നുകളായി. ജൈവബന്ധം തകർക്കുന്ന വനവത്ക്കരണം നമ്മുടെ ഫാഷനും പ്രോജക്ടുമായി മാറി (പണ്ട് നമ്മുടെ നാട്ടിൽ പ്ലാവും, മാവും ഉണ്ടായിരുന്നു. ഈ വൃക്ഷങ്ങളുമായി ബന്ധപ്പെട്ട് ഒരു ആവാസവ്യവസ്ഥയുമുണ്ടായിരുന്നു. പക്ഷികൾക്കും അണ്ണാറക്കണ്ണനും ഭക്ഷണമുണ്ടായിരുന്നു. ഇന്നോ....)

## സന്മനസ്സുള്ളവർക്കു സമാധാനമാകുന്ന പ്രകൃതി

പ്രകൃതിയുടെയും മനുഷ്യന്റെയും നിലനില്പിനുവേണ്ടി ഒരു മാറ്റം അനിവാര്യമായിരിക്കുന്നു. പ്രകൃതി സംരക്ഷണം മാനവ സംരക്ഷണമാണ്. എല്ലാ മനുഷ്യരുടെയും എല്ലാ കാലത്തേയ്ക്കുമുള്ള സംരക്ഷണമാണിത്. ഇതിനായി ജീവനെ വളർത്തുന്ന, സ്നേഹിക്കുന്ന ഒരു സംസ്കൃതി വളർത്തിയെടുക്കണം.

നാളെയെക്കുറിച്ചും വരുന്ന തലമുറയെക്കുറിച്ചും ആത്മാർത്ഥമായി ചിന്തിക്കുന്നവരാകണം. ആവശ്യങ്ങൾ പരിമിതപ്പെടുത്താൻ പരിശീലിക്കണം. ആഗ്രഹങ്ങളും ആവശ്യങ്ങളും അത്യാവശ്യങ്ങളും തമ്മിൽ വേർതിരിച്ചറിയാനുള്ള വിവേചനശക്തിയുണ്ടാകുന്നു. പ്രകൃതി വെറുമൊരു ഉപഭോഗവസ്തുവല്ല എന്നതു നമ്മുടെ ബാലപാഠമാകണം. നെററിയിലെ വിയർപ്പുകൊണ്ടു ഭക്ഷിക്കുക എന്ന ദൈവികാഹ്വാനം ഏറ്റവും വലിയ സുവിശേഷമാകണം.

തീവ്രവികസനം=തീവ്ര ഉപഭോഗം എന്ന തത്വം കേവലം ആഗ്രഹം മാത്രമാണ്. കാരണം പ്രകൃതി വിഭങ്ങൾ അക്ഷയവാഹികളല്ല. പ്രകൃതി ആവാസവ്യവസ്ഥയിൽ നടുനായകത്വം വഹിക്കുന്ന മനുഷ്യന്റെ ചിന്തകൾ ശുദ്ധീകരിക്കപ്പെടണം. പ്രകൃതിയുടെ സംരക്ഷണം നമ്മുടെ കടമയാണ് എന്നതു കേവലം നിയമ ഉദ്ബോധനം എന്നതിലുപരി മനസിലാക്കപ്പെടുന്ന അവസ്ഥയുണ്ടാകണം.

ഏതു പ്രശ്നത്തിനും പരിഹാരം ശാസ്ത്രത്തിനുണ്ട് എന്നതു മിഥ്യാ ധാരണയാണ്. പ്രപഞ്ച-മനുഷ്യ-ദൈവബന്ധത്തിൽ തെളിഞ്ഞുവരുന്നതാണു പ്രകൃതി നിയമങ്ങൾ. ശാസ്ത്രം പ്രകൃതി നിയമങ്ങളെ ചവിട്ടിമെതിക്കുന്നതാകരുത്. പ്രകൃതി നിയമങ്ങൾ നിലനിൽക്കുന്നതും മനുഷ്യ-പ്രപഞ്ച ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതുമാണ്.

നാണ്യവിളകളിൽ നിന്നും ഭക്ഷ്യവിളകളിലേക്കുള്ള പ്രയാണം അനിവാര്യമാണ്. ഏകവിളകളിൽ നിന്നും ബഹുവിളകളിലേക്കും പ്രയാണം ഉണ്ടാകണം. രാസവളങ്ങളിൽ നിന്നും കീടനാശിനികളിൽ നിന്നും ജൈവവളങ്ങളിലേക്കും നീങ്ങണം. പ്രത്യുല്പാദനപരമായ വിത്തുകളെക്കാൾ പ്രതിരോധപരമായ വിത്തുകൾ സ്വന്തമാക്കണം. ശാസ്ത്രീയ അറിവുകളെക്കാളും ശക്തമാണ് നാട്ടറിവുകൾ എന്ന ബോധവും ബോധ്യവും ഉണ്ടാകണം. ഓരോ ജീവ ഘടകത്തിനും ഒരു സന്തുലിതാവസ്ഥ ഉണ്ട് എന്ന സത്യം നാം വിസ്മരിക്കരുത്. (വായു, ഭക്ഷണം, ജലം, താപം)

പുല്ലുമുതൽ പൂമരം വരെയും, അമീബ മുതൽ ആന വരെയും നമുക്കാവശ്യമുണ്ട് എന്നും സകലജീവജാലങ്ങൾക്കും ജീവിക്കാനുള്ള അവകാശമുണ്ടെന്നും മനസ്സിലാക്കണം. പാടുന്ന കുയിലും ആടുന്ന മയിലും ഓടുന്ന മാനും പാറുന്ന ശലഭവുമില്ലെങ്കിൽ ഈ പ്രകൃതിയ്ക്കെന്തു സൗന്ദര്യം എന്നു പറയുന്ന ഒരു സൗന്ദര്യബോധവും നമുക്കുണ്ടാകണം.

# ധാർമ്മിക വ്യക്തി

ജോസ് സി. വയലിൽ

## ആമുഖം

ജീവനെ ബഹുമാനിക്കുക, ആദരിക്കുക, സംരക്ഷിക്കുക, ജീവന്റെ സംരക്ഷണത്തിനായി നില കൊള്ളുക. ദൈവം ലോകത്തിനു നൽകിയ ഏറ്റവും ശ്രേഷ്ഠമായ ദാനമാണു ജീവൻ (The greatest gift of God is the gift of life) അതിനാൽ ജീവൻ മഹാദാനമാണ് അതുകൊണ്ട് നന്ദിയോടെ ഈ ജീവന്റെ സമൃദ്ധി ലോകത്തിന്റെ നന്മയ്ക്കായി വ്യയം ചെയ്യപ്പെടണം. അത് ഒരു വിളിയും ദൗത്യവുമാണ് ( Life is a call to share in the world's making) ജീവിക്കുക, ജീവിക്കാൻ അനുവദിക്കുക (To live and let live) എന്ന അടിസ്ഥാന അവകാശത്തിന്മേൽ (Fundamental Right) പലതരത്തിലുള്ള നശീകരണ ശ്രമങ്ങൾ വ്യാപക മായി നടക്കുന്നു. മാത്രമല്ല, ദൈവത്തിന്റെ രൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിയുടെ മകുടമായും സൃഷ്ടിക്കപ്പെട്ട മനുഷ്യനെ ഒരു വ്യക്തിയായി കാണാനാകുന്നതിനും അനുമാനിക്കുന്നതിനും പകരം കേവലം ഒരു വസ്തുവെന്ന തലത്തിൽ മാത്രം കാണുന്ന ഒരു ആധുനിക, ഉപഭോഗ, കച്ചവട സംസ്കാര ത്തിൽ വ്യക്തിയുടെ വിലയും നിലയും മനസ്സിലാക്കാനും അത് കൂടുതൽ ശക്തമായും, വ്യക്തമായും ബോധ്യപ്പെടുത്തേണ്ടത് ആവശ്യമാണ്. അതിന് സമഗ്രതയുടെ ഒരു സമവായമാണ് ആവശ്യം ദൈവവും മനുഷ്യനും പ്രകൃതിയും ഈ സമൂഹവും ഒന്നിച്ചുചേരുന്ന (Synthasis) ഒരു സമന്വയ സംസ്കാരം ഉണ്ടാവണം. (അത്തരത്തിലുള്ള ഒരു ശ്രമമാണ് ഈ ലേഖനത്തിലൂടെ)

## ആരാണു മനുഷ്യൻ....

മനനം ചെയ്യുന്നവൻ, അഥവാ ചിന്തിക്കുന്നവനാണു മനുഷ്യൻ എന്നു വാച്യാർത്ഥം. ലോക ചരിത്രത്തിലുടനീളം ഒത്തിരിയധികം ചിന്തകന്മാരുടെ ചിന്തയ്ക്കു നിദാനമായ ഒരു വിഷയമാണ് മനുഷ്യൻ (Who is man) ആർക്കും വ്യക്തമായ ഒരു ഉത്തരം നല്കാൻ കഴിയാത്ത ചോദ്യങ്ങളുടെ കൂട്ടത്തിലെ വലിയ ഒരു ചോദ്യവും (A number one question among many other interogatives) അതുകൊണ്ടു തന്നെ ഇതിനു തൃപ്തികരമായ ഒരു നിർവചനം നൽകാനാവില്ല. പക്ഷേ വിശദീകരി ക്കാനാകും. അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിൽ മനുഷ്യൻ ചിന്തിക്കുന്ന മൃഗമാണ്. (Man is a ratio- nal animal). അതുപോലെ ധാരാളം ചിന്തകന്മാർ മനുഷ്യൻ ആരാണ് എന്നതിനുള്ള വിശദീകരണം നൽകിയിട്ടുണ്ട്.

Man is a social animal (Aristotle)
Man is an Imago Dei (Origen)
The other (man) is hell (Sartre)
Man is a useless passion (Neitzche)
Man is an economic living (Adam Smith)

പണ്ഡിതന്മാർ വ്യത്യസ്തമായ വീക്ഷണ കോണുകളിലൂടെ മനുഷാരാകുന്നുവെന്നു വിശ ദീകരിക്കുവാൻ ശ്രമിക്കുമ്പോൾ സാമൂഹിക രാഷ്ട്രീയ സാമ്പത്തിക സാംസ്കാരികമായ സമസ്ഥ മേഖലകളുമായി ബന്ധമുള്ള അഥവാ ബന്ധപ്പെട്ടിരിക്കുന്ന മനുഷ്യനെ കേവലം ഒരു വാക്കിന്റെ നിർവച നത്തിൽ ഒതുക്കാനാവില്ല. മനുഷ്യൻ ഒരു ചെറിയ ലോകം തന്നെ (A Microcosm) അതുകൊണ്ടു ചിന്തക ന്മാരുടെ മുൻപിൽ മനുഷ്യൻ ആരാണ് എന്നത് ഒരു അത്ഭുത രഹസ്യം (Wonder mystery) ആയി നിലനി ല്ക്കുന്നു. സോഫോക്ലിസിന്റെ അഭിപ്രായത്തിൽ മനുഷ്യൻ അത്ഭുതങ്ങളുടെ കൂട്ടത്തിൽ ഏറ്റവും വലിയ അത്ഭുതമാണ്. (Wonders meaningful none is more wonderful than any other) എത്ര തന്നെ മനസിലാ ക്കാൻ ശ്രമിക്കുമ്പോഴും വീണ്ടും വീണ്ടും വെളിപ്പെടുവാനുള്ള ഒരു രഹസ്യമാണു മനുഷ്യൻ. പ്രശസ്ത തത്വചിന്തകനായ സോറൻ കീർക്കെ ഗാർഡിന്റെ അഭിപ്രായത്തിൽ മനുഷ്യൻ ഒത്തിരിയധികം സാധ്യത കൾ ഉള്ള ഒരു അപൂർണ്ണമായ ഉൽപ്പന്നമാണ്. (An unfurnished product) ആയതിലേക്ക് എത്തിപ്പെടാൻ ഒന്നിലധികം സാധ്യകളുണ്ടു താനും. മനുഷ്യനെ സംബന്ധിച്ചിടത്തോളം അവൻ ആയിരിക്കുന്നത് ആയി ത്തീരുവാനാണ് (Being for becoming) അതുകൊണ്ട് മനുഷ്യനെ ചിന്താവിഷയമാക്കുമ്പോൾ എല്ലാ സാധ്യ തകളും അതിന്റെ സമഗ്രതയിൽ കണ്ട് ഒരു വസ്തുവെന്നതിനേക്കാൾ വ്യക്തി (Person) എന്ന നിലയിൽ കാണണം. ബൈബിൾ പശ്ചാത്തലത്തിൽ മനുഷ്യൻ സൃഷ്ടിയുടെ മകുടമാണ്. (Crown of creation) ഇതാണ് അവന്റെ മഹത്വം. അതുകൊണ്ടു തന്നെ സത്തയെ (ആയിരിക്കുന്ന അവസ്ഥയെ), അത് ഏതു തരത്തിലു ള്ളതായാലും, തുടക്കം മുതൽ ഒടുക്കം വരെയും ബഹുമാനിക്കണം. സംരക്ഷിക്കണം. മാത്രമല്ല, ഇത് അവന്റെ ദൈവദത്തവും പ്രകൃത്യാലുള്ളതുമായ (Divine, positive & Natural Law) അവകാശമാണ്. ജീവി ക്കാനുള്ള അവകാശം അടിസ്ഥാന അവകാശമാണ്. അതുകൊണ്ടു ജീവനു ഭീഷണിയായി നിൽക്കുന്ന

ഏത് അവസ്ഥയെയും ധീരമായി എതിർക്കണം. അത് സാമൂഹ്യഘടനയിലും (Social structure) സാമൂഹ്യ ക്രമത്തിലും (Social order) സാമൂഹ്യവ്യവസ്ഥിതിയിലും (Social system) ഉറപ്പുവരുത്തണം. അതിനു വിഘാതമായി സാമൂഹിക, സാംസ്കാരിക സാമ്പത്തിക മണ്ഡലങ്ങളിലും മതത്തിലും നിൽക്കുന്ന ഛിദ്രശക്തികളേയും ആശയങ്ങളെയും വിശകലനം ചെയ്തു ഹംസാക്ഷീരന്യാചേന വ്യക്തമാക്കണം. മാത്രമല്ല ജീവന്റെ സംരക്ഷണത്തിന് ഒരു വിഹഗ വീക്ഷണം അതിന്റെ സംരക്ഷകർക്ക് ഉണ്ടാകണം.

മനുഷ്യ മഹത്വത്തെ ഉയർത്തിപ്പിടിക്കുന്നതു, ജീവനെ സംരക്ഷിക്കുന്നതുമായ പ്രവർത്തനങ്ങൾക്കു വേണ്ട ഊന്നൽ കൊടുക്കണം. നമ്മുടെ ലോകം നേരിടുന്ന ചില പ്രതിസന്ധികൾക്കു മുമ്പിൽ നമുക്കു കണ്ണടയ്ക്കാനാവില്ല. സാങ്കേതിക വിദ്യയിൽ ഏറെ മുന്നിൽ നിൽക്കുന്ന ജപ്പാനിൽ ചെറുപ്പക്കാരുടെ എണ്ണം ക്രമാതീതമായി കുറയുകയും ജനസംഖ്യയിൽ ഭൂരിപക്ഷവും 65 വയസിനുമുകളിൽ ഉള്ളവർ മാത്രമാവുകയും ചെയ്തു. കാരണം ചെറുപ്പക്കാർ വിവാഹിതരാകാൻ തയ്യാറാകാത്തതും കൂടുതൽ സാങ്കേതിക വിദ്യയ്ക്കും Abortion -നും കാരണമായതുകൊണ്ടും ആണ്. 2020 ആകുമ്പോഴേക്കും 40 മില്യൻ ബാച്ചിലേഴ്സ് ചൈനയിൽ ഉണ്ടാകുകയും അവർക്ക് പെൺകുട്ടികളെ കിട്ടാതെ വരികയും ചെയ്യും. കാരണം ചൈനയുടെ One child policy യും, Abortion -നും പെൺകുട്ടികളെ കൊല്ലുന്നതും (Femail infanticide) .

2000-ാമാണ്ടിലെ Statistics അനുസരിച്ച് ഇന്ത്യയിൽ ഓരോ മണിക്കൂറിലും ഒരു സ്ത്രീ ബലാത്സംഗം ചെയ്യപ്പെടുന്നു. ഇന്ത്യയിലെ ഏറ്റവും നല്ല വിവര സാങ്കേതികവിദ്യയുടെ കേന്ദ്രമെന്നറിയപ്പെടുന്ന Bangalore -ലാണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആത്മഹത്യ നടക്കുന്നത്. നമ്മുടെ കൊച്ചുകേരളവും ഇക്കാര്യത്തിൽ പുറകിലല്ല. ദേശീയ ശരാശരി 11/1,00,000 ആകുമ്പോൾ കേരളത്തിൽ 33/1,00,000. അതായത് ദേശീയ ശരാശരിയേക്കാൾ മൂന്നിരട്ടി കൂടുതൽ.

ഓരോ വർഷവും ലോകത്തിൽ 46 മില്യൻ Abortion നടക്കുന്നു അത് ഒരു ദിവസം 1,26,00. ജീവനാണ് ഏറ്റവും വലിയ ദാനം, വിലയുറ്റത് എന്ന് മറന്നുപോകുന്നു. (Life is a precious Gift). മനുഷ്യ മഹത്വത്തെ നിഹനിക്കുന്ന ഒട്ടനവധി പ്രശ്നങ്ങളായ ഭ്രൂണഹത്യ, ബാലവേല (Child labour), മദ്യം, മയക്കുമരുന്ന്, ആത്മഹത്യ, ഉപേക്ഷിക്കപ്പെടുന്ന സ്ത്രീകൾ, സ്ത്രീധന പ്രശ്നങ്ങളും മരണവും, ദയാവധം SID/AIDS മുതലായ പ്രശ്നങ്ങളുയർത്തുന്ന വെല്ലുവിളികൾ മനുഷ്യോചിതമായി പരിഗണിക്കുകയും ഈ തിന്മകൾക്കെതിരായി പ്രവർത്തിക്കുകയും വേണം. ഒരു മരണസംസ്കാരത്തിന്റെ ഇടയിലാണു നാമിന്നു ജീവിക്കുക, ജീവിതം ഒരു യുദ്ധമായിരിക്കുന്നു. ചെറിയ കുടുംബങ്ങൾ പോലും വേഗം തകരുന്നു. അനാഥമാക്കപ്പെടുന്ന അവസ്ഥകൾ, വിധവകൾ, വിഭാര്യർ Separated etc. ഇങ്ങനെയുള്ള നൂറായിരം പ്രശ്നങ്ങളുടെ ഇടയിൽ മനുഷ്യജീവന്റെ വക്താക്കളാകണം.(To promote and foster human life). ഭാരിച്ച ചികിത്സാചെലവുകൾ, വാർദ്ധക്യം, രോഗങ്ങൾ തുടങ്ങിയവ ഉയർത്തുന്ന വെല്ലുവിളികളും കച്ചവടക്കണ്ണോടെ മനുഷ്യന്റെ മുൻപിൽ വിളമ്പുന്ന മരുന്നുകളും ധാർമ്മികതയില്ലാത്ത ചികിത്സാരീതികളും അവയവകച്ചവടവും ജീവനു നിഷേധമാകുന്ന ക്ലോണിംഗ് പരീക്ഷണങ്ങളും ചെയ്തു. മനുഷ്യമഹത്വത്തെ ഇല്ലാതാക്കുന്നു. ക്ലോണിംഗിനെക്കുറിച്ച് UNESCOS declaration human Genome and Human Rights Article II പറയുന്നതു മനുഷ്യമഹത്വത്തിന് എതിരായിട്ടുള്ള ഏതു പ്രവർത്തനവും അതായതു മനുഷ്യനെ പുനഃസൃഷ്ടിക്കാനുള്ള ക്ലോണിംഗ് അനുവദനീയമല്ല. (Practice which are contrary to human dignity such as reproductive Cloning of human beings shall not be permitted). സഭ പഠിപ്പിക്കുന്നതും ജനത്തിന്റെ സദാചാരത്തിന് വിരുദ്ധമായ ക്ലോണിംഗ് പാടില്ല. (ie. Reproductive Cloning) എന്നും എന്നാൽ therapeutic Cloning അനുവദിക്കാമെന്നുമാണ്. ശാസ്ത്രം മനുഷ്യനു വേണ്ടിയാണ് മനുഷ്യൻ ശാസ്ത്രത്തിനുവേണ്ടിയല്ല. അതിനാൽ ശാസ്ത്രം ധാർമികതയിലടിയുറച്ചതായിരിക്കണം. ചുരുക്കത്തിൽ ഇത്തരത്തിലുള്ള പരീക്ഷണങ്ങളിലും ചികിത്സകളിലും പിൻതുടരേണ്ട നിയമം "(All the medical interventions are not to substitute life but to assist life)" മനുഷ്യജീവനെ സഹായിക്കുന്നതല്ലാതെ പകരം വയ്ക്കുന്ന തരത്തിലുള്ള യാതൊരു ചികിത്സാ കടന്നാക്രമണങ്ങളും യാതൊരു വിധത്തിലും അനുവദിക്കാൻ പാടില്ല.

അതുപോലെതന്നെയാണ് എങ്ങനെയും പരമാവധി സുഖം അനുഭവിക്കാനുള്ള ആധുനിക മനുഷ്യന്റെ കച്ചവടത്തിലധിഷ്ഠിതമായ ഉപഭോഗമനസ്സ് തൽഫലമായി മനുഷ്യനും കച്ചവടവസ്തുവായി. അവന്റെ അവയവങ്ങളും വിചാരങ്ങളും വികാരങ്ങളും പോലും കച്ചവടവസ്തുവായി. അങ്ങനെ പവിത്രവും പരിപാവനവുമായി കരുതിപ്പോന്ന കുടുംബബന്ധത്തിലും വിവാഹബന്ധത്തിലും വിള്ളൽ വീണു. ഇതു തിരിച്ചറിഞ്ഞു സംരക്ഷിക്കേണ്ടതാണ്. ഇത്തരത്തിലൊരു പ്രശ്നസങ്കീർണ്ണമായ പശ്ചാത്തലത്തിൽ ജീവിക്കുന്ന ഒരു വ്യക്തിക്കു ശരിയും തെറ്റും മനസ്സിലാക്കി ഒരു നിർണ്ണായകമായ തീരുമാനം എടുക്കവാൻ വളരെ പ്രയാസമാണ്. പുത്തൻ സാമൂഹിക ക്രമത്തിൽ പരമ്പരാഗത മൂല്യശ്രേണിയും ആധുനിക നീതിബോധവും ഒരു വ്യക്തിയുടെ സ്വത്വത്തിൽ നടത്തുന്ന സമ്മർദ്ദം വലുതാണ്. ഇത്തരത്തിലുള്ള സമ്മർദ്ദങ്ങളുടെ മുൻപിൽ ഒരു ധാർമ്മികവ്യക്തി (Moral Person) യായി നിലനിൽക്കുക എന്നത് ഏറെ ശ്രമകരമാണ്. ഇവിടെയാണ് എല്ലാ കാര്യങ്ങളെയും കുറിച്ചു തന്നിൽ തന്നെ ഒരു സമന്വയ ചിന്ത രൂപപ്പെടുത്താൻ കഴിയുന്ന ഒരു

വ്യക്തിത്വത്തിന്റെ ആവശ്യം. അത്തരത്തിലുള്ളവർക്കേ ഒരു ധർമ്മബോധമുള്ള വ്യക്തിയാകാൻ (Moral Person) കഴിയൂ. അതായത് ഒരു സമഗ്രതയുള്ള മനുഷ്യൻ. അല്ലാതുള്ളവർ ജാതിമതവർഗ്ഗവർണ്ണവൈരുദ്ധ്യങ്ങളുടെ അപൂർണ്ണമനുഷ്യരായിരിക്കും. അവർക്കു സമഗ്രതയോ സമന്വയ ദർശനമോ ഉണ്ടാവുക അസാധ്യം

സമഗ്രവ്യക്തിത്വത്തിന് അഥവാ സമന്വയദർശനമുള്ള ഒരു വ്യക്തി ധർമ്മബോധമുള്ളവൻ ആയിരിക്കും. ഒരാളെ ധാർമ്മിക മനുഷ്യൻ (Moral person) എന്നു വിളിക്കാൻ കഴിയണമെങ്കിൽ ചില കാര്യങ്ങൾ നിർബന്ധമായിരിക്കണം. കാരണം, എല്ലാ മനുഷ്യരും മനുഷ്യരാണെങ്കിലും എല്ലാ മനുഷ്യരും ധാർമ്മികർ അല്ല (All men are human beings but all human beings are not MEN) എല്ലാ മനുഷ്യരും ചെയ്തു കൂട്ടുന്ന പൊതുപ്രവർത്തനങ്ങൾക്ക് ഉപരി (തിന്നുക, കുടിക്കുക, ശ്വസിക്കുക, ചിന്തിക്കുക, വളരുക) ശരിയായ കാര്യബോധത്തോടും സ്വാതന്ത്ര്യത്തോടും പൂർണ്ണ അറിവോടും കൂടി കാര്യകാരണസഹിതം (Full conscious, Full Freedom, Full Knowledge) വിവേചിച്ചറിഞ്ഞു ശരിയും തെറ്റും മനസ്സിലാക്കാൻ കഴിയുന്ന വ്യക്തികൾക്കു മാത്രമേ ധാർമ്മികത അതിന്റെ പൂർണ്ണ അർത്ഥത്തിൽ മനസ്സിലാക്കാൻ കഴിയൂ. നേരെ മറിച്ചു സാധാരണയായി എല്ലാ മനുഷ്യരും ചെയ്യുന്ന പൊതുപ്രവർത്തനങ്ങൾ (തിന്നുക, കുടിക്കുക, ശ്വസിക്കുക, ചിന്തിക്കുക, വളരുക) ചിന്തിക്കാൻ കഴിയാത്തവരിലും ബുദ്ധിവികാസം സംഭവിക്കാത്തവരിലും ഭ്രാന്തന്മാരിലും പൊതുവേ കാണാം. ഇവരിൽ ധാർമിക മനുഷ്യനെ വസ്തുനിഷ്ടമായി അതായത് സമഗ്രതയുള്ള ഒരു വ്യക്തിത്വത്തെ ദർശിക്കാനാവില്ല. കാരണം, ഇത്തരക്കാർക്കു വസ്തുക്കളെ അതിന്റെ സഭ്യമായ രീതിയിൽ കാര്യകാരണസഹിതം വിവേചിച്ചറിയാനുള്ള സമഗ്രതയോ സമന്വയ ദർശനമോ ഉണ്ടായിരിക്കില്ല. മാത്രമല്ല, ഇത്തരക്കാർ ചെയ്തുകൂട്ടുന്ന കാര്യങ്ങളിൽ പൂർണ്ണ അറിവ്, സ്വാതന്ത്ര്യം, കാര്യബോധം ഇവയുണ്ടായിരിക്കില്ല. അതിനാൽ വ്യക്തിനിഷ്ഠമായ (Subjective morality) ധാർമ്മികതയിൽ നിന്നും ഇവരെ ഒഴുവാക്കിക്കൊള്ളുകയും വേണം. എന്നാൽ ഇത്തരത്തിലുള്ളവരെ ജീവിതത്തിന്റെ ആരംഭം മുതൽ അവസാനം വരെയും ഏതു സാഹചര്യത്തിലും ഏതു രൂപത്തിലും സംരക്ഷിക്കേണ്ടത് അറിവും അനുഭവവുമുള്ള ഒരു സമഗ്രവ്യക്തിത്വത്തിനുടമായിയിരിക്കുന്ന ധാർമ്മിക മനുഷ്യന്റെ കടമ കൂടിയാണ് (It is the duty and obligation of an integrated moral human person). അതുകൊണ്ടു തന്നെയാണു ധാരാളം 'ധർമ്മ സ്ഥാപനങ്ങൾ' നിലനിൽക്കുന്നതും സംരക്ഷിക്കപ്പെടുന്നതും ഇത്തരത്തിലുള്ള കാര്യങ്ങൾ ചെയ്യുക എന്നതു (Dharma) ധർമ്മമാണ് (Obligation) ചുരുക്കത്തിൽ ധർമ്മബോധമുള്ള ഒരു വ്യക്തിയെന്നു പറയണമെങ്കിൽ ഒരാളുടെ പ്രവർത്തനത്തിന്റെ (Act of man Vs Human act) അടിസ്ഥാനം അറിവ്, സമ്മതം, സ്വാതന്ത്ര്യം ഇവ ശരിയായി വിവേചിച്ചറിയാനുള്ള കഴിവും കാര്യപ്രാപ്തിയുമാണ്. ഇത്തരത്തിൽ കാര്യങ്ങൾ വിവേചിച്ചറിഞ്ഞു ശരിയും തെറ്റും മനസ്സിലാക്കി കാര്യകാരണസഹിതം വിവേചനബുദ്ധിയോടെ തന്റെ സമൂഹത്തിൽ വ്യക്തിനിഷ്ഠമായും വസ്തുനിഷ്ഠമായും (Subjective and Objective) സത്യസന്ധതയോടെ ജീവിക്കുന്ന ഒരു വ്യക്തിയെ ഒരു ധാർമ്മികവ്യക്തിയെന്ന് വിളിക്കാനാകും (A moral person)

ജീവനെ ബഹുമാനിക്കുക, സംരക്ഷിക്കുക എന്നതും അതിന് വിഘാതമായി നിൽക്കുന്ന എതു നശീകരണപ്രവൃത്തിയെയും ചെറുക്കുക എന്നതും ഓരോ വ്യക്തിയുടെയും ദൗത്യമാണ്. മണ്ണും, മരവും, കരയും, കടലും, വായുവും ആകാശവുമെല്ലാം വിഷലിപ്തമായി ജീവന് ഭീഷണിയാകുന്നു. സംവിധാനങ്ങളും സംഹിതകളും മനുഷ്യനെ കശാപ്പു ചെയ്യാൻ വേണ്ട നിയമങ്ങളുമായി നിൽക്കുന്നതും, നീതിവ്യവസ്ഥകൾപോലും പൊളിച്ചെഴുതി പവിത്രവും പരിപാവനവുമായ കുടുംബ-വിവാഹബന്ധങ്ങളിലും സ്ഥാപനങ്ങളിലും മരണവാറണ്ട് ഒപ്പുവയ്ക്കുമ്പോൾ End 'നീതി'യുടെ തുലാസു താഴ്ന്നുപോകുമ്പോൾ ധാർമ്മികബോധമുള്ള ഒരു തലമുറ ഉണ്ടാകണം. വ്യക്തമായ ഒരു ദിശാബോധമുള്ള സമന്വയ സംസ്കാരം ഉൾക്കൊള്ളുന്ന ധാർമ്മിക മനുഷ്യരുടെ ഒരു തലമുറ. അതിന് അറിവ് ജ്ഞാനം തിരിച്ചറിവായി ഒരു പുതിയ സമന്വയ സംസ്കാരം രൂപപ്പെടണം.

End Note


1. ജോസഫ് കോയിനക്കുഴി ed. ക്രിസ്തീയ ധാർമ്മികത POC
   പ്രസിദ്ധീകരണം
2. Christian Living According to vatican II, Gerse V. Lobo. TPI, Bangalore, 1991.
3. Christian Ethics, I & II vols. TPI, Bangalore.

# സദ്വാർത്താ വിദ്യാഭ്യാസ വ്യക്തി

ഗ്രിഗറി ആർ. ബി.

## ആമുഖം

വിദ്യാഭ്യാസം എന്നത് വിജ്ഞാനപ്രസരണമാണ് എന്നു തലമുറകളായി കരുതിപ്പോരുന്നു. അനുഭവത്തിലൂടെ നേടുന്ന വിജ്ഞാനമാണു ജീവിതത്തെ ക്രമപ്പെടുത്തുകയും രൂപപ്പെടുത്തുകയും ചെയ്യുന്ന പ്രക്രിയയായി വർത്തിക്കുന്നത്. അതുകൊണ്ടാണു പരിപൂർണ്ണ ജീവിതത്തിലേക്കുള്ള തയ്യാറെടുപ്പാണു വിദ്യാഭ്യാസമെന്നു സ്പെൻസർ വിദ്യാഭ്യാസത്തെ നിർവചിച്ചത്. വിദ്യാഭ്യാസമെന്നതു അറിവു സമ്പാദിക്കുകയും തൊഴിൽ സമ്പാദിക്കുകയും ചെയ്യാനുള്ള ഉപാധിയെന്നതിനെക്കാൾ വ്യക്തിയുടെയും സമൂഹത്തിന്റെയും ബുദ്ധിപരവും സാമൂഹികവും സാംസ്കാരികപരവുമായ പുരോഗതിയുടെ ഭൂമികയാണ്. സ്വഭാവവും മനോഭാവവും രൂപപ്പെടുത്തുന്നതും വിവിധ തലങ്ങളിൽ നടക്കുന്ന വിദ്യാഭ്യാസപ്രവർത്തനത്തിലൂടെയാണ്. വ്യക്തിത്വത്തിന്റെ വളർച്ച സമൂഹത്തെ സജീവമായി നിലനിർത്തുന്നു എന്നു മാത്രമല്ല സാംസ്കാരികമായ പുരോഗതിയിലേക്കാനയിയ്ക്കുകയും ചെയ്യുന്നു. വിദ്യ വെളിച്ചത്തിന്റെ പര്യായമായതുകൊണ്ട് വിദ്യാഭ്യാസത്തിലൂടെ നേടുന്ന വെളിച്ചം ഇരുളിൽ നിന്നു പ്രകാശത്തിലേക്കാനയിക്കുകയും സമൂഹത്തെ വെളിച്ചത്തിൽ നിലനിർത്തുകയും ചെയ്യുന്നു. ഇതു വ്യക്തിത്വത്തെ ക്ഷേമത്തിലേക്കാനയിക്കുന്നതുപോലെ സമൂഹത്തെ നന്മയിലേയ്ക്കാനയിക്കുകയും ചെയ്യുന്നു.

ഇവിടെ സൂചിതമാകുന്ന വിദ്യാഭ്യാസലക്ഷ്യങ്ങൾ രണ്ടു തലങ്ങളിലൂടെയാണു പ്രവർത്തനനിരതമാകുന്നതും സംസ്കൃതിയിലേക്കാനയിയ്ക്കപ്പെടുന്നതും. ഒന്നാമതായി ജീവിതലക്ഷ്യവുമായി ബന്ധപ്പെടുത്തി വ്യക്തിത്വത്തെ കരുപിടിപ്പിച്ചുകൊണ്ടാണ്. രണ്ടാമതായി സാമൂഹിക ജീവിതക്രമത്തിൽ വ്യക്തിയുടെ സ്വഭാവത്തെയും മനോഭാവത്തെയും രൂപപ്പെടുത്തികൊണ്ടാണ്. ഇവിടെ മൂല്യങ്ങളുടെ പരിരക്ഷ ഉറപ്പുവരുത്തുകയും സാമൂഹിക രംഗങ്ങളെ സമുദ്ധരിക്കുകയും ചെയ്യുന്നു. രണ്ടാംവത്തിക്കാൻ കൗൺസിൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രമാണരേഖയിൽ ഈ രണ്ടു തലങ്ങളെയും ശക്തമായ രീതിയിൽ അവതരിപ്പിക്കുന്നു. പുണ്യശ്ലോകനായ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ മാനുഷികസമൂഹത്തെ രൂപപ്പെടുത്തേണ്ടതിന്റെയും സാമൂഹിക പരിവർത്തനത്തിന്റെ വക്താക്കളെ സൃഷ്ടിക്കേണ്ടതിന്റെയും ആവശ്യകതയിലേയ്ക്കു വിരൽ ചൂണ്ടുന്നു.



## വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ലക്ഷ്യം

### 1. സാംസ്കാരിക പുരോഗതി

ഓരോ തലമുറയിലും സംസ്കാരത്തെ രൂപപ്പെടുത്തുന്ന പ്രക്രിയ നടക്കുന്നതു വിദ്യാഭ്യാസപ്രവർത്തനങ്ങളിലൂടെയാണ്. സംസ്കാരം മൂന്നു തരത്തിലാണ് ഓരോ സമൂഹത്തിലും പ്രകാശിതമാകുന്നത്. ഒന്നാമതായി ബാഹ്യമായി കാണുന്ന ജീവിതരീതിയിലൂടെ, ഇതാകട്ടെ കൂടുതലും പ്രതീകാത്മകമായ രീതിയിലാണു പ്രകടമാകുന്നത്. ഉദാഹരണമായി വസ്ത്രധാരണം, ആഹാരക്രമം, ആഘോഷങ്ങൾ ഇവയെല്ലാം സംസ്കാരത്തിന്റെ അടയാളങ്ങളാണ്. സംസ്കാരം പ്രകാശിതമാകുന്ന രണ്ടാമത്തെ ജീവിത തലം അല്പംകൂടി ആഴമേറിയതാണ്. ഭാഷ, സംഗീതം, കല, വാസ്തു ശില്പങ്ങൾ ഇവയിലൂടെ തെളിവാർന്നുകാണുന്നത് ഓരോ സമൂഹത്തിന്റെയും സംസ്കാരമാണ്. ഇവ അനുഭവങ്ങളിൽ നിന്നും സ്ഫുടം ചെയ്തെടുത്ത സാംസ്കാരികരേഖകളാണ്. കൂടുതൽ ആഴമേറിയ രീതിയിൽ സാംസ്കാരിക പ്രകാശനം പ്രതിഫലിക്കുന്നതു മൂല്യങ്ങളി ലൂടെയും ദർശനങ്ങളിലൂടെയുമാണ്. ഇപ്രകാരം പ്രതിബിംബിക്കപ്പെടുന്നതും രൂപപ്പെടുത്തുന്നതുമായ സംസ്കാരം കൈമാറ്റം ചെയ്യപ്പെടുന്നതും നിലനിന്നുപോകുന്നതും വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെയാണ്. സാമൂഹിക പരിവർത്താക്കളാകാനുതകുന്ന രീതിയിൽ സമഗ്രവ്യക്തിത്വ രൂപീകരണപ്രക്രിയയായി നടത്തുന്ന വിദ്യാഭ്യാസം സംസ്കാരത്തെ അടുക്കും ചിട്ടയുമായ രീതിയിലും വസ്തുനിഷ്ഠമായ വിമർശനപാടവത്തോടും വ്യക്തമായ ഉൾക്കാഴ്ചയോടുംകൂടി സ്വീകരിക്കപ്പെടുന്നതിനു വ്യക്തികളെ പര്യാപ്തരാക്കുന്നു. സാംസ്കാരിക തനിമയിൽ വ്യക്തിയെ രൂപപ്പെടുത്തുന്ന വിദ്യാഭ്യാസപ്രവർത്തനങ്ങൾ കാലികമായ വെല്ലുവിളികളെ നേരിടുന്നതിനു പ്രേരകമാകുന്നു.

### 2. ജ്ഞാനസമ്പാദനം

അറിവ് എന്നത് ചില വിവരങ്ങളുടെ സമ്പാദനമാണ്. അത് വെറും സാങ്കേതികമായ അറിവിന്റെ തലത്തിൽ മാത്രം ഒതുങ്ങി നില്ക്കുന്നു. എന്നാൽ വിജ്ഞാനമാകട്ടെ സമഗ്രതനിറഞ്ഞതാണ്. ദർശന

ങ്ങൾ രൂപപ്പെടുത്തുന്നതും ബോധ്യങ്ങൾ സൃഷ്ടിക്കുന്നതും വിജ്ഞാനമാണ്. ചില ചിതറിയ കാര്യങ്ങൾ അറിഞ്ഞുപോകുന്ന മേഖലയായി വിദ്യാഭ്യാസ പ്രവർത്തനങ്ങളെ മാറ്റാതെ ഓരോ കാര്യവും അതിന്റെ സമഗ്രതയിൽ അറിയുവാനും ആ അറിവിൽ വളരുവാനും വിജ്ഞാന സമ്പാദനം സഹായിക്കുന്നു. അതിനുതകുന്ന വിദ്യാഭ്യാസ പന്ഥാവ് സ്കൂളുകളിൽ രൂപപ്പെടുത്തേണ്ടതാണ്.

### 3. വ്യക്തിത്വവികസനം

മനുഷ്യന്റെ പരമമായ അന്ത്യവും ആനന്ദവും മുന്നിൽ കണ്ടുകൊണ്ട് അവന്റെ വ്യക്തിത്വരൂപീകരണം നടത്തുവാൻ സഹായിക്കുക എന്നതാണു വിദ്യാഭ്യാസലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്ന്. വിദ്യാഭ്യാസത്തിലൂടെ ഒരുവന് അവന്റെ തന്നെ അസ്തിത്വത്തെയറിയാൻ സാധിക്കുന്നു. വികലമായ ജീവിതവീക്ഷണങ്ങളും വഴിപിഴച്ച സുഹൃദ്ബന്ധങ്ങളും വ്യക്തിജീവിതത്തെ അസ്വസ്ഥമാക്കാതെ നിലനിർത്തുവാൻ വിദ്യാഭ്യാസത്തിനുമാത്രമേ കഴിയുകയുള്ളൂ. അതുവഴി രൂപപ്പെടുന്ന സ്വഭാവങ്ങളും ശീലങ്ങളും നല്ലൊരു വ്യക്തിത്വത്തിന്റെ പാതയിൽ വ്യക്തിയെ വളർത്തുന്നു.

### 4. മൂല്യബോധവും സാമൂഹികവീക്ഷണവും

വിദ്യാഭ്യാസം മൂല്യബോധം സൃഷ്ടിക്കുന്നതിനും സാമൂഹികമായി വ്യക്തമായ കാഴ്ചപ്പാടു രൂപപ്പെടുത്തുന്നതിനും സഹായിക്കേണ്ടതാണ്. ശരിയും തെറ്റും നിർണ്ണയിക്കുവാൻ സഹായകരമായ മനസ്സാക്ഷിരൂപീകരണം വിദ്യാഭ്യാസപ്രവർത്തനത്തിലൂടെ ഉരുത്തിരിയേണ്ടതാണ്. ഒറ്റയ്ക്കു ജീവിച്ചു സായുജ്യമടയേണ്ട റോബിൻസൺ ക്രൂസോമാർ അല്ല മനുഷ്യൻ, മനുഷ്യ വ്യക്തിയാണ് എന്ന തിരിച്ചറിവും സഹജീവികളെ പരിഗണിക്കുന്നതിനു സഹായകമാകുന്ന വിധത്തിൽ സഹജീവികളോടു കരുതലോടെ പെരുമാറുവാനും സമൂഹജീവിയായി കൊണ്ടും കൊടുത്തും വളരുവാനുമുള്ള ഉൾപ്രേരണ നല്കുന്നതും വിദ്യാഭ്യാസത്തിലൂടെയാണ്.

### 5. തൊഴിൽ സമ്പാദനം

ജീവിതസന്ധാരണത്തിനാവശ്യമായ തൊഴിൽ നേടുക എന്നതും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം തന്നെയാണ്. എന്നാൽ എല്ലാ തൊഴിലിന്റെയും മാന്യത മനസ്സിലാക്കുവാനും തൊഴിലിന്റെ സാമൂഹികസേവന മനോഭാവം ഉയർത്തിക്കാട്ടാനും കഴിയണമെങ്കിൽ ശരിയായ വിദ്യാഭ്യാസം ആവശ്യമാണ്. ധനം സമ്പാദിക്കുന്ന മാർഗ്ഗമായി മാത്രം തൊഴിൽ പ്രസ്ഥാനങ്ങൾ കണക്കാക്കപ്പെടുന്നതിനുകാരണം ലക്ഷ്യബോധം നഷ്ടപ്പെട്ട വിദ്യാഭ്യാസം തന്നെയാണ്.

## വിദ്യാഭ്യാസത്തിന്റെ വക്താക്കൾ

### 1. കുടുംബം

ഏതൊരു ജീവിതവും ആരംഭിക്കുന്നതു കുടുംബങ്ങളിൽ നിന്ന് എന്നതു പോലെ വ്യക്തിപരവും സാമൂഹികവുമായ സമഗ്രവളർച്ചയിലേയ്ക്കു നയിക്കുന്ന വിദ്യാഭ്യാസം ആരംഭിക്കുന്നതും കുടുംബങ്ങളിൽ നിന്നാണ്. വളർച്ചയുടെ ദിശനിർണ്ണയിക്കുന്നതിനാവശ്യമായ അടിസ്ഥാന മനോഭാവങ്ങളും രൂപപ്പെടുന്ന വേദികളാണു കുടുംബങ്ങൾ. അതുകൊണ്ടാണു വിദ്യാഭ്യാസത്തിന്റെ പ്രഥമ അദ്ധ്യാപകർ മാതാപിതാക്കൾ ആണ് എന്നു പറയുന്നത്. കുടുംബങ്ങളിൽ നിന്നു ലഭിക്കുന്ന വിദ്യാഭ്യാസമനോഭാവങ്ങളാണ് അടിസ്ഥാനബോധ്യമായി വളരുന്നത്.

### 2. വിദ്യാലയം

പഠിക്കുന്ന വിദ്യാലയാന്തരീക്ഷം വളരെ പ്രധാനപ്പെട്ടതാണ്. സമാധാനവും സന്തോഷവും സ്വാതന്ത്ര്യവും നിലനിൽക്കുന്ന വിദ്യാലയാന്തീക്ഷങ്ങളിൽ വളരുന്ന കുട്ടികൾക്കു മാത്രമേ നലം തികഞ്ഞ വ്യക്തിത്വത്തെ സ്നേഹിക്കുവാനും ആഗ്രഹിക്കുവാനും കഴിയുകയുള്ളൂ. സാമ്പത്തിക ലാഭത്തിന്റെയടിസ്ഥാനത്തിലും ലൗകികമായ നേട്ടങ്ങളുടെ പട്ടികനോക്കിയും വിദ്യാഭ്യാസ കച്ചവടം നടത്തുന്ന വ്യവസായശാലകളായ വിദ്യാലയങ്ങളിലേയ്ക്കു മക്കളെയെറിഞ്ഞുകൊടുക്കുന്ന മാതാപിതാക്കൾ മക്കളെ നശിപ്പിക്കുന്നതിനാവശ്യമായ അടിവളമേകുന്നു എന്നതിനു സംശയമില്ല. അത്തരം വിദ്യാലയങ്ങൾ കാര്യക്ഷമതയുള്ള പഠനം നല്കുമായിരിക്കാം, എന്നാൽ വ്യക്തിത്വവികാസം നല്കുന്നതിനു സഹായിക്കുകയില്ല.

### 3. അദ്ധ്യാപകർ

അദ്ധ്യാപകർ ഗുരുക്കന്മാരാണ്. മനസ്സിന്റെ ഇരുളകറ്റുന്ന പ്രകാശജ്യോതിസ്സുകളാണവർ. തമസ്സകറ്റി മനസ്സിനെ നേർവഴി കാണിക്കുന്ന ഗുരുക്കന്മാർ വിദ്യാഭ്യാസത്തിന്റെ ശക്തമായ വക്താക്കളാണ്. അദ്ധ്യാപകരുടെ ബോധ്യങ്ങളും വിശ്വാസവുമാണ് വിദ്യാർത്ഥികളുടെ ബോധ്യങ്ങളും ദർശനങ്ങളുമായി

രൂപപ്പെടുന്നത്.  ആത്മാർത്ഥതയുള്ള അദ്ധ്യാപകർക്കു മാത്രമേ സ്വഭാവശുദ്ധിയിൽ കുട്ടികളെ വളർത്തുന്നതിനും കെട്ടുറപ്പുള്ള സാമൂഹികഭദ്രത വളർത്തിയെടുക്കുന്നതിനും സാധിയ്ക്കുകയുള്ളൂ.

### 4. സഹപാഠികൾ

വ്യക്തിരൂപീകരണത്തിനു സഹായിക്കുന്നവരിൽ സുപ്രധാന പങ്കുവഹിക്കുന്നവരാണു സഹപാഠികൾ അവർക്കു കുട്ടികളെ ഏറെ സ്വാധീനിക്കാനാകുന്നു.  കൂട്ടുകെട്ടാണു പലപ്പോഴും കുഴപ്പങ്ങളിൽ ചെന്നു ചാടാൻ കുട്ടികൾക്കു പ്രചോദനമാകുന്നത്. നല്ല വിദ്യാഭ്യാസത്തിൽ നല്ല സഹപാഠികളുടെ സഹകരണം അനിവാര്യമാണ്.  അത്തരം സതീർത്ഥ്യരെ പോഷിപ്പിക്കുന്ന പാഠശാലകൾ രൂപപ്പെടുത്തേണ്ടതുവിദ്യാഭ്യാസത്തിലൂടെ വ്യക്തിത്വ വളർച്ച നേടിയെടുക്കുന്നതിനു  സഹായകമാണ്.

### 5. പാഠ്യപദ്ധതികൾ

പഠിക്കുന്ന വസ്തുതയും പ്രധാനപ്പെട്ടതാണ്.  പഠിക്കുന്ന കാര്യങ്ങൾ വ്യക്തിയെ ശാസ്ത്രീയമായ കണ്ണുകളോടെയും വസ്തുനിഷ്ഠമായും ലോകത്തെയും ജീവിതത്തെയും നോക്കികാണാൻ സഹായിക്കുന്നു. വ്യക്തിത്വത്തെ കെട്ടിപ്പടുക്കുന്നതു സാമൂഹ്യ പ്രതിബദ്ധതയില്ലാത്ത രീതിയിലാണെങ്കിൽ പാഠ്യപദ്ധതികൾ വിദ്യാർത്ഥികളെ വഴിപിഴപ്പിക്കുന്നതിനു മാത്രമേ സഹായിക്കുകയുള്ളൂ.

## സദ്വാർത്താ സ്കൂളുകളുടെ പ്രത്യേകതകൾ

വ്യക്തമായ ലക്ഷ്യവും കാര്യക്ഷമതയും ബോധ്യങ്ങളുമുള്ള വക്താക്കളുടെ നിയന്ത്രണത്തിലുള്ള സ്കൂളുകൾ സദ്വാർത്താ സ്കൂളുകളായി രൂപപ്പെടുന്നതിനു കാരണമായിത്തീരുന്നു.  ഇപ്രകാരം കത്തോലിക്കാ സ്കൂളുകൾ സദ്വാർത്താ സ്കൂളുകളാകണമെങ്കിൽ ഉണ്ടായിരിക്കേണ്ട ചില സവിശേഷതകൾ എന്തൊക്കെയാണെന്നു  പരിശോധിക്കാം.

### 1. ദൈവരാജ്യ സമൂഹമായ സ്കൂൾ

ദൈവരാജ്യ സമൂഹമായി സ്കൂളിനെ വളർത്തിയെടുക്കുമ്പോൾ ആ സ്കൂൾ സദ്വാർത്താ സ്കൂളാകുന്നു.  വിദ്യാഭ്യാസത്തെക്കുറിച്ചുള്ള വ്യക്തമായ ലക്ഷ്യവും ഉത്തരവാദിത്വബോധവും ക്രിസ്തുനാഥന്റെ ദൈവരാജ്യ സൃഷ്ടിയുമായി ബന്ധപ്പെട്ടുപോകുന്നതാണ്.  വിഭാഗീ യത വളർത്തുന്നതും സ്വാർത്ഥപരമായ താത്പര്യങ്ങളെ പരിപോഷിപ്പിക്കുന്നതും ദൈവരാജ്യത്തിനു ഭൂഷണമല്ല.  സ്കൂളുകളിൽ മാനുഷിക വികാര വിചാര മനോഭാവങ്ങൾ സമ്മേളിക്കുന്ന സ്നേഹസംഗമ സമൂഹമാക്കി വിദ്യാർത്ഥികളെ വളർത്തിയെടുക്കുമ്പോഴാണു ദൈവരാജ്യത്തിന്റെ പതിപ്പാകുന്നത്.  സ്കൂളിൽ എല്ലാവരെയും ഒന്നിപ്പിച്ചു നിർത്തേണ്ടതു ദൈവരാജ്യത്തിന്റെ മൂല്യങ്ങളായ സത്യം, സ്നേഹം, നീതി, സമാധാനം മുതലായ ഗുണങ്ങളാണ് എന്ന ബോധ്യം നിലനിൽക്കുമ്പോഴാണു സദ്വാർത്താസ്കൂളുകളാകുന്നത്. സ്കൂളുകൾ ദൈവരാജ്യ സമൂഹങ്ങളായി നിലകൊള്ളുമ്പോൾ ബന്ധങ്ങളിൽ ഊഷ്മളതയുണ്ടാകുകയും മൂല്യങ്ങളിൽ സ്ഥിരതയുണ്ടാകുകയും ചെയ്യും.  കുട്ടികളുടെ ഇളം മനസ്സിൽ നന്മയുടെ ശക്തമായ സ്വാധീനം ചെലുത്തുകയും അതുവഴി ശോഭനമായ ഭാവിയിലേയ്ക്കു കുട്ടികളെ മൂല്യങ്ങൾ വഴി നടത്തുകയും ചെയ്യുന്ന ദൈവരാജ്യസമൂഹങ്ങളാണ് സദ്വാർത്താ സ്കൂളുകൾ.

### 2. ബന്ധങ്ങളുടെ പറുദീസ

പ്രധാനാദ്ധ്യാപകരും സ്കൂളിലെ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുന്ന മറ്റദ്ധ്യാപകരും അടിച്ചേൽപ്പിക്കുന്നതും ഭയപ്പെടുത്തുന്നതുമായ അധികാരാധിപത്യനേതൃത്വം ഉപേക്ഷിച്ചു സ്നേഹബന്ധങ്ങളിലൂടെ കാര്യങ്ങൾ സംവേദനം ചെയ്യുന്ന ശൈലി രൂപപ്പെടുത്തുന്നതു സദ്വാർത്താ സ്കൂളിന്റെ പ്രത്യേകതയാണ്.  ഭീതിവാഴുന്ന സ്കൂളിൽ നിന്നും പുറത്തുപോകുന്ന കുട്ടികൾ വികലമായ സ്വഭാവമുള്ളവരായിരിക്കുമെന്നാണ് ശാസ്ത്രീയമായി തെളിയിച്ചിട്ടുള്ളത്. അച്ചടക്കവും മര്യാദയും ബോധ്യങ്ങളായി രൂപപ്പെടുത്തുകയും, പരസ്പരധാരണയും വിശ്വാസവും, വളർച്ചയുടെ ആണിക്കല്ലുകളായി പരിഗണിക്കപ്പെടുകയും ചെയ്യുന്ന സ്കൂളുകൾ സദ്വാർത്താ സ്കൂളുകളാകും.

### 3. ജീവിതവിജയം ലക്ഷ്യമായത്

നൂറുശതമാനം പരീക്ഷാ വിജയം എന്നതിനുപകരം നൂറുശതമാനം ജീവിത വിജയമെന്ന മുദ്രാവാക്യമാണു സദ്വാർത്താ സ്കൂളുകളുടെ പ്രത്യേകത.  100 ശതമാനം വിജയം കരസ്ഥമാക്കണമെന്ന് എല്ലാവരും ആഗ്രഹിക്കും.  എന്നാൽ പരീക്ഷ ജയിച്ചവർ ജീവിതത്തിൽ എത്രമാത്രം വിജയിച്ചു എന്നതു സാധാരണ വിലയിരുത്താറില്ല.  110 ശതമാനം പരീക്ഷാവിജയം ലക്ഷ്യമാകുമ്പോൾ പഠിക്കാൻ കഴിയാതെ പോകുന്നവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും പിൻതള്ളപ്പെടുന്നു.  നഷ്ടമാകാനിടയുള്ള ഓരോ

വിദ്യാർത്ഥികളെയും കണ്ടെത്തി ജീവിത വിജയത്തിന്റെ പാതയിലെത്തിക്കുന്ന സ്കൂളുകളാണു സദ്വാർത്താ സ്കൂളുകൾ. നഷ്ടപ്പെട്ട ആടിനെ തേടിപ്പോകുന്ന ഇടയനെപ്പോലെ, നഷ്ടപ്പെടുന്ന കുട്ടികളെയും തേടി നടക്കുന്ന അദ്ധ്യാപകരും വിദ്യാർത്ഥികളുമടങ്ങുന്ന സ്കൂളുകൾ സദ്വാർത്താ സ്കൂളുകൾ തന്നെയാണ്. ഇവിടെ ഓരോരുതത്തരും ജീവിതത്തെ മുന്നിൽ കണ്ടു വിദ്യതേടുവാനാകയാൽ എല്ലാവർക്കും പ്രാമുഖ്യവും പ്രധാന്യവും കൈവരുന്നു.

### 4. മത്സര രഹിതമായ സഹകരണം

മത്സരരഹിതമായ അന്തരീക്ഷമാണു സദ്വാർത്താ സ്കൂളുകളുടെ പ്രത്യേകത. കഴിവുകൾ പരിപോഷിപ്പിക്കപ്പെടുന്നത് കുറച്ചുപേരെ പിന്നിലാക്കി കൊണ്ടും മറ്റു കുറച്ചുപേരെ മുന്നിലേക്കു കൊണ്ടുവന്നു കൊണ്ടുമല്ല. എല്ലാവരെയും ഉൾക്കൊണ്ടുകൊണ്ട് കാര്യക്ഷമതയിൽ വളർത്തുകയെന്നതു പ്രധാന ദൗത്യമായി മാറുന്നു. കഴിവുകളെ ഹൃദയപൂർവ്വം പ്രോത്സാഹിപ്പിക്കാനും അംഗികരിക്കാനും ഉതകുന്ന തുറവിയുള്ള അന്തരീക്ഷം സദ്വാർത്താ സ്കൂളുകളുടെ പ്രത്യേകതയാണ്. ട്രോഫികൾ കിട്ടുന്ന വ്യക്തികൾക്ക് അമിത പ്രാധാന്യം നല്കി അവർ വാങ്ങുന്ന ട്രോഫികൾ പ്രദർശിപ്പിക്കുമ്പോൾ കുട്ടികളുടെയിടയിൽ വിഭാഗീയത വളർത്തുന്നതിനു കാരണമാകും. ഇപ്രകാരം വിരലിലെണ്ണാവുന്ന കുട്ടികളെമാത്രം വളർത്തുന്നതു സദ്വാർത്താ സ്കൂളുകൾക്കു ചേർന്നതല്ല.

### 5. ക്രിയാത്മകമായ പ്രതികരണശേഷി നിറഞ്ഞത്

കുറെ പാഠങ്ങൾ കാണാതെ പഠിപ്പിച്ചു പരീക്ഷയിൽ മാത്രം ഉന്നത മാർക്കു വാങ്ങാൻ നിർബന്ധിച്ചു നിലകൊള്ളുന്ന സ്കൂളുകളല്ല സദ്വാർത്താ സ്കൂളുകൾ. അന്ധമായി കുട്ടികളെക്കൊണ്ട് എല്ലാം സ്വീകരിപ്പിക്കുകയും അനുസരിപ്പിക്കുകയും ചെയ്യുന്ന പ്രവണതയുമിവിടെ സ്വീകാര്യമല്ല. വസ്തുനിഷ്ടമായി കാര്യങ്ങൾ മനസ്സിലാക്കി ക്രിയാത്മകമായി പ്രതികരിക്കുവാൻ കഴിയുന്നതും അപ്രകാരമുള്ള പ്രതികരണങ്ങളെ ബോധപൂർവ്വം വളർത്തി സമൂഹത്തിന്റെ നന്മയുടെ അടിത്തറയായി മാറ്റുകയും ചെയ്യുന്നയിടമാണ് സദ്വാർത്ത സ്കൂളുകൾ.

### 6. പൂർവ്വ വിദ്യാർത്ഥികളുമായുള്ള നിരന്തര ബന്ധം

പൂർവ്വ വിദ്യാർത്ഥികൾ ഒരുമിച്ചു കൂടി വിലയിരുത്തുകയും ഭാവി സുരക്ഷിതമാക്കാൻ അഭിപ്രായ സമവായങ്ങൾ രൂപപ്പെടുത്തി നടപ്പാക്കുകയും ചെയ്യുന്നയിടങ്ങളാണു സദ്വാർത്താ സ്കൂളുകൾ. പൂർവ്വ വിദ്യാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കാലത്തു തങ്ങൾക്കു കിട്ടാത്ത കാര്യങ്ങളെ തിരിച്ചറിഞ്ഞ് അവ കാലികമായ മാർഗ്ഗങ്ങളിലൂടെ നല്കുവാൻ സഹായകമായ നിർദ്ദേശങ്ങൾ നല്കുന്നു. മാതാപിതാക്കളുമായുള്ള ബന്ധത്തിൽ തീരുമാനങ്ങളെടുത്തു കുട്ടികളുടേയും സമൂഹത്തിന്റേയും സമഗ്രപുരോഗതിക്കുതകുന്ന രീതിയിൽ മുന്നോട്ടുപോകുന്ന സ്കൂളുകളാണു സദ്വാർത്താ സ്കൂളുകൾ.

### 7. മാധ്യമ സാക്ഷരത നിറഞ്ഞ സ്കൂളുകൾ

മാധ്യമങ്ങൾ സൃഷ്ടിക്കുന്ന ഭീകരത വിദ്യാർത്ഥി വൃന്ദത്തെ ക്രൂരമായി ബാധിക്കുന്നു. മാധ്യമങ്ങൾ സൃഷ്ടിക്കുന്ന ആശയക്കുഴപ്പങ്ങൾക്കടിപ്പെട്ടു സ്വാതന്ത്ര്യം തന്നെ മാധ്യമത്തിനു തീറെഴുതി കൊടുത്തിരിക്കുന്ന സാഹചര്യത്തിൽ ശരിയായ മാധ്യമസാക്ഷരത നല്കി വിദ്യാർത്ഥി വിദ്യാർത്ഥിനികളെ മാധ്യമലോകത്തിന്റെ അടിമത്വത്തിൽ നിന്നുമോചിപ്പിക്കുവാൻ സദ്വാർത്താ സ്കൂളുകൾ ശ്രമിക്കുന്നു. ബോധപൂർവ്വകവും ക്രമീകൃതമായ മാധ്യമ സാക്ഷരത ശരിയായ ദർശനത്തിലേക്കു നയിക്കുമെന്നുമാത്രമല്ല വികലമായ കാഴ്ചപ്പാടുകളിൽ നിന്നു കുട്ടികളെ മോചിപ്പിക്കുകയും ചെയ്യുന്നു.

# ka\zb hnZym`ymk hyàn

hn³ kâ sI. ]oddÀ

വിദ്യാഭ്യാസം മനുഷ്യാവകാശമാണ്. അതുകൊണ്ടു തന്നെ വിദ്യാഭ്യാസ പരിപോഷണ പ്രക്രിയയിൽ, ഏർപ്പെട്ടിരിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്ന ഒരു സംസ്കാരം രൂപപ്പെടുത്തുക എന്നത് ഏറ്റവും വലിയ മനുഷ്യാവകാശ സംരക്ഷണമാണ്. മനുഷ്യ നന്മയ്ക്കനുയോജ്യമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതും മനുഷ്യാവകാശം തന്നെയാണ്.

പൊതുമേഖലയിൽ ആയാലും സ്വാകാര്യമേഖലയിൽ ആയാലും വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ അതു പാവപ്പെട്ടവരോടു പക്ഷം ചേരുന്നതും, നീതിയുക്ത സമൂഹ രൂപീകരണത്തിന് ഉതകുന്നതുമായിരിക്കണം.സ്വാർത്ഥത മൂലം ഉണ്ടാകുന്ന സാമ്പത്തിക ക്രമകേടുകൾ, അഴിമതി എന്നിവ ഈ മേഖലയിൽ ഉണ്ടാകാൻ പാടില്ലാത്തതാണ്. ഉത്തരവാദിത്വമുള്ള ഭാവി പൗരന്മാരെ വാർത്തെടുക്കേണ്ട ഇടങ്ങളാണു വിദ്യാഭ്യാസ സ്ഥാപനങ്ങൾ. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്നു വരുമാനമുണ്ടാക്കുന്നുണ്ടെങ്കിൽ അതു സമൂഹത്തിന്റെ സമഗ്ര വിദ്യാഭ്യാസ വളർച്ചയ്ക്കു വേണ്ടി വിനിയോഗിക്കപ്പെടുന്ന സംസ്കാരവും മൂല്യബോധവും എല്ലാവർക്കും ഉണ്ടാകണം.

വിദ്യാഭ്യാസ പ്രക്രിയയിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനത്തെയും പ്രോത്സാഹിപ്പിക്കുന്ന നയം അധികാരികളിൽ നിന്നുണ്ടാകണം. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നതിനു മുൻപുതന്നെ അവർ പാലിക്കേണ്ട വ്യവസ്ഥകൾക്കു രൂപം നൽകണം. സാമ്പത്തിക സാമൂഹിക നിയന്ത്രണങ്ങളിലൂന്നിയുള്ള നിയമങ്ങളാണു പ്രധാനമായും ആവിഷ്കരിക്കേണ്ടത്. സാമ്പത്തിക പിന്നോക്കാവസ്ഥ അനുഭവിക്കുന്ന ഗ്രാമീണ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വിദ്യാർത്ഥികൾക്കും സാമ്പത്തിക പരിരക്ഷ ഉറപ്പുവരുത്തുവാനുള്ള നയങ്ങളും ഉണ്ടാകണം. കേവലം പ്രത്യയ ശാസ്ത്ര വിജയത്തിനായി മാത്രം മാനവശേഷിയും മനുഷ്യപുരോഗതിയും മുരടിപ്പിക്കുന്ന പിന്തിരിപ്പൻ നയങ്ങൾ സ്വീകരിക്കാതിരിക്കാൻ രാഷ്ട്രീയ പാർട്ടികൾ തയ്യാറാകണം.

സമഗ്ര വിദ്യാഭ്യാസത്തിന്റെ സമ്പൂർണ്ണതയെ തടസ്സപ്പെടുത്തുന്ന വിപത്തായി ഇന്നു നിലകൊള്ളുന്നതു വൈവിധ്യമാർന്ന പാഠ്യപദ്ധതികളാണ്. സി. ബി. എസ്. സി, ഐ.സി.എസ്. ഇ. തുടങ്ങിയ വൻ പാഠ്യപദ്ധതി മുതൽ സംസ്ഥാന പാഠ്യപദ്ധതികൾ വരെയുള്ള നീണ്ട ഒരു ശൃംഖല തന്നെ ഇതിലുണ്ട്. ഓരോ പാഠ്യപദ്ധതിയും ലക്ഷ്യം വയ്ക്കുന്നത് അവരവരുടെ സ്വപ്നസാക്ഷാത്കാരവും അവരുടെ സാമ്പത്തികവും സാമൂഹികവുമായ കെട്ടുറപ്പും ആണ്. എന്നാൽ വിദ്യാഭ്യാസം നാടിന്റെ നന്മയ്ക്കും വൈജ്ഞാനിക ഉന്നമനത്തിനുതകുന്നതും ഒരേ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒരു സാമൂഹ സൃഷ്ടിയും അതിലൂടെ ദേശീയ ഒത്തൊരുമയും ആഗ്രഹിക്കുന്നുവെങ്കിൽ ഒരു ഏകീകൃത പാഠ്യപദ്ധതി നമുക്കിന്നാവശ്യമാണ്.

അതിലൂടെ വ്യക്തിയുടെ സമഗ്രവളർച്ചയും സമൂഹത്തിന്റെ സുസ്ഥിര വികാസവും വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ പ്രഖ്യാപിത ലക്ഷ്യവും കൈവരിക്കാനാകും. സമൂഹത്തിന്റെ ഇച്ഛാശക്തിയേയും കാഴ്ചപ്പാടുകളുടെ മുന്നേറ്റത്തേയും പ്രതിഫലിപ്പിക്കുന്നതു തന്നെയാകണം വിദ്യാഭ്യാസ പ്രക്രിയ. മാനവിക വിഷയങ്ങളിൽ ഉണ്ടായിക്കാണുന്ന താല്പര്യക്കുറവ് ഉത്കണ്ഠാജനകമാണ്. ദേശീയ ഉദ്ഗ്രഥനം, പൗരബോധം, പൗര ധർമ്മം, ഭരണഘടനാപരമായ കടമകൾ, സാംസ്കാരിക പൈതൃകം, മതനിരാപേക്ഷകത, ജനാധിപത്യ മൂല്യങ്ങൾ, മനുഷ്യാവകാശങ്ങൾ, ലോകസമാധാനം, പരിസ്ഥിതി സംരക്ഷണം മുതലായ ആശയങ്ങൾ സമഞ്ജസമായി സമ്മേളിക്കപ്പെടണം. ഒരു സമൂഹത്തിലെ എല്ലാവരെയും എല്ലാത്തിനെയും സമന്വയിപ്പിക്കുന്ന ഒരു നിലപാടു വിദ്യാഭ്യാസ പ്രക്രിയയെ കുറ്റമറ്റതാക്കും എന്നതിൽ സംശയമില്ല.

വിദ്യാഭ്യാസം വിവിധ സാമ്പത്തിക മേഖലകളിലേയ്ക്കുള്ള മനുഷ്യശേഷി വളർത്തുവാൻ സഹായിക്കുന്നതോടൊപ്പം ആത്മീയവും ഭൗതീകവുമായ എല്ലാ പുരോഗതിക്കും അടിത്തറയുമാകുന്നു. ഇന്നത്തെ വിദ്യാഭ്യാസം വിവിധ വിഷയങ്ങളെക്കുറിച്ചുള്ള അറിവു കരസ്ഥമാക്കുവാനും ഒരു തൊഴിൽ നേടുന്നതിനും മാത്രം ഉപയോഗിക്കുകയും സമൂഹത്തിൽ എങ്ങനെ ജീവിക്കണമെന്ന അവബോധം സൃഷ്ടിക്കാത്തതുമാണ്. അനുദിനം മണിക്കൂറുകൾ പഠനക്ലാസിൽ ചെലവഴിക്കുന്ന വിദ്യാർത്ഥിനീ വിദ്യാർത്ഥികൾ ഡിഗ്രി കരസ്ഥമാക്കുക മാത്രമല്ല, മറിച്ച്, മനുഷ്യനന്മയും മാതൃരാജ്യസ്നേഹവും, സദാചാര ബോധവും, സാമൂഹിക ജീവിതത്തെക്കുറിച്ചുള്ള അവബോധം നേടുന്നവരാകണം. നല്ലൊരു പൗരനായിരിക്കേണ്ട സവിശേഷതകൾ വിദ്യാഭ്യാസത്തിലൂടെ ആർജ്ജിക്കണം.

വിദ്യാഭ്യാസം ഓരോ പൗരന്റെയും അവകാശമാണ്. രാജ്യ നിയമാവലിയുടെ പ്രാരംഭത്തിൽ

എഴുതിയിരിക്കുന്ന ഈ കാര്യം വളരെ കാലികമാണ്. വിദ്യാഭ്യാസത്തിലൂടെ ഓരോ പൗരനും നീതിയും, സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യവും, ചിന്താശക്തിയും ആവിഷ്കാര സ്വാതന്ത്ര്യവും വിശ്വാസ – ആരാധനാ സ്വാതന്ത്ര്യവും തുല്യതയും സാഹോദര്യവും വ്യക്തി മാഹാത്മ്യവും ഐക്യവും അഖണ്ഢതയും കാത്തുസൂക്ഷിക്കുന്നവരാകണം.

വിദ്യാഭ്യാസം എല്ലാവർക്കും വേണ്ടിയാണ്. വിദ്യാഭ്യാസ ത്തിലൂടെ സമത്വവും ന്യൂനപക്ഷസംരക്ഷണവും എല്ലാവർക്കും സംരക്ഷണവും ഉറപ്പുവരുത്തണം. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുകയാണു വിദ്യാഭ്യാസം എല്ലാവർക്കും വേണ്ടിയെന്നുള്ളതു കൊണ്ട് അർത്ഥമാക്കുന്നത് കുട്ടികൾ, യുവജനം, മുതിർന്നവർ വിദ്യാഭ്യാസത്തിലൂടെ അടിസ്ഥാന ആവശ്യങ്ങളെക്കുറിച്ച് പഠിക്കുന്നവരാകണം. ഈ ആവശ്യങ്ങൾ പഠനോപാധികളെയും മനുഷ്യ നിലനില്പിനും മനുഷ്യ- സമ്പൂർണ്ണതയ്ക്കും ജീവിത -തൊഴിൽ അന്തസ്സിനും സമ്പൂർണ്ണ പുരോഗതിക്കും ജീവിത നിലവാര ഉയർച്ചയ്ക്ക് തീരുമാനം ഏറ്റെടുക്കുവാനും അതു തുടരുന്നതിനും ഉപകരിക്കണം. സമന്വയ വിദ്യാഭ്യാസം ജീവിത നിലവാരം ഉയർത്തുകയും വ്യത്യസ്തതകളിലും ഏകത്വം കണ്ടെത്തുവാനും സഹായിക്കുന്നു.

## സമന്വയ വിദ്യാഭ്യാസത്തിന്റെ പ്രത്യേകതകൾ

1. ജ്ഞാനത്തെയും പരിജ്ഞാനത്തെയും യുക്തി ശക്തിയെയും വൈദഗ്ദ്ധ്യത്തെയും മൂല്യങ്ങളെയും സമന്വയിപ്പിക്കുന്നതാ യിരിക്കും.
2. പഠനത്തിലൂടെ സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്നതിലുപരി ജ്ഞാനം നേടുന്നതിലും അത് മറ്റുള്ളവർക്ക് പകർന്ന് കൊടുക്കുന്നതിലും അതിലൂടെ പഠിക്കുന്നവരുടെ സമ്പൂർണ കഴിവുകളും അനാവരണ മാകുന്നതുമായിരിക്കും.
3. മനുഷ്യ പുരോഗതിക്കുള്ള ഉപകരണവും അതിലൂടെ സമൂഹത്തിന്റെ ഉന്നതിയുമാണു ലക്ഷ്യം വയ്ക്കുന്നത്.
4. എല്ലാവരുടെയും കഴിവുകൾ സമ്പൂർണ്ണ പുരോഗതിയിലെത്തിക്കു വാനും, ജീവിക്കുവാനും, തൊഴിൽ മാഹാത്മ്യം നേടിയെടുക്കു വാനും സഹായിക്കേണ്ടത് രാഷ്ട്രത്തിന്റെ ഉത്തരവാദിത്വമെന്ന ബോധ്യം വളർത്തുന്നതായിരിക്കും.
5. ജനാധിപത്യ സമൂഹ്യ നീതി, പക്ഷപാതമില്ലായ്മ, സഹിഷ്ണുത, തുല്യത, ഗുണമേന്മ ഇവയെല്ലാം ഉറപ്പു വരുത്തുന്നതായിരിക്കും.
6. ഏറ്റവും നല്ല പ്രതീക്ഷ വളർത്തുകയാണ് ഏറ്റവും നല്ല വിദ്യാഭ്യാസം ഇതാണ് നാം അഭിമുഖികരിക്കേണ്ട ഏറ്റവും വലിയ വെല്ലുവിളി. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്കു പ്രവേശിച്ച നമുക്ക് ഏറ്റവും ശ്രേഷ്ഠമായ പ്രതീക്ഷ എന്നു കരുതേണ്ടിയിരിക്കുന്നു. ആ പ്രതീക്ഷക്കനുസരിച്ച് വിദ്യാഭ്യാസ മേഖലയെ സജ്ജീകരിച്ചില്ലെങ്കിൽ വേലി തന്നെ വിളവുതിന്നുന്ന തലത്തിലേക്ക് എത്തിച്ചേരും. പ്രതീക്ഷയുടെ സമന്വയ വിദ്യാഭ്യാസ മേഖല തേടിയുള്ള പ്രയാണത്തിൽ നമുക്ക് എത്തിച്ചേരാം.

## ആദ്ധ്യാത്മിക ജ്ഞാനം

മനുഷ്യന്റെ സാങ്കേതിക പരിജ്ഞാനം ദ്രുതഗതിയിൽ വളരുന്ന സാമൂഹ്യ പശ്ചാത്തലത്തിലാണ് ഇന്നു നാം എത്തിനിൽക്കുക. സാങ്കേതിക പരിജ്ഞാനം മികവുറ്റതാകുന്നതിലൂടെ സമഗ്ര വ്യക്തിത്വത്തിനു മാറ്റം വരുന്നുണ്ടോ എന്നും മനുഷ്യ സംസ്കൃതിയുടെ നിർമ്മിതിയിൽ സർവ്വപങ്കാളിത്തം ഉറപ്പു വരുന്നുണ്ടോ എന്നും വിലയിരുത്തേണ്ടതാണ്. സാങ്കേതിക പരിജ്ഞാനത്തിന്റെ മികവും സാമ്പത്തിക നേട്ടങ്ങളും മനുഷ്യ സംസ്കൃതിക്കു കോട്ടം വരുത്തുന്ന ഒന്നും തന്നെ വിദ്യാഭ്യാസ മേഖലയിൽ സംഭവിക്കാൻ പാടില്ലാ ത്തതാണ്.

സാങ്കേതിക പരിജ്ഞാന മേഖലകളിൽ ഉയർച്ച നേടുന്നതോ ടൊപ്പം മനുഷ്യന്റെ അടിസ്ഥാന ജീവിതതത്വങ്ങളിൽ വേണ്ടത്ര അവബോധം ഉണ്ടാക്കേണ്ടതുണ്ട്. അതിന് ഉപയുക്തമാകുന്ന ഒരു സമന്വയ വൈജ്ഞാനിക മിഷൻ എല്ലാ മേഖലകളിലും രൂപപ്പെ ടേണ്ടതുണ്ട്. സമഗ്ര വൈജ്ഞാനിക മിഷൻ വിദ്യാഭ്യാസ മേഖലയിൽ രൂപീകൃതമാകുന്നതിലൂടെ ലോകത്തെക്കുറിച്ചുള്ള സമന്വയ ദർശനമാണു നാം നേടുക.

സമന്വയ വൈജ്ഞാനിക മിഷൻ ലക്ഷ്യം വയ്ക്കുക, സാങ്കേതിക വിദ്യാഭ്യാസത്തിലൂടെ ഓരോ വ്യക്തിയും പ്രപഞ്ച സത്യത്തോടും പ്രാപഞ്ചിക വസ്തുക്കളോടും സഹജീവികളായ മനുഷ്യരോടും സ്വയാസ്തിത്വത്തിന്റെ മാറ്റുരയ്ക്കുന്ന തന്നോടുതന്നെയും സമന്വയവീക്ഷണാധിഷ്ഠിതമായ ഒരു ജീവിത സംസ്കാരം വളർത്തുക എന്നതാണ്. മേൽപ്പറഞ്ഞ നാലു തലങ്ങളിലുമുള്ള സമന്വയ

ജീവനിലാണ് അറിവിന്റെ മേഖല സമ്പൂർണ്ണമാകുക. മനുഷ്യൻ പടുത്തുയർത്തുന്ന എല്ലാ സാങ്കേതിക പരിജ്ഞാന മേഖലകളും സമന്വയ വൈജ്ഞാനിക മിഷൻ പൂർത്തീകരണത്തിന് ഉപയുക്ത മാകണം.

സമന്വയ വൈജ്ഞാനിക വിദ്യാഭ്യാസം ഭൗതിക വിവേകത്തിലും (IQ) വൈകാരിക വിവേകത്തിലും (EQ) ഒതുങ്ങുന്നതല്ല, മറിച്ച്, ആദ്ധ്യാത്മിക വിവേകത്തിലാണ് (SQ) ഇതിന്റെ പൂർണ്ണത. എന്തിനെ ക്കുറിച്ചുള്ള (Intelligence) അറിവും വൈകാരിക വിവേകം കൊണ്ടു (Emotion) സാദ്ധ്യമാകാത്ത ഒരു മേഖലയാണ് ആദ്ധ്യാത്മിക വിവേകം ( Spiritual Intelligence). ആദ്ധ്യാത്മിക ജ്ഞാനം, എന്തിനെക്കുറിച്ചും ഒരു സമഗ്ര വീക്ഷണവും അതോടൊപ്പം തന്നെ ഒന്നും ഒന്നിനോടും പരിമിതപ്പെടുത്താത്ത മൂല്യ ദർശനത്തിലേയ്ക്കും വിരൽ ചൂണ്ടുന്നതാണ്. മൂല്യങ്ങളുടെ മൂല്യമായ ദൈവികാത്മകതയിലേയ്ക്കും മനുഷ്യാസ്തിത്വത്തിലേയ്ക്കും ഇതു നയിക്കുന്നു. ആദ്ധ്യാത്മിക ജ്ഞാനം മനുഷ്യാവിഷ്കൃത ആശയ അതിർവരമ്പുകൾക്കതീതമായി മനുഷ്യോന്മുഖവികസനത്തിന്റെ ശ്രേഷ്ഠമായ വിജ്ഞാനമാണ്. ആദ്ധ്യാത്മിക ജ്ഞാനത്തിന്റെ (SQ) വികസനത്തിലൂടെ വസ്തു വിജ്ഞാനവും (IQ) വൈകാരിക വിജ്ഞാനവും (EQ) വളർത്തി സമന്വയ വൈജ്ഞാനിക വിദ്യാഭ്യാസ മേഖലയ്ക്കു രൂപം കൊടുക്കുക ഏറ്റവും അത്യാവശ്യമാണ്. സമന്വയ വൈജ്ഞാനിക വിദ്യാഭ്യാസ ത്തിലൂടെ മാത്രമേ ലോകത്തിന് ആശ്വാസകരമായ വികസനവും ഉയർച്ചയും ഉറപ്പു വരുത്താനാകൂ.

# ആശയ വിനിമയ വ്യക്തി

ഉദയകുമാർ ജി.

## ആമുഖം

ആധുനിക ആഗോളവത്കരണ സമൂഹത്തിലെ ശക്തമായ ആശയസാംസ്കാരിക രൂപീകരണത്തെ ത്വരിതപ്പെടുത്തുന്ന ഉപകരണമാണു മാധ്യമങ്ങൾ. ആധുനിക സാങ്കേതിക വിദ്യയുടെ ശക്തമായ തെളുവുകളായി മാധ്യമങ്ങളുടെ സാങ്കേതിക മികവിനെ നമ്മൾ പുകഴ്ത്തുമ്പോൾ, അതിന്റെ വിവിധ വശങ്ങളെ ചർച്ചയ്ക്കു വിധേയമാക്കാതിരിക്കുന്നതു സാംസ്കാരികമായ ഇകഴ്ത്തലിനെയാണ് കാണിക്കുന്നത്; നാം ഇകഴ്ത്തപ്പെടുന്നതു മനസ്സിലാക്കാൻ സാധിക്കാത്ത വിധം നമ്മുടെ ബോധത്തെയും വീക്ഷണത്തെയും രൂപപ്പെടുത്തിയിരിക്കുകയാണ്. പ്രതികരണ ത്തിന്റേയും സ്വയം പരിശോധനയുടേയും എല്ലാ വാതിലു കളേയും അടച്ചിട്ടിരിക്കുന്ന പ്രതീതിയാണ്. ഇത്തരം സന്ദർഭ ത്തിൽ മാധ്യമങ്ങൾ ശക്തിയായിട്ടു രൂപീകൃതമാകുന്നതു കാലഘട്ട ത്തിന്റെ അനിവാര്യതയാണ്. കാലഘട്ടത്തിന്റെ സാംസ്കാരികമായ നിലനില്പ്പു തന്നെ മാധ്യമങ്ങളുടെ അടിത്തറയിൽ പണിതിരിക്കുന്ന കാഴ്ചയാണു നാമിന്നു ദർശിക്കുന്നത്. ചുരുക്കത്തിൽ, കാലഘട്ടത്തിന്റെ വക്താക്കളായി മാധ്യമങ്ങൾ മാറുന്നതു വർത്തമാനത്തിന്റെ യാഥാർത്ഥ്യമാണ്.

## സംസ്കാരത്തിന്റെ വിനിമയം

ഇന്ത്യപോലുള്ള ബഹുത്വസംസ്കാരം നിലനില്ക്കുന്ന രാജ്യത്തും വിവിധ സംസ്കാരങ്ങൾ നിലനില്ക്കുന്ന മറ്റു രാജ്യങ്ങളിലും സാംസ്കാരിക വിനിമയം, നാം കാണുന്നു. മാധ്യമങ്ങളിലൂടെ വ്യത്യസ്ത സംസ്കാരത്തെ കൈമാറുമ്പോൾ, കാഴ്ചക്കാരും, കേൾവിക്കാരും, വായനക്കാരും അതു സ്വീകരിക്കുന്നതു വളരെ സൂക്ഷ്മതയോടു കൂടിയായിരിക്കണം. നമ്മുടെ സ്വഭാവ സംസ്കാര രൂപീകരണം നടക്കുന്നതു നാം സ്വീകരിക്കുന്ന മാധ്യമ പ്രതീകങ്ങളിലൂടെയാണ്. ഇവിടെയാണു നമുക്ക് ആവശ്യമുള്ളവ ഏതൊക്കെയാണെന്ന തിരിച്ചറിവു വേണ്ടത്. നവീനമായ ഒരു മാനവിക സംസ്കാരത്തിനു വേണ്ടി നിലകൊള്ളേണ്ട നാം ആത്മീയ അടിസ്ഥാനവും നവ സംസ്കാരവും നിർമ്മിക്കുന്നതിനായി, ആത്മീയ വീക്ഷണത്തെ ഉയർത്തികാട്ടുന്ന സാംസ്കാരിക നിർമ്മിതിക്ക് ഉതകുന്ന പരിപാടികളെയാണു സ്വീകരിക്കേണ്ടത്. സമൂഹത്തിന്റെ ഉയർച്ച അതിന്റെ ഭൗതികമായ സന്തോഷത്തേയും സുഖങ്ങളേയും ആശ്രയിച്ചല്ല നിലകൊള്ളുന്നത്; മറിച്ച് ആത്മീയതയെയും, സാംസ്കാരിക ഉണർവ്വിനേയും ആശ്രയിച്ചാണ്. ആയതിനാൽ ആത്മീയാധിഷ്ഠിതമായ ഭൗതിക ഉണർവ്വു സംജാതമാക്കണം. ഇവിടെ ആത്മീയവീക്ഷണം വ്യക്തി കേന്ദ്രീകൃതമായ ഒന്നിൽ നിന്നും സാമൂഹികമായ ഉത്പന്നമായും സാസ്കാരിക - ആത്മീയതയെ സൃഷ്ടിക്കുകയായിരിക്കണം നവ മാനവികവീക്ഷണത്തിൽ മാധ്യമങ്ങൾ വഹിക്കേണ്ടിയിരിക്കുന്ന ഏറ്റവും വലിയ കടമ. ഇത്തരം പ്രക്രിയയിൽ നിന്നു മാധ്യമങ്ങൾ അകന്നുപോകുന്നുവെങ്കിൽ, അതിനർത്ഥം സാംസ്കാരിക വിനിമയത്തിൽ നിന്നും അകന്നു പോകുന്നു എന്നാണ്. സമന്വയസംസ്കാരത്തിന്റെ പാതയിൽ ഇത് അപകടമാണ്. നമുക്കു വേണ്ടതു വെറും സംസ്കാരങ്ങളുടെ വിനിമയം അല്ല, മറിച്ച്, സാസ്കാരിക സ്രോതസ്സുകളുടെ ഉത്തമ കൈമാറ്റം തന്നെയാണ്.



## ആധുനിക സംസ്കാരം:- വിനിമയം വേണമോ? വേണ്ടയോ?

ആധുനിക കാലഘട്ടത്തിൽ സംസ്കാരങ്ങളുടെ കൈമാറ്റം അവഗണിക്കുവാൻ അസാധ്യമാണ്. ഇവിടെ ഒരു സാംസ്കാരിക കൈമാറ്റവും നടത്തേണ്ട കാര്യമില്ല എന്നുപറയുന്നതു നിഷേധാത്മകമായ നിലപാടാണ്. ഇന്ത്യയെ സംബന്ധിച്ചു, കച്ചവട സംസ്കാരം നിറഞ്ഞുനില്ക്കുന്ന പാശ്ചാത്യ ജീവിത ശൈലികളുടേയും അമേരിക്കൻ സാംസ്കാരിക ഭാഗങ്ങളുടേയും കടന്നുകയറ്റമാണു നാം കാണുക. ദൈവിക പദ്ധതികൾക്കനുസരിച്ചു മനുഷ്യമഹത്വത്തെ കാത്തുസൂക്ഷിക്കേണ്ട കടമ, ചാനലുകളോ, സാംസ്കാരിക ജിഹ്വകളോ നിറവേറ്റുന്നില്ല. സംസ്കാരരാഹിത്യത്തിന്റെ കടന്നുകയറ്റമാണ് ഇവിടെ നടക്കുന്നത്. ബോധപൂർവ്വം നടത്തുന്ന ഇത്തരം കടന്നുകയറ്റത്തിനു വ്യക്തമായ രാഷ്ട്രീയ ലക്ഷ്യം തന്നെയുണ്ട്. ഇതു നമ്മെ ആത്മീയ വ്യക്തികളായും മാറ്റുന്നില്ല. സാമൂഹിക വ്യക്തികളായും മാറ്റുന്നില്ല. സമൂഹത്തിൽ ജീവിക്കേണ്ട നമുക്കു രാഷ്ട്രീയ മൂല്യങ്ങൾ തരുന്നതിൽ ആഗോളവത്കൃതമായ മാധ്യമ ശൃംഖലകൾ സമ്പൂർണ്ണ പരാജയമാണ്. രാഷ്ട്രീയബോധമില്ലാത്ത, സാമൂഹികമായ കടപ്പാടുകളില്ലാത്ത, ശുഷ്കജീവികളായി നമ്മെ മാറ്റേണ്ടത് ആധുനിക ലോകത്തു സാമ്രാജ്യത്വ താത്പര്യങ്ങളെ സംരക്ഷിക്കുന്ന മുതലാളിത്ത രൂപങ്ങളുടെ ലക്ഷ്യമാണ്. ഇത്തരം അപകടത്തിലേയ്ക്ക് നമ്മെ എത്തിക്കുന്ന സാസ്കാരിക വിനിമയമാണ് ആധുനിക മാധ്യമങ്ങളിലൂടെ നടക്കുന്നതെങ്കിൽ, അതിനെ നാം നഖശിഖാന്തം

എതിർക്കേണ്ടതു തന്നെയാണ്. അത്തരം അപകടകരമായ ഗർത്തത്തിലേയ്ക്ക് വരും തലമുറയെ എറിഞ്ഞുകൊടുക്കാതിരിക്കേണ്ട കടമയാണു സമന്വയ മാനവിക വീക്ഷണത്തെ ഉയർത്തിപ്പിടിക്കുന്ന നാം ചെയ്യേണ്ടത്. രാഷ്ട്രീയത്തിലെ ആത്മീയ സംസ്കാരത്തിനു വേണ്ടിയാണ്, സാമൂഹിക ജീവിത്തിലേയും, വ്യക്തി ജീവിതത്തിലേയും, ആത്മീയ നിറവിലേയ്ക്കാണ്. ഒന്നിന്റെയും നീരസത്തിനു വേണ്ടിയായിരിക്കുന്നത്.

## മാനവികതയെ മറക്കുന്ന - കച്ചവടം മാത്രം ലക്ഷ്യം

ഇന്നിന്റെ എല്ലാ പ്രത്യേകതയോടും കൂടി നമ്മെ ഏറ്റവും സ്വാധീനിക്കുന്നതു ടെലിവിഷൻ ചാനലുകളാണ്. മനുഷ്യ മഹത്വത്തിനു വേണ്ടിയായിരിക്കണം ചാനലുകളിലൂടെ സംപ്രേക്ഷണം ചെയ്യുന്ന പരിപാടികൾ എന്നുള്ളതു മറന്നുപോകുന്നു. മനുഷ്യൻ ഇവിടെ വെറും കാഴ്ചക്കാരായി മാത്രം നിലകൊള്ളുകയാണ്. അതിലൂടെ നമ്മുടെ സാസ്കാരിക വേരുകൾ അറുക്കപ്പെടുന്നു. നന്മയിൽ നിന്നും തിന്മയിലേക്കാണു വിശുദ്ധിയിൽ നിന്നും അശുദ്ധിയിലേക്കുമാണു യാത്ര ചെയ്യുന്നത്. നാം അറിയാതെ നമ്മുടെ മഹത്വം നഷ്ടപ്പെട്ടു പോകുന്നു. നമ്മുടെ കുടുംബ ബന്ധങ്ങളിലും, ബന്ധങ്ങളുടെ വിശുദ്ധിയിലും, മഹത്വത്തിലും വിള്ളൽ വീഴുന്നു. ഗൗരവമായ വിഷയങ്ങൾ നമ്മൾ അറിയുന്നതിനും ബോധ്യപ്പെടുന്നതിനും പകരം, ഗൗരവം നഷ്ടപ്പെട്ടവരായി, സാസ്കാരിക ഉണർവ്വു നഷ്ടപ്പെട്ടവരായി മാറുന്നു. ധാർമ്മികമായ ദൈവിക വഴികൾ നഷ്ടപ്പെട്ടു ലൈംഗീക വൈകൃതങ്ങളുടേയും പാപപ്രവർത്തികളുടേയും സാംസ്കാരിക അധ:പതനത്തിന്റേയും വെറും കാഴ്ചക്കാരായി മാറുന്നു. നമ്മുടെ തിന്മയിലുള്ള ഉറക്കത്തെയാണ് ഇതു കാണിക്കുക. ഷേക്സ്പിയർ നാടകത്തിലെ Lady Macbeth -ന്റെ സാംസ്കാരിക ചിരിയാണ് ഇത്തരം ചാനലുകൾ നൽകുന്നത്. നവമാനവ സൃഷ്ടിക്കായി പ്രവർത്തിക്കേണ്ട തലമുറയെ മസ്തിഷ്ക പ്രക്ഷാളനം നടത്തി, തിന്മയിലേയ്ക്കുള്ള വഴി കാണിച്ചുകൊടുക്കുകയാണ്. സ്ത്രീകൾക്കു കരയുവാനും, ഒരുങ്ങുവാനും മാത്രമേ ഇതു പ്രാപ്തി നല്കുന്നുള്ളു. സാംസ്കാരിക മായ പിന്നോക്കം പോക്കിന്റെ കാരണം തീർച്ചയായും സാംസ്കാരി കമായി തരം താണ മാധ്യമത്തിന്റെ കടന്നുകയറ്റം തന്നെയാണ് ഇവിടെ സംഭവിക്കുന്നത്. വിലകുറഞ്ഞ സാംസ്കാരിക മഹത്വത്തെ നമ്മെ അറിയിക്കുകയല്ല; മറിച്ച് മറ്റ് സംസ്കാരത്തിന്റെ ചവറുകൾ നമ്മെ കാണിച്ച് ഇക്കിളിയാക്കുകയാണ്.

# പ്രതിബദ്ധതയുടെ വ്യക്തി

## ജോസഫ് പാറാങ്കുഴി

പ്രപഞ്ചത്തിന്റെ തിലകക്കുറിയായ മനുഷ്യൻ, പ്രപഞ്ചത്തെയും, പ്രാപഞ്ചിക രഹസ്യങ്ങളെയും അനാവരണം ചെയ്യാനുള്ള തീവ്രശ്രമത്തിലാണ്. പ്രപഞ്ചത്തിന്റെ രഹസ്യാത്മകതയും, ഉൾപ്പിരി വുകളും തൊട്ടറിയാൻ വെമ്പൽ കൊള്ളുന്ന മനുഷ്യൻ മറ്റൊരു മഹാപ്രപഞ്ചമാണെന്നുള്ള തിരിച്ചറിവിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ് ശാസ്ത്ര-സാങ്കേതിക-വൈജ്ഞാനിക മേഖലക ളിലുള്ള അവന്റെ അധീശത്വം, അവന്റെ ജൈത്രയാത്രയുടെ ഗതിവേഗം വർദ്ധിപ്പിക്കുന്നുണ്ട്. സകലത്തിന്റെയും അളവു കോലായിട്ട് മാറാനുള്ള തത്രപ്പാടിൽ മനുഷ്യൻ വ്യാപരി ക്കുമ്പോഴും അവനിലെ സങ്കീർണ്ണതകളും സംഘർഷങ്ങളും അവന്റെ പ്രയാണത്തിൽ അസ്വസ്ഥത നിറയ്ക്കുകയാണ്. അതിനാൽ ഇന്നിന്റെ മനുഷ്യൻ അസ്തിത്വ ദു:ഖം അനുഭവി ക്കുന്നവനാണ്.

മർത്ത്യൻ എന്ന വാക്കിന്റെ അർത്ഥം മരണമുള്ളവൻ എന്നാണ്. അതായത് സ്ഥല - കാല - സാഹചര്യങ്ങളുടെ പരിധിയിലും, പരിമിതികളിലും കുരുങ്ങിക്കിടക്കാൻ വിധിക്ക പ്പെട്ടവനാണ്. ആത്മ - ശരീരങ്ങളുടെ ആകർഷണ - വികർഷണ ബന്ധത്തിന്റെ പൊക്കിൾക്കൊടി മുറിച്ച് അവന് പറന്നുയരാൻ കഴിയില്ലെന്ന് സാരം. അതേസമയം മനുഷ്യൻ എന്ന പദത്തിന് അതിവിശാലമായ ഒരു ചക്രവാളമുണ്ട്. മനുഷ്യൻ മനനം ചെയ്യു ന്നവൻ, ധ്യാനിക്കുന്നവൻ, ഉപാസിക്കുന്നവൻ, ദൈവമേഖലയിൽ വ്യാപരിക്കുന്നവൻ എന്നെല്ലാമാണ് അർത്ഥമാക്കുക.

മനുഷ്യൻ അടിസ്ഥാനപരമായി ഒരു സാമൂഹ്യ ജീവിയാണ്. അതിനാൽ അവന്റെ അസ്തിത്വം, സഹാസ്തിത്വത്തോടും, സഹവർത്തിത്വത്തോടും രൂഢമൂലമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. അതായത്, മനുഷ്യൻ ഒരു ദ്വീപല്ല. സാമൂഹവുമായി നിരന്തരം സംവദിച്ചു തന്റെ തനിമ വെളിപ്പെടുത്താനുള്ള ധർമ്മം നിറവേറ്റേണ്ടതുണ്ട്. അപൂർണ്ണനായ മനുഷ്യൻ പൂർണ്ണത കൈവരിക്കാൻ ഭൂത കാലത്തേയും, ഭാവികാലത്തേയും, വർത്തമാനകാലത്തിന്റെ മൂശയിൽ ഉടച്ച് വാർത്തു രൂപപ്പെടുത്തേണ്ടതായിട്ടുണ്ട്. ഈ പ്രക്രിയ നിരന്തരം നടക്കണം....... മനുഷ്യൻ കേവലം പരിതസ്ഥിതിയുടെ, സാഹചര്യങ്ങളുടെ, ഉല്പന്നമല്ല. ജീവിക്കുന്ന സമൂഹത്തിന്റെ മധ്യത്തിൽ നിന്നുകൊണ്ടു ത്യാജ്യ-ഗ്രാഹ്യ വിവേചന ശക്തിയോടു കൂടെ, യാഥാർത്ഥ്യ ബോധത്തോടു കൂടെ, വസ്തുതകളെ വിശകലനം ചെയ്യാനും, വിലയിരുത്താനും, ഉറച്ച നിലപാടുകൾ സ്വീകരിക്കാനും വിളിക്കപ്പെട്ടവനാണ്.

മനുഷ്യനായിരിക്കുക എന്നതിനർത്ഥം (Be a man), മനുഷ്യപ്പറ്റ് ഉള്ളവനായിരിക്കുക (ആല ശിഴ വൗാമി), ധാർമ്മികനായിരിക്കുക (Being Ethical), മതാത്മകനായിരിക്കുക (Being religious), സുബോധവാ നായിരിക്കുക (Being normal), എന്നു തന്നെയാണ്. കാരണം അവൻ മൗലികമായി ദൈവത്തോടും മനുഷ്യരോടും പ്രപഞ്ചത്തോടും ഉൾച്ചേർന്നിരിക്കുന്നവനാണ്. ഒരു വേള ഈ ലോകത്ത് ഒരേ ഒരു വ്യക്തി മാത്രമേ ജീവിച്ചിരിക്കുന്നുള്ളൂ എങ്കിലും പ്രസ്തുത ബന്ധം മങ്ങലേൽക്കാതെ കാത്തു സൂക്ഷിക്കുവാനുള്ള ധാർമ്മിക ഉത്തരവാദിത്വം മനുഷ്യനുണ്ട്. ഈ ഉത്തരവാദിത്വ ബോധത്തെ നമുക്ക് പ്രതിബദ്ധത എന്നു വിളിക്കാവുന്നതാണ്.

ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലുമാണു മനുഷ്യനെ സൃഷ്ടിച്ചതെന്ന് പറയുമ്പോൾ, അനന്തമായ സിദ്ധികളും സാധ്യതകളും നൽകുക മാത്രമല്ല, പ്രപഞ്ചത്തെ സൂക്ഷ്മതയോടെ നയിക്കാനും പരിപാലിക്കാനുമുള്ള ഉത്തരവാദിത്വവും നൽകുകയായിരുന്നു. ഒരേസമയം സ്വാഭാവികവും അതിസ്വഭാവികവുമായ ഒരു ശക്തി വിശേഷം ദൈവം മനുഷ്യനിൽ നിക്ഷേപിച്ചു എന്ന് വ്യക്തമാവു കയാണ്. മറ്റുവാക്കുകളിൽ, ഭൂമിയിൽ ആയിരിക്കുമ്പോഴും, ദൈവ മേഖലയിൽ ആയിരിക്കാനുള്ള കടമ മനുഷ്യനുണ്ട്.

ചിന്തിക്കുവാനും, ചിരിക്കുവാനും നന്മ-തിന്മകളെ വേർതിരിച്ചറി യുവാനും വിശകലനം ചെയ്യുവാനും വിലയിരിത്തുവാനും കഴിവുള്ള വിശേഷണ ബുദ്ധിയുള്ള ഒരു സാമൂഹ്യ ജീവിയായിട്ടു തത്വചിന്തകർ മനുഷ്യനെ നോക്കി കാണുമ്പോൾ, പ്രസ്തുത ഗുണമൂല്യങ്ങളിൽ നിരന്തരം മനുഷ്യൻ വളരണമെന്നു തന്നെയാണ് അർത്ഥമാക്കുന്നത്. തികഞ്ഞ ദിശാബോധത്തോടു കൂടെ ഭാവിയെ കരുപ്പിടിപ്പിക്കാനുള്ള മൗലികമായ ധർമ്മം നിറവേറ്റാൻ അവൻ ബാധ്യസ്ഥനാണ്. അന്തഃസത്ത ചോർന്നു പോകാതെ, ഉദാത്തമാം വിധം ഉൺമയെ (being) പരിപോഷിപ്പിക്കാനുള്ള കടമ അവനിൽ/അവളിൽ, നിക്ഷിപ്തമായി രിക്കുകയാണ്.

മനുഷ്യൻ, കൊണ്ടും, കൊടുത്തും ജീവിതം സമ്പന്നമാക്കാൻ ഉത്തരവാദിത്വപ്പെട്ടവനാണ്. ഈ

ലോകത്തിൽ ആർക്കും ഒറ്റയ്ക്ക് ജീവിതപൂർണ്ണത കൈവരിക്കാനാവില്ല. ഓരോ ദിവസവും ആയിരക്ക ണക്കിന് ആൾക്കാരുടെ പ്രത്യക്ഷമായോ, പരോക്ഷമായോ ഉള്ള നന്മയിലും സഹായസഹകരണത്തിലുമാണു നാം ജീവിക്കുക. ഈ സാമൂഹ്യ ബന്ധത്തിന്റെ വളർച്ചയ്ക്കു ചില ചിട്ടകളുംക്രമങ്ങളും താളവും ലയവും അനിവാര്യമായി ഭവിക്കുന്നു. ഇവിടെയാണു നിയമത്തിന്റെ, നീതിയുടെ, ക്രമസമാധാനത്തിന്റെ, ഭരണക്രമത്തിന്റെ ആവശ്യകത നമ്മിൽ കടമകളുടെയും അവകാശങ്ങളുടെയും പുതിയ വാതായനങ്ങൾ തുറന്നിടുന്നത്.

അവകാശങ്ങളെക്കുറിച്ചു ബോധമുള്ളവരാണ് നമ്മൾ. അതേസമയം കടമകളെക്കുറിച്ചു ബോധപൂർവ്വം അജ്ഞത നടിക്കു ന്നവരാണ് നമ്മിൽ ഏറിയ പങ്കും. ഇവ രണ്ടും പരസ്പര പൂരക മാണെന്ന തിരിച്ചറിവു നമ്മുടെ സാമൂഹ്യ പ്രതിബദ്ധത യുടെ ആഴവും, പരപ്പും വർദ്ധിപ്പിക്കും. പൗരബോധം വർത്തമാനമാകുമ്പോൾ സാമൂഹ്യ അവബോധം ശക്തി പ്രാപിക്കുന്നു. ഭരണഘടനാപരമായ അവകാശങ്ങളും, സ്വാതന്ത്ര്യവും നമുക്ക് അനുഭവിക്കുവാൻ, കടമകൾ നിറവേറ്റാ നുള്ള ധാർമ്മികമായ ഉത്തരവാദിത്വം നിറവേറ്റേണ്ടതുണ്ട്. ഈ ധർമ്മം മനുഷ്യനെന്ന വ്യക്തിയുടെ ദൗത്യ നിർവഹണം ആണെന്ന തിരിച്ചറിവിലേയ്ക്ക് നമ്മെ നയിക്കേണ്ടതാണ്. ഇതിനെ അതിന്റെ പൂർണ്ണ അർത്ഥ ത്തിൽ ഇന്നു കൂട്ടായ്മ എന്ന പദം കൊണ്ടാണു വിവക്ഷിക്കുന്നത്.

സനാതന മൂല്യങ്ങളിൽ നങ്കൂരമിട്ടുകൊണ്ടു പ്രതിജ്ഞാ ബദ്ധമായ മനസ്സോടും, സഹവർത്തിത്വത്തോടും, തുറവിയുള്ള ദാർശനിക വീക്ഷണങ്ങളോടുമുള്ള, ആർദ്രതയുള്ള, സമസൃഷ്ടി സ്നേഹമാണു കൂട്ടായ്മയുടെ ഉള്ളായ്മയും, ജീവശക്തിയും.

ശാസ്ത്ര-സാങ്കേതിക മണ്ഡലങ്ങളിൽ സ്ഫോടനാത്മകമായ കുതിച്ചു കയറ്റം ഒരു വശത്തു നടക്കുമ്പോൾ, മറുവശത്ത് മനുഷ്യനും, മാനുഷിക മൂല്യങ്ങൾക്കും വിലയിടിവു സംഭവിക്കുന്ന ദുരവസ്ഥയാണ് നമുക്കു ദർശിക്കാൻ കഴിയുന്നത്. ജീവനെപ്പോലും നിഷേധിക്കുന്ന, മൂല്യങ്ങളുടെ തകിടം മറിച്ചിൽ, മനുഷ്യനെ കേവലം ഒരു യന്ത്രമനുഷ്യന്റെ തലത്തിലേയ്ക്കു കൊണ്ടെത്തിക്കുവാൻ യത്നിക്കുന്ന ഖേദകരമായ സ്ഥിതി, ദൈവനിഷേധം തന്നെയാണ്.പ്രതിബദ്ധതയുള്ള ഒരു ജീവിതം നയിക്കാൻ പ്രതിജ്ഞയെടുക്കാം.

ആധുനിക മനുഷ്യൻ നേട്ടങ്ങളുടെ പുറകെ ഓടുന്നവനാണ് എല്ലാത്തിലും ലാഭമാണു ലക്ഷ്യം. അവൻ/അവൾ ഒരു മത്സര ക്കളരിയിലാണ്. ജയപരാജയങ്ങൾ തളർത്തുകയോ, വളർത്തുകയോ ചെയ്യാം. ചിലരെ പരാജയങ്ങൾ വല്ലാതെ തളർത്തികളയും. ജീവിതം പോലും നശിപ്പിക്കാൻ പ്രേരിതരാക്കും. സമചിത്തതയോടെ വസ്തുതകൾ നോക്കിക്കാണാനുള്ള ഒരു വൈകാരിക പക്വത (Emotional Intelligence Quotient) ഇന്ന് അനിവാര്യമായി വന്നിരിക്കുന്നു. കേവലം IQ (Intelligence Quotient) മാത്രം പോരാ ഇന്നിന്റെ മനുഷ്യന്.

ജീവിത വിജയത്തിന്റെയും, സന്തോഷത്തിന്റെയും രഹസ്യാത്മകത E.I.Q ആണ്. അതായത് സ്വന്തം വികാര-വിചാരങ്ങളെയും മാനസിക വിക്ഷോഭങ്ങളെയും പറ്റിയുള്ള അവബോധവും അതിന്മേലുള്ള സമ്പൂർണ്ണ ആധിപത്യവുമാണത്. ജീവിതത്തിന്റെ പ്രതികൂല സാഹചര്യങ്ങളിലൂടെ സമ്മർദ്ദങ്ങളിലും തകർച്ചയിലും, ദുരന്തത്തിൽപോലും E.I.Q പ്രസാദത്മകതയോടും, പ്രസന്നതയോടും, സമചിത്തതയോടും, നമ്മെ മാന്യവും സാംസ്കാര സമ്പന്നവുമായ പെരുമാറ്റത്തിനും തീരുമാനങ്ങളെടുക്കാനും സജ്ജരാകുന്നു.

ഒരു രാത്രി ഇരുണ്ട് വെളുത്ത് കഴിയുമ്പോൾ സംലഭ്യമാകുന്ന യാഥാർത്ഥ്യമല്ല. ജീവിതാനുഭവം, പ്രാർത്ഥനധ്യാനം, ഉപാസന, മിതത്വം എന്നിവ അടിവളമായി സൂക്ഷിക്കണം. യോഗാസനവും, കളരിയും, കരാട്ടെയും ഒക്കെ E.I.Q വർത്തമാനമാക്കാൻ സഹായിക്കും.

മനുഷ്യനിൽ തിന്മയിലേക്ക് ഒരു ചായ്വ് ഉള്ളതു പോലെ, ഒരു പ്രവണത ഒരു ചാരുകസേര മനോഭാവമാണ്. സുഖാസക്തിയും, സുഖലോപുതയുമൊക്കെ ചാരുകസേര സംസ്കാരത്തിന്റെ ഉല്പന്നമാണ്. അധ്വാനിക്കാതെ, വിയർക്കാതെ അന്യന്റെ ഊർജ്ജം ഊറ്റിയെടുക്കുക. ഇത്തരത്തിലുള്ള ഒരു ഇത്തിൾകണ്ണി സംസ്കാരം എല്ലാ മേഖലകളിലും ആഴത്തിൽ വേരോടി വരുകയാണ്. ഇത് ഒരു അധമ സംസ്കാരത്തിനു വഴിമരുന്നിടുകയായിരിക്കും. സ്വന്തം വിയർപ്പിന്റെ മണവും രുചിയും അറിഞ്ഞ് അപ്പം തിന്നുന്നതാണു തനിമ .

നട്ടിടത്തു പുഷ്പിക്കുന്നതും പുഷ്പിക്കുന്നിടത്തു നടുന്നതും തമ്മിൽ കാതലായ വ്യത്യാസമുണ്ട്. എന്നാൽ ആപത്കരമായ ഒരു വസ്തുത (സകല വിധമായ ഭൗതിക സാഹചര്യങ്ങൾ) പുഷ്പിക്കുന്നിടത്ത് നട്ടാൽ പോലും പൂക്കാത്ത പൂചെടികളുടെ എണ്ണം വർത്തമാനമായി കൊണ്ടിരിക്കുന്നു. പ്രതീക്ഷയും പ്രത്യാശയുമില്ലാത്ത നിസ്സംഗതയുടെ ജഡത്വത്തി ലേയ്ക്കു നീങ്ങികൊണ്ടിരിക്കുന്ന

പ്രതിഭാസം ചികിത്സിച്ചു ഭേദമാക്കാൻ കഴിയാത്ത ഒരു മാരകരോഗ മായി മാറിയിരിക്കയാണ്. ഭാവിയെക്കുറിച്ചു പുലർത്തുന്ന ഈ നിഷേധാത്മക മനോഭാവത്തിന്റെ കാരണങ്ങൾ കണ്ടു പിടിക്കേണ്ടതുണ്ട്.

നാം ജീവിക്കുമ്പോൾ ആശ്രയത്വവും സ്വാശ്രയത്വവും പരസ്പരാശ്രയത്വവും പ്രത്യക്ഷമായോ, പരോക്ഷമായോ നമുക്ക് അനുഭവിക്കേണ്ടതായി വരുമെന്നതു സ്വാഭാവികവും വളർച്ചയുടെ ഭാഗവുമായി കാണേണ്ടതുമാണ്. പരസ്പരാശ്രയത്വം (Inter dependence) ഉയർന്ന വ്യക്തിത്വത്തിന്റെ ഉടമയുടെ ലക്ഷണമാണ്. ആരും പൂർണ്ണരും അന്യരും അല്ലെന്നുള്ള ഒരു അവബോധമാണു പരസ്പരാശ്രയത്വം ഉയർത്തുന്നത്.

വ്യഗ്രത നിറഞ്ഞ ഇന്നിന്റെ മനുഷ്യന് ഏകാഗ്രത കൈമോശം വന്നിരിക്കുന്നു. മനുഷ്യനെന്ന സമഗ്രതയെ പരിപോഷിപ്പിക്കാൻ ഭൗതിക സാഹചര്യങ്ങളും ആത്മീയ സാഹചര്യങ്ങളും തുല്യ പ്രാധാന്യം അർഹിക്കുന്നു. സുഭിക്ഷതയുടെ നടുവിൽ ആത്മീയത അന്യമായി ത്തീരുമ്പോൾ ഒരു പൊള്ളയായ മനുഷ്യൻ രൂപം കൊള്ളും. ഈ മനുഷ്യൻ ഹതഭാഗ്യനായ മനുഷ്യനാണ്. സൃഷ്ടവസ്തുക്കളെ ക്കൊണ്ട് അവന്റെ/അവളുടെ ദാഹം ശമിപ്പിക്കാനാവില്ല. ഇവിടെ നാം സ്വയം ചോദിക്കേണ്ടതായ ഒരു ചോദ്യം ഉണ്ട്. ഞാൻ ആരാണ്? ഞാൻ ആരായിത്തീരണം? ഈ ചോദ്യം നമ്മെ ധ്യാന ത്തിന്റെ സുവർണ്ണ തീരത്തിലേയ്ക്കോ, നിസ്സഹായത തുളുമ്പുന്ന മരുഭൂമിയിലേയ്ക്കോ ആയിരിക്കും നയിക്കുക. ഇവിടെ നിന്ന് ഒളിച്ചോടാതിരുന്നാൽ അതായത് ഉപാസനപൂർവ്വം മുന്നോട്ടു പോയാൽ ഉൾക്കാഴ്ചകൾ നമ്മിൽ രൂപപ്പെടും.

എന്റെ ആളത്വഭാവം (Individuality) or തനിമ ഞാൻ സ്വയം അനാവരണം ചെയ്യാൻ, ഞാൻ എന്നിലേക്കു തന്നെ പ്രയാണം ചെയ്യണം (Inward journey). ഈ യാത്ര ഒരു തീർത്ഥയാത്രയാണ്. ഭാരക്കുറവു തരുന്ന യാത്രയാണ്. ഇവിടെ നമ്മിൽ ഒരു അന്തർ മുഖത്വം, ഉൾവലിവ് സ്വാഭാവികം. യേശുവിൽ ഈ ഉൾവലിവ് നീണ്ട 30 വർഷമായിരുന്നു.

എന്റെ തീർത്ഥാടനത്തിന്റെ അന്ത്യം എനിക്കു കിട്ടുന്ന ദർശനം എന്റെ സാമൂഹികതയെ (Sociality) കുറിച്ചുള്ള അവബോധമാണ്. മറ്റു വാക്കുകളിൽ മുറിക്കുള്ളിൽ നിന്നു കൊണ്ട് അതി വിശാലമായ ലോകത്തെ ദർശിക്കലും അതിനോടു നിരന്തരം സംവദിക്കലുമാണ്. എനിക്ക് എന്നിൽ തന്നെ തളച്ചിടാൻ കഴിയാത്ത ഒരു അവസ്ഥ. എന്റെ സ്വകാര്യതയുടെ തലത്തിൽ നിന്നു സുതാര്യമായ തുറവിയുടെ തലത്തിലേയ്ക്ക് ഇറങ്ങി നിൽക്കൽ (യേശുവിന്റെ 3 വർഷത്തെ കർമ്മനിരതമായ ജീവിതം....) സാധിതമാക്കും.

സമൂഹത്തോടുള്ള പ്രതിബദ്ധത സാധ്യമാകുമ്പോൾ ദൈവികതയുടെ മേഖലകളിലേയ്ക്കു നട ന്നുകയറാതിരിക്കാനാവില്ല. (Definity) പ്രപഞ്ചത്തെയും പ്രകൃതിയെയും മനുഷ്യനെയും ദൈവത്തിന്റെ കണ്ണുകൊണ്ടു കാണുകയും സംവദിക്കുകയും ചെയ്യുന്ന അവസ്ഥ. ഇവിടെ ആരും അന്യരല്ല. ശത്രു – മിത്രഭാവമില്ല. എല്ലാവരും സഹോദരങ്ങൾ...... ഇതിന്റെ അന്തഃസത്ത ആദ്ധ്യാത്മിക വികാസമാണ്. (യേശു പൂർണ്ണമായി പിതാവിന്റെ കരങ്ങളിൽ സമർപ്പിച്ചു സായൂജ്യമടയുന്ന അനവദ്യ സുന്ദരമായ കാഴ്ച പോലെ).

ആരായിത്തീരണം എന്നത് ഒരു നിലയ്ക്കാത്ത പ്രവാഹം പോലെ നമ്മിൽ ശക്തി പ്രാപിക്കണം. ചലനാത്മകമായ ഒരു ജീവിതദർശനം നമുക്കു കൈമുതലാക്കാം...... ഒരു പ്രപഞ്ചമായി നമുക്കു വളർന്നു വികാസം പ്രാപിക്കാം. താളവും ലയവും ക്രമവും നമുക്കു സൂക്ഷിക്കാം..... മനസ്സിന്റെ വാതായനങ്ങൾ തുറന്നു വയ്ക്കാം.

# വൈകാരിക ബുദ്ധിയുടെ വ്യക്തി

**ജറോം സത്യൻ**

വൈകാരിക ബുദ്ധിയുടെ ആധുനികലോകം ഒത്തിരിയേറെ ചർച്ച ചെയ്യുന്നു. കാരണം മനുഷ്യജീവിതത്തിനു നിറവും മണവും ഓജസ്സും മിഴിവും നൽകുന്നതു വികാരങ്ങളാണ്. വിചാരത്തിനൊപ്പം വികാരവും ഇന്നു ജീവിതത്തിൽ സവിശേഷശ്രദ്ധയാകർഷിക്കുന്നു. വികാരമില്ലാത്ത മനുഷ്യൻ തികച്ചും ഒരു യന്ത്രംപോലെയായിരിക്കും. ഒരു മനുഷ്യനും ഒറ്റപ്പെട്ട ഒരു തുരുത്തായിരിക്കാൻ സാധിക്കാത്തതുകൊണ്ട്, അവനെ യാന്ത്രികതയിൽ നിന്നു മോചിപ്പിച്ച് അർത്ഥവത്തായ ബന്ധങ്ങളിലേയ്ക്കു നയിക്കുന്നതു ശരിയായ വൈകാരിക രൂപപ്പെടുത്തലുകളാണ്.

മനശാസ്ത്രജ്ഞരായ ജോൺ മേയറും പീറ്റർ സലോവിയുമാണു 1990 - ൽ വൈകാരിക ബുദ്ധി (Emotional Intelligence) യെന്ന പദത്തിനു രൂപം നൽകിയതും വിലപ്പെട്ട ആശയങ്ങൾ അവതരിപ്പിച്ചതും, തുടർന്നു ദാനിയേൽ ഗോൾമാനെപ്പോലുള്ളവർ ഈ ആശയങ്ങൾ വികസിപ്പിച്ചു. കാതറിൻ ബ്രിഡ്ജസ് കുഞ്ഞുങ്ങളിലെ വൈകാരിക വളർച്ചയെക്കുറിച്ച് ഒത്തിരിയേറെ പഠനങ്ങൾ നടത്തി.

ഒരു നവജാത ശിശുവിന് എല്ലാം ഋഃരശലോലിഭ ആണ്. ഏകദേശം മൂന്നു മാസം ആകുമ്പോൾ അതു തീവ്രദുഃഖവും (distress) ഉം delight ഉം ആകുന്നു. ആറു മാസമാകുമ്പോൾ Negative Emotions - ഭയം, ദേഷ്യം, നിരാശ ഇവ ഉടലെടുക്കുന്നു. പന്ത്രണ്ടു മാസമാകുമ്പോഴേയ്ക്കും positive emotions പ്രകടമാകുന്നു. പതിനെട്ടുമാസമാകുമ്പോൾ അസൂയ കണ്ടു തുടങ്ങുന്നു. ഇരുപത്തിനാലു മാസമാകുമ്പോഴേയ്ക്കും സന്തോഷം വർദ്ധിക്കുന്നു. അങ്ങനെ ഏകദേശം രണ്ടു വയസ്സാകുമ്പോൾ തന്നെ അടിസ്ഥാന വികാരങ്ങളായ കോപം, സന്തോഷം, ദുഃഖം, ഭയം എന്നിവ ഒരു കുഞ്ഞിൽ രൂപപ്പെട്ടുകഴിയും. മുന്നോട്ടുള്ള വളർച്ചയിൽ ഇതു വളരെ ശക്തമായ സ്വാധീനം ചെലുത്തുന്നു.



ഈ വികാരങ്ങളെ ഒരു വ്യക്തി എങ്ങനെ നേരിടുന്നുവെന്നതു പ്രധാനമാണ്. ഈ വികാരങ്ങളെ പൊതുവേ രണ്ടായി തിരിക്കാം. അവ സുഖകരമെന്നും അസുഖകരമെന്നും: സുഖകരമായ വികാരങ്ങൾ ആവർത്തിക്കുവാനും അസുഖകരമായ വികാരങ്ങൾ ഒഴിവാക്കാനും ഒരു വ്യക്തി ശ്രമിക്കുന്നു.

ഫ്രഞ്ച് എഴുത്തുകാരനായ ഡ്യൂമ (Dumas G.) വികാരങ്ങളെ സൗമ്യവികാരങ്ങൾ, തീക്ഷ്ണ വികാരങ്ങൾ, വിഘടിത വികാരങ്ങൾ ഇങ്ങനെ മൂന്നായി തിരിക്കുന്നു. വികാരങ്ങൾ എപ്രകാരം ഉടലെടുക്കുന്നുവെന്നതിനെക്കുറിച്ചു പലർക്കും പല അഭിപ്രായങ്ങളാണുള്ളത്. ശരീരത്തിലെ രക്ത ചംക്രമണം, മാംസപേശികൾ, നാഡീ വ്യൂഹം, ഇവയെല്ലാം സ്വാധീനിക്കാൻ കഴിവുള്ളതാണു വികാരങ്ങൾ, ചുരുക്കത്തിൽ ആന്തരികാവയവ പ്രക്ഷുബ്ധതയുടെ രീതിയനുസരിച്ചാണ് വികാരങ്ങളുണ്ടാകുന്നതെന്നു വില്യം ജയിംസും സി.ജി. ലാഗെയും പറയുമ്പോൾ, സെറിബ്രൽ ആവ്യതിയുടെയും തലാമസിന്റെയും പ്രവർത്തനം മൂലം വൈകാരിക ഭാവങ്ങൾ ഉണ്ടാകുന്നതെന്നാണു കാനിന്റെ വിശദീകരണം.

അനന്തമായ ഊർജ്ജത്തിന്റെ ഉറവിടമാണ് ഈ വികാരങ്ങൾ. ഒരു വ്യക്തിയുടെ പ്രവർത്തനങ്ങൾക്കും പെരുമാറ്റങ്ങൾക്കും ഉള്ള പ്രേരകശക്തിയാണിത്. ജീവിതത്തെ ക്രിയാത്മകമായും കാര്യക്ഷമമായും ചലിപ്പിക്കുന്നത് ഇതാണ്. ഈ ഒഴുക്കിനെ നയിക്കാനും നിയന്ത്രിക്കാനും പ്രാപ്തമാവുകയെന്നതാണു പ്രധാനം. ശരീരത്തിലൂടെ പ്രകടമാകാനുള്ള ഒരു പ്രവണത എല്ലാ വികാരങ്ങൾക്കുമുണ്ട്. ഈ വികാരങ്ങളെ എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്നതു ചിന്തിക്കേണ്ടതാണ്.

വികാരങ്ങളുടെ സ്വച്ഛന്ദമായ പ്രവാഹത്തെ തടയുന്നതിനെയാണ് അടിച്ചമർത്തൽ (repression) എന്നു പറയുന്നത്. ഇത്തരത്തിൽ ഊർജ്ജത്തിന്റെ പ്രവാഹം തടഞ്ഞാൽ അതു ശരീരത്തിൽ കെട്ടിക്കിടന്ന് അസ്വസ്ഥതകൾ ഉണ്ടാക്കുകയും പല ശാരീരിക മാനസിക രോഗങ്ങൾക്കു കാരണമാവുകയും ചെയ്യും.

ഒരു വ്യക്തിയിലെ വൈകാരിക ഉൾത്തള്ളലിനെ ഒരു സംഘട്ടനമായി കണക്കാക്കാം. ഒരു വ്യക്തി തന്നോടും പരിസരത്തോടും പൊരുത്തപ്പെടാൻ ശ്രമിക്കുമ്പോഴുണ്ടാകുന്ന അവസ്ഥാ വിശേഷമാണിത്. ശ്വാസഗതിയുടെ വേഗം വർദ്ധിക്കൽ, കണ്ണീർ, വിയർപ്പ്, ഉമിനീർ, കൃഷ്ണമണിയുടെ വികാസം, വിറയൽ ഇവ പ്രകടമാകുന്നു. ഇത്തരം അസ്വസ്ഥതകൾ ആധുനിക യുഗത്തിൽ കൂടുതലായി അനുഭവപ്പെടുന്നു. ഭൂതകാലത്തിന്റെ അമിതസ്വാധീനം, സാമൂഹിക വിലക്കുകൾ, മത്സരം നിറഞ്ഞ ജീവിത സാഹചര്യങ്ങൾ തുടങ്ങിയവ ജീവിതത്തിലെ പ്രശാന്തതയിൽ നിന്ന് അസ്വസ്ഥതകളിലേയ്ക്കും സംഘട്ടനങ്ങളിലേയ്ക്കും നയിക്കുന്നു. ഈ വികാരങ്ങളെ വിചാരവും പ്രവൃത്തിയുമായി സമന്വയിപ്പിച്ചു കൊണ്ടുപോ

കാൻ കഴിയുന്നതിലാണു വിജയം.  ഇതിൽ വ്യക്തി പരാജയപ്പെടുമ്പോഴാണ് അവൻ പല കളികളും അവലംബിക്കുന്നത്.

പുറമെ പ്രകടിപ്പിക്കാൻ സാധിക്കാതെ അടക്കം ചെയ്യുന്ന വികാരങ്ങൾ രൂപാന്തരം പ്രാപിക്കുന്നു. ഇവ കാലക്രമത്തിൽ വ്യത്യസ്ത രൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. ഇതാണു കളികൾക്കു പിന്നിലുള്ളത്. നേരായ വികാരവിനിമയങ്ങളിലൂടെ കിട്ടേണ്ട സ്നേഹം, പരിഗണനന, തുടങ്ങിയവ വളഞ്ഞ വഴിയിലൂടെ അതായത് അനാരോഗ്യകരമായ വികാരവിനിമയങ്ങളിലൂടെ നേടാൻ ശ്രമിക്കുന്നു. അങ്ങനെ കളികൾ വ്യക്തിയിൽ ശക്തി പ്രാപിക്കുന്നു.

വൈകാരിക പക്വത പ്രാപിക്കുന്ന വ്യക്തികളിൽ ഉണ്ടാകുന്ന അല്ലെങ്കിൽ ഉണ്ടായിരിക്കേണ്ട അഞ്ചു സവിശേഷതകളെക്കുറിച്ച് ദാനിയേൽ ഗോൾമാൻ വിശദീകരിക്കുന്നു. അവ ചുവടെ ചേർക്കുന്നു.

1. Self Awareness : സ്വയാവബോധം നിശ്ചിതസമയത്ത് ഒരു വ്യക്തിയിൽ ഉണ്ടാകുന്ന വൈകാരിക ഭാവങ്ങളെയും വ്യതിയാനങ്ങളെയും കുറിച്ചുള്ള ഒരു അറിവിൽ നിന്ന് അവബോധത്തിലെത്തുന്നു. ഇത് ഒരു സത്യസന്ധവും യാഥാർത്ഥ്യത്തോടുള്ള ഒരു അവബോധവുമാണ്. ഈ അവബോധമാണ് ഒരു വ്യക്തിയുടെ ശക്തികളെയും പരിമിതികളെയും സാദ്ധ്യതകളെയും കുറിച്ചു വെളിപ്പെടുത്തുന്നത്. ഈ വെളിപാട് ആത്മവിശ്വാസത്തിലേയ്ക്കു നയിക്കുന്നതാണ്.
2. Self Regulation : ആത്മാവബോധം വൈകാരിക ഊർജ്ജത്തെ പക്വമായ രീതിയിൽ ഒരു വ്യക്തിയുടെ ലക്ഷ്യങ്ങൾക്കനുസരിച്ചു നയിക്കാനും നിയന്ത്രിക്കാനും സാധിക്കുന്ന അവസ്ഥ. വൈകാരിക സംഘട്ടനങ്ങൾ ഒഴിവാക്കി അനുനയിപ്പിക്കുന്നു.
3. ങീശ്േമശേീ : ലക്ഷ്യബോധം നിശ്ചയിക്കപ്പെട്ടിട്ടുള്ള ലക്ഷ്യത്തിലേക്കു നിശ്ചയദാർഢ്യത്തോടെ മുന്നേറുന്ന അവസ്ഥ. എല്ലാവിധ വൈകാരിക തടസ്സങ്ങളെയും നേരിടാനും തരണം ചെയ്യാനും ഉള്ളിന്റെ ഉള്ളിൽ നിന്ന് ഉണ്ടാകുന്ന ഒരു ശക്തി പ്രവാഹം.
4. Epathy  : തന്മയീഭാവം പരസ്പരവ്യക്തി ബന്ധങ്ങളിൽ അപരന്റെ വൈകാരിക തലത്തിലെത്തിച്ചേരാനുള്ള ഒരു കഴിവാണ്. അപരന്റെ വീക്ഷണകോണിലേയ്ക്കും വൈകാരികഭാവങ്ങളിലേയ്ക്കും എത്തി അവനുമായി താദാത്മ്യം പ്രാപിക്കൽ
5. Social Skills : സാമൂഹ്യവൈദഗ്ദ്ധ്യം സാമൂഹിക ബന്ധങ്ങളിൽ സാഹചര്യങ്ങളിലെ വ്യവഹാരങ്ങൾ വായിച്ചറിയാനും അവയോടു ക്രിയാത്മകവും കാര്യക്ഷമവുമായ രീതിയിൽ ഇടപെടാനും സാധിക്കുന്ന അവസ്ഥ. നിഷേധിക്കേണ്ടവ നിഷേധിക്കാനും വിലപേശേണ്ടതു വിലപേശാനും, സ്വീകരിക്കേണ്ടവ സ്വീകരിക്കാനും സാധിക്കുന്ന ഒരു മാനസികവളർച്ചയാണിത്.

## ഉപസംഹാരം

ഒരു വ്യക്തിയെ തന്നോടും അപരനോടും ക്രിയാത്മകമായി സംവദിക്കുവാൻ സഹായിക്കുന്നതു വൈകാരിക പക്വതയാണ്. ഈ വൈകാരിക പക്വതയിലേയ്ക്കു വളരാൻ സാധിച്ചില്ലായെങ്കിൽ അതു വികലമായ വ്യക്തിത്വമായി ശേഷിക്കും. പൂർണതയുള്ള വ്യക്തിത്വമെന്നു പറയുന്നത് ഒരുവനു തന്റെയും അപരന്റെയും വൈകാരിക ഭാവങ്ങളെ തിരിച്ചറിയാനും അവ ഉചിതമായി രീതിയിൽ വാക്കുകളിലും പ്രവൃത്തികളിലും പ്രകടിപ്പിക്കാൻ സഹായിക്കുന്നതുമാണ്. വൈകാരിക പക്വത പ്രാപിക്കുന്നതുവഴി ഒരുവൻ തന്നോടും സമൂഹത്തോടും ലാളിത്യത്തോടെ ഇടപെടുകയും സജീവതയുള്ള വ്യക്തിത്വം പ്രാപിച്ചവനുമായിത്തീരും.

# അജപാലന വ്യക്തി

വിൻസെന്റ് കെ. പീറ്റർ

## ആമുഖം

അജപാലന ദൗത്യം നിർവ്വഹിക്കുന്ന ഓരോ വ്യക്തിയും അജപാലന വ്യക്തിയെന്ന കാഴ്ചപ്പാട് ഉൾക്കൊള്ളുകയും അതനുസരിച്ചു മാറ്റത്തിനു വിധേയമാകുകയും വേണം. ദർശനമാണു ദൗത്യമായി മാറുക. അജപാലന വ്യക്തി എന്ന ദർശനത്തിൽ നിന്നാണ് അജപാലനദൗത്യം ക്രിയാത്മകമാകുന്നത്. ആ വ്യക്തി നിരന്തരം ആന്തരിക ബാഹ്യമാറ്റത്തിനു വിധേയപ്പെട്ട് അജപാലന ദൗത്യം നിർവ്വഹിക്കാൻ പരിശ്രമിക്കും. അജപാലന ദൗത്യ രംഗം വിവരണ രീതിയിൽ (Discriptive method) നിന്നു പ്രതിബിംബിക്കുന്ന രീതിയിലേയ്ക്കു (Reflective method) മാറേണ്ടതുണ്ട്. അതിന് സഹായിക്കുന്ന വിധത്തിലാണ് അജപാലന വ്യക്തി എന്ന വിഷയം ഇവിടെ പ്രതിപാദിക്കുന്നത്. ദൈവികബന്ധത്തിൽ ജീവിച്ച് എല്ലാറ്റിനും സംരക്ഷണമേകി ഉത്തരവാദിത്വപൂർണ്ണ ജീവിതത്തിലൂടെ പ്രസാദവര പൂർണ്ണതയോടെ വസിക്കുന്ന വ്യക്തിയാണ് അജപാലന വ്യക്തി.

ഒരു ബഹുത്വ സമൂഹത്തിൽ വ്യക്തി കേന്ദ്രീകൃത അജപാലന ദൗത്യത്തിനും അജപാലന കേന്ദ്രീകൃതമായ വ്യക്തിയ്ക്കും വളരെ പ്രാധാന്യമുണ്ട്. അജപാലനം എന്നതു ഇവിടെ അർത്ഥമാക്കുന്നതു സമഗ്ര സംരക്ഷണം എന്നാണ്; ഒരു വ്യക്തിയുടെ സവിശേഷമായ ഗുണമാണു സംരക്ഷിക്കുക. ദൈവത്തിന്റെ സംരക്ഷണത്തിലാണു സൃഷ്ടികളൊക്കെ വസിക്കുന്നത്. സംരക്ഷണം നാലു മേഖലകളിലുമായി ബന്ധപ്പെട്ടിരിക്കുന്നു. നാലു മേഖലകളുടെയും സമഗ്രതയിൽ മാത്രമേ സംരക്ഷണ ദൗത്യം അർത്ഥം കണ്ടെത്തുകയുള്ളു, അജപാലന ദൗത്യം പൂർണ്ണമാകുകയുള്ളൂ.

## അജപാലന വ്യക്തിയുടെ സവിശേഷത

അജപാലന ദൗത്യം (സംരക്ഷണ ദൗത്യം) നിർവഹിക്കുവാൻ പ്രതിജ്ഞാബദ്ധമായ വ്യക്തിയിൽ ഉണ്ടായിരിക്കേണ്ട നാലു സവിശേഷതകളാണ്. (1) ഞാനാരാണ് എന്ന ആത്മബോധവും സ്വയം സംരക്ഷണവും. (2) ഞാൻ എവിടെ നിന്ന് വരുന്നു എവിടേയ്ക്കു പോകുന്നു എന്ന ബോധ്യത്തിൽ സംരക്ഷണം കണ്ടെത്തുക. (3) ഞാൻ എന്റെ സഹോദരർക്ക് എങ്ങനെ സംരക്ഷണമേകുന്നു. (4) ഞാൻ എന്റെ പ്രപഞ്ചവുമായി എങ്ങനെ സഹവസിക്കുന്നു.



ഞാൻ - എന്റെ ദൈവം- എന്റെ സഹോദരർ - എന്റെ പ്രപഞ്ചം എന്നീ നാലുതലങ്ങളിൽ സമ്പൂർണ്ണ സംരക്ഷണത്തിലൂടെ വസിക്കുന്ന വ്യക്തിയാണ് അജപാലന വ്യക്തി. മേൽപറഞ്ഞ നാലു തലത്തിലും ക്രിയാത്മകമായി പ്രവർത്തിക്കുമ്പോൾ അജപാലന ദൗത്യത്തിനു ദിശാബോധം ലഭിക്കുന്നു. സമൂല പരിവർത്തനത്തിലൂടെ എല്ലാവരിലും ഈ സവിശേഷത വളരുകയും ചെയ്യുന്നു.

അജപാലന വ്യക്തി സംരക്ഷണം കണ്ടെത്തേണ്ടത് ആദ്യമായി തന്നിൽ തന്നെയാണ്. മനസ്സിനെ ഏകാഗ്രമാക്കി അർത്ഥ സംപുഷ്ടമായ ചിന്തകൾ രൂപപ്പെടുത്തി വാക്കുകൾക്ക് അർത്ഥം നൽകി സംസാരിക്കാനാകുമ്പോൾ വ്യക്തി തന്നിൽതന്നെ സംരക്ഷണ വലയത്തിൽ എത്തുകയാണ്. ഈയൊരു സംരക്ഷണ വലയം സൃഷ്ടിക്കപ്പെടണമെങ്കിൽ, മറ്റൊരു ശക്തി (ദൈവം) സംരക്ഷിക്കുന്നുവെന്ന ആത്മാവബോധത്തിൽ ജീവിക്കാനാകണം. അതു പ്രപഞ്ചസംരക്ഷണ ഉറവിടമായ ദൈവത്തിലുള്ള സംരക്ഷണം കണ്ടെത്തലാണ്. ജീവന്റെ ഉറവിടമായ ദൈവവുമായി ആഴമാർന്ന സംരക്ഷണ വലയത്തിൽ കഴിയുന്ന വ്യക്തിയാണു മറ്റുള്ളവർക്കു സംരക്ഷണമേകുവാൻ നിസ്വാർത്ഥയുടെ പടത്തൊപ്പി അണിഞ്ഞു രംഗത്തു വരുകയും മറ്റുള്ളവർക്ക് സംരക്ഷണമേകാനുള്ള പ്രവർത്തന മേഖലകളിൽ സജീവമാകുന്നതും. സ്വയം സംരക്ഷണ അനുഭവത്തിൽ മറ്റു മനുഷ്യരെയും എത്തിക്കാനുള്ള തീവ്രശ്രമം അജപാലന വാസനയാണ്. അതു സ്വയം കണ്ടെത്തലും പങ്കുവയ്ക്കലുമാണ്. ഈയൊരു പങ്കുവയ്ക്കൽ പ്രക്രിയയിലാണു തന്റെ കടപ്പാടു പ്രപഞ്ച സംരക്ഷണത്തിലേയ്ക്ക് എത്തുന്നത്. ഞാനും, സഹോദരരും ദൈവത്തിന്റെ സംരക്ഷണ വലയത്തിലാണെന്നു മനസ്സിലാക്കുന്നത് പ്രപഞ്ചത്തിന്റെ സുസ്ഥിതിക്കായു നിലകൊള്ളുമ്പോഴാണ് അപ്പോൾ അജപാലന മേഖല ക്രിയാത്മകമായി ശക്തി പ്രാപിക്കുന്നു.

## സംരക്ഷകനായ ക്രിസ്തു

അജപാലന വ്യക്തിയുടെ സവിശേഷമായ മാതൃകയാണ് ക്രിസ്തു. ഞാൻ ആരാണ്? ഞാൻ

എവിടെ നിന്നും വരുന്നു ? എന്റെ സഹോദരൻ ആരാണ്? ഞാൻ എവിടെയാണ് ആയിരിക്കുന്നത്? ഈ തലങ്ങളിലുള്ള വിശാല ദർശനത്തിൽ ക്രിസ്തു ദൗത്യം ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്തു. അജപാലന വ്യക്തികൾക്കു മാതൃകയായ യേശു അജപാലകരെ വാർത്തെടുക്കുന്ന പ്രവർത്തിയാണു ജീവിതത്തിലുടനീളം നിർവ്വഹിച്ചത്. അജപാലന ദൗത്യത്തിനു വിളിക്കപ്പെടുന്ന ഓരോരുത്തരും മേൽപറഞ്ഞ നാല് തലങ്ങളിലൂടെ കടന്നു പോകണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു.

അജപാലന വ്യക്തി ജീവിത സംരക്ഷകനായി മാറുന്നതു സ്വജീവൻ, ദൈവിക ജീവൻ, സഹോദര ജീവൻ, പ്രപഞ്ച ജീവൻ എന്നിവ സംരക്ഷിക്കുന്നതിലൂടെയാണ്. ജീവൻ സംരക്ഷിക്കുന്ന വ്യക്തി വിശ്വാസം സംരക്ഷിക്കുന്നു. വിശ്വാസ സംരക്ഷണമെന്നത് ജീവിത സംരക്ഷണമാണ്. എല്ലാം തലത്തിലും ജീവൻ സംരക്ഷിച്ച് പരിപാലിക്കുന്ന വ്യക്തിയാണ് അജപാലന വ്യക്തി. വിശ്വാസം സംരക്ഷിക്കുന്ന വ്യക്തി സ്വയം ജീവിക്കുന്നു, മറ്റുള്ളവർക്കു ജീവിക്കാൻ പ്രേരകമായി തീരുന്നു. ജീവിച്ചുകൊണ്ടു ജീവിതം അർപ്പിച്ചു ബലിയായി തീരുന്ന പ്രക്രിയയാണ്, അജപാലന പ്രക്രിയ.

ഈയൊരു പ്രകിയ ഓരോ പ്രപഞ്ചവസ്തുവിലും അന്തർലീനമാണ്. ജീവിക്കുന്നതിലൂടെ ജീവനേകുന്ന മാർഗ്ഗം സചേതന ജീവജാലങ്ങളിലും അടിസ്ഥാന പ്രമാണമാണ്. ജീവനായി ജീവനേകി കടന്നു പോകുകയെന്നത്.

## ദൈവത്തിൽ ആശ്രയത്വമുള്ള വ്യക്തി

ദൈവിക ബന്ധത്തിൽ-ദൈവത്തിൽ ആശ്രയിച്ചു നിൽക്കുന്ന വ്യക്തിയെ (ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച വ്യക്തി) അജപാലന വ്യക്തിയെന്നു പറയാം. ആത്മീയവും ധാർമ്മികവും ആത്യന്തികതയെക്കുറിച്ചുള്ള അറിവും അജപാലന വ്യക്തിയെ മനസ്സിലാക്കാൻ സഹായിക്കുന്നു. ഇന്നത്തെ അത്യാധുനിക സമൂഹത്തിൽ (Post modern society) ആത്യന്തിക ലക്ഷ്യത്തെക്കുറിച്ചുള്ള അറിവില്ലെങ്കിൽ ജീവിതത്തിൽ ധ്രുവീകരണവും നിലനിൽപ്പിനുള്ള പോരാട്ടവും മാത്രമേ ഉണ്ടാകൂ. നിലനിൽപ്പിനുള്ള പോരാട്ടം കൂടി വരുന്ന ഈ കാലഘട്ടത്തിൽ ആത്യന്തിക മനുഷ്യ ലക്ഷ്യത്തിന് ആധാരമാക്കിയുള്ള ദൈവികമനുഷ്യ ദർശനം രൂപപ്പെട്ടു വരണം. ഇതിലൂടെയാണ് അജപാലന വ്യക്തിയുടെ മഹാത്മ്യം പ്രകടമാകുന്നത്. ഇന്നത്തെ ശാസ്ത്ര സാങ്കേതിക യുഗത്തിൽ മനുഷ്യശക്തിയും യുക്തിയും ശാസ്ത്രീയ അറിവും വ്യക്തികളിൽ ഒരു പുതിയ പ്രശ്നം സൃഷ്ടിക്കുകയാണ്. മനുഷ്യൻ അരാണ് എന്ന അഹംബോധ (Ego) ത്തിനു മങ്ങലേൽക്കുന്നു. അതിലൂടെ മനുഷ്യൻ അവൻ തന്നെ ഉണ്ടാക്കുന്ന നേട്ടങ്ങളിൽ വീണ് അതിൽ വെറുമൊരു ഇരയായി മാറുകയാണ്. മനുഷ്യന്റെ അമിത ആഗ്രഹങ്ങൾ കാരണം, അവൻ ആരാണ്? എന്തായിരിക്കണം? എന്നുള്ള ധാർമ്മിക ചോദ്യങ്ങൾ ഭീക്ഷണിയായി മാറുന്നു. ഉദാഹരണമായി ജൈവജനിതക ശാസ്ത്രവും, ജനിതക സാങ്കേതിക വിദ്യയും മനുഷ്യനാൽ കെട്ടിപ്പടുക്കുന്ന ശക്തിയിൽ മനുഷ്യർക്ക് ആകമാനം ഭീക്ഷണിയായി മാറുന്നു. മനുഷ്യ സ്വാതന്ത്ര്യവും ജീവിത അർത്ഥവും ധാർമ്മിക മേഖലയിൽ പലവിധ കഠിന പ്രശ്നങ്ങൾക്കും കളമൊരുക്കുന്നു. ഇവിടെ മനുഷ്യശാസ്ത്രത്തെ പരീക്ഷണ അറിവിൽ മാത്രം ഒതുക്കുവാൻ സാധിക്കില്ല. മറിച്ച് മനുഷ്യാന്തസ്സ് ഉയർത്തുന്നതും അനുഭവജ്ഞാനാതീതവും (Transcendentel) പ്രകാശം പരത്തുന്ന തുമാകണം. സാമൂഹ്യ ശാസ്ത്രം മനുഷ്യനെ ആത്മാവുള്ളതായിട്ടു ചിത്രികരിക്കുന്നില്ല. മറിച്ച്, ബന്ധങ്ങളിലെ ചലനാത്മക വ്യക്തിയായിട്ടു മാത്രമാണു കണക്കാക്കുക. ഈ ശാസ്ത്രജ്ഞാനമില്ലാത്ത (empirical) അറിവു മനുഷ്യാസ്തിത്വത്തെക്കുറിച്ചുള്ള അറിവും മനുഷ്യന്റെ ആവശ്യവും കുടുതൽ മനസ്സിലാക്കി ദൈവശാസ്ത്രത്തിൽ ആഴപ്പെടുത്താൻ സഹായിക്കുന്നു. വിശ്വാസം അമൂർത്തമല്ല. വിശ്വാസം മനുഷ്യന്റെ സ്വഭാവത്തിലും നേട്ടത്തിലുമല്ല ആശ്രയിച്ചിരിക്കുന്നത് മറിച്ച് ദൈവത്തോടും സഹജരരോടുമുള്ള വിശ്വസ്തതയിലാണ്. അജപാലന വ്യക്തിയിൽ വിശ്വാസം അനുഭവജ്ഞാനാതീതമായി (Transcendentel) ബന്ധപ്പെട്ടു നിൽക്കുന്നു. അതുകൊണ്ടു ദൈവവുമായിട്ടുള്ള ബന്ധത്തിൽ മാത്രമേ അജപാലന വ്യക്തിയെ മനസിലാക്കാൻ സാധിക്കൂ.

ദൈവത്തിലുള്ള വിശ്വസ്തതയും ദൈവത്തിന്റെ ക്രിയാത്മക പ്രവർത്തിയിലുള്ള ആശ്രയത്വവുമാണ് അജപാലന വ്യക്തിത്വ ജീവിതത്തിന്റെ സ്രോതസ്സ്. ഈയൊരു നിലപാടിൽ ധാർമ്മികതയും, സദാചാരവും പഠിപ്പിക്കലുമെല്ലാം അടങ്ങിയിട്ടുണ്ട്.

## ഉത്തരവാദിത്വ വ്യക്തി

അജപാലന വ്യക്തിയുടെ അടിസ്ഥാന ചിന്തയെന്നത് '*respondeo ergo sum*: I respond (and am responsible) therefore I am. മനുഷ്യാസ്തിത്വ ഉടമ്പടിയിൽ ദൈവവുമായി ഉത്തരവാദിത്വപ്പെട്ടിരിക്കുന്നു എന്ന് അജപാലന വ്യക്തി സങ്കല്പിക്കുന്നു. അതുകൊണ്ട് ഈ വ്യക്തി സാന്മാർഗ്ഗിക കടപ്പാടുകളുള്ള ഒരു ധാർമ്മിക മനുഷ്യനുയിരിക്കും.

അജപാലന വ്യക്തിയിൽ ഉത്തരവാദിത്വവും (responsibility) പ്രതിസ്പന്ദനവും (respondability) ആത്മീയ തലങ്ങളിലെ ഒഴിച്ചു കൂടാനാകാത്ത ഘടകങ്ങളാണ്. അതുപോലെ തന്നെ സ്നേഹത്തിന്റെയും നന്ദിയുടെയും സന്തോഷത്തിന്റെയും പ്രതീക്ഷയുടെയും വ്യക്തിയാണ്.

ഉത്തരവാദിത്വവും പ്രത്യുത്തരവുമാണു മനുഷ്യൻ ദൈവത്തിൽ വസിക്കുന്നു എന്നതിന്റെ മുഖമുദ്ര. ദൈവസാന്നിധ്യത്തിലുള്ള മനുഷ്യാസ്തിത്വം മനുഷ്യാന്തസ്സിനെയും ജീവിതാർത്ഥത്തെയും സൂചിപ്പിക്കുന്നു. ഇതിലൂടെ അജപാലന വ്യക്തി എപ്പോഴും വാസ്തവികം (positive) ആയിരിക്കും.

അജപാലന വ്യക്തി ആത്മാഭിഷേകം നിറഞ്ഞ വ്യക്തിയായിരിക്കും. ആത്മാഭിഷേകം നിറഞ്ഞ വ്യക്തികൾ പ്രസാദവരഫലങ്ങൾ ലഭിച്ചു കൊണ്ടു വിശ്വാസ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനുവേണ്ടി ആന്തരിക ശക്തിയെ ഉണർത്തുന്നവരുമായിരിക്കും.

പക്വതയുള്ള വിശ്വാസമുള്ളവരായതിനാൽ സമഗ്ര ആത്മീയത പരിപോഷണത്തിലൂടെ വിശ്വാസ പക്വതയിൽ എത്തിച്ചേരുന്നു. അജപാലന വ്യക്തി വ്യക്തിത്വ വികസന വളർച്ചയ്ക്ക് ഊന്നൽ നൽകുന്നു. വ്യക്തിത്വ വളർച്ചയിൽ ഉണ്ടായിരിക്കേണ്ട നാലു വാസ്തവിക ഭാവങ്ങൾ (positive attitude) 1. തന്നോടു തന്നെ 2. സഹപ്രവർത്തകരോട് 3. ദൈവത്തോട് 4. എല്ലാ ജീവിതമേഖലയോടും ഒരു സമഗ്ര ജീവിത വീക്ഷണമുള്ള വ്യക്തിയായിരിക്കുകയെന്നതാണ്. അതായത് താഴെ പറയുന്ന മൂല്യങ്ങൾ ഉണ്ടായിരിക്കണം. അയവുള്ള സ്വഭാവം, സ്വതന്ത്രമായ സ്വഭാവം, ഉത്തരവാദിത്വം ഏറ്റെടുക്കുക, പ്രശ്നങ്ങളെ പരിഹരിക്കുക, അംഗീകരിക്കുക, ഉദ്ദേശ്യ ശുദ്ധി ഉണ്ടായിരിക്കുക, ആത്മപ്രചോദിത്വം, ആത്മാഭിമാനം ഉണ്ടായിരിക്കുക, വ്യക്തി ബന്ധങ്ങൾ സ്ഥാപിക്കാനുള്ള കഴിവ്, കാരുണ്യ പൂർവ്വം പെരുമാറാനുള്ള കഴിവ് എന്നിവയാണ്.

## മനഃസ്സാക്ഷിയുള്ള വ്യക്തി

ഒരു വ്യക്തി ധാർമ്മികനാകുന്നതു സാന്മാർഗ്ഗിക ജീവിതം നല്ലതായതുകൊണ്ടു മാത്രമല്ല; വ്യക്തിയുടെ ജീവിതം ദൈവത്തിന്റെ അവകാശമായതുകൊണ്ടു കൂടെയാണ്. പുരാതന സാഹിത്യങ്ങളിലെല്ലാം മന:സാക്ഷിയെ മനുഷ്യ പ്രവൃത്തികളുടെ കാവൽനായയായിട്ടാണ് കണക്കാക്കിയിരിക്കുന്നത്.

വി. പൗലോസിന്റെ അഭിപ്രായത്തിൽ വിശ്വാസവും മന:സാക്ഷിയും വേർതിരിക്കുവാൻ സാധിക്കുകയില്ല. നല്ല മന:സാക്ഷി നല്ല ക്രൈസ്തവ ജീവിതത്തെ രൂപീകരിക്കും (1Timo. 1:29). വിദ്യാഭ്യാസം, അറിവ്, മൂല്യങ്ങൾ, സാമൂഹ്യ ചുറ്റുപാട്, ഇവയെല്ലാം മനഃസ്സാക്ഷി രൂപീകരണത്തിനു സഹായിക്കുന്നു. ചുരുക്കത്തിൽ മനസാക്ഷിയെന്നതു വിശ്വാസ രഹസ്യം കണ്ടുമുട്ടുന്നതാണ് (1 തിമോ. 3:9). വിശ്വാസത്തിലൂടെ മനഃസ്സാക്ഷി പരിശീലിപ്പിക്കണം, രൂപാന്തരപ്പെടണം.

## പ്രസാദവര വ്യക്തി

അജപാലന വ്യക്തിയിൽ പ്രസാദവരം (grace) പ്രസരിക്കുന്നു. പ്രസാദവരത്തിന്റെ പ്രവർത്തനം ഒരു വ്യക്തിയിൽ എട്ടു തലത്തിൽ നടക്കുന്നു.

1. പ്രചോദനം (Motivation):- വിശ്വാസത്തിന്റെ ചലനാത്മക യാഥാർത്ഥ്യമായി പ്രസാദവരം പ്രവർത്തിക്കുന്നു. മനുഷ്യാസ്തിത്വത്തെ ക്രിയാത്മകമാക്കുന്ന ശക്തിയുടെ ഉറവിടമായും പ്രവർത്തിക്കുന്നു.
2. പുനർ ഉദ്ഗ്രഥനം (Reintegration):- പ്രസാദവരം മനുഷ്യ സ്വഭാവത്തെയും നല്ലതും ക്രിയാത്മകവുമായ സ്വയാവബോധത്തെയും സമന്വയിപ്പിക്കുന്നു. അതായതു പുനർസമന്വയിപ്പിക്കലിന്റെ അടിസ്ഥാന ഘടകമായി പ്രസാദവരം പ്രവർത്തിക്കുന്നു.
3. ആദർശകത്വം (Normativity):- അത്യന്തിക അർത്ഥത്തിനും മൂല്യത്തിനുമനുസരിച്ചു നമ്മുടെ അഹം ബോധത്തെ (Ego) പുനർ ക്രമീകരിക്കുന്നു.
4. മാറ്റിവയ്ക്കുക (Anticipation):- പ്രസാദവരം ആവശ്യമില്ലാത്തവയുടെ മാറ്റിവയ്ക്കലിനെ യഥാർത്ഥീകരിക്കുന്നു.
5. പ്രത്യാശ (Trust):- പ്രസാദവരം ജീവിതത്തിൽ പ്രത്യാശയുടെ സുരക്ഷിതത്വം നൽകുന്നു.
6. പ്രാധാന്യം (Significance):- ജീവിതത്തിൽ അർത്ഥം കൊടുക്കുവാനും സ്വീകരിക്കുവാനും പ്രസാദവരം പ്രചോദനമാകുന്നു.
7. രൂപാന്തരീകരണം:(Transformation)þ പ്രസാദവരം മനുഷ്യ ജീവിതത്തോടുള്ള തീരുമാനത്തെയും ഭാവത്തെയും മാറ്റുന്നു.

8. കൂട്ടായ്മ (Communion):- പരസ്പരം സ്നേഹത്തിലധിഷ്ഠിതമായ ഒരു സമൂഹം പ്രസാദവരത്തോടു കൂടി കൂട്ടായ്മ സമൂഹമായി മാറുന്നു. പ്രസാദവര പൂർണ്ണതയുടെ ജീവിതം നയിക്കുന്ന വ്യക്തികളെ യാണ് അജപാലന വ്യക്തി എന്നു വിളിക്കുന്നത്.

## ഉപസംഹാരം

എല്ലാറ്റിനെയും അതിന്റെ ഉറവിടത്തോടു നിലനിർത്തി സംരക്ഷിക്കുന്നവരാണ് അജപാലന വ്യക്തി. പ്രപഞ്ചത്തെയും ജീവജാലങ്ങളെയുമെല്ലാം അതിന്റെ ഉറവിടമായി സമന്വയിപ്പിച്ച വ്യക്തി ക്രിസ്തുവാണ്. ജീവൻ നൽകി ജീവൻ സംരക്ഷിച്ച ക്രിസ്തു. ഇന്നു ക്രിസ്തുവിനെ കുറിച്ചു പ്രസംഗിക്കുവാൻ സാധിക്കും എന്നാൽ ക്രിസ്തുവിനെപ്പോലെ ജീവൻ സംരക്ഷിക്കുവാൻ സാധിക്കുന്നില്ല. ഇവിടെയാണു സ്വയാവബോധത്തിനു വിധേയമായികൊണ്ട് ഒരു പ്രതിബിംബന അജപാലന ദൗത്യത്തിനു (Reflective Pastoral Mission) രൂപം കൊടുക്കേണ്ട ആഹ്വാനം മുഴങ്ങുന്നത്.

# കൗദാശിക ജീവിത വ്യക്തി

**നിക്ലസ് എം.**

സൃഷ്ടികണ്ട് സന്തോഷിക്കുന്ന ദൈവം നിരീക്ഷിച്ചു ജീവിക്കുന്ന മനുഷ്യന്റെ പ്രേരണയാണ്. ദൈവത്തിന്റെ കരവേലയുടെ മഹിമാവ് തന്നിലും പ്രപഞ്ചത്തിലും കാണുകയും അനുഭവിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുന്ന അളവിൽ മനുഷ്യൻ ഭൗതിക പടവുകളിലൂടെ അതിഭൗതീകതയിലേക്ക്, സത്യസൗന്ദര്യത്തി ലേക്ക് ഉയരുന്നു. അപ്രകാരം ജീവിതപ്രയാണം മുന്നേറുമ്പോൾ ഇശ്വരാനുഭവം നൈസർഗ്ഗീകവും സുഖപ്രദവും മനുഷ്യ ശക്തിയ്ക്ക് നിദാനവുമാവുകയുമായി. ഇത് എത്രകണ്ട് താത്വിക മാണോ അതിലേറെ വല്ലാതെ ലളിതവും മാനുഷികവുമാണ്. അതുകൊണ്ടാണ് ഗലീലിയിലെ സാധാരണ മനുഷ്യർ യേശുക്രിസ്തുവിന്റെ ജീവിതവും ശൈലിയും നോക്കി ദൈവം തന്റെ ജനത്തെ സന്ദർശിച്ചിരിക്കുന്നു എന്ന് ആർത്തത്. കാറുകണ്ടു വിടരുന്ന മയിലിനു തുല്യം അവർ അസാധരണ ക്കാരായി.

കൗദാശിക ജീവിതം ഇതുപോലൊരു അനുഭവമാണ്. പ്രപഞ്ചത്തെ ക്രൈസ്തവദാർശിനികർ ഏക കൂദാശയായ് വിവക്ഷിക്കുന്നു. അതീന്ദ്രിയ ജ്ഞാനാനുഭൂതിയിൽ പ്രവേശിച്ച ക്രൈസ്തവ ഋഷിമാർ വിശ്വമാകെ കൂദാശയായ് അനുഭ വിക്കുന്നു. ക്രിസ്തുവാണല്ലോ കൗദാശിക ജീവിതത്തിന്റെ ഉറവ. അവിടുത്തെ ജീവിത തുടിപ്പുകളെല്ലാം പിതാവിലനുഭവിക്കുന്ന ഉണർവാണ്. പിതാവിൽ ജീവിക്കുന്നു; പിതാവിലനുഭവിക്കുന്ന ഉണർവാണ്. പിതാവിൽ ജീവിക്കുന്നു. പിതാവുമൂലം വർത്തിക്കുന്നു. ദൈവം പിതാവെന്ന അനുഭവ തീവ്രതയാണ് അവിടുത്തെ ഉൾ വികാസം. അങ്ങനെ അവിടുന്നിൽ ജീവൻ നിറയുന്നു. ആ ജീവൻ അവിടുന്ന് നമ്മിലേക്ക് പകരാൻ തീവ്രമായ് അഭിലഷിക്കുന്നു. അത് നമ്മുടെ കൗദാശിക ജീവിതത്തിന് ഹേതുവാകുകയാണ്.



സൃഷ്ടി മുഴുവൻ സ്രഷ്ടാവിന്റെ അടയാളമാണ്; അഖിലം ദൈവത്തിന്റെ കൂദാശയാണ്. അതുപോലെ പിതാവായ ദൈവത്തിന്റെ, പുരുഷാത്മകനായ ദൈവത്തിന്റെ കൂദാശയാണ്, അടയാളമാണ് യേശുക്രിസ്തു. അടിമയുടെ വിലാപം കേട്ട് പിടയുന്ന ദൈവത്തിന്റെ കരുണയുടെ അടയാളം. അപ്പവും വെള്ളവും എത്തിച്ച് പ്രവാചകന് യാത്ര ഭദ്രമാക്കുന്ന ദൈവത്തിന്റെ കരുതലിന്റെ കൂദാശ. സൂസന്നയുടെ പ്രാണപിടയലിന് ഉത്തരമായി ദാനിയേലിന്റെ ചൈതന്യം ഉണർത്തുന്ന ദൈവത്തിന്റെ ചടുലതയുടെ അടയാളം.അന്നയുടെയും, എലിസബ ത്തിന്റെയും യാചനയ്ക്ക് ചെവിചായിക്കുന്ന, ഇരുളണിഞ്ഞ താഴ്വരയിൽ നടക്കുന്നവന് അനർത്ഥമകറ്റുന്ന സർവ്വേശ്വരന്റെ കൂദാശ. കുരുവിയ്ക്ക് കൂടുകൂട്ടാൻ അൾത്താരയിൽ ഇടം കൊടുക്കുന്ന ദൈവത്തിന്റെ വാത്സല്യപ്രതീകം. അങ്ങനെ പാലകനായ ദൈവ ത്തിന്റെ ആൾരൂപമാണ് ക്രിസ്തു. അതുകൊണ്ട് തന്നെ അവിടുന്ന് മുഖ്യകൂദാശയാണ്, സർവ്വം ഗ്രഹകൂദാശയാണ്.

പാലസ്തീനായിൽ ഈ കൂദാശ പിതാവായ ദൈവത്തിന്റെ ജീവോത്സവം പ്രഖ്യാപിച്ചു. കണ്ടവരും കേട്ടവരും ഉണർന്നു; ഓടിക്കൂടി. ജീവിത ദുഃഖത്തിലും സന്തോഷത്തിലും പങ്കുചേരുന്ന ദൈവം. വിശപ്പും ദാഹവും ക്ഷീണവും ഉള്ളവരുടെ കൂടെ വസിക്കുന്നവനായി. സമീപിച്ചവരുടെ ജീവിത മുഹൂർത്തങ്ങളെ അവിടുന്ന് നിറച്ചു. പാപിയും പാപിനിയും വിശുദ്ധിയുടെ സദ്രൂപങ്ങളായി. ഭീരുക്കൾ ബലമണിഞ്ഞു. രോഗികൾ സുഖം നുകർന്നു. ബന്ധനങ്ങൾ അഴിഞ്ഞു. ശത്രുത മൈത്രിയായി. മരണഭയവും പാപവും മേലാളത്വവും വിളറിമാറി. ചുമക്കാഭാരം താങ്ങുന്ന ദൈവം കൂടെ നടന്നു. മനുഷ്യനോട് അനുകമ്പ തോന്നി. സർവ്വം മറക്കുന്ന ദൈവം കടാക്ഷവും തലോടലും സാന്ത്വനവുമായി നിറം വച്ചു. സ്വർഗ്ഗീയകുളിർമ്മ ഭൂമി പുതച്ചു.

ആഴിയിൽ നീന്തിത്തുടിക്കുന്ന മത്സ്യത്തെപോലെയാണ് കൗദാശിക ജീവിതം നയിക്കുന്ന വ്യക്തി. ക്രിസ്തു പിതാവിൽ ജീവിക്കുന്നതുപോലെ അയാൾ ക്രിസ്തുവിൽ ജീവിക്കുന്നു. ഞാൻ നിങ്ങളെ അനാഥനായി വിട്ടിട്ട് പോവുകയില്ല. യുഗാന്ത്യം വരെ കൂടെ ജീവിക്കും എന്നെല്ലാം ഉറപ്പു തന്നവൻ ഉത്ഥാനം ചെയ്തു. സശരീരനായ് കൂടെയില്ല. പലസ്തീനായിൽ മൂർത്തനായ ക്രിസ്തു ജീവിച്ചു. പിതാവ് അദൃശ്യനായിരുന്നു. മാത്രമല്ല, ക്രിസ്തുവിന്റെ വിലാപങ്ങളോട് അവിടുന്ന് കട്ടപിടിച്ച മൗനം ഭജിച്ചു. ആ അനുഭവം എന്തുകൊണ്ട് എന്നെ ഉപേക്ഷിച്ചു എന്ന വിലാപമായി യേശുവിലും വളർന്നു. എങ്കിലും അവിടുത്തെ ബോധവും അനുഭവവും അടിവരയിടുന്നു. ഞാൻ പിതാവിലും പിതാവെന്നിലും ജീവിക്കുന്നു. കാണാനും കേൾക്കാനും തൊടാനും സാധിക്കാത്തപ്പോഴും ജീവിക്കുന്ന സ്നേഹത്തിന്റെ അസ്തിത്വാത്മകതയാണിത്.

പലസ്തീനായിൽ തന്നെ സമീപിച്ചവർക്കെന്നപോലെ ഉത്ഥാനം ചെയ്ത യേശുവിനെ വിശ്വാസവും തന്റെ മിത്രങ്ങൾക്ക് സ്നേഹവും എന്നും സമീപസ്തനാക്കുന്നു. പ്രാപ്യനാക്കുന്നു. സാരാംശത്തിൽ ഇത് ഉടമ്പടി ബന്ധമാണ്. ഗുണവാനായ ഹൈന്ദവ സുഹൃത്ത് മരിച്ചിട്ട് മാസങ്ങൾ കടന്നിരിക്കുന്നു. അദ്ദേഹത്തിന്റെ വീട്ടിൽ ഒരു സന്ധ്യയ്ക്ക് ചെന്നു. കുളിച്ചൊരുങ്ങിയ യുവവിധവ ഭർത്താവിന്റെ പടത്തിൻ മുന്നിൽ വിളക്കുകൊളുത്തി; കൂപ്പുകൈയോടെ നമിച്ചു നിന്നു. നിറകണ്ണുകൾ : എങ്കിലും വിടർന്ന മുഖം. നിശബ്ദത ഭംഗപ്പെടുത്താതെ ഞാൻ കാത്തു നിന്നു. ഓരം ചേർന്നു നിന്ന മോൻ എന്റെ സാന്നിധ്യം അമ്മയെ അറിയിച്ചു. സംസാരമദ്ധ്യേ ആ മുഖം ഇല്ലാതെ അവർ പറഞ്ഞു, "അദ്ദേഹം കൂടെയുണ്ട്. ഈ അസാന്നിധ്യത്തിലും അദ്ദേഹം സജീവനാണ്." യേശുവിനോട് പുലർത്തുന്ന ആത്മബന്ധത്തിൽ വേര് പിടിക്കുന്ന കൗദാശിക ജീവിതവും ഇമ്മട്ടാണ് പുലരുന്നത്.

ഹൃദയസാന്നിധ്യം മാത്രമായ് മാറിയ ഭർത്താവിന്റെ ഇഷ്ടത്തിനൊത്ത് ഒരുങ്ങുകയും നിർദ്ദേശം കണിശമായ് പാലിക്കുകയും ചെയ്യുന്ന ഈ വിധവ ഭർത്താവുമൂലമല്ലേ ജീവിക്കുന്നത്? അങ്ങനെയെങ്കിൽ തന്റെ മരണത്താൽ മരണം സഗ്രഹിക്കുകയും നിത്യം ജീവിക്കുകയും ചെയ്യുന്ന ഉത്ഥിതനായ നാഥൻ എത്രയധികമായ് സ്നേഹിതരുടെ ജീവിതത്തിൽ നിറയുകയില്ല.! നിത്യമരണത്തിന് നമ്മെ വിട്ടുകൊടുക്കാത്ത അവിടുന്ന് നമ്മുടെ ജീവിതത്തെ സമഗ്രമായ് ഗ്രസിക്കുന്നു. സംഭരണിയിൽ നിന്ന് പ്രവഹിക്കുന്ന വൈദ്യുതി എന്നപോലെ അദൃശ്യനായ ക്രീസ്തുവിന്റെ ജീവപ്രവാഹം കൂദാശകളിലൂടെ നമ്മിൽ ഫലമണിയുന്നു. അങ്ങനെ ക്രിസ്തുവിന്റെ സുഹൃത്ത് ക്രിസ്തുവിലൂടെ ജീവിക്കുന്നു. കൗദാശിക വേദശാസ്ത്രം രൂപം പ്രാപിക്കും മുമ്പേ കൗദാശിക ജീവിതം ഈ അർത്ഥത്തിൽ സമൃദ്ധമായി തന്നതുകൊണ്ടാണ് ഇപ്പോൾ ഞാനല്ല ക്രിസ്തുവെന്നിൽ ജീവിക്കുന്നു എന്ന് ഘോഷിക്കാൻ പൗലോസ് അപ്പോസ്തലനെ പ്രേരിപ്പിച്ചത്. സഭയുടെ ദൃശ്യാദൃശ്യ ജീവിതത്തിന്റെ ഭാഗമാണ് ഈ കൗദാശിക ദർശനം.

പ്രസാദവരം ഏറ്റുവാങ്ങാൻ മനുഷ്യനെ ഉണർത്തുന്നതെന്തും കൂദാശയാണ്. ഗണ്യമായ ഏഴ് ജീവിത മുഹൂർത്തത്തിൽ നാം പ്രാപിക്കുന്ന കൃപാവരപ്രകാരം ഏഴ് കൂദാശകൾ എന്ന ബോധനമുണ്ടായി. ദൈവം യഥേഷ്ടം പ്രസാദവര ഉറവിടമായ ക്രിസ്തുവഴി പകരുന്ന ജീവിത ക്രമത്തിൻ പരിധി നിർണ്ണയിക്കുക അസാധ്യം. വിശ്വാസ രഹസ്യങ്ങളുടെ വികാസ പരിണാമം വീക്ഷി ക്കുന്ന കർദ്ദിനാൾ ന്യൂമാനെ പോലെ സാദരം ജീവിത സമസ്യകൾ വീക്ഷിക്കുന്നതാവും ശ്രേഷ്ഠം. ഹൃദയപൂർവ്വം കൂദാശകൾ ആവർത്തനമ നുസരിച്ച് സ്വീകരിക്കുന്ന വ്യക്തി കൗദാശികസംസ്കാരം പ്രാപിക്കുന്നു. സ്വന്തജീവിത മുഹൂർത്തങ്ങളെ ക്രിസ്തു എന്ന ഉറിടവുമായ് പാടവത്തോടെ ബന്ധിപ്പിക്കുന്നു.

ഈ കൗദാശിക മനോഭാവം പുലർത്തുന്ന വ്യക്തികൾ സുഖവും ദുഃഖവും, സംഘർഷവും ഹർഷവും, ആശയും നിരാശയും, സ്നേഹവും നീരസവും, ഉത്ഥിതനോടു ചേർത്ത് ജീവിതത്തിൽ ലയിപ്പിക്കുന്നു. ശരീരത്തിന്റെയും മനസ്സിന്റെയും ഏത് വ്യാപാരവും ഇതിൽ ചേരും. ഏഴ് കൂദാശയിലൊന്ന് സ്വീകരിക്കുക എന്നതിലുപരി ജീവിത മുഹൂർത്തങ്ങളിലെല്ലാം കൗദാശിക ഉറവിടമായ ക്രിസ്തുവുമായ് ബന്ധപ്പെടുന്നു. ഇത്തരം വ്യക്തികളുടെ സഹനശേഷി, സ്നേഹശീലം, ദാമ്പത്തിക ജീവിതം, നിരന്തര പ്രാർത്ഥന, സന്താന പരിപാലനം.... എന്നിവ ഉദാത്തമായിരിക്കും. ജീവിതവിഷമതകളെ ആയാസരഹിതമായ് നേരിടുക ഇവർക്ക് ശീലമാകും. ആത്മീയ കൂദാശ സ്വീകരണമെന്ന പരമ്പരാഗത രീതിയ്ക്ക് ഉപരിയാണീ കൗദാശിക സംസ്കാരം. രണ്ടും പൂരകമാകാം. ഗാന്ധർവ്വ വിവാഹത്തിന്റെയും ഫ്രാൻസിസ് അസ്സീസിയുടെ പൗരോഹിത്യ ജീവിതത്തിന്റെയും നെസ്റ്റർപാസിന്റെ ദിവ്യകാരുണ്യ സ്വീകരണ ത്തിന്റെയും പാതയാണ് ഈ കൗദാശിക മനോഗതി.

# പ്രത്യാശയുടെ പ്രേഷിത വ്യക്തി

സി. ഇ. സുനിൽ കപ്പൂച്ചിൻ

കെ.പി. അപ്പന്റെ ബൈബിൾ വെളിച്ചത്തിന്റെ കവചം എന്ന പുസ്തകത്തിൽ ക്രിസ്തു ആരെയും ആദർശവത്ക്കരിക്കുന്നില്ലായെന്നും പലരേയും അവരുടെ തെറ്റുകളോടൊപ്പം അവതരിപ്പിക്കുന്നുവെന്നു മൊക്കെ നാം വായിക്കുന്നുണ്ട്. കുറേ പരിമിതികളുടെ ആകെത്തുകയാണു മനുഷ്യരെന്നു തിരിച്ചറി ഞ്ഞിട്ടും ക്രിസ്തു പ്രത്യാശയർപ്പിക്കുന്നത് അതേ മനുഷ്യരിലാണ്. ഇങ്ങനെയുള്ള പശ്ചാത്തലത്തിൽ നിന്നുകൊണ്ടുവേണം ഈസ്റ്റർ നാളുകളിൽ അൽമായ പ്രേഷിതത്വത്തെക്കുറിച്ചു ധ്യാനിക്കേണ്ടത്. ദൈവ ത്തിൽ പ്രത്യാശ അർപ്പിച്ച പ്രവർത്തന മണ്ഡലങ്ങളിൽ കർമ്മ നിരതരാകുവാൻ ശീലിപ്പിക്കേണ്ടതും ഏറ്റവും ചെറിയ യൂണിറ്റുകളായ കുടുംബങ്ങൾ തന്നെയാണ്. ക്രിസ്തുവിനെക്കുറിച്ചുള്ള ഓർമ്മകളെ വീണ്ടും നിർമ്മിക്കുക മാത്രമല്ല അൽമായർ ചെയ്യുന്നത്. മറിച്ച് ഭാവിയിൽ അവർ സൗന്ദര്യത്തിന്റെ സ്രഷ്ടാക്കളാ യിത്തീരും എന്നതിന്റെ വാഗ്ദാന ചിഹ്നം കൂടിയാകുക എന്നതാണ് അൽമായ പ്രേഷിത ദൗത്യങ്ങളിൽ ഏറ്റവും പ്രധാനം. പ്രത്യാശാ നിർഭരമായ ഒരു പ്രേഷിത ദൗത്യത്തിലേക്കു ക്രൈസ്തവർ ചെന്നു ചേരുന്നില്ല എന്നതാണ് ഏറ്റവും വലിയ അപരാധം. എല്ലാവിധ നന്മയിലേയ്ക്കുമുള്ള കടന്നു പോകലായിട്ടൊക്കെ അൽമായ പ്രേഷിതത്വത്തെ കാണാനാണെനിക്കിഷ്ടം. ക്രിസ്തുവിന്റെ സഹനങ്ങളിൽ മനസ്സുകൊണ്ടു സമൃദ്ധമായി പങ്കുചേരുവാനുള്ള ദൈവസമ്മാനമാണു പ്രേഷിത ദൗത്യം.

ദൈവത്തോട് ഏറ്റവും അടുത്തു നിൽക്കുന്നവരുടെ അടിയന്തിര സ്വഭാവമാണു പ്രത്യാശ. പ്രത്യാശയെക്കുറിച്ചുള്ള ഏറ്റവും മഹത്തായ മുഹൂർത്തങ്ങൾ നാം കണ്ടെടുത്തുന്നതു ലൂക്കായുടെ സുവിശേ ഷത്തിലാണ് (24:13-34). എമ്മാവൂസിലേയ്ക്കു പോയ ശിഷ്യന്മാർക്കു ക്രിസ്തു പ്രത്യക്ഷനാകുന്നുണ്ട്. ശിഷ്യന്മാരുടെ സംശയങ്ങൾ പോലും അന്വേഷണത്തിന്റെ ലഹരിയിൽ അഭിഷേകം പ്രാപിച്ചവരുടെ ചെറിയ ദൗർബല്യം മാത്രമായി മനസ്സിലാക്കുക. നിരവധി കാര്യങ്ങളെക്കുറിച്ചുള്ള വ്യഗ്രതകൊണ്ടു കലങ്ങുന്ന പ്രേഷിത ദൗത്യങ്ങൾക്കു പാതിവഴിയിൽവച്ചു ഇളക്കം തട്ടിയേക്കാം. അതുകൊണ്ട് ഉത്ഥിതനോടൊപ്പം അവനും ഉയിർക്കപ്പെടേണ്ടതുണ്ട്. ആത്മീയ ജീവിതത്തിൽ സ്വസ്ഥതയും പ്രവർത്തനങ്ങളുടെ ഘടനാ ശാസ്ത്രങ്ങളും ഉത്ഥിതനായ ക്രിസ്തു ഒരു പ്രേഷിതനും പെട്ടെന്നു നൽകുന്നില്ല. ഉഗ്രമായ സംശയങ്ങൾക്കും ധൈഷണികമായ അലച്ചിലുകൾക്കും ഒടുവിലാണ് ക്രിസ്തു അവരെ ശാന്തതയിലേക്ക് കൂട്ടിക്കൊണ്ടു പോകുന്നത്. എമ്മാവൂസിലേയ്ക്കു പോയ ശിഷ്യന്മാരുടെ അനു ഭവം ഒരു വഴിവെട്ടലാണ്-ദൗത്യനിർവ്വഹണത്തിന്റെ ആദ്യവഴിയാണത്. എല്ലാം സുഗമമാക്കും വരെ വിശ്വാസത്തിന്റെ വാഗ്ദാന ഭൂമിയിൽ നില നിൽക്കുക. എന്നിട്ടു ഉലയാത്ത വിശ്വാസത്തിലും പ്രത്യാ ശയിലും ഉറച്ചു നിന്നുകൊണ്ടു പ്രേഷിതദൗത്യങ്ങളിലൂടെ ഭൗമരാജ്യത്തെ സേവിക്കുക.

അൽമായ പ്രേഷിത ദൗത്യം ഒരു പരസ്യശുശ്രൂഷയാണ്. ക്രിസ്തുവിന്റെ പരസ്യകാല ജീവി തത്തിലുള്ള പങ്കുചേരലാണത്. പക്ഷേ പ്രത്യാശയുടെ വചനത്തിന്റെ വ്യാപ്തിമണ്ഡലം ഒരു സാധാ രണ അൽമായന്റെ ചിന്തയിലും പരിമിതമായ പരിജ്ഞാനത്തിലും ഒതുങ്ങി നിൽക്കുകയില്ല. ക്രിസ്തു പിതാവിനാൽ ഉയർത്തപ്പെട്ടുവെങ്കിൽ നാം വചനത്താൽ ഉയർത്തപ്പെടണം. അപ്പോൾ നാം പ്രത്യാശ അർപ്പിക്കേണ്ടത് ക്രിസ്തു മൊഴികളിലാണ്. നീണ്ട പ്രത്യാശകൾക്കുള്ള ഉത്തരമാണ് എമ്മാവൂസ് അനുഭവം. ക്രിസ്തുവിനെ പ്രണയിക്കുന്നവർ എല്ലാം പുതുക്കിപ്പണിയാൻ ബാദ്ധ്യസ്ഥരാണെന്നുള്ള ഒരു ആഹ്വാനം എമ്മാവുസ് അനുഭവത്തിൽ നിന്നും നാം വായിച്ചെടുക്കുകയാണ്.

അൽമായ പ്രേഷിത ദൗത്യങ്ങളുടെ കാതലായ ഭാഗം ഉള്ളിലുള്ള ക്രിസ്തുവിനെ ദൗത്യ നിർവ്വഹണങ്ങളിലൂടെ പൂർണ്ണവളർച്ചയിൽ എത്തിക്കാൻ യത്നിക്കുക എന്നതാണ് അൽമായ പ്രേഷിത ദൗത്യങ്ങൾക്ക് അങ്ങനെ വരുമ്പോൾ ദൗർബല്യവും വിശ്വാസത്തിന്റെ സ്ഥിരതയും തമ്മിലുള്ള ഒരു സംഘർഷം എല്ലാ അൽമായ പ്രേഷിതരെയും വേട്ടയാടിക്കൊണ്ടിരിക്കും. അപ്പോഴും പ്രത്യാശ കൈമോശം വരാതിരിക്കാൻ യത്നിക്കുക എന്നൊരു വിശുദ്ധപാഠവും ഉത്ഥിതനായ ക്രിസ്തു സമ്മാനിക്കുന്നുണ്ട്. സ്നേഹം തണുത്തുപോകുന്ന നാളുകളിൽ ക്രിസ്തുവിന്റെ സ്നേഹം ലോകത്തിനു കൈമാറണം. പ്രത്യാശ ഉടഞ്ഞുപോകുമ്പോൾ ഏറ്റവും മികച്ച ആത്മീയക്കുഴമ്പിനാൽ വിളക്കിച്ചേർക്കാനുമൊക്കെ ബാധ്യസ്ഥ രാണ് അൽമായർ. ഹൃദയം നുറുങ്ങിയവരിൽ ക്രിസ്തു സ്ഥാപിക്കുന്ന ഒരു ആത്മീയ രാജ്യം ബലപ്പെടു ന്നത് ഉത്ഥാനത്തിലൂടെയാണ്. ഈ പ്രത്യാശയുടെ ജീവിതമാണ് ക്രമേണ ക്രിസ്തുവിലുള്ള നമ്മുടെ പ്രീതികാട്ടൽ വർദ്ധിപ്പിക്കുകയും, നാമും ജീവിത സാഹചര്യങ്ങളിൽ ഉണർവിലേയ്ക്കു മാറ്റിപ്പാർപ്പിക്കപ്പെ ടുകയും ചെയ്യാൻ നിമിത്തമാകുന്നത്.

ഉത്ഥിതനുമുമ്പിൽ ധ്യാനത്തിലാകുന്നവർക്കുള്ള ദൈവത്തിന്റെ വെളിപ്പെടുത്തലാണു സ്വകാര്യ ഇടങ്ങളിലെ ഉയിർത്തെഴുന്നേൽപ്പ്. ഉത്ഥാനത്തിരുനാളിൽ അൽമായ പ്രേഷിതർ ഉയിർത്തെഴുന്നേൽക്കേ ണ്ടതു പ്രത്യാശയില്ലായ്മയുടെ ഉറക്കച്ചടവുകളിൽ നിന്നും അവിശ്വാസത്തിന്റെ മലിനപ്പെടുത്തലുകളിൽ

നിന്നുമാണ്. വീണ്ടെടുപ്പിൻ കാലമായ ഈസ്റ്റർ നാളുകൾ – കുരിശിലേയ്ക്കു നോക്കിപ്പാർക്കുന്നവർക്കു ആത്മീയ ഭാവിയുടെ വിസ്തൃതിയിലേയ്ക്ക് അനായാസമായി പറക്കാനാകും. ഉത്ഥാനത്തിരുനാളിൽ ഉയിർക്കുക എന്നതിനർത്ഥം, നാവിന്റെ കെട്ടുകളഴിക്കുക, കണ്ണുകളുടെ മടക്കുകൾ നിവർത്തുക, കാതുകളിലേയ്ക്കുള്ള ശബ്ദരേഖകളെ വെടിപ്പുള്ളതാക്കുക. നാവിന്റെ കെട്ടഴിച്ചാലെ ഉത്ഥിതനെ പ്രഘോഷിക്കാനാവൂ. കണ്ണുകളുടെ മടക്കു നിവർത്തിയാലേ അവനെ ദർശിക്കാനാവൂ. ശബ്ദവഴികളെ തേച്ചു മിനുക്കിയാലേ അവന്റെ സ്വരം തിരിച്ചറിയാനാവൂ. ആത്മീയ വഴികളിലെ പരിമിത സാഹചര്യങ്ങളെ ഉഴുതുമറിക്കേണ്ടത് ഇങ്ങനെയാണ്. എമ്മാവൂസിലേയ്ക്കു പോയ ശിഷന്മാർ പ്രത്യാശ തീർച്ചപ്പെടുത്തിയത് ഈ രീതിയിലാണ്.

ഉത്ഥിതനെ അനുകരിക്കുകയെന്നാൽ ദൈവരാജ്യത്തിലെ മുഖ്യസ്ഥാനം അലങ്കരിക്കുകയെന്നാണർത്ഥം. ക്രിസ്താനുകരണത്തിൽ നാം വായിക്കുന്നുണ്ടല്ലോ–സ്വർഗ്ഗ രാജ്യത്തെ സ്നേഹിക്കുന്നവർ ഏറെ, പക്ഷേ കുരിശു ചുമക്കാൻ സന്നദ്ധതയുള്ളവർ ചുരുക്കം. ക്രിസ്തുവിലേയ്ക്കുള്ള വഴികളെ സുഗമമാക്കിയതിനെക്കുറിച്ചാണു ബൈബിളിലെ ഉത്ഥാനാനന്തര സംഭവങ്ങൾ വ്യാഖ്യാനിക്കുന്നത്. അങ്ങനെയെങ്കിൽ ഉത്ഥിതനോടുള്ള സ്നേഹം കൊണ്ടു ദൈവരാജ്യം പണിയുന്നവരാകണം ഓരോ അൽമായ പ്രേഷിതനും. ക്രിസ്തുവിന്റെ അനന്തമായ കാരുണ്യത്തിൽ നിന്നാണ് ഉത്ഥാനം എന്ന ധീരത പിറവികൊള്ളാൻ പിതാവ് അനുവദിക്കുന്നത്. ക്രിസ്തുവിന്റെ ഈ ധീരതയുടെ കവചമാണ് ഉത്ഥാനതിരുനാളിൽ എല്ലാ അൽമായ പ്രേഷിതരും എടുത്തു ധരിക്കേണ്ടത്. വീണ്ടെടുപ്പിന്റെ സന്ദേശവുമായി ഉത്ഥിതന്റെ സ്നേഹം നമ്മെ പൊതിഞ്ഞു നിർത്തുമ്പോൾ അവന്റെ ന്യായപ്രമാണങ്ങളോട് ഒട്ടിച്ചേർന്നുകൊണ്ടു ദിവ്യമായ പ്രവർത്തന മണ്ഡലങ്ങളെ വിപുലീകരിക്കുവാൻ ബാധ്യസ്ഥരാണ് അൽമായ പ്രേഷിതർ. സ്നേഹം കൊണ്ടു ഭൂമിയുടെ അതിരുകളെ സ്വന്തമാക്കുകയും കീഴ്പ്പെടുത്തുകയും ചെയ്ത ഉത്ഥിതന്റെ അനുയായികളും ഒരിക്കലും വായിച്ചു തീർക്കാനാവാത്ത ക്രിസ്തുവെന്ന ബൃഹദ്ഗ്രന്ഥത്തിന്റെ താളുകളിലൊന്നാവുകയെന്നതാണു പ്രധാനം. അങ്ങനെയാണു നാം നമ്മുടെ പ്രേഷിത വഴികളിലെ ഏകാന്തതയെ മറികടക്കുന്നത്. ഉത്ഥിതൻ കൂടെ സഞ്ചരിക്കുന്നുവെന്ന ഉറപ്പിലേയ്ക്കു കൂടിയേറുന്നത് ഉത്ഥാനം നൽകുന്ന ദർശനങ്ങളിലൊന്നാണ്.

ക്രിസ്തുവിന്റെ പിറവിയുടെ മഹത്വം കാണാൻ ഒരു നക്ഷത്രവെട്ടം നമുക്കുമുമ്പേ സഞ്ചരിച്ചു. പക്ഷേ ഉത്ഥിതൻ പ്രകാശം തന്നെയായിരിക്കെ ആ പ്രകാശത്തെ തിരിച്ചറിയാൻ, മങ്ങിപ്പോയ നമ്മുടെ ഉള്ളിലെ വിളക്കുകൾ തെളിക്കപ്പെടേണ്ടതുണ്ട്. പ്രത്യാശ ഒരേ സമയം കാഴ്ചയുടെയും സമൃദ്ധിയുടെയും ഒരു ഉത്സവമാണ്. ക്രിസ്തുവിനോടൊപ്പം ഉയർത്തപ്പെടണമെന്നൊക്കെ പറയുന്നതിന്റെ അകംപൊരുളിതാണ്.

ആത്മീയമായ പിരിമുറക്കം അനുഭവിക്കുന്ന ഈ കാലഘട്ടത്തെ, പ്രവചനങ്ങളുടെ ലഹരിയിൽ നിന്നു മോചിപ്പിച്ച് ഏറ്റവും ബലപ്പെട്ട രീതിയിൽ പുതുക്കിപ്പണിയാൻ അൽമായ പ്രേഷിതനും ഉത്ഥിതനോടൊപ്പം ഉയിർക്കേണ്ടതായിട്ടുണ്ട്. കുഴപ്പം പിടിച്ച വിളംബരങ്ങളുടെ മധ്യത്തിലാണു ഞാനും നിങ്ങളും ക്രിസ്തുവിനെ ധരിക്കാനും പ്രഘോഷിക്കുവാനും ശ്രമിക്കുന്നത്. ഒക്കെ അറിയുന്നവനായതുകൊണ്ടാവണം, മറ്റുള്ള കലകളിൽ ഒരു പ്രതിഭയെ വളർത്തുന്നതുപോലെ അൽമായരിലും ഒരു സുവിശേഷവത്കരണത്തിന്റെ പ്രതിഭയെ ക്രിസ്തു രൂപപ്പെടുത്തുന്നത്. ക്രിസ്തുവിന്റെ പിറവി മുതൽ പരസ്യ ജീവിതം തുടങ്ങുന്നതിനുമുമ്പുള്ള കാലഘട്ടംവരെ ആലോചനയുടേതായിരുന്നെങ്കിൽ, പീഡാസഹനം മുതൽ ഉത്ഥാനം വരെയുള്ളതു പ്രബലമായ പ്രത്യാശയുടെയും ജീവിതത്തിന്റെയും പുതിയ ചിഹ്നത്തിന്റേതുമാണ്.

ജീവിക്കാനും യത്നിക്കാനും പ്രവർത്തിക്കാനും പുറപ്പെടുന്നവർ ധരിക്കേണ്ടത് ഈ ചിഹ്നമാണ്. ഒരു നോമിനൽ ബാഡ്ജുപോലെ കരുതേണ്ടതുണ്ടതിനെ. മനുഷ്യരാശിയോടുള്ള ഉജ്ജ്വലമായ സ്നേഹം കൊണ്ടാണു ക്രിസ്തു ഉയിർത്തത്. ഈ സ്നേഹം നമ്മെ ദത്തെടുത്തു തുടങ്ങുമ്പോഴാണ് അൽമായർ പ്രേഷിത രംഗങ്ങളിലെ തങ്ങളുടെ ഈ ഊർജ്ജം സംഭരിച്ചു തുടങ്ങുന്നത്.

പ്രേഷിത ദൗത്യനിർവ്വഹണത്തിൽ കരുത്തിന്റെ പൗരത്വം ആർജ്ജിക്കേണ്ടതു സഹനത്തിന്റെ നേർരേഖകൾ ഉയിർപ്പിന്റെ വഴികളെ ധ്യാനിക്കുമ്പോഴാണ്. എമ്മാവൂസിലേയ്ക്കു പോയ ശിഷ്യന്മാർ കടന്നുപോകുന്നത് ഈയൊരു പ്രക്രീയയിലൂടെയാണ്. ഈ ഉത്ഥാന തിരുനാളിൽ ഉത്ഥിതനോടൊപ്പം സഹനവഴികളെ മെതിച്ചു പ്രകാശവലയങ്ങൾ തീർക്കാൻ, ഉണർവ്വിന്റെ ഉന്നത ശൃംഗങ്ങളിലെത്തിപ്പെടാൻ എല്ലാ അൽമായ പ്രേഷിതരെയും ഉത്ഥിതനായ ക്രിസ്തു വീണ്ടെടുക്കട്ടെ എന്ന ഒടുങ്ങാത്ത പ്രാർത്ഥന മാത്രം.

# ആത്മീയ ബുദ്ധിയുടെ വ്യക്തി

**വിൻസന്റ് കെ. പീററർ**

**ആമുഖം**

സർവ്വ മേഖലയിലും വിദഗ്ദ്ധന്മാരെ കണ്ടെത്തുന്ന കാലമാണിത്. ആരാണു ബുദ്ധിമാൻ? എന്ന ചോദ്യത്തിനു കൃത്യമായ ഉത്തരം കണ്ടെത്താനാകാത്ത അവസ്ഥ. വൈകാരികവും കായികവുമായ തലത്തിലും ബുദ്ധി ഉപയോഗിക്കുന്നവരുണ്ട്. എല്ലാ ബുദ്ധിയുടെയും സമഗ്രത കണ്ടെത്തുവാൻ ഇന്ന് ആത്മീയബുദ്ധി അനിവാര്യമായിത്തീർന്നിരുന്നു. ആത്മീയത യെന്നു കേൾക്കുമ്പോൾ പുച്ഛത്തോടെ നോക്കുന്ന സമൂഹത്തിൽ ആത്മീയ ബുദ്ധിയുടെ പരിപോഷണം അത്യന്താപേക്ഷിതമായി തീർന്നിരിക്കുന്നു.

## ബുദ്ധി Intelligence

വിവരങ്ങൾ എങ്ങനെ ശേഖരിക്കുന്നു, സ്വാംശീകരിക്കുന്നു, ഉപയോഗിക്കുന്നു, സ്ഥലബന്ധിയായ വെല്ലുവിളികൾ എങ്ങനെ തരണം ചെയ്യുന്നു, എന്നതിലൂടെയാണു ബുദ്ധിയെ മനസ്സിലാ ക്കുന്നത്. ജീവിത ഗതിയും സാമ്പത്തിക ഉയർച്ചയും സാമൂഹ്യ പ്രതിബദ്ധതയും ബുദ്ധിയെ സ്വാധീനിക്കുന്നതിനാൽ ഏതു മനുഷ്യ സംസ്കാത്തിനും ബുദ്ധി ആവശ്യമാണ്.


സങ്കീർണ്ണമായ അറിവിനെ നിയന്ത്രിക്കാനുള്ള കഴിവായി ബുദ്ധിയെ വിവരിക്കുന്നു

## ബുദ്ധി ആധുനിക ഉപയോഗത്തിൽ

ബുദ്ധിയും യുക്തിയും തമ്മിലുള്ള വ്യത്യാസം നഷ്ടപ്പെടുന്നു. ഉദാ :- വെബ്സ്റ്ററുടെ നിഘണ്ടുവിൽ മനസ്സിലാക്കാനുള്ള കഴിവ് - അറിവിന്റെ ഉപയോഗം - യുക്തി വൈഭവ കഴിവ് - പരിചയമുള്ള കാര്യങ്ങളുടെ ഉപയോഗം - ഒരാളുടെ പരിത:സ്ഥിതി കൈകാര്യം ചെയ്യുക എന്നിവയുമാണ്. അതായതു ബുദ്ധിയുടെ ഉൾക്കാഴ്ച ഉൾക്കൊള്ളുന്നതു വ്യത്യസ്ത കഴിവുകളിലാണെന്നു ചുരുക്കം. ഉദാ : പ്രായോഗിക ബുദ്ധി, കായിക ബുദ്ധി, കലാ ബുദ്ധി, വ്യക്തിത്വ ബുദ്ധി etc. ഈ നിലപാടിനെ ആധുനിക നാഡീവ്യൂഹ ശാസ്ത്രവും (Neurology) മന:ശാസ്ത്രവും (Psychology) പിൻതുണയ്ക്കുന്നു. ഗാഡ്നർ (Gardner) ന്റെ അഭിപ്രായത്തിൽ പ്രായോഗിക ബുദ്ധി ഒരു വ്യക്തിയുടെ ശരീരത്തിലെ ഡാൻസ് അല്ലെങ്കിൽ കായികം പോലെ വളരെ വ്യത്യസ്ത കഴിവുകൾ ഏതു രീതിയിലും ഉപയോഗിക്കാൻ പ്രാപ്തനാക്കുകയും ചെയ്യുന്നു. ഉദാ. : സംഗീതബുദ്ധി എല്ലാ സംഗീത അഭിരുചികൾക്കും ആവശ്യമാണ്. വ്യക്തിത്വ ബുദ്ധി (Interpersonal) സ്വന്തം ചിന്തകളുടെയും വികാരങ്ങളുടെയും അറിവിനെ സംരക്ഷിക്കുന്നു. ഈ ഉൾബുദ്ധി മറ്റൊരു വ്യക്തി ബുദ്ധിയുമായി താദാത്മ്യം നേടാനുള്ള കഴിവിനെ വർദ്ധിപ്പിക്കുന്നു.



### വിവിധ ബുദ്ധികളുടെ ഒരു മാതൃക




**1. PQ** **ശാരീരിക മാനം** - Physical Quotient

ശാരീരികവും മാനസികവുമായുള്ള അനുപാതം

**2. IQ** **ബുദ്ധി മാനം** - Intellectual Quotient

ഒരു വ്യക്തിയുടെ മാനസിക വയസ്സും യഥാർത്ഥ വയസ്സും തമ്മിലുള്ള അതിനെ വ്യഞ്ജിപ്പിക്കുന്ന ശതമാന സംഖ്യ. യുക്തി യുക്തവും വാക്കാലുമുള്ള ബുദ്ധി - വിദ്യാഭ്യാസ ഘടനയെ സ്വാധീനിക്കുന്നു.

**3. EQ** **വൈകാരിക മാനം** – Emotional Quotient

"സ്വയം അറിയാനും സ്വന്തം വികാരങ്ങളെയും മറ്റുള്ളവരുടെ വികാരങ്ങളെയും മാനിക്കാനും മറ്റുള്ളവരെ ശ്രദ്ധിക്കാനും മനസ്സിലാക്കാനും സഭ്യമായ സംഭാഷണം നടത്താനും, ഉൾക്കാഴ്ചയിൽ ബന്ധങ്ങൾ സൃഷ്ടിക്കാനും സഹവർത്തിത്വം ഉണ്ടാക്കാനും സഹായിക്കുന്നു . കച്ചവട ലോകത്തിന് അനിവാര്യം (Management).


**4. SQ** **ആത്മീയ മാനം** – Spiritual Quotient

"പരിത:സ്ഥിതികൾ പരിഗണിക്കാതെ ആന്തരികവും ബാഹ്യവുമായ സമചിത്തത ചൂണ്ടിക്കാട്ടുന്നതു

SQ (ആത്മീയ ബുദ്ധി) യാണ്. ആത്മീയ ബുദ്ധിയുടെ പ്രവർത്തനത്തിനു IQ വും EQ വും സഹായകമാണ്.

**SQ വും EQ വും (ആത്മീയവും വൈകാരിക ബുദ്ധിയും) തമ്മിലുള്ള ബന്ധം**

SQ വും EQ വും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെങ്കിലും രണ്ടും രണ്ടാണ്. SQ ആരംഭിക്കാൻ കുറച്ചെങ്കിലും EQ ആവശ്യമാണ്. ആത്മീയ യാത്ര ആരംഭിക്കുന്നതിനു കുറച്ചെങ്കിലും ഋദ്ധ ആവശ്യമാണ്. സ്വയാവബോധവും തന്മയീഭാവവും തുടക്കത്തിന് ആവശ്യമാണ്. ആത്മീയ പരിശീലനം ആരംഭിച്ചാൽ അതു SQ വിന്റെയും EQ വിന്റെയും വളർച്ചയെ അധികം ബലിഷ്ഠമാക്കുന്നു. ഋദ്ധ വിന്റെ വളർച്ച ടദ്ധ വിന്റെ വളർച്ചയെ പരിപോഷിപ്പിക്കുന്നു.




EQ - SQ വിനെ പരിപോഷിപ്പിക്കുന്നു

## ആത്മീയ ബുദ്ധി

പരിതസ്ഥിതികൾ പരിഗണിക്കാതെ ബാഹ്യമായ സമചിത്തത മുറുകെ പിടിച്ചുകൊണ്ടു ജ്ഞാനത്തോടും സഹാനുഭൂതിയോടും വളർത്തിയെടുക്കുവാനുള്ള കഴിവാണ് ആത്മീയബുദ്ധി. ആത്മീയബുദ്ധി ആർജ്ജിക്കുന്ന ഒന്നാണ്. എന്നാൽ ഏതൊന്നിനെപോലെയും ഇതിനെയും പരിപോഷിപ്പിക്കണം. അതിൽ ഉൾച്ചേർന്നിരിക്കുന്ന കഴിവുകളെ നിരീക്ഷണവിധേയമാക്കി വിശദീകരിക്കുന്നു.

നമ്മുടെ ഹൃദയത്തിലൂടെയും മറ്റു സൃഷ്ടികളിലൂടെയും ഒഴുകുന്ന വിജ്ഞാനത്തിന്റെ പരിശീലനവും, ഉത്തരവാദിത്വവും പൂർണ്ണമായ സ്നേഹസന്തുലിതാവസ്ഥയിലെത്താനുള്ള വൈദഗ്ദ്ധ്യം, സ്വഭാവം എന്നിവയെക്കുറിച്ചാണ് ആത്മീയബുദ്ധിയിൽ പരിപോഷിപ്പിക്കുന്നത്. നമ്മുടെ വികാരങ്ങളിലും മറ്റുള്ളവരോടുള്ള ഇടപെടലുകളിലും സന്തുലിതാവസ്ഥയിൽ വിജയിക്കാനും അതിലൂടെ ക്ഷമയും സൗഖ്യവും, ബന്ധങ്ങളും സൃഷ്ടിക്കാനും സാധിക്കും. ആത്മീയ ബുദ്ധി കഴിവുകളെയും വൈദഗ്ദ്ധ്യത്തെയും സ്വഭാവത്തെയുമാണു സ്വാധീനിക്കുന്നത്.

## ആത്മീയബുദ്ധിക്ക് ആവശ്യമായ ഘടകങ്ങൾ

- എല്ലാറ്റിന്റേയും ആത്യന്തിക ഉറവിടമായതിനോടു (ദൈവം) ബന്ധിപ്പിക്കുന്നു.
- അർത്ഥം തേടിയുള്ള ജീവിത അന്വേഷണത്തിൽ വിജയിക്കുക.
- ജീവിതത്തിലുടനീളം സഹിക്കാനും നയിക്കാനും ധാർമ്മികവും സന്മാർഗ്ഗികവുമായ വഴി തേടുക.
- വ്യക്തി ജീവിതത്തിലും പരസ്പര വ്യക്തിബന്ധത്തിലും നമ്മുടെ അന്തർഗതസാരവും (Sense of Meaning) മൂല്യങ്ങളും പ്രകടിപ്പിക്കുക.

1. ആത്മീയബുദ്ധി എന്നത് അന്തർഗതത്തിലും മൂല്യത്തിലുമുള്ള പ്രശ്നങ്ങളെ നേരിടാനുള്ള നമ്മുടെ പ്രവർത്തനങ്ങളെയും ജീവിതത്തെയും വിശാലവും അർത്ഥപൂർണ്ണവുമായ ചുറ്റുപാടിൽ നിലനിർത്താനുള്ളതും ഒരു പ്രവൃത്തിയുടെ ദിശയും ഒരു ജീവിതരീതിയും മറ്റൊന്നിനേക്കാൾ അർത്ഥസമ്പുഷ്ടമാണെന്നു മനസ്സിലാക്കാനുമുള്ള ബുദ്ധിയുമാണ്.
2. മനസ്സിന്റെയും (mind) ആത്മാവിന്റെയും (spirit) ആന്തരീക ജീവനേയും ഇതിനു ലോകത്തിലെ ചരാചരങ്ങളോടുള്ള ബന്ധത്തെയും സംബന്ധിക്കുന്നതാണ്.
3. അസ്തിത്വ ചോദ്യങ്ങളെ (existential Questions) മനസ്സിലാക്കാനുള്ള കഴിവും, പലതലങ്ങളിലുമുള്ള അന്തർബോധത്തെ (consciousness) ക്കുറിച്ചുള്ള ഉൾക്കാഴ്ചയുമാണ്.
4. അസ്തിത്വത്തിന്റെ അടിത്തറയും പരിണാമ ജീവശക്തിയും ആത്മാവുമാണെന്ന ബോധ്യവുമാണ്.

ഉദാ. Stardust (magical or feeling) മാന്ത്രികത്തിൽ നിന്നും, ധാതുവിലേക്കും (minerals) ഫലമൂലാദികളിലേയ്ക്കും (vegetables) മൃഗങ്ങളിലേയ്ക്കും (animals) മനുഷ്യാസ്തിത്വത്തിലേയ്ക്കും (Human

existance) തുടർന്നു ജീവന്റെ പരിണാമവും ധ്വനിപ്പിക്കുന്നത് ആകസ്മികമായ ഒരു രീതിയായിട്ടല്ല മറിച്ച്, ഒരുതരം ബുദ്ധിയുടെ പ്രവർത്തനമാണ്. അങ്ങനെയെങ്കിൽ ആത്മീയബുദ്ധിയാണ്.

പദാർത്ഥത്തെക്കുറിച്ചും (matter) ജീവനെക്കുറിച്ചും (life) ശരീരത്തെക്കുറിച്ചും (Body) മനസ്സിനെക്കുറിച്ചും (mind) ആത്മാവിനെക്കുറിച്ചും (Spirit) ചേതനയെക്കുറിച്ചും (Soul) ആഴത്തിൽ ബോധ്യപ്പെടുത്തുന്ന ഒന്നാണ് ആത്മീയ ബുദ്ധി.

ആത്മീയബുദ്ധി ഒരു മനുഷ്യ മനസ്സിന്റെ കഴിവുകളെക്കാൾ വലുതാണ്. ഇതു സത്തയിൽ (self) നിന്നും ആത്മാവിലേയ്ക്കും (Spirit) വ്യക്തിയിൽ നിന്നും വ്യക്തിക്കതീതമായവയിലേയ്ക്കും ബന്ധിപ്പിക്കുന്ന ഒന്നായി പ്രത്യക്ഷപ്പെടുന്നു. വ്യവസ്ഥാപിതവും (Conventional) മനഃശാസ്ത്രപരവുമായ വളർച്ചയെക്കാളും മുകളിലാണ് ആത്മീയബുദ്ധി.സ്വയാവബോധത്തിനു പുറമേ അതിന്ദ്രീയ (Trancendent) ത്തോടുള്ള നൂതനബന്ധവും പരസ്പരബന്ധവും ഭുമിയിലെ സർവ്വ വസ്തുക്കളോടുമുള്ള ബന്ധവും ആവശ്യപ്പെടുന്നു.

ആത്മീയ ബുദ്ധി മനസ്സിനെ തുറക്കുന്നതും ആത്മാവിനെ പ്രചോദിപ്പിക്കുന്നതും ഒരു വ്യക്തിയുടെ മനുഷ്യത്വമായ മാനത്തെ സത്തയിൽ അന്തർഭവിച്ചിരിക്കുന്ന അടിസ്ഥാനവുമായി ബന്ധിപ്പിക്കുന്നതുമാകുന്നു. നിരന്തരമായ പരിശീലനത്തിലൂടെയും മിഥ്യയിൽ നിന്നും യാഥാർത്ഥ്യത്തെ വേർതിരിക്കുന്നതിലൂടെയും ആത്മീയബുദ്ധിയെ പരിപോഷിപ്പിക്കാം. ഇത് എല്ലാ സംസ്കാരത്തിലും സ്നേഹം, ജ്ഞാനം, സേവനം എന്നിവയിടൂടെ പ്രത്യക്ഷപ്പെട്ടിരിക്കുന്നു.

ആത്മീയബുദ്ധി വൈകാരിക ബുദ്ധിയുമായി ബന്ധപ്പെട്ടിരിക്കുന്നെങ്കിലും ആത്മീയപരിശീലനം വ്യക്തിക്കുള്ളിലും വ്യക്തികൾ തമ്മിലുമുള്ള അനുഭവത്തിന്റെ വളർച്ചയാണ്. ഒരുവന്റെ ആത്മീയ ജീവിതത്തെക്കുറിച്ചുള്ള ബോദ്ധ്യം വളർത്തുവാൻ അവന്റെ തന്നെ ചിന്തകളിലേയ്ക്കും വികാരങ്ങളിലെയ്ക്കും തന്മയീഭാവത്തെ പരിപോഷിപ്പിക്കുന്നതിലേയ്ക്കും ശ്രദ്ധ ചെലുത്തണം. ഒരു കാര്യത്തെ ഒന്നലധികം വീക്ഷണകോണുകളിലൂടെ കാണുവാനും, അവബോധവും (Perception) വിശ്വാസവും സ്വഭാവവും തമ്മിലുള്ള ബന്ധത്തെ തിരിച്ചറിയാനുമുള്ള കഴിവിനെയും ആശ്രയിച്ചിരിക്കും ആത്മീയബുദ്ധി. സാധാരണ എല്ലാവരും വിശ്വാസത്തിനോ, അവബോധത്തിനോ ഉത്തരവാദിയായിരിക്കേണ്ടതിനു പകരം സ്വഭാവത്തിന് ഉത്തരവാദികളായിത്തീരുന്നു. എന്നാൽ ഇതെല്ലാം പരസ്പര പൂരകങ്ങളാണ്. ഏതൊരു ബുദ്ധിയെയും പരിഷ്ക്കരിക്കുന്നതിനു പരിശീലനവും, ചിട്ടയും ആവശ്യമുള്ളതുപോലെതന്നെയാണ് ആത്മീയ ബുദ്ധിയ്ക്കും.

ഞാനാര്? ഞാനിവിടെ എന്തിനു ആയിരിക്കുന്നു?എന്താണു യാഥാർത്ഥ്യമായവ? എന്നീ ചോദ്യങ്ങളെ വിശദീകരിക്കുമ്പോൾ മാത്രമേ ആത്മീയ ബുദ്ധിയെ വിശ്വാസപൂർവ്വം അവലംബിക്കാൻ സാധിക്കുകയുള്ളു. ഒരു വ്യക്തിയുടെ ഉറവവറ്റാത്ത സ്നേഹം, സന്തോഷം എന്നിവ അനുദിനക്ലേശങ്ങളുടെയും കഷ്ടപ്പാടുകളുടെയും അടിയിലുണ്ട് എന്ന തിരിച്ചറിവിലേയ്ക്കെത്താൻ ആത്മീയബുദ്ധി സഹായിക്കുന്നു.

## ആത്മീയ ബുദ്ധി വൈദ്യശാസ്ത്ര മേഖലയിൽ

വ്യവസ്ഥാപിത മതത്തിൽ നിന്നും തികച്ചും വേറിട്ടു നില്ക്കുന്നതാണ് ആത്മീയ ബുദ്ധി. അറിവിന്റെ ഈ സിദ്ധാന്തം മനസ്സിലാക്കണമെങ്കിൽ ബുദ്ധിയുടെ അന്തരാർത്ഥങ്ങൾ ഗ്രഹിക്കണം Zohar and Marshal എന്നീ പ്രസിദ്ധ ന്യൂറോളജിസ്റ്റുകളുടെ പഠനത്തിൽ നമ്മുടെ മുഴുവൻ തലച്ചോറിൽ 40 Hz തലച്ചോറിലെ തരംഗത്തിന്റെ സ്വാധീനത്തിലൂടെയാണ് അതിന്റെ പാരമ്യത്തിലെത്തുന്നതെന്നാണ്. 40 Hz തലച്ചോറിന്റെ തരംഗം വൈദ്യശാസ്ത്രപരമായി പരീക്ഷണ വിധേയമാക്കുവാൻ സാധിക്കില്ലായെന്നു സാരം. പെട്ടെന്നുള്ള സ്പന്ദന സ്വാധീനത്തിലാണ്. പെട്ടെന്നുള്ള ഈ സ്പന്ദന ശക്തി നമ്മുടെ അന്തർബോധമനസ്സുമായാണു ബന്ധപ്പെട്ടിരിക്കുന്നത്. ഇവ നമ്മുടെ ജീവിതത്തിലെ അനുദിന സംഭവങ്ങളിലൂടെയുള്ള അറിവിനേയും അവബോധത്തെയും കൂടുതൽ അർത്ഥവത്താക്കുന്നു. ദീവമൃ വിശ്വസിക്കുന്നതു തലച്ചോറിന്റെ ഈ തരംഗം ആത്മീയ ബുദ്ധിക്കുള്ള നാഡിവ്യൂഹത്തിന്റെ അടിസ്ഥാനത്തെ പ്രതിനിധാനം ചെയ്യുന്നുവെന്നതാണ്.

വൈദ്യശാസ്ത്രത്തിൽ എപ്പോഴും എല്ലാറ്റിന്റേയും ഉത്തരം കണ്ടുപിടിക്കാനും പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്താനും ശ്രമിക്കുന്നു. എന്നാൽ ആത്മീയ ബുദ്ധിയിൽ ഉത്തരങ്ങളെക്കാൾ ചോദ്യങ്ങളാണ്. ഇവ രൂപപ്പെടുന്നതു മിക്കപ്പോഴും കഥ, കവിത, രൂപാലങ്കാരം (metaphar) എന്നിവയിലൂടെയായിരിക്കും.

ആത്മീയ ബുദ്ധിയുടെ ഒരു സവിശേഷ ഗുണമാണ് ജ്ഞാനം. ജ്ഞാനം നമ്മുടെ അറിവിന്റെ കുറവിനെക്കുറിച്ചു മനസ്സിലാക്കാൻ സഹായിക്കുന്നു. മറ്റു ഘടകങ്ങളാണ്, ധൈര്യം (Courage) സമഗ്രത (integrity) അന്തർജ്ഞാനം (intution) കരുണ (Compassion) എന്നീ മൂല്യങ്ങൾ. ആത്മീയ ബുദ്ധിയിലൂടെ വലിയ കാര്യങ്ങളിലുള്ളതിനേക്കാൾ കൂടുതൽ ചെറിയ കാര്യങ്ങളിലൂടെ നേടാൻ കഴിയും. ഇന്നത്തെ വൈദ്യശാസ്ത്രം വലിയ കാര്യങ്ങൾ ചെയ്ത് ഈ ബുദ്ധി നേടാൻ കഴിയും. ഇന്നത്തെ വൈദ്യശാസ്ത്രം വലിയ

കാര്യങ്ങൾ ചെയ്ത് ഈ ബുദ്ധി നേടാൻ ശ്രമിക്കുന്നു. ആത്മീയത സമഗ്ര ജീവിത സമീപനത്തിലും നമ്മുടെ തൊഴിലിലും ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു ഘടകമാണ്. നമ്മുടെ സർഗ്ഗശക്തിയിലും എല്ലാ ജീവിതരീതിക ളിലുമാണ് ആത്മീയത പ്രസരിച്ചു നിൽക്കുന്നത്.

ആത്മീയ ബുദ്ധി രൂപപ്പെടുത്തുന്നതിലൂടെ നമ്മുടെ തൊഴിൽ മേഖലകളെ വീണ്ടുവിചാരത്തിന് ഉപയുക്തമാക്കാൻ സഹായിക്കുന്നു. മിക്ക ഡോക്ടർമാരും ഇന്ന് അസന്തുഷ്ടരാണ്. അപ്രതീക്ഷിതമായ സാംക്രമിക രോഗങ്ങളും ഇതിനു കാരണമാണ്. അവരുടെ തൊഴിൽ മേഖലകളെ മാറ്റുന്നതിനു മേൽ വിവ രിച്ച ചിന്താഗതി സഹായിക്കും. ജീവിതോപദേശകരും (career counsellors) ജീവിത പരിശീലകരും (life coachers) തങ്ങളുടെ മൂല്യങ്ങളിലെ ജീവിതരീതിയെ പ്രോത്സാഹിപ്പിച്ചുകൊണ്ടാണു പരിശീലനം ആരംഭി ക്കുന്നത്. എന്നാൽ ആത്മീയബുദ്ധി പുരോഗമിക്കാനും, മൂല്യങ്ങൾ തിരിച്ചറിയാനും സമയം എടുക്കേണ്ടി വരും. എപ്പോഴാണു നാം തയ്യാറാകുന്നത് അപ്പോൾ മൂല്യങ്ങൾ തന്നിലേയ്ക്ക് വരും. ക്ഷമയാണ് അതിന്റെ കേന്ദ്രബിന്ദു. ഞാനും എന്റെ ബുദ്ധിയും സമഗ്ര ജീവിത വീക്ഷണത്തിൽ (holistic view of life) എന്റെ മന സ്സുമായും ശരീരവുമായും ആത്മാവുമായും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു.

മിക്ക സ്കൂളും വൈദ്യശാസ്ത്രപഠനവും ഇന്നു ബുദ്ധിപരമായ അറിവുമാത്രം അടിസ്ഥാനപ്പെടു ത്തിയുള്ളതാണ്. നമ്മുടെ സമൂഹത്തിലും നമ്മുടെ വികാരങ്ങളെയും ആത്മീയതയെയും അവഗണിച്ചു കൊണ്ടാണു ബുദ്ധി വളർത്തുന്നത്. വൈദ്യശാസ്ത്രപഠനവും (Medical Education) മറ്റും സമഗ്രമാകണ മെങ്കിൽ വിദ്യാർത്ഥികൾക്ക് വികാരത്തെയും ആത്മീയതയെയും സന്തുലിതമാക്കി പഠിക്കാൻ സാധി ക്കണം. ഡോക്ടർമാർ അവരുടെ വ്യക്തിജീവിതവും തൊഴിലും ഉയർച്ച പ്രാപിക്കുവാൻ ഉത്തരവാദിത്വം ഏറ്റെടുക്കണം. ആരോഗ്യം (Health) പൂർണ്ണത (whole) സുഖപ്പെടൽ (Healing) ഇവയെല്ലാം ഒരേ അടി സ്ഥാനത്തിൽ നിന്നാണു വരുന്നത്. ആതുര സേവനത്തിൽ, ആധുനിക ജൈവ വൈദ്യശാസ്ത്രത്തിൽ അറിവും നൈപുണ്യവും ആവശ്യമാണ്. നാം എന്തു ചെയ്യുന്നു എന്ന കാരണത്താലല്ല നാം ആരാണ് എന്ന കാരണത്താൽ സുഖപ്പെടുത്തണം. എല്ലാ കഴിവുകളെയും വളർത്തേണ്ടതും ഉപയോഗിക്കേണ്ടതും വലിയൊരവസരമായി കാണണം.

## ആത്മീയ പക്വത

ധർമ്മിക സ്വഭാവരൂപീകരണത്തിലൂടെയും വികാരരൂപീകരണത്തിലൂടെയും പലവിധ പരിശീലന ത്തിലൂടെയുമാണ് ആത്മീയ ബുദ്ധി വികസിപ്പിക്കുക. ഈ പരിശീലനം ഏതെങ്കിലുമൊരു മതപരിവർത്തന ത്തിന്റെയോ ആത്മീയ അദ്ധ്യാപനത്തിന്റെയോ ദാഹം മാത്രമല്ല. ആത്മീയ ബുദ്ധി അറിവിന്റെയും, വികാ രത്തിന്റെയും ധാർമ്മിക പുരോഗതിയുമായി ബന്ധമുണ്ടെങ്കിലും ഇത് ഇതിലൊന്നുമായും താദാത്മ്യപ്പെട്ടി രിക്കുന്നില്ല. കാരണം വ്യത്യസ്തമായ ബുദ്ധികൾ വ്യത്യസ്ത അളവിലാണ് ഓരോരുത്തരിലും വികാസം പ്രാപിക്കുന്നത്. ഒരു വ്യക്തി ഏതെങ്കിലും ഒരു ബുദ്ധിയിൽ സാമർത്ഥ്യമുള്ളവനായിരിക്കും. വികാരപര മായ കാര്യങ്ങൾ പരിഹരിക്കാതിരുന്നാൽ ആത്മീയ പുരോഗതിയെ പ്രതികൂലമായി ബാധിക്കും. ആത്മീയ പക്വത ആത്മീയ ബുദ്ധിയുടെ പ്രകാശനമാണ്. ഇതു വികാരപരവും സാന്മാർഗികപരവും ധാർമ്മിക സ്വഭാ വമുള്ളതും ഔന്നിത്യമുള്ളതുമാകുന്നു.

ആത്മീയ പക്വത വർണ്ണ, വർഗ്ഗ, ലിംഗ, പ്രായഭേദമില്ലാതെ എല്ലാവരിലും ജ്ഞാനവും കരുണയും പ്രദർശിപ്പിക്കുന്നു. അതോടൊപ്പം എല്ലാ തരത്തിലുമുള്ള ജീവിതത്തോട് ആദരവും ബഹുമാനവും വച്ചു പുലർത്തുന്നു.

ആത്മീയ പക്വത ഒരു വ്യക്തിയുടെ ദീർഘവീക്ഷണത്തെയും മിഥ്യാധാരണകളുടെ തിരിച്ചറിവിനെ യും അവസരോചിതമായ സ്നേഹത്തെയും നിലനിൽക്കുന്ന സ്വാതന്ത്ര്യത്തെയും, ധാർമ്മികതയെയും വ്യക്തമാക്കുന്നു. ഇതു കാഴ്ചപ്പാടിന്റെ ആഴവും വിസ്തൃതിയും, എല്ലാ കാഴ്ചപ്പാടുകളെയും വിവിധ തര ത്തിലുള്ള അറിവിനെയും സൂചിപ്പിക്കുന്നു. ആത്മീയ പക്വത ഏറ്റവും പ്രധാനമായി മനസ്സിന്റെയും ആത്മാ വിന്റെയും ആന്തരിക ജീവിതത്തെ ബന്ധിപ്പിച്ചു ലോകത്തിൽ പ്രവർത്തനത്തിന്റെയും ശുശ്രൂഷയുടെയും ബാഹ്യജീവിതവുമായി ബന്ധിപ്പിക്കുന്നു.

ആത്മീയ പക്വത നമ്മുടെ കാഴ്ചപ്പാടിന്റെ അതുല്യതയും വ്യക്തതയും സൂചിപ്പിക്കുന്നു. എല്ലാ തരം അറിവിനെയും ഉൾക്കാഴ്ചയെയും ബന്ധിപ്പിക്കുകയും ചെയ്യുന്നു. ആന്തരിക മനസ്സിനെയും ആത്മാ വിനെയും ബാഹ്യപ്രവർത്തനവുമായും, ലോകത്തിലെ ഇതര ശുശ്രൂഷയുമായി ബന്ധിപ്പിക്കുന്നു.

## ആത്മീയ പക്വത എങ്ങനെ വികസിപ്പിക്കാം

സ്വയാവബോധത്തിലൂടെ ആത്മീയ പക്വത വികസിപ്പിക്കാം. ഉള്ളിലേയ്ക്കു ശ്രദ്ധിക്കുന്നതിലൂടെ ഒരാൾക്കു സ്വചിന്തകളെയും, അനുഭൂതികളെയും അനുഭവങ്ങളെയും ശ്രദ്ധിക്കുവാനാകും. സ്വന്തം ജീവി താവസ്ഥയെക്കുറിച്ചു ചിന്തിക്കുന്നതിലൂടെ മനസ്സിനെ ശാന്തമാക്കുന്നു. കഴിഞ്ഞ കാലാനുഭവങ്ങളെ നവീ കരിക്കാനും ഭാവിപദ്ധതികൾ രൂപീകരിക്കാനും സാധിക്കുന്നു. സ്വയാവബോധം വിവിധ ബോദ്ധ്യങ്ങൾ

നൽകുന്നു. സ്വയാവബോധത്തിലൂടെ പല ആവർത്തിയുള്ള സ്വഭാവത്തെയും ചിന്തകളെയും സ്വതന്ത്ര മായി ഗതിമാറ്റാനാകും. ആത്മീയ ബുദ്ധിയുടെ വെളിച്ചത്തിൽ തന്റെ ആത്മാവിന്റെ ഏകാഗ്രതയിൽ ശ്രദ്ധി ക്കുന്നയാൾക്കു പഴയ മുറിവുകളെ സുഖപ്പെടുത്തുവാനും ഹൃദയത്തെ തുറക്കാനും സാധിക്കുന്നു. ഏകാഗ്ര ധ്യാനത്തിൽ മറ്റുള്ളവരോടൊപ്പം ആയിരിക്കുന്നതിലും സൗഖ്യഫലമുണ്ട്.

പരസ്പരം മനസ്സിലാക്കുന്നതിലൂടെയും ആത്മീയ വഴി തേടുന്നതിലൂടെയും തങ്ങൾ ധ്യാനത്തിലൂ ടെയും ആത്മീയ പക്വത പ്രാപിക്കും.

## ആത്മീയ പക്വത പ്രാപിക്കാനുള്ള ചില മാർഗ്ഗങ്ങൾ

ദയ, സത്യസന്ധത, സഹിഷ്ണുത, തുറന്ന മനോഭാവം, ആന്തരിക സമാ ധാനം, സമചിത്തത, സാധാരണ ജീവിതവുമായി ആത്മീയ അനുഭവത്തെ ബന്ധിപ്പിക്കുക, നല്ല അറിവിന്റെ മേഖല വർദ്ധിപ്പിക്കുക, നൂതന ലോക കാഴ്ചപ്പാടു സ്വായത്തമാക്കുക, കൂട്ടായ്മാ ജീവിതത്തെ സഹായി ക്കുക, തുടർ പരിശീലനം നടത്തുക.

ആത്മീയ ബുദ്ധിയുടെ പരിപോഷണം ആത്മീയ പരിശീലനത്തിലൂടെയാണ് സാദ്ധ്യമാകുക. Roger Walsh (1999) – ന്റെ അഭിപ്രായത്തിൽ ലോകമതങ്ങളിൽ ഏഴു തരത്തിലുള്ള പരിശീലനമാണുള്ളത്.

1. പൂർണ്ണമായുള്ള സന്തോഷത്തിനുള്ള ആഗ്രഹവും ആത്മീയ വളർച്ചയും ജനിപ്പിക്കുക. (Motivation)
2. പഴയ മുറിവുകളെ വൈകാരിക രൂപാന്തരീകരണത്തിലൂടെ സുഖപ്പെടുത്തി, സ്നേഹവും നന്ദിയു മാർജ്ജിക്കുക (Cultivate)
3. സമാധാനമനസ്സിനായി ധാർമ്മിക ജീവിതം നയിക്കുക.
4. ഏകാഗ്രത പരിശീലിക്കുക.
5. ആത്മീയ ഉൾക്കാഴ്ച വളർത്തുക.
6. വിജ്ഞാനം പരിപോഷിപ്പിക്കുക.
7. സേവന സന്നദ്ധരാകുക.

ധ്യാനാത്മക സ്വയാവബോധം എല്ലാ ചിന്തകൾക്കും അതീതമാണ്. ഇന്നും ധാരാളം പേർ നിശബ്ദ തയും സ്വാരസ്യവും അനുദിന ജീവിതത്തിൽ സ്വായത്തമാക്കുവാൻ ശ്രമിക്കുന്നു. ആത്മീയജ്ഞാനം സ്വദർശ നങ്ങളെ ഒന്നിപ്പിക്കുകയും ലോകത്തിൽ പ്രവർത്തിക്കുകയും ആയിരിക്കുകയും ചെയ്തുകൊണ്ടു പ്രകാ ശിപ്പിക്കുന്നു.

## എങ്ങനെ ആത്മീയ ബുദ്ധി വികസിപ്പിക്കുന്നു

1. വ്യക്തിവികസനത്തെ ശക്തിപ്പെടുത്തുക.
2. മാനസിക വികസനം സംജാതമാകുന്നു.
3. എല്ലാറ്റിനോടും ഒരു പരിഗണന ഉണ്ടായിരിക്കുക.
4. സത്യസന്ധത, എളിമ, പരസഹായം വളർത്തുക
5. വ്യത്യസ്തതയിൽ ബഹുമാനമുണ്ടാക്കുക.
6. ശുശ്രൂഷ ചെയ്യുന്നതിനു മനസ്സുണ്ടായിരിക്കുക
7. സഹിഷ്ണുതയും സഹാനുഭൂതിയും വളർത്തുക.
8. ശത്രുത പ്രതിരോധപരമാകാതിരിക്കുക.

## ആത്മീയബുദ്ധി വിവിധ അന്വേഷണ മേഖലയിൽ എങ്ങനെ തിരിച്ചറിയാം.

### 1. ശാസ്ത്രീയ അന്വേഷണം Scientific Enquiry

വൈദ്യശാസ്ത്രം, മനഃശാസ്ത്രം, മരണവിജ്ഞാന ശാസ്ത്രം ഉൾപ്പെടെ പല മേഖലകളിലും ആത്മീ യാന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

നമ്മുടെ വിശ്വാസവും യാഥാർത്ഥ്യത്തെക്കുറിച്ചുള്ള നിഗമനവും പുനഃപരിശോധിക്കുക, അന്വേഷ ണത്തിൽ ആത്മനിഷ്ഠവും, വസ്തുനിഷ്ഠവുമായ വീക്ഷണങ്ങൾ ഉൾപ്പെടുത്തുക എന്നിവയാണ്. വിവരം ആവശ്യമാണ്; എന്നാൽ ശാസ്ത്രീയ അറിവിനു (Knowledge) പര്യാപ്തമായ അറിവ് ആവശ്യമാണ്, എന്നാൽ ശാസ്ത്രീയ ജ്ഞാനത്തിനു പര്യാപ്തമല്ല.

### 2. ആത്മീയ തെരഞ്ഞെടുപ്പുകൾ Spiritual Choices

ആത്മീയ വഴികാട്ടികളായി ധാരാളം പുസ്തകങ്ങൾ ഇന്നുണ്ട്. വിവിധ പുസ്തകങ്ങൾ വില്പന ശാലയിൽ നിറയുമ്പോഴും ഓരോരുത്തരും ആത്മീയ പോഷണത്തിനുതകുന്ന പുസ്തകങ്ങൾ തെരഞ്ഞെടുക്കണം. ആത്മീയ ബുദ്ധി നല്ലതും യഥാർത്ഥമായതും തിരഞ്ഞെടുക്കുവാൻ ഒരുവനെ പ്രാപ്തനാക്കുന്നു.

### 3. പരസ്പര ബന്ധങ്ങൾ Relationships

സാധാരണ ബന്ധങ്ങൾക്കുപരി, ബന്ധങ്ങളിൽ ആത്മീയത നിറയുമ്പോൾ അവ കുടുംബങ്ങളിലും സുഹൃത്തുക്കളുടെയും, സതീർത്ഥ്യരുടെയും ഇടയിലും ഉണ്ടാകുന്ന ബന്ധവൈകല്യങ്ങളെ സുഖപ്പെടുത്തുകയും അതിലൂടെ ഉപദേഷ്ടാക്കളെയും അഭ്യുദയകാംക്ഷികളെയും ബഹുമാനിക്കുകയും ചെയ്യുന്നു. മനസ്സിനെയും, ഹൃദയത്തെയും സമന്വയിപ്പിക്കുന്നതുവഴി, ഒരു വ്യക്തിയിലെ ക്ഷമാശക്തി തിരിച്ചറിയുവാനും സ്നേഹം കൊടുക്കുവാനും സ്വീകരിക്കാനുമുള്ള കഴിവു വർദ്ധിപ്പിക്കുവാനും ആത്മീയ ബുദ്ധി സഹായിക്കുന്നു. ദൃഢമായ ആത്മീയ ബന്ധങ്ങളുടെ കുറവുകൾ കണ്ടെത്താനും നല്ലതു തിരഞ്ഞെടുക്കുവാനും സഹായിക്കുന്നു.

### 4. രക്ഷകർത്തൃ വാത്സല്യം - Parenting

കുട്ടിക്കാലത്തു ലഭിക്കുന്ന ആത്മീയാനുഭവം ആയുഷ്ക്കാലം മുഴുവനും നിലനിൽക്കുന്നു. ഒരു കുട്ടി തന്റെ ആന്തരീക സാങ്കല്പിക ലോക അന്വേഷണത്തിലൂടെ ആത്മീയ ബുദ്ധിയുടെ ബാലപാഠങ്ങൾ പഠിക്കുന്നു.

ഉദാ:- പ്രതീകങ്ങളുടെ അർത്ഥം മനസ്സിലാക്കുക. കഥകളിലുംഷ രൂപാലങ്കാരങ്ങളിലും (Metaphor) അഭിരുചി പ്രാപിക്കുക.

ഉദാ:- പ്രതീകങ്ങളുടെ അർത്ഥം മനസ്സിലാക്കുക. കഥകളിലുംഷ രൂപാലങ്കാരങ്ങളിലും (Metaphor) അഭിരുചി പ്രാപിക്കുക.

### 5. ഏകാന്തത - Solitude

ആത്മീയ അന്വേഷണത്തിന് ഏകാന്തത അനിവാര്യമാണ്. അസ്തിത്വയാഥാർത്ഥ്യങ്ങളായ ഏകത (Aloneeess) സ്വാതന്ത്ര്യം (Freedom) മരണം (Death) എന്നിവ ധ്യാനത്തിലൂടെയും പ്രകൃതിയിലൂടെയും മനസ്സിലാക്കുക.

## വൈവിധ്യമാർന്ന ആത്മീയ അനുഭവങ്ങൾ

ദൈവികാനുഭവത്തെക്കുറിച്ചു ബോധ്യമല്ലാത്ത ഒരു ആത്മീയചർച്ചയും പൂർണ്ണമാകുന്നില്ല. ആത്മീയ അനുഭവങ്ങൾ ഉൾക്കാഴ്ച നല്കുന്നു. നമ്മുടെ വ്യാഖ്യാനങ്ങൾ വിശ്വാസത്തിൽ രൂപപ്പെടുത്തുന്നുവെങ്കിലും ഇവയുടെ വിജയകരമായ സംയോജനം, അവുബോധത്തിലും വൈകാരികതയിലും അധിഷ്ഠിതമായിരിക്കുന്നു. ദാനിയെൽ ഗോൾ മാൻ വൈകാരിക ബുദ്ധിമാനം EQ എന്ന പേരിൽ ഒരു പുസ്തകം രചിച്ചു. അതു നമ്മുടെ IQ (ബുദ്ധിമാനത്തെ) or high IQ നെ വെല്ലുവിളിക്കുന്ന ഒന്നായിരുന്നു. അദ്ദേഹം അവയോട് എഴുതിച്ചേർത്തു - IQ or high IQ ജീവിതത്തിന്റെ വെറും ഒരു ഘടകമാണെന്ന്. എന്നാൽ സന്തോഷകരമായ ജീവിതത്തെ സ്വാധീനിക്കുന്ന ഒരു യാന്ത്രിക ഘടകമുണ്ടെന്നും അത് EQ - എന്നും അദ്ദേഹം തെളിയിച്ചു. വൈകാരിക ബുദ്ധി തന്നെത്തന്നെ അറിയുന്നതിനും, തന്റെ വികാരങ്ങളെയും മറ്റുള്ളവന്റെ വികാരങ്ങളെയും മാനിക്കുവാനും, മറ്റുള്ളവനെ ശ്രദ്ധിക്കുവാനും മനസ്സിലാക്കുവാനും സഭ്യമായ സംഭാഷണത്തിൽ ഉൾക്കാഴ്ചയിലൂടെ ബന്ധങ്ങൾ സൃഷ്ടിക്കാനും, സഹവർത്തിത്വം ഉണ്ടാക്കാനും സഹായിക്കുന്നു. അതീവബുദ്ധിമാന്മാരിൽ പോലും വൈകാരിക മാനത്തിന്റെ കുറവുമൂലം സന്തോഷമില്ലായ്മയും ബന്ധവൈരുദ്ധ്യങ്ങളും ഉണ്ടാകുന്നതിനു കാരണമാകുന്നു.

Daniel Goleman മറ്റൊരു തരം ബുദ്ധിശക്തിയെക്കുറിച്ചു പറയുന്നു. അതു മനുഷ്യന്റെ പൂർണ്ണതയ്ക്കും സന്തോഷത്തിനും ഫലപ്രദമായ ജീവിതത്തിനും നിർണ്ണായകമാണെന്ന് അദ്ദേഹം തെളിയിച്ചു. അതിനെ ആത്മീയ വിജ്ഞാനം എന്നു വിളിക്കുന്നു. Faith is vision, a way of seeing, a way of doing it. (വിശ്വാസം ദർശനമാണ്, അതു കാര്യങ്ങളെ പ്രത്യേകമാം വിധം നോക്കി കാണലാണ്. അതു ജീവിതത്തിലെ കാര്യങ്ങൾ ചെയ്യേണ്ട വഴിയാണ്). ഇതാണ് അദ്ദേഹം ആത്മീയവിജ്ഞാനം കൊണ്ട് അർത്ഥമാക്കുന്നത്. സുഭാഷിതങ്ങളുടെ പുസ്തകം 9:16-1 വരെയും എഫേസോസ് 5:15-20 വരെയും ജ്ഞാനത്തിന്റെ നന്മയെയും, അതിനെക്കുറിച്ചുള്ള ബോദ്ധ്യത്തെയും പുകഴ്ത്തുന്നു. വേദഗ്രന്ഥത്തിലെ ജ്ഞാനവും ബോദ്ധ്യവും ആത്മീയജ്ഞാനത്തെയാണ് അർത്ഥമാക്കുന്നത്.

ആത്മീയ ജ്ഞാനം ജീവിപ്പിക്കേണ്ടതും ജീവിക്കേണ്ടതുമായ ആത്മീയതയാണ് Spiritual Intelligence is lived and living spirituality. സുഭാഷിതങ്ങളുടെ പുസ്തകത്തിൽ ആത്മീയജ്ഞാനത്തെക്കുറിച്ചു വർണ്ണിക്കുന്നുണ്ട് അത് Personified force ആണെന്നും അതു നമ്മെ അവളുടെ (ജ്ഞാനം) അപ്പം ഭക്ഷിക്കുകയും

വീഞ്ഞു കുടിക്കുകയും ചെയ്യാൻ ക്ഷണിക്കുന്നു. സുഭാഷിതങ്ങൾ പറയുന്നതു ജ്ഞാനം ഒരു ഭവനം പണിയുകയും അതിൽ ഏഴു തൂണുകൾ നാട്ടുകയും ചെയ്തിരിക്കുന്നു. ഈ ഏഴു തൂണുകളെ അടിസ്ഥാനമാക്കി തന്റെ സഭ (community) സ്ഥാപിച്ച ഒരു സുഹൃത്ത് ഉണ്ടെന്നും അദ്ദേഹം എപ്പോഴും തന്റെ വിശ്വാസികളോട് ഈ ഏഴു തൂണുകളെ അല്ലെങ്കിൽ ആത്മീയജ്ഞാനത്തിന്റെ എഴു സ്തൂപങ്ങളെക്കുറിച്ചു ചോദിക്കുമായിരുന്നു.

ഒന്നാമത്തേതു ക്രിസ്തു കേന്ദ്രീകൃതമായ സ്വയംബോധം :-

താൻ ദൈവത്തിനു പ്രിയപ്പെട്ടവനാണ് എന്ന വിശ്വാസം യേശുവിനു ശക്തി നൽകി. യേശു നമ്മേയും അവിടുത്തെ പ്രിയപ്പെട്ടവരാക്കാൻ ആഗ്രഹിക്കുന്നു. അതുവഴി അഹങ്കാരം ഉണ്ടാകാനല്ല, മറിച്ചു നാം ജീവിതത്തോടടുക്കുമ്പോൾ സമാധാനം, ശക്തി, ആത്മവിശ്വാസം എന്നിവ നമുക്ക് ഉണ്ടാകാൻ വേണ്ടിയാണ്.

ജ്ഞാനത്തിന്റെ രണ്ടാമത്തെ സ്തൂപം മറ്റുള്ളവരെക്കുറിച്ചുള്ള ക്രിസ്തുകേന്ദ്രീകൃതമായ ബോധ്യം എല്ലാവരും ദൈവത്തിന്റെ പ്രിയപ്പെട്ട മക്കളാണെന്നും അതിനാൽ നാമെല്ലാം സഹോദരീസഹോദരന്മാരാണെന്നും യേശു വിശ്വസിച്ചു. പഠിപ്പിച്ചു. രക്തബന്ധത്തിലുള്ള സഹോദരീസഹോദരന്മാരല്ല, മറിച്ച് ദൈവത്തിൽ ഐക്യപ്പെട്ടിരിക്കുന്ന സാഹോദര്യ ബന്ധമാണ്. മറ്റുള്ളവരെക്കുറിച്ചുള്ള ക്രിസ്തു കേന്ദ്രീകൃതമായ ബോദ്ധ്യം ജനനം മുതൽ മരണം വരെ മറ്റുള്ളവരുടെ ക്രിസ്തു കേന്ദ്രീകൃതമായ ബോദ്ധ്യം നമുക്ക് ഒരു വെല്ലുവിളിയാണ്. ഇതു അന്തസ്സു കാത്തു സൂക്ഷിക്കാൻ ഒരുവനെ സഹായിക്കുന്നു. മറ്റുള്ളവരെ കുറിച്ചുള്ള മറ്റ് ഏതു community യെയും ഒരു കുടുംബം പോലെ കാണാൻ പ്രചോദിപ്പിക്കുന്നു. ജ്ഞാനത്തിന്റെ തൂൺ (സ്തൂപം) അപരിചിതനെപ്പോലും സഹോദരീ സഹോദരന്മാരായി കാണാൻ നമ്മെ പ്രചോദിപ്പിക്കുന്നു.

ജ്ഞാനത്തിന്റെ മൂന്നാമത്തെ സ്തൂപം മറ്റു വ്യക്തികളുടെ കാര്യസ്ഥൻ (മേൽനോട്ടക്കാരൻ) ആകുക. Material things ലൗകിക വസ്തുക്കളിൽ സംരക്ഷണം കണ്ടെത്തുന്ന സംസ്കാരത്തിൽ നാം ജീവിക്കുന്നു. കാര്യസ്ഥൻ എന്ന മനോഭാവം എല്ലാം ദൈവത്തിന്റേതാണ് എന്നു ബോദ്ധ്യപ്പെടുത്തുന്നു. ദൈവത്തിന്റെ ദാനമായ എല്ലാം മറ്റുള്ളവർക്ക് അനുയോജ്യമായ രീതിയിൽ പങ്കുവയ്ക്കുക. ദൈവത്തിന്റെ ദാനമായ സമയം സാമൂഹ്യ നീതിയ്ക്കുവേണ്ടി ഉപയോഗിക്കുക, കഴിവുകളും സമ്പത്തും മനുഷ്യനന്മയ്ക്കായി ഉപയോഗിക്കുക, സഭാസമൂഹത്തിനും ലോകത്തിനും വേണ്ടി ഉപയോഗിക്കുക, ഇതെല്ലാം ആത്മീയവീക്ഷണത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ജീവിതത്തിൽ ദാസ്യ നേതൃത്വം ഉണ്ടാക്കാതിരിക്കുക, നമ്മുടെ സാമ്പത്തികവും പദവികളുമാകുന്ന ദാനങ്ങൾ സ്വന്തം നേട്ടത്തിനു വേണ്ടി മാത്രമുപയോഗിക്കാതിരിക്കുക, മറിച്ച് സമൂഹത്തിന്റെ നന്മയ്ക്കും ദൈവമഹത്വത്തിനുമായി ഉപയോഗിക്കുക, ഇതാണു മേൽനോട്ടക്കാരനാകുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

ജ്ഞാനത്തിന്റെ നാലാമത്തെ സ്തൂപം അല്ലെങ്കിൽ ആത്മീയ വിജ്ഞാനം ഉൾക്കൊണ്ടിരിക്കുന്നത് നമ്മുടെ ധ്യാനവും പ്രവൃത്തിയും തമ്മിലുള്ള തുല്യതയിലാണു. യേശുവാണു നമ്മുടെ ഏറ്റവും വലിയ മാതൃക. യേശുവിന് ഏകാന്തതയോടു വലിയ അഭിനിവേശം ഉണ്ടായിരുന്നു. പക്ഷെ അവിടുന്നു വളരെ ഊർജ്ജസ്വലനായ മനുഷ്യനായിരുന്നു. യേശു എല്ലാ ദിവസവും പരിശുദ്ധാത്മാവിനാൽ നിറയപ്പെടാൻ വേണ്ടി പിതാവിനോടു പ്രാർത്ഥിച്ചിരുന്നു, ഏകാന്തതയിൽ ധ്യാനിച്ചിരുന്നു. പരിശുദ്ധാത്മാവിനാൽ പൂരിതനായശേഷം അവിടുന്നു ജീവിതത്തിന്റെ യാഥാർത്ഥ്യത്തിൽ വരുമായിരുന്നു. നമ്മുടെ ജീവിതം തിരക്കുപിടിച്ച ഒന്നാകേണ്ടതല്ല. നമ്മുടെ സംസ്കാരത്തിൽ കാണുന്ന തിടുക്കം (തിരക്ക്) എന്ന അസുഖം പിടിക്കേണ്ടതല്ല നമ്മുടെ ജീവിതം; തിരക്കുപിടിച്ച മനുഷ്യൻ വൈകാരികമായും ആത്മീയമായും ശൂന്യമാകുന്നു. ഇപ്പോൾ ധാരാളം മനുഷ്യർ ഇത്തരം രോഗലക്ഷണത്തിൽ ജീവിക്കുന്നു.

ജ്ഞാനത്തിന്റെ അഞ്ചാം കോളത്തിൽ ജീവിതത്തെക്കുറിച്ച് ഒരു Paschal (കടന്നുപോകൽ) മനോഭാവം വളർത്തുകയാണു ചെയ്യുന്നത്. ആത്മീയജ്ഞാനമുള്ളവർ ജീവിതത്തെ കടന്നുപോകുന്ന സ്വഭാവമായി കാണുന്നു. എല്ലാ ജീവിതത്തിലും മരണവും ഉത്ഥാനവും വീണ്ടും വീണ്ടും കടന്നുവന്നു കൊണ്ടേയിരിക്കുന്നു. എല്ലാ ജീവിതവും പ്രതിപാദിക്കുന്നത് ഒരു കടന്നുപോകലിനെയാണ്. ഇത് അവസാന അനുഭവമായ മരണം വരെ സംഭവിച്ചുകൊണ്ടിരിക്കുന്നു. പുനരുത്ഥാനത്തിന്റെ പൂർണ്ണതയിൽ എത്തുന്നതുവരെയും ജീവിതത്തെക്കുറിച്ച് ഒരു കടന്നുപോകൽ മനോഭാവം ഉണ്ടെങ്കിൽ അതു നമ്മെ ജീവിതത്തിന്റെ അഗാധമായ അർത്ഥതലങ്ങളിലേയ്ക്കു നയിക്കും. അസുഖങ്ങളുടെ രഹസ്യാത്മകതയെക്കുറിച്ചും മരണത്തെയും പുനരുത്ഥാനത്തെയും സംബന്ധിച്ചുള്ള കടന്നുപോകൽ മനോഭാവം ജീവിതത്തിൽ മാറ്റങ്ങൾ വരുത്തുവാൻ സഹായിക്കുന്നു. പാരമ്പര്യം പഠിപ്പിക്കുന്നതുപോലെ, ആത്മത്യാഗത്തിലൂടെ ഇതിനെ നാം പുതിയൊരു സ്വാതന്ത്ര്യത്തിലേയ്ക്കും, പുതിയൊരു ജീവിതത്തിലേയ്ക്കും ഉയർത്തിക്കൊണ്ടുവരേണ്ടതാണ്.

ജ്ഞാനത്തിന്റെ ആറാമത്തെ സ്തൂപം പ്രതിപാദിക്കുന്നതു ക്ഷമയിലൂടെ ജീവിതത്തെക്കുറിച്ചാണ്. ക്ഷമാപൂർവമായ ജീവിതത്തിൽ സ്ഥിതിവിവരപ്പട്ടികകളുടെ കണക്കെടുപ്പും ഒരു ദിവസത്തിൽ പലതവണ എന്നോടു ക്ഷമിക്കൂ, ഞാൻ നിന്നോട് ക്ഷമിക്കുന്നു. എന്ന വാക്കുകളുടെ ഉപയോഗവും ഉൾപ്പെട്ടിരിക്കുന്നു. നമ്മുടെ സംസ്കാരത്തിൽ നിലനിൽക്കുന്ന ദേഷ്യവും ശത്രുതയും ജീവിതത്തിന്റെ ഭാഗമായി പടുത്തുയർത്തിയിരിക്കുന്നതിനാൽ മാറ്റാൻ പറ്റാത്തതായി നില കൊള്ളുന്ന വ്രണപ്പെടുത്തലും, കുറ്റം പറച്ചിലും, ജാള്യതയുമെല്ലാം ഒരു ക്ഷമാപൂർവ്വകമായ ജീവിതം നയിക്കുന്നതിനു വിഘാതമായി നിൽക്കുന്നവയാണ്. നാം ഓരോ ദിവസവും നേരിടുന്ന ജീവിതഭാരങ്ങളുടെ കാഠിന്യം കുറച്ച് ആശ്വസിപ്പിക്കുവാൻ ഈ ജീവിതം സഹായിക്കും.

വിജ്ഞാനത്തിന്റെ ഏഴാമത്തേതും അവസാനത്തേതുമായ സ്ഥാനത്തിൽ പ്രതിപാദിക്കുന്നത് ആത്മീയവിവേകത്തെക്കുറിച്ചാണ്. ഒരുദൈവിക അടിസ്ഥാനം കണ്ടെത്തുക എന്ന ലക്ഷ്യമാണിതിന്. എല്ലാ വ്യക്തികളിലും സംഭവങ്ങളിലും ദൈവത്തെ കാണുകയും അനുഭവിക്കുകയും ചെയ്യുന്നവരും കൗദാശികാജീവിതം നയിക്കുന്നവരുമാണ് ആത്മീയജ്ഞാനം ഉള്ള വ്യക്തികൾ. നേരത്തെ സൂചിപ്പിച്ച എല്ലാ നടപടികളും ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതു വഴി ഒരു ദൈവിക അടിസ്ഥാനം കണ്ടെത്തുവാൻ സാധിക്കും. സമയം കടന്നുപോകുന്നതനുസരിച്ച് ആത്മീയജ്ഞാനം ഉള്ളവർ തങ്ങളിലെ ദൈവത്തെ അനുഭവിക്കുന്നു. സമാധാനമാകുന്നു ഇതിന്റെ സമ്മാനം. ഇത് ഒരു സന്തോഷവും വെല്ലുവിളിയുമാകുന്നു. യേശുനാഥൻ പഠിപ്പിച്ച വഴിയേ നടക്കാനുള്ള വെല്ലുവിളി, ഭൗതികതയിൽ നിന്നും മാറിനിന്നു ലളിത ജീവിതം നയിക്കാനുള്ള, ദൈവിക അടിസ്ഥാനത്തിൽ ജീവിക്കാനുള്ള മാർഗ്ഗമാണ്.

നമ്മുടെ സംസ്കാരം IQ വിനു വളരെ പ്രാധാന്യം നല്കുന്നു. എന്നാൽ EQ വും-വളരെ പ്രാധാന്യമുള്ളതാണെന്നു കണ്ടെത്തിയിട്ടുണ്ട്. ആത്മീയ ജ്ഞാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചാണു യേശു ബൈബിളിലൂടെ നമ്മെ ഓർമ്മപ്പെടുത്തുന്നത്. ആത്മീയതയിൽ ജീവിച്ച് എങ്ങനെ ആത്മീയജ്ഞാനം നേടിയെടുക്കാമെന്നു ജ്ഞാനം മനസ്സിലാക്കുന്നു. യേശുനാഥൻ ആത്മീയജ്ഞാനത്തിന്റെ മൂർത്തീഭാവമാണെന്നു പുതിയ നിയമം വർണ്ണിക്കുന്നു. വി.യോഹന്നാന്റെ സുവിശേഷം 7-ാം അധ്യായത്തിൽ യേശുനാഥൻ തന്നെത്തന്നെ ജീവന്റെ അപ്പമായി വെളിപ്പെടുത്തുന്നു. ഈ വെളിപ്പെടുത്തൽ രണ്ടു രീതിയിൽ മനസ്സിലാക്കാൻ സാധിക്കും. ജീവന്റെ അപ്പമാകുന്നതിലൂടെ സ്വജീവൻ തന്നെ നൽകിക്കൊണ്ടുള്ള ഒരു ബന്ധം സ്ഥാപിക്കാൻ അവിടുന്ന് ആഗ്രഹിക്കുന്നു. പ്രാർത്ഥനയോടെ ദൈവവചനം വായിക്കുകയും ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുന്നതു വഴി നാം ദൈവികജ്ഞാനം നേടിയെടുക്കുന്നു.

വി. കുർബാന സ്വീകരിക്കുന്നതിലൂടെ യേശുനാഥനാകുന്ന അപ്പത്തെ നാം സ്വീകരിക്കുന്നു. അതോടെ നാം ദൈവജ്ഞാനത്തിൽ ഒന്നായിത്തീരുന്നു. യേശുവാകുന്നു ദൈവത്തിന്റെ ജ്ഞാനം, യേശുവാകുന്നു ജ്ഞാനത്തിന്റെ മൂർത്തീഭാവം. വി. യോഹന്നാൻ പറയുന്നത് ഇപ്രകാരമാണ്, യേശുനാഥനെ അവിടുത്തെ ശരീരം (ജീവന്റെ അപ്പം) നമ്മെ ഊട്ടാൻ അനുവദിക്കുകയാണെങ്കിൽ നാം ഈ ലോകത്തിൽ യേശുനാഥനുമായി ഒന്നായിത്തീർന്ന ഒരു ജീവിതം ആരംഭിക്കും. ഇതു സ്വർഗ്ഗത്തിലും തുടരും എന്നു യേശുനാഥൻ വാഗ്ദാനം ചെയ്യുന്നുമുണ്ട്. യേശുനാഥനുമായി ഒന്നായി ജീവന്റെ അപ്പം സ്വീകരിക്കുന്നതിലൂടെ ആത്മീയജീവിതം വളർത്തിയെടുക്കാം. IQ -വിലും EQ -വിലും വിശ്വാസമർപ്പിച്ചാൽ ജീവിതം പൂർണ്ണമാകുന്നില്ല മറിച്ച്, ദൈവത്തെക്കുറിച്ച് അറിയുകയും ദൈവത്തിൽ ജീവിക്കുകയും വേണം അതോടൊപ്പം ആത്മീയ ജ്ഞാനത്തിലും.

പ്രത്യഭിജ്ഞാനം (IQ) ചിന്തകളെക്കുറിച്ചും വൈകാരിക ജ്ഞാനം (EQ) അനുഭവങ്ങളെക്കുറിച്ചും ആത്മീയജ്ഞാനം ജീവിക്കുന്നതിനെക്കുറിച്ചുമാണ്.

ആത്മീയജ്ഞാനം വിരൽചൂണ്ടുന്നത് സ്രഷ്ടാവിലേക്കാണ്. ജീവിതതത്വങ്ങളെ തിരിച്ചറിഞ്ഞു ജീവിതത്തെ നിയമങ്ങൾക്കനുസരിച്ച് പടുത്തുയർത്തുവാൻ സഹായിക്കുന്നു. സ്വാഭാവിക തത്വങ്ങൾ അനുസരിച്ച് ആത്മീയ അറിവിനെ ജ്ഞാനം എന്നും അറിവിന്റെ ഉപയോഗം എന്നും വിളിക്കുന്നു. സാധാരണ സൂക്ഷ്മ നിശ്ചിത ജ്ഞാനത്തിന് എതിരായി ആത്മീയജ്ഞാനം യുക്തിയുടെയും ആഗ്രഹത്തിന്റെയും ഉപയോഗത്തിനു കാരണമായി മാറുന്നു.

ജ്ഞാനത്തിന്റെ ഉപയോഗം മൂലം മനുഷ്യൻ നിയമങ്ങളെ ബഹുമാനിച്ചു കൊണ്ടു, ജീവനും സ്വത്തിനും സംരക്ഷണത്തിനും വേണ്ടി തീരുമാനങ്ങൾ എടുക്കുന്നു.

പുരാതനപഴഞ്ചൊല്ല് ഇപ്രകാരം പറയുന്നു.

അറിവ് ഉറവിടമാണ്; അതു നിങ്ങളെ മഹാന്മാരാക്കും. അതിൽ മുറുകെപ്പിടിക്കുക, അതു നിങ്ങളെ ബഹുമാനിതരാക്കും.

ആത്മീയജ്ഞാനത്തിന്റെ അടിസ്ഥാനപരമായ കാര്യങ്ങളെക്കുറിച്ചു ചുവടെ വിശദീകരിക്കുന്നു.

1. മനുഷ്യൻ തന്നിലെ ആത്മീയതയെ തിരിച്ചറിയണം. തന്നിലെ ആത്മാവിനെ തിരിച്ചറിയുന്നതുവരെ അവൻ/ അവൾ ഭൗതികതയിൽ ജീവിക്കുന്ന ഭൗതികശരീരം മാത്രമാണ്.

2. ശ്രേഷ്ഠകലാരൂപകല്പകനായ ദൈവത്തെ (Supreme Designer) മനുഷ്യൻ ഒരു ഉയർന്ന ആത്മീയജീവിതത്തിലൂടെ തിരിച്ചറിയണം.

3. ദൈവം നമ്മുടെ സ്രഷ്ടാവും, നാം സൃഷ്ടികളുമാണെങ്കിൽ നമ്മുടെ ഉപയോഗത്തിനായി ഒരു മാർഗ്ഗരേഖ (handbook) ഉണ്ടാകും. ഇതു സ്രഷ്ടാവിനെയും സൃഷ്ടിയെയും പ്രതിഫലിപ്പിക്കുന്നതായിരിക്കണം.

   നാം ഒരു ഉപകരണം വാങ്ങുമ്പോൾ അതിന്റെ ഗുണങ്ങളെക്കുറിച്ച് അറിയാനും ശരിയായ ഉപയോഗത്തിനും വേണ്ടി handbook പരിശോധിക്കുന്നു. തീർച്ചയായും സൃഷ്ടിയെക്കുറിച്ചും സൃഷ്ടിയെ ഒരുമിച്ചു നിർത്തുന്ന ശക്തിയെക്കുറിച്ചും അറിയുന്നതിന് ആത്മീയജ്ഞാനം പരിശോധിക്കേണ്ടതുണ്ട്.

4. നമ്മുടെ കഴിവുകളുടെ ഉപയോഗം അല്ല ദൈവിക പദ്ധതി. ചിലരുടെ ജീവിതത്തിൽ ജനനം മുതലേ ഇതിനുള്ള കഴിവുണ്ട്. ഇവരെ മറ്റുള്ളവർ അഭിഷിക്ത രെന്നോ, കഴിവുള്ളവരെന്നോ വിളിക്കുന്നു. ഒരു ജോലി ചെയ്യുവാൻ വിളിക്കപ്പെടുമ്പോൾ പ്രശ്നങ്ങൾ നേരിടേണ്ടിവരും.

5. മനുഷ്യൻ ദൈവിക ഹൃദയത്തിൽ തനിക്കുള്ള സ്ഥാനം എവിടെയാണെന്നു മനസ്സിലാക്കേണ്ടതുണ്ട്. ഓരോ മനുഷ്യന്റെയും വ്യക്തിത്വം ഭാഗികമായി അടങ്ങിയിരിക്കുന്നതു ദൈവത്തേക്കുറിച്ചുള്ള തന്റെ അറിവിന്റെ പുനർവിചിന്തനത്തിലാണ്.

6. വിജയകരമായ ഒരു ജീവിതം നയിക്കുന്നതിനു പ്രധാനമായ മാർഗ്ഗം ജീവിത തത്വങ്ങളെ തിരിച്ചറിയാനുള്ള കഴിവാണ്. അതോടൊപ്പം തന്നെ ഈ നിയമങ്ങൾ അനുസരിച്ചു ജീവിതത്തെ അനുരൂപപ്പെടുത്തുക.

നമ്മുടെ ലോകം മാറ്റങ്ങൾക്കു അധീനമാണ്. കച്ചവടത്തിനും (business) മനുഷ്യസമ്പത്തിനും (human capital) മാറ്റങ്ങൾ സംഭവിക്കുന്നു. ഇതിനെ അതിജീവിക്കാൻ നാം മാറ്റങ്ങൾ സ്വീകരിക്കേണ്ടതാണ്. നമ്മുടെ ജീവിതത്തിലെ സ്ഥിരമായുള്ള കാര്യങ്ങൾ എങ്ങനെയും തിരിച്ചറിയേണ്ടതുണ്ട്.

അമേരിക്കൻ പ്രസിഡന്റായിരുന്ന ജിമ്മികാർട്ടർ ഒരിക്കൽ പറഞ്ഞു നാം സമയത്തിലുണ്ടാക്കുന്ന മാറ്റങ്ങളെ ക്രമപ്പെടുത്തുകയും അതോടൊപ്പം തന്നെ മാറ്റമില്ലാത്ത തത്വങ്ങളിൽ മുറുകെപ്പിടിക്കുകയും വേണം.

**ഉപസംഹാരം**

ആത്മീയജ്ഞാനം എന്ന സത്യം തിരിച്ചറിഞ്ഞു നിയമങ്ങളെ ആദരവോടെ ആധുനിക സാഹചര്യങ്ങളിൽ പ്രാവർത്തികമാക്കുക. ഒരാൾ ഈ ശാസന സ്വീകരിക്കാത്തിടത്തോളം കാലം ആത്മീയജ്ഞാനം ഒരാളിൽ യാതൊരു ഗുണവും ഉണ്ടാക്കില്ല. എന്നും നിലനിൽക്കുന്ന ആത്മീയജ്ഞാനത്തെ പരിപോഷിപ്പിക്കാതെ മനുഷ്യ ചിന്തകൾക്കും വൈകാരിക കഴിവുകൾക്കും ദിശാബോധം ലഭിക്കുകയില്ല. സ്ഥലകാല പരിമിതമായ മനുഷ്യചിന്തകൾ വൈകാരിക വികസനത്തിനും അതീതമായി ഉന്നത ദർശനവും ആത്മീയജ്ഞാനവുമാണ് മനുഷ്യനെയും പ്രപഞ്ചത്തെയും ദൈവത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന യാഥാർത്ഥ്യം എന്ന ബോധ്യത്തിലേക്കു കടന്നു വരാം.